www.malankaralibrary.com

ജി. ചേടിയത്ത്

# വി. അഗസ്റ്റിൻ ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ

കോട്ടയം
2003

www.malankaralibrary.com

ജി. ചേടിയത്ത്

# വി. അഗസ്റ്റിൻ
# ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ

NO: 274

കോട്ടയം

2003

www.malankaralibrary.com

G.Chediath (tr.), **VISUDHA AUGUSTINE:
CHRISTMAS - DENHA PRASANGANGAL**
(St. Augustine: Sermons for Christmas and Epiphany)
A publication of the Oriental Institute of Religious Studies, India.
P.B. No.10, Vadavathoor, Kottayam, 686 010. Kerala, India.

© G. Chediath, 2003

Price: 35.00
ISBN: 81-88456-11-X
Type Setting & Printing: **WiGi Offset Printers**
Manganam, Kottayam-686 018,
Tel: 2570862, E-mail:wigipress@sify.com

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 4 |
| 1 | ക്രിസ്മസ് പ്രസംഗം-1 | 7 |
| 2 | ക്രിസ്മസ് പ്രസംഗം-2 | 56 |
| 3 | ക്രിസ്മസ് പ്രസംഗം-3 | 60 |
| 4 | ക്രിസ്മസ് പ്രസംഗം-4 | 64 |
| 5 | ക്രിസ്മസ് പ്രസംഗം-5 | 68 |
| 6 | ക്രിസ്മസ് പ്രസംഗം-6 | 73 |
| 7 | ക്രിസ്മസ് പ്രസംഗം-7 | 77 |
| 8 | ക്രിസ്മസ് പ്രസംഗം-8 | 82 |
| 9 | ക്രിസ്മസ് പ്രസംഗം-9 | 87 |
| 10 | ക്രിസ്മസ് പ്രസംഗം-10 | 92 |
| 11 | ക്രിസ്മസ് പ്രസംഗം-11 | 97 |
| 12 | ക്രിസ്മസ് പ്രസംഗം-12 | 100 |
| 13 | ക്രിസ്മസ് പ്രസംഗം-13 | 105 |
| 14 | ക്രിസ്മസ് പ്രസംഗം-14 | 108 |
| 15 | ക്രിസ്മസ് പ്രസംഗം-15 | 114 |
| 16 | നവവത്സര പ്രസംഗം-1 | 121 |
| 17 | നവവത്സര പ്രസംഗം-2 | 128 |
| 18 | ദനഹാ പ്രസംഗം-1 | 133 |
| 19 | ദനഹാ പ്രസംഗം-2 | 138 |
| 20 | ദനഹാ പ്രസംഗം-3 | 143 |
| 21 | ദനഹാ പ്രസംഗം-4 | 147 |
| 22 | ദനഹാ പ്രസംഗം-5 | 152 |
| 23 | ദനഹാ പ്രസംഗം-6 | 156 |
| 24 | പദസൂചിക | 160 |

www.malankaralibrary.com

# ആമുഖം

സഭാപിതാക്കന്മാരിൽ അഗ്രഗണ്യനാണ് മഹാനായ അഗസ്റ്റിൻ (354-430). മനുഷ്യകുലത്തിലെ മഹാപ്രതിഭാശാലികളിൽ ഒരാൾ, പിൽക്കാല ലോകത്തിൽ നൂറ്റാണ്ടുകളായി ആഴമേറിയ സ്വാധീനം ചെലുത്തിയ മഹാചിന്തകൻ എന്നീ നിലകളിലും അഗസ്റ്റിൻ പ്രശസ്തനാണ്.

വടക്കുപടിഞ്ഞാറൻ ആഫ്രിക്കയിൽ തഗാസ്തെ എന്ന സ്ഥലത്ത് പട്രീഷ്യസിന്റെയും മോനിക്കയുടെയും മകനായി അഗസ്റ്റിൻ ജനിച്ചു. ഇന്നത്തെ ടുണീഷ്യയിലാണ് തഗാസ്തെ (സുഖ് അഹവാസ്). അഗസ്റ്റിൻ ജന്മംകൊണ്ടും ജാതികൊണ്ടും ആഫ്രിക്കക്കാരനും ഭാഷ, സംസ്കാരം എന്നിവയിൽ റോമാക്കാരനുമായിരുന്നു. അന്നത്തെ ഒരു റോമൻ പ്രോവിൻസായ നുമീഡിയായിലായിരുന്നു തഗാസ്തെ. അഗസ്റ്റിൻ പഠനം കഴിഞ്ഞ് ഒരധ്യാപകനായി. മോനിക്ക മകന് ക്രിസ്തീയ വിദ്യാഭ്യാസം നൽകിയെങ്കിലും സ്നാനം സ്വീകരിച്ചതും ക്രിസ്ത്യാനിയായതും വൈകിയാണ്. ബുദ്ധിരാക്ഷസനായിരുന്ന അഗസ്റ്റിൻ ഒരു വലിയ സത്യാന്വേഷി ആയിരുന്നു. നിരന്തരമായ ആന്തരിക സംഘട്ടനത്തിന്റെ അന്ത്യത്തിലാണ് അദ്ദേഹം സത്യത്തിൽ എത്തിച്ചേർന്നത്. അദ്ദേഹം കുറേക്കാലം മനിക്കേയൻ നേതാക്കന്മാരുടെ പിറകെയും പോകാനിടയായി. അവിടെയെങ്ങും സത്യം കണ്ടെത്തിയില്ല. പലയിടങ്ങളിൽ മാറിമാറി പഠിപ്പിച്ചു. മിലാനിൽവച്ച് വി. അംബ്രോസിന്റെ പ്രസംഗങ്ങൾ അദ്ദേഹത്തിന്റെ മാനസ്സാന്തരത്തിനു വഴിതെളിച്ചു. മാനസ്സാന്തരം മുതൽ പത്തുവർഷക്കാലം (386-396) ആഴമായ ആധ്യാത്മികജീവിതത്തിന്റെയും ദൈവശാസ്ത്രപഠനത്തിന്റെയും കാലഘട്ടമായിരുന്നു. 391-ൽ ആഫ്രിക്കയിൽ തിരിച്ചെത്തിയ

www.malankaralibrary.com



അഗസ്റ്റിനെ സ്ഥലത്തെ മെത്രാൻ വൈദികനാക്കി. 396-ൽ മെത്രാനായി. തുടർന്ന് 34 വർഷം ഹിപ്പോ രൂപതയിൽ സഭാശുശ്രൂഷയ്ക്കു നേതൃത്വം നൽകി. ആഫ്രിക്കൻ സഭയിലെ സമുന്നതനായ സഭാനേതാവ് എന്ന നിലയിലും അന്നത്തെ കത്തോലിക്കാസഭയിലെ ഏറ്റവും പ്രഗത്ഭനായ നേതാവ് എന്ന നിലയിലും തിരക്കുപിടിച്ച ഒരു ജീവിതമായിരുന്നു അഗസ്റ്റിന്റേത്. അദ്ദേഹം ശനിയാഴ്ചയും ഞായറാഴ്ചയും പതിവായി പ്രസംഗിച്ചിരുന്നു. ചില കാലങ്ങളിൽ തുടർച്ചയായി എല്ലാ ദിവസവും ചിലപ്പോൾ ദിവസത്തിൽ രണ്ടു പ്രാവശ്യവും അദ്ദേഹം പ്രസംഗിച്ചു.

വളരെയധികം കൃതികളുടെ കർത്താവാണ് അഗസ്റ്റിൻ. അവയെല്ലാം വായിച്ചു ഗ്രഹിക്കണമെങ്കിൽ തന്നെ ഒരു പുരുഷായുസ് വേണ്ടിവരും. അഗസ്റ്റിനെപ്പറ്റിയും ധാരാളം കൃതികൾ വിരചിതമായിട്ടുണ്ട്. എന്നാൽ മലയാള ഭാഷയിൽ ആത്മകഥ എന്ന ഗ്രന്ഥവും ഒന്നോ രണ്ടോ ജീവചരിത്രവും ഒഴിച്ച്, വളരെയധികം എഴുതപ്പെട്ടിട്ടില്ല. ക്രിസ്മസ്, പുതുവർഷം, ദനഹാ എന്നീ അവസരങ്ങളിൽ അഗസ്റ്റിൻ നടത്തിയിട്ടുള്ള 23 പ്രസംഗങ്ങളുടെ ആദ്യത്തെ മലയാള വിവർത്തനമാണ് താഴെ കൊടുക്കുന്നത്.*

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത പൗരസ്ത്യ വിദ്യാപീഠത്തിലെ പ്രസിദ്ധീകരണ വിഭാഗമായ OIRSI യോടും അതിന്റെ ഡയറക്ടർ ബഹു. മണ്ണൂരാംപറമ്പിൽ തോമസ് അച്ചനോടും മുദ്രണം ഭംഗിയായി നിർവഹിച്ച മാങ്ങാനം വി.ജി. പ്രിന്റേഴ്സിന്റെ അധികാരികളോടും പ്രവർത്തകരോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ഈ ഗ്രന്ഥം സസന്തോഷം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മലങ്കര മേജർ സെമിനാരി<br>
നാലാഞ്ചിറ, തിരുവനന്തപുരം<br>
ഡിസംബർ 20, 2003.

**ജി. ചേടിയത്ത്**

---

* T.C. Lawler, (tr.), St. Augustine, *Sermons for Christmas and Epiphany* (ACW-15), London, 1963. (വിവർത്തനത്തിന് ഈ ഗ്രന്ഥമാണ് ഉപയോഗിച്ചിരിക്കുന്നത്). ജി. ചേടിയത്ത്, *ലത്തീൻ സഭാപിതാക്കന്മാർ,* കോട്ടയം, 1992, പേജ് 158-255.

www.malankaralibrary.com

# സമർപ്പണം

എന്റെ വന്ദ്യഗുരുഭൂതനായ
ബഹു. മണ്ണിൽ സാമുവേൽ അച്ചന്റെ
പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി
(2003, നവംബർ 30)
ഈ ഗ്രന്ഥം ഭക്ത്യാദരപുരസ്സരം
സമർപ്പിച്ചുകൊള്ളുന്നു.

www.malankaralibrary.com

# 1

# ക്രിസ്മസ്

## കർതൃവംശാവലി സംബന്ധിച്ച് സുവിശേഷകരായ മത്തായിക്കും ലൂക്കോസിനുമുള്ള യോജിപ്പ്

### ക്രിസ്മസ്ദിവസം അവതരിപ്പിച്ച പ്രശ്നം സംബന്ധിച്ചുള്ള ചർച്ച. കാഴ്ചകളുടെ ദിനം

1. എന്റെ പ്രിയജനമേ, നിങ്ങളിൽ പ്രത്യാശ ജനിപ്പിച്ചവൻ തന്നെ നിങ്ങളിൽ അതു പൂർണമാക്കട്ടെ. നാം പറയുവാൻ പോകുന്നതു നമ്മുടേതല്ല, ദൈവത്തിന്റേതാണ് എന്നു നാം വിശ്വസിക്കുന്നു. എങ്കിലും ശ്ലീഹാ വിനയപൂർവം പറഞ്ഞത് കൂടുതൽ അർത്ഥസംപുഷ്ടമായി നാം പറയുന്നു: "പരമമായ ശക്തി ദൈവത്തിന്റേതാണ്, ഞങ്ങളുടേതല്ല എന്നു വെളിപ്പെടുത്തുന്നതിന്, ഈ നിധി മൺപാത്രങ്ങളിലാണു ഞങ്ങൾക്കു ലഭിച്ചിട്ടുള്ളത്" (2 കൊറി 4,7). നിങ്ങളോടു ഞാൻ ചെയ്ത വാഗ്ദാനം നിങ്ങൾ ഓർക്കുന്നു എന്നതിനെപ്പറ്റി എനിക്കു സംശയമില്ല. ഇപ്പോൾ അതു പൂർത്തിയാക്കുന്നവനിലൂടെയാണ് നാം അതു ചെയ്തത്. കാരണം, നാം ആ വാഗ്ദാനം ചെയ്തപ്പോൾ, നാം അവനോടു പ്രാർത്ഥിച്ചിരുന്നു; ഇപ്പോൾ നാമിതു പൂർത്തിയാക്കുമ്പോൾ യഥാർത്ഥത്തിൽ നാം അവന്റെ കടക്കാരാണ്.

എന്റെ പ്രിയജനമേ, ചർച്ച ചെയ്യാമെന്നു പറഞ്ഞിരുന്ന ഒരു വിഷയം ക്രിസ്മസ് ദിവസം രാവിലെ നാം മാറ്റിവച്ചത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ; കാരണം, അനേകർ, ദൈവവചനം ഭാരമായി തോന്നുന്നവർ പോലും, ആ ദിവസത്തിന് പതിവായിരിക്കുന്ന ആഘോഷത്തിൽ പങ്കെടുക്കാൻ നമ്മോടുകൂടി ഉണ്ടായിരുന്നു.

www.malankaralibrary.com



എന്നാൽ ഇപ്പോഴാകട്ടെ, പ്രസംഗം കേൾക്കാൻ താല്പര്യമുള്ളവർ മാത്രമേ വന്നിട്ടുള്ളൂ എന്നു ഞാൻ കരുതുന്നു. അതുകൊണ്ട് നാം സംസാരിക്കുന്നത് അടഞ്ഞ ഹൃദയങ്ങളോടോ, മടുത്ത മനസ്സുകളോടോ അല്ല; നിങ്ങളുടെ താല്പര്യപൂർവമുള്ള ഈ വരവുതന്നെ യഥാർത്ഥത്തിൽ എനിക്കൊരു പ്രാർത്ഥനയാണ്.

മറ്റൊന്നു കൂടിയുണ്ട്: മല്ലയുദ്ധക്കാഴ്ചകൾ അനേകരെ ഇവിടെനിന്ന് അവിടേക്കാകർഷിച്ചിരിക്കുന്നു. സഹോദരരേ, അവരുടെ രക്ഷയെപ്രതി നാം ശ്രദ്ധാപൂർവം ചെയ്യുന്നതുപോലെ, നമ്മുടെ മാതൃക അനുകരിച്ച് പ്രവർത്തിക്കാൻ നാം നിങ്ങളെ ഉപദേശിക്കുന്നു. അവരുടെ മനസ്സ് ഇപ്പോഴും സത്യസംബന്ധമായ കാഴ്ചകളിലല്ല, ജഡസംബന്ധമായ കാഴ്ചകളിലാണ് ആമഗ്നമായിരിക്കുന്നത്. ഈ മനുഷ്യർക്കുവേണ്ടി തീക്ഷ്ണതാപൂർവം ദൈവത്തോടു പ്രാർത്ഥിക്കണം.

ഈ ദിവസം അവയെ നിന്ദിക്കാൻ തുടങ്ങിയ ചിലർ ഇപ്പോൾ നിങ്ങളുടെ ഇടയിൽ ഉണ്ടെന്ന് ഞാൻ നന്നായി അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നു. അവർ തങ്ങളുടെ രൂഢമൂലമായ തഴക്കങ്ങളോടു വിട പറയുകയാണ്. മെച്ചപ്പെട്ടതിലേക്കും മോശമായതിലേക്കും ആളുകൾ മാറുന്നുണ്ട്. ഇത്തരം അനുദിനാനുഭവങ്ങൾ നമ്മെ സന്തോഷിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യർ സ്വയം നവീകരിക്കുമ്പോൾ നാം സന്തോഷിക്കുന്നു; അവർ ദുഷിക്കുമ്പോൾ നാം ദുഃഖിക്കുന്നു. നന്നായി ആരംഭിക്കുന്നവൻ രക്ഷിക്കപ്പെടും എന്ന് കർത്താവ് പറയാഞ്ഞത് ഇതുകൊണ്ടാണ്. "അവസാനംവരെ നിലനില്ക്കുന്നവൻ രക്ഷിക്കപ്പെടും" എന്നത്രേ അവിടുന്ന് അരുളിച്ചെയ്തത് (മത്താ 10,22).

## "ക്രിസ്തീയകാഴ്ചകൾ". രക്തസാക്ഷികളുടെ മരണം ജഡികമനുഷ്യർ ഒരുതരത്തിലും, ആത്മീയർ മറ്റൊരു തരത്തിലും കാണുന്നു.

**2.** മനുഷ്യനായി തീരുക ഉചിതമെന്നു കരുതിയ ദൈവപുത്രനും മനുഷ്യപുത്രനുമായ നമ്മുടെ കർത്താവ് യേശുക്രിസ്തു തന്റെ ആലയിലേക്ക്, ഈ അന്തസ്സാരവിഹീനമായ കളികൾ കാണുന്നവരെ മാത്രമല്ല, അവയിൽ പങ്കെടുക്കുന്നവരിൽ അനേകരെയും കൂട്ടിച്ചേർക്കുന്നു എന്നതിനേക്കാൾ ആശ്ചര്യകരവും മഹനീയവുമായി

www.malankaralibrary.com



നമുക്ക് എന്താണ് ലഭിക്കാനുള്ളത്? കളിസ്ഥലത്ത് വന്യമൃഗങ്ങളുമായുള്ള മല്പിടിത്തക്കളി കാണാൻ താല്പര്യപ്പെടുന്നവരെ മാത്രമല്ല, ഇതിൽ പങ്കെടുക്കുന്നവരെയും രക്ഷയിലേക്ക് ആനയിക്കാൻ അവിടുന്ന് അശ്രാന്തപരിശ്രമം ചെയ്യുന്നു.

അവൻ തന്നെ ഒരു വിനോദകാഴ്ചയായി തീർന്നു. അതെങ്ങനെ എന്നു കേൾക്കൂ. അവിടുന്ന് അപ്രകാരം തന്നെപ്പറ്റി പറഞ്ഞു. അവർ അവനെ വിനോദകാഴ്ചയാക്കുന്നതിനു മുമ്പുതന്നെ അവിടുന്ന് ഇത് മുന്നറിയിച്ചിരുന്നു. "അവർ എന്റെ കൈകാലുകൾ തുളച്ചു. അവർ എന്റെ അസ്ഥികളെല്ലാം എണ്ണി'' എന്ന് സങ്കീർത്തനത്തിൽ പറഞ്ഞുകൊണ്ട്(21,17), വരാനിരിക്കുന്ന കാര്യം നടന്നതായി പ്രവാചകന്റെ വാക്കുകളിൽ അവിടുന്നു പ്രവചിച്ചിരുന്നു. അവന്റെ അസ്ഥികൾ എണ്ണത്തക്കവിധം അവൻ എപ്രകാരം ഒരു വിനോദ കാഴ്ചയായി തീർന്നു എന്നു കാണുവിൻ. അവൻ കുറേക്കൂടി വ്യക്തമായി ഈ വിനോദകാഴ്ചയെപ്പറ്റി പറയുന്നു:"അവർ എന്നെ തുറിച്ചു നോക്കി" (സങ്കീ 22,17). അവർക്കു ചിരിക്കു വക നൽകുന്ന വിനോദകാഴ്ചയായി അവനെ ആക്കി. നിശ്ചയമായും അവനെ അനുകൂലിക്കുന്നവരായിട്ടല്ല, പിന്നെയോ, തങ്ങളുടെ ക്രോധം അവനിൽ ചൊരിയുന്നവരായിട്ടത്രേ അവർ അവനെ വിനോദകാഴ്ചയാക്കിത്തീർത്തത്.

"ഞങ്ങൾ ലോകത്തിനും മാലാഖമാർക്കും മനുഷ്യർക്കും വിനോദകാഴ്ചയായി തീർന്നിരിക്കുന്നു" എന്ന് ശ്ലീഹാ പറയുന്നതുപോലെ (1 കൊറി 4,9), അവിടുന്ന് തന്റെ രക്തസാക്ഷികളെ ആരംഭത്തിൽ അതുപോലെ വിനോദകാഴ്ചയാക്കി. ജഡികരും ആത്മീയരും എന്ന രണ്ടുതരം മനുഷ്യരാണ് ഈ കളിയിൽ കാഴ്ചക്കാരായിട്ടുള്ളത്. വന്യമൃഗങ്ങൾക്ക് എറിയപ്പെടുകയും ശിരശ്ഛേദം ചെയ്യപ്പെടുകയും അഗ്നിയിലേക്ക് എറിയപ്പെടുകയും ചെയ്യുന്ന രക്തസാക്ഷികളെ ജഡികരായ കാഴ്ചക്കാർ നികൃഷ്ടരായി കാണുന്നു; എന്നാൽ ശരീരം മാന്തിക്കീറിയാലും വിശുദ്ധ മാലാഖമാരെപ്പോലെ, ഇളകാത്ത വിശ്വാസത്തെ ശ്ലാഘിക്കുന്നവരാണ് മറ്റു കാഴ്ചക്കാർ. ശരീരം പിച്ചിച്ചീന്തപ്പെടുന്നെങ്കിലും, ആത്മാവിന് യാതൊരുപോറലും പറ്റുന്നില്ല. ഹൃദയനയനങ്ങൾക്ക് വലിയൊരു കാഴ്ച ഇവിടെ സമ്മാനിക്കപ്പെടുന്നു.

ഈ കാര്യങ്ങൾ പള്ളിയിൽ വായിക്കുമ്പോൾ, ഹൃദയനയനങ്ങളാൽ നിങ്ങൾ താല്പര്യമുള്ള കാഴ്ചക്കാരായി കാണപ്പെടുന്നു. കാഴ്ച കാണുന്നില്ലെങ്കിൽ, നിങ്ങൾ ഒന്നും ഗ്രഹിക്കുകയില്ല. നിങ്ങൾ

www.malankaralibrary.com



ഇന്ന് കളിസ്ഥലത്തേക്ക് കുതിച്ചുപാഞ്ഞില്ല; മറിച്ച് നിങ്ങൾ പ്രത്യേകമായി ഇതു തെരഞ്ഞെടുത്തു. അതുകൊണ്ട്, ദൈവം നിങ്ങളോടൊത്ത് ഉണ്ടായിരിക്കുകയും നിങ്ങൾ കാണുന്ന ഈ കാഴ്ചകളെപ്പറ്റി നിങ്ങളുടെ സ്നേഹിതരോടുള്ള നിങ്ങളുടെ വിവരണം അവർക്ക് ആകർഷകമാക്കിത്തീർക്കുകയും ചെയ്യട്ടെ. അവർ പള്ളിയിൽ വരാൻ കൂട്ടാക്കാതെ ആംഫിതിയേറ്ററിലേക്ക് കുതിച്ചുപായുന്നത് കണ്ട് നിങ്ങൾ ദുഃഖിച്ചതാണല്ലോ. ഇങ്ങനെ, അവരും ആ കളികളെ നിന്ദ്യമായി പരിഗണിച്ചു തുടങ്ങട്ടെ; അവയിലേക്കുള്ള ആകർഷണം അവരെ നിന്ദ്യരാക്കിയിരിക്കുന്നു. അവർ നിങ്ങളോടു കൂടിച്ചേർന്ന് ദൈവത്തെ സ്നേഹിക്കട്ടെ. അവനെ സ്നേഹിക്കുന്നവർ ലജ്ജിക്കേണ്ടിവരികയില്ല. കാരണം, പരാജയപ്പെടുത്താൻ കഴിയാത്തവനെ ആയിരിക്കും അവനിൽ അവർ സ്നേഹിക്കുക. നിങ്ങളോടൊപ്പം അവർ ക്രിസ്തുവിനെ സ്നേഹിക്കട്ടെ. താൻ കീഴടക്കപ്പെട്ടു എന്നു കരുതപ്പെട്ട അതേ വസ്തുകൊണ്ട് അവൻ ലോകത്തെ കീഴടക്കി. സഹോദരരേ, നമുക്കറിയാവുന്നതുപോലെ, അവിടുന്നു ലോകത്തെ കീഴടക്കി: അവൻ എല്ലാ ശക്തികളെയും കീഴടക്കി; രാജാക്കന്മാരെ വിധേയരാക്കി, അഹന്തനിറഞ്ഞ സൈന്യത്താലല്ല, "നിന്ദ്യമായ" കുരിശിനാൽ; വാളിന്റെ ക്രൂരതയാലല്ല, മരത്തിൽ തൂങ്ങിക്കിടന്നുകൊണ്ട്; ശാരീരികമായി സഹിച്ചുകൊണ്ടും ആത്മീയമായി അധ്വാനിച്ചുകൊണ്ടും; അവന്റെ ശരീരം കുരിശിൽ ഉയർത്തപ്പെട്ടു; എന്നാൽ അതുവഴി അവൻ ആത്മാക്കളെ കുരിശിനു വിധേയരാക്കി. ഭരണാധിപന്മാരുടെ നിറുകയിലുള്ള കുരിശിനേക്കാൾ അമൂല്യമായ എന്തു രത്നമാണ് അവരുടെ കിരീടത്തിലുള്ളത്?

അവനെ സ്നേഹിക്കുന്നതുകൊണ്ട് നിങ്ങൾ ഒരിക്കലും ലജ്ജിക്കേണ്ടിവരികയില്ല. ആംഫിതിയേറ്ററിൽ നിന്ന് അടികൊണ്ട് എത്രപേരാണ് തിരിച്ചെത്തുക! കാരണം, ഭ്രാന്തന്മാരെപ്പോലെ അവർ ആർക്കുവേണ്ടി കൂകിവിളിച്ചുവോ, അവർക്കുവേണ്ടിയാണ് അടികൊണ്ടത്. തങ്ങളുടെ ഇഷ്ടതാരങ്ങൾ വിജയിക്കണമെങ്കിൽ, അവർ ഇനിയും തല്ലുകൊള്ളണം. അവിടേക്ക് ഓടിക്കയറാൻ അവരെ തള്ളിവിട്ട വികാരത്തിന് അവർ അടിപ്പെട്ടു. വ്യർത്ഥസന്തോഷത്തിന്, വഴിപിഴച്ച ആഗ്രഹത്തിന്റെ വിജയത്തിന് അവർ തങ്ങളെത്തന്നെ അടിമയാക്കുന്നു. സഹോദരങ്ങളേ, ഇവിടെ വരണമോ അവിടെ പോകണമോ എന്നതു സംബന്ധിച്ച് സന്നിഗ്ദ്ധാവസ്ഥയിൽ കഴിഞ്ഞ എത്രപേരുണ്ടായിരുന്നു എന്നാണ് നിങ്ങൾക്കു തോന്നുക? ഈ

www.malankaralibrary.com



സന്നിഗ്ദ്ധാവസ്ഥയിൽ ക്രിസ്തുവിനെപ്പറ്റി ചിന്തിച്ച് പള്ളിയിലേക്കു കടന്നുവന്നവർ വെറും മനുഷ്യരെയല്ല, സമസ്ത ലോകത്തിലും മനുഷ്യാത്മാക്കളെ വേട്ടയാടുന്ന ഏറ്റവും ദുഷിച്ച പിശാചിനെതന്നെ യാണ് കീഴ്പ്പെടുത്തിയത്. മറിച്ച്, ആ സന്നിഗ്ദ്ധാവസ്ഥയിൽ ആംഫിതിയേറ്ററിലേക്ക് ഓടിപ്പോകാൻ തീരുമാനിച്ചവർ, "ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നതിനാൽ സന്തോഷിക്കുവിൻ" എന്നു പറഞ്ഞവനിൽ (യോഹ 16,33) അവനെ മറ്റുള്ളവർ കീഴടക്കിയപ്പോൾ, അവനു കീഴടങ്ങി. അക്കാരണത്താലാണ് പോരാട്ടത്തിന് തന്റെ പടയാളികളെ പഠിപ്പിക്കാൻവേണ്ടി നേതാവ് പരീക്ഷിക്കപ്പെടാൻ അനുവദിച്ചത്.

## ഒരു സ്ത്രീയിൽനിന്നു ജനിക്കാൻ ക്രിസ്തു താല്പര്യപ്പെട്ടത് എന്തുകൊണ്ട്? സ്ത്രീയിലൂടെ നാശമുണ്ടായി; സ്ത്രീയിലൂടെ രക്ഷയും.

3. അതുകൊണ്ട്, ഇതിനായി നമ്മുടെ കർത്താവായ യേശു ക്രിസ്തു, നമുക്കറിയാവുന്നതുപോലെ, സ്ത്രീയിൽ നിന്ന് ജനിച്ച് മനുഷ്യപുത്രനായിത്തീർന്നു. "എന്നാൽ അവൻ കന്യകമറിയാമിൽ നിന്നു ജനിക്കാതിരുന്നു എന്നു സങ്കല്പിച്ചാൽ, താനായിരുന്ന അവസ്ഥയ്ക്ക് അതു കുറവുവരുത്തുമായിരുന്നോ?" എന്ന് ആരെ ങ്കിലും ചോദിച്ചേക്കാം. "മനുഷ്യനാകുക എന്നത് അവിടുത്തെ തിരുഹിതമായിരുന്നെങ്കിൽ, സ്ത്രീയിൽ നിന്നു ജനിക്കാതെ തന്നെ അവിടുന്ന് മനുഷ്യനാകുമായിരുന്നു. അവൻ ഉണ്ടാക്കിയ ആദ്യമനു ഷ്യനെ എടുക്കുക. അവനെ സ്ത്രീയിൽനിന്നല്ലല്ലോ നിർമിച്ചത്". അതിനുള്ള ഉത്തരം ഇതാണ്: നിന്റെ ചോദ്യം സ്ത്രീയിൽനിന്ന് ജനിക്കാൻ അവിടുന്നു തീരുമാനിച്ചത് എന്തിനാണ് എന്നല്ലേ? ഉത്തരം: സ്ത്രീയിൽനിന്നുള്ള ജനനത്തെ എന്തിന് അവിടുന്നു വെറുക്കണം? സ്ത്രീയിൽനിന്ന് ജനിക്കാൻ അവിടുന്ന് തീരുമാനിച്ചത് എന്തിനാണെന്ന് എനിക്ക് കാണിക്കാനാവില്ല എന്നു കരുതുക: അവിടുന്ന് വെറുക്കത്തക്ക എന്താണ് സ്ത്രീയിൽ ഉള്ളത് എന്നു നീ എന്നെ കാണിക്കുക.

നാം പറഞ്ഞതുപോലെ, അവൻ സ്ത്രീയുടെ ഉദരത്തെ വെറുത്തിരുന്നെങ്കിൽ, അവൾവഴി അവൻ കളങ്കപൂരിതനാകും എന്നതിന്റെ സൂചനയായി ഇതിനെ എടുക്കാമായിരുന്നു. എന്നാൽ താൻ ആയിരിക്കുന്ന അവസ്ഥനിമിത്തം എത്രത്തോളം അത്

www.malankaralibrary.com



അസാധ്യമാണോ, സ്ത്രീയുടെ ഗർഭപാത്രംവഴി താൻ കളങ്കപൂരിതനാകും എന്ന് കരുതി അത്ര കുറച്ചു മാത്രമേ അതിനെ അവൻ ഭയപ്പെടേണ്ടിയിരുന്നുള്ളൂ. മറിച്ച്, സ്ത്രീയിൽനിന്നു ജനിച്ചതിലൂടെ അവിടുന്നു നമ്മെ മഹാരഹസ്യം കാണിക്കുകയായിരുന്നു. സഹോദരരേ, സ്ത്രീയിൽനിന്നു ജനിക്കാതെ മനുഷ്യനാകാൻ കർത്താവ് ആഗ്രഹിച്ചിരുന്നെങ്കിൽ തന്റെ പരമോന്നതശക്തിക്ക് തീർച്ചയായും അത് നിഷ്പ്രയാസം സാധിക്കുമായിരുന്നു എന്ന് നാമും സംശയലേശമെന്യേ അംഗീകരിക്കുന്നു. പുരുഷനെ കൂടാതെ സ്ത്രീയിൽനിന്നു ജനിക്കാൻ അവിടുത്തേക്കു കഴിഞ്ഞതുപോലെ, സ്ത്രീയെ കൂടാതെയും അവിടുത്തേക്ക് ഇതു സാധ്യമായിരുന്നു.

ലിംഗവ്യത്യാസമില്ലാതെ എല്ലാ മനുഷ്യരും പ്രതീക്ഷാനിർഭരരായിരിക്കണം എന്ന് അവിടുന്നു ഇവിടെ കാണിക്കുന്നു. മനുഷ്യർ ആണും പെണ്ണുമായിട്ടാണ്. അവിടുന്ന് ആണായിട്ടാണ് അവതരിച്ചത്. അത് ഉചിതവുമായിരുന്നു. അപ്പോൾ, അവിടുന്നു സ്ത്രീയിൽ നിന്നു ജനിച്ചില്ലായിരുന്നെങ്കിൽ, സ്ത്രീകൾ നിരാശരാകുമായിരുന്നു; തങ്ങളുടെ ആദ്യപാപത്തെ, ആദ്യമനുഷ്യൻ വഞ്ചിക്കപ്പെട്ടത് സ്ത്രീവഴിയാണ് എന്ന സംഗതിയെ, അവർ ഓർക്കുമായിരുന്നു. തങ്ങൾക്ക് ക്രിസ്തുവിൽ യാതൊരു പ്രതീക്ഷയുമില്ല എന്ന് അവർ ചിന്തിക്കുമായിരുന്നു. പുരുഷന്മാർക്ക് പ്രത്യേക മുൻഗണന നൽകാൻ അവിടുന്നു പുരുഷനായി പിറന്നു. സ്ത്രീകളെ സമാശ്വസിപ്പിക്കാൻ അവിടുന്നു സ്ത്രീയിൽനിന്നു ജനിച്ചു. അവരെ അഭിസംബോധന ചെയ്ത് അവിടുന്നു ഇപ്രകാരം പറഞ്ഞു എന്നു കരുതുക: "ദൈവത്തിന്റെ സൃഷ്ടി അതിൽതന്നെ ചീത്തയല്ല, പിന്നെയോ ദുരാഗ്രഹം അതിനെ വഴിപിഴപ്പിച്ചു എന്നുമാത്രം എന്ന് നിങ്ങൾ ഗ്രഹിക്കുക. ആദിയിൽ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ആണും പെണ്ണുമായിട്ടാണ് ഞാൻ അവരെ സൃഷ്ടിച്ചത്. എന്റെ സ്വന്തം സൃഷ്ടിയെ ഞാൻ വിധിക്കുന്നില്ല. ഞാൻ ഒരു സ്ത്രീയിൽനിന്നു ജനിച്ചതു കാണുക; ഞാൻ ഒരു പുരുഷനായി ജനിച്ചതും കാണുക. എന്റെ സ്വന്തം സൃഷ്ടിയെയല്ല ഞാൻ കുറ്റംവിധിക്കുന്നത്, പിന്നെയോ, എന്റെ കരവേലയല്ലാത്ത പാപങ്ങളെയത്രേ".

ഓരോ വിഭാഗവും അതാതിന്റെ ഔന്നത്യം ദർശിക്കട്ടെ; ഓരോന്നും അതാതിന്റെ കുറ്റം ഏറ്റുപറയട്ടെ. ഇരുകൂട്ടരും രക്ഷയ്ക്കായി പ്രതീക്ഷിക്കട്ടെ. പുരുഷന്മാർ വഞ്ചിക്കപ്പെടാൻ തുടങ്ങിയപ്പോൾ, നാശത്തിന്റെ വിഷം അവനു നൽകപ്പെട്ടത് സ്ത്രീവഴിയാണ്; മനുഷ്യൻ വീണ്ടെടുക്കപ്പെടുമ്പോൾ, രക്ഷയുടെ കാസാ

www.malankaralibrary.com



അവനു നൽകപ്പെടേണ്ടതും സ്ത്രീയിലൂടെ ആയിരുന്നു. യേശുവിനെ പ്രസവിച്ചുകൊണ്ട്, താൻ വഴി വഞ്ചിക്കപ്പെട്ട പുരുഷന്റെ പാപത്തിന് സ്ത്രീ പരിഹാരം ചെയ്യട്ടെ. അതുപോലെ ദൈവത്തിന്റെ ഉത്ഥാനത്തെപ്പറ്റി ശ്ലീഹന്മാരെ ആദ്യം അറിയിച്ചത് സ്ത്രീകളായിരുന്നു. പറുദീസായിലെ സ്ത്രീ തന്റെ ഭർത്താവിന് മരണം പ്രഘോഷിച്ചു; സഭയിലെ സ്ത്രീകൾ മനുഷ്യരോട് രക്ഷ പ്രഘോഷിച്ചു. ശ്ലീഹന്മാർ ജനതകളോട് ക്രിസ്തുവിന്റെ ഉത്ഥാനം പ്രഘോഷിക്കേണ്ടിയിരുന്നു; സ്ത്രീകൾ അത് ശ്ലീഹന്മാരോട് പ്രഘോഷിച്ചു. അതുകൊണ്ട്, ക്രിസ്തു സ്ത്രീയിൽനിന്നു ജനിച്ചു എന്ന സംഗതിയെ ആരും തെറ്റായി ചിത്രീകരിക്കാതിരിക്കട്ടെ. വിമോചകന് ആ വിഭാഗം വഴി മലിനനാകാൻ കഴിയുമായിരുന്നില്ല. അതിന്റെ സ്രഷ്ടാവ് എന്ന നിലയ്ക്ക് അതിനെ പരിഗണിക്കാതിരിക്കാൻ അവിടുത്തേക്കു കഴിഞ്ഞില്ല.

## സുവിശേഷവിശ്വാസം ലോകം മുഴുവൻ സ്വീകരിക്കപ്പെട്ടിരിക്കുന്നു

**4.** "എന്നാൽ ക്രിസ്തു ഒരു സ്ത്രീയിൽനിന്നു ജനിച്ചു എന്ന് എങ്ങനെയാണ് ഞങ്ങൾ വിശ്വസിക്കുക?" എന്ന് ചോദിച്ചേക്കാം. ലോകം മുഴുവൻ പ്രഘോഷിക്കപ്പെട്ടതും ഇപ്പോഴും പ്രഘോഷിക്കപ്പെടുന്നതുമായ സുവിശേഷം കൊണ്ട് ഞാൻ മറുപടി പറയാം.

ഈ മനുഷ്യർ തങ്ങളുടെ അന്ധതയിൽ, മറ്റുള്ളവരെ അന്ധരാക്കാൻ ശ്രമിച്ചുകൊണ്ടും, കാണേണ്ടതു കാണുന്നതിൽ പരാജയപ്പെട്ടുകൊണ്ടും, വിശ്വസിക്കേണ്ടവ നീക്കിക്കളയാൻ പ്രവർത്തിച്ചുകൊണ്ടും ലോകം മുഴുവൻ അംഗീകരിക്കപ്പെട്ട വിശ്വാസത്തെ ചോദ്യം ചെയ്യാൻ മുതിരുന്നു. ഉദാ. മറുപടിയായി അവർ ഇപ്രകാരം പറയുന്നു: "ലോകം മുഴുവന്റെയും ആധികാരികത ഉദ്ധരിച്ചുകൊണ്ട് ഞങ്ങളെ നിശ്ശബ്ദരാക്കാൻ ശ്രമിക്കേണ്ട. നമുക്കു തിരുലിഖിതത്തിലേക്കു തന്നെ തിരിയാം. നീ വായാടിയായി വർത്തിക്കേണ്ട കാര്യമില്ല. വഴിതെറ്റിപ്പോയ കൂട്ടം മാത്രമാണ് നിന്നെ അനുകൂലിക്കുന്നത്".

ഒന്നാമതായി, എനിക്ക് ഈ ഉത്തരമാണ് നൽകാനുള്ളത്: വഴിതെറ്റിപ്പോയ കൂട്ടമാണല്ലോ എന്നെ അനുകൂലിക്കുന്നത്. ഒരിക്കൽ ഈ കൂട്ടം വിരലിൽ എണ്ണാവുന്നവർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ കൂട്ടത്തെ വളർത്തിയത് എന്താണ് ? വളരെ നേരത്തെതന്നെ

www.malankaralibrary.com



പ്രവചിച്ചതായിരുന്നല്ലോ ഈ വികസനം! ഈ കൂട്ടം നേരത്തെ എങ്ങനെ ആയിരുന്നു എന്നറിയാത്തവർക്ക് നിശ്ചയമായും ഈ വളർച്ച സുഗ്രാഹ്യമല്ല. അല്ല, കൈവിരലിൽ എണ്ണാവുന്നവർ മാത്രമായിരുന്നു എന്നു ഞാൻ പറയുന്നില്ല. ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ - അബ്രഹാം! സഹോദരരേ, ഇതു പരിഗണിക്കുവിൻ. ഈ ലോകം മുഴുവൻ, എല്ലാ മനുഷ്യരുടെയും മധ്യത്തിൽ അക്കാലത്ത് അബ്രഹാം ഏകനായി നിലകൊണ്ടു. 'നിന്റെ സന്തതിയിലൂടെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും' എന്ന് ഈ മനുഷ്യനോടാണ് പറയപ്പെട്ടത് (ഉല്പ 22,18). ഒരേ ഒരു വ്യക്തി എന്ന നിലയ്ക്ക് ഈ ഒറ്റ മനുഷ്യൻ വിശ്വസിച്ചത് തന്റെ സന്താനപരമ്പരയുടെ സമൂഹത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അന്നിത് കാണപ്പെട്ടിരുന്നില്ല; എന്നാൽ വിശ്വസിക്കപ്പെട്ടിരുന്നു. ഇപ്പോഴിത് കാണപ്പെടുന്നു, എന്നാൽ അതിനെ തള്ളിപ്പറയുന്നു. അന്ന് ഒരാളോടു പറഞ്ഞതും അയാൾ വിശ്വസിച്ചതും ഇപ്പോൾ അനേകർ ഏറ്റുപറയുമ്പോൾ ചില യഹൂദർ കടന്നാക്രമിക്കുന്നു.

തന്റെ ശിഷ്യരെ മനുഷ്യരെ പിടിക്കുന്നവർ ആക്കിയവൻ എല്ലാ തരത്തിലുമുള്ള അധികാരത്തെയും തന്റെ വലയ്ക്കുള്ളിലാക്കി. കൂട്ടത്തെയാണ് വിശ്വസിക്കേണ്ടതെങ്കിൽ, സഭയല്ലാതെ മറ്റെന്താണ് എല്ലായിടത്തും മെച്ചമായി പ്രതിനിധീകരിച്ചിട്ടുള്ളത്? ധനവാന്മാരെ വിശ്വസിക്കാമെങ്കിൽ, എത്രമാത്രം ധനവാന്മാരെ അവൻ സ്വീകരിച്ചിരിക്കുന്നു എന്നത് അവർ ശ്രദ്ധിക്കട്ടെ. ഇനിയും, പാവപ്പെട്ടവരെയാണ് വിശ്വസിക്കേണ്ടതെങ്കിൽ, ആയിരക്കണക്കിനു പാവപ്പെട്ടവരെ അവർ കാണട്ടെ. കുലീനരെയാണെങ്കിൽ, മിക്കവാറും കുലീനർ എല്ലാംതന്നെ സഭയ്ക്കുള്ളിലാണ്; രാജാക്കന്മാരെ ആണെങ്കിൽ, അവരെല്ലാം ക്രിസ്തുവിനു വിധേയരായതു കാണട്ടെ. പ്രസംഗചാതുര്യം ഉള്ളവരും പണ്ഡിതരും പരിചയസമ്പന്നരുമായവരെയാണ് വിശ്വസിക്കേണ്ടതെങ്കിൽ, എത്ര വലിയ പ്രഭാഷകരെയും പണ്ഡിതരെയും ഈ ലോകത്തിലെ താത്ത്വികരെയുമാണ് ആഴത്തിൽനിന്ന് രക്ഷയിലേക്ക് ആ മുക്കുവർ വീശിപ്പിടിച്ചതെന്നു കാണുവിൻ. മനുഷ്യാത്മാവിന്റെ കൊടിയ തിന്മയായ അഹങ്കാരത്തെ തന്റെ എളിമയുടെ ദൃഷ്ടാന്തത്തിലൂടെ സൗഖ്യമാക്കാൻ താഴേക്കിറങ്ങിവന്നവനെ അവർ പരിഗണിക്കട്ടെ. "ശക്തരെ ലജ്ജിപ്പിക്കുവാൻ ലോകദൃഷ്ടിയിൽ ബലഹീനരെ അവൻ തെരഞ്ഞെടുത്തു; വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരെ തെരഞ്ഞെടുത്തു. ഉള്ളവയെ നശിപ്പിക്കാൻ ലോകദൃഷ്ട്യാ

www.malankaralibrary.com



നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെ ത്തന്നെയും ദൈവം തെരഞ്ഞെടുത്തു" (1 കൊറി 1,27ff).

**സുവിശേഷങ്ങൾ മനസ്സിലാക്കാൻ പരിശ്രമിക്കുമ്പോൾ, അവ തമ്മിൽ പൊരുത്തക്കേടില്ല എന്ന് കരുതുന്നതാകും സുരക്ഷിതം. നിഗൂഢമായ അർത്ഥത്തിന്റെ പ്രയോജനം.**

5. "നിനക്കിഷ്ടമുള്ളതു നീ പറഞ്ഞുകൊള്ളുക; ക്രിസ്തുവിന്റെ ജനനം വിവരിക്കുന്ന സുവിശേഷഭാഗങ്ങൾ പരസ്പരം യോജി ക്കുന്നില്ല എന്നു ഞങ്ങൾ കാണുന്നു; പരസ്പരം വിയോജിപ്പുള്ള രണ്ടു കാര്യങ്ങൾ സത്യമാകാൻ ഇടയില്ല" എന്ന് അവർ പറയുന്നു. "പരസ്പരയോജിപ്പില്ലായ്മ ചൂണ്ടിക്കാണിക്കുമ്പോൾ, ഞാൻ വിശ്വാസം ത്യജിക്കുന്നതിൽ ന്യായീകരണം ഉണ്ട്; അല്ലെങ്കിൽ വിശ്വസിക്കുന്ന നീ യോജിപ്പു കാണിച്ചുതരിക" എന്നും പറയുന്നു.

"നിങ്ങൾ പറയുന്ന വിയോജിപ്പ് എന്താണ്?" എന്നതാണ് എന്റെ ചോദ്യം. "കാര്യമായ ഒന്നുതന്നെ; അതിനെ ഖണ്ഡിക്കാൻ ആർക്കും കഴിയില്ല" എന്ന് അവൻ മറുപടി പറയുന്നു.

വത്സലഭാജനങ്ങളേ, ശ്രവിക്കുവിൻ. നിങ്ങൾ വിശ്വാസികളാക യാൽ, ഇതൊക്കെ കേൾക്കുമ്പോൾ നിങ്ങൾ എത്ര സുരക്ഷിതരാണ്! "നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ നിങ്ങൾ സ്വീകരിച്ചിരി ക്കുന്നതിനാൽ, അവനിൽ വേരുറപ്പിക്കപ്പെട്ടും, പണിതുയർത്ത പ്പെട്ടും, വിശ്വാസത്തിൽ ദൃഢതപ്രാപിച്ചുംകൊണ്ട് അവനിൽ ജീവിക്കുവിൻ" എന്നു പറഞ്ഞുകൊണ്ട് ശ്ലീഹാ നമുക്ക് ശരിയായ ഉപദേശം നൽകുന്നത് ശ്രദ്ധിക്കുവിൻ (കൊളോ 2,6f). തന്നിൽ നിഗൂഢമായിരിക്കുന്നത് അവിടുന്നുതന്നെ വിശ്വാസികൾക്ക് വെളി പ്പെടുത്തുന്നതിനായി, ഉറച്ചതും കേവലവുമായ ഈ വിശ്വാസ ത്തോടുകൂടി നാം അവനിൽ സ്ഥിരതയോടെ ഇരിക്കണം. കാരണം അതേ ശ്ലീഹാ പറയുന്നതുപോലെ, "ജ്ഞാനത്തിന്റെയും അറിവി ന്റെയും നിധികൾ അവനിലാണ് ഒളിഞ്ഞുകിടക്കുന്നത്" (കൊളോ 2,3). അവ തരംതിരിക്കാനല്ല അവൻ അവ ഒളിച്ചുവച്ചിരിക്കുന്നത്; പിന്നെയോ, നിഗൂഢമായിരിക്കുന്നതിനാൽ അവയെപ്പറ്റിയുള്ള ആഗ്രഹം ജനിപ്പിക്കുന്നതിനത്രേ. നിഗൂഢമായിരിക്കുന്നതിലുള്ള പ്രയോജനം ഇതാണ്. നിങ്ങൾ ഇപ്പോഴും മനസ്സിലാക്കാത്തവയിൽ അവനെ ബഹുമാനിക്കുക. അതിനെ മറയ്ക്കുന്ന കർട്ടന്റെ സംഖ്യ കൂടുന്നതനുസരിച്ച് അതിനെ കൂടുതലായി ബഹുമാനിക്കുക.

www.malankaralibrary.com



മനുഷ്യന്റെ സ്ഥാനവലിപ്പമനുസരിച്ചാണ് അവന്റെ വീട്ടിലെ കർട്ടന്റെ എണ്ണം! രഹസ്യമായിരിക്കുന്നതിന് കർട്ടൻ ബഹുമാനം നൽകുന്നു. അതിനെ ബഹുമാനിക്കുന്നവർ ഉയർത്തപ്പെടുന്നു. എന്നാൽ അതിനെ പുച്ഛിക്കുന്നവരെ അകറ്റിനിർത്തി ആട്ടിയോടിക്കുന്നു. നാം ക്രിസ്തുവിലേക്കു തിരിയുമ്പോൾ മറ നീക്കപ്പെടുന്നു (2 കൊറി 3,16).

## തിരുലിഖിതങ്ങളിലുള്ള ഭക്തിപൂർവകമായ വിശ്വാസം. ഭക്തിരഹിതമായ മനസ്സോടെ തിരുലിഖിതങ്ങളിലേക്കു തിരിഞ്ഞപ്പോൾ അഗസ്റ്റിൻ വഞ്ചിക്കപ്പെട്ട സംഗതി.

**6.** "മത്തായി നിശ്ചയമായും ഒരു സുവിശേഷകനല്ലേ?" എന്നു ചോദിച്ചുകൊണ്ട് അവർ തങ്ങളുടെ അപവാദാരോപണം തുടരുന്നു. സംശയലേശമെന്യേ, ഭക്തിപൂർവകമായ ഹൃദയത്തോടും നാവോടും കൂടെ നാം വ്യക്തമായി പറയുന്നു, "അതേ; മത്തായി ഒരു സുവിശേഷകനാണ്". "അവനെ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ" എന്ന് ചോദിക്കുകയായി. "അതേ, ഞാൻ വിശ്വസിക്കുന്നു" എന്ന് നിങ്ങൾ ഭക്തിപൂർവം ഇപ്പോൾ ഉച്ചരിച്ചതുപോലെ പറയാത്തവർ ആരാണുള്ളത്? ഒരിക്കൽ വഞ്ചിക്കപ്പെട്ടവൻ എന്ന നിലയിലാണ് ഞാൻ നിങ്ങളോട് സംസാരിക്കുന്നത്. തിരുലിഖിതങ്ങൾ ഭക്തിപൂർവം ഉപയോഗിക്കുന്നതിനുപകരം എന്റെ യൗവനകാലത്ത് അവയെ ദുഷിപ്പിക്കാൻവേണ്ടി, കൗശലം പ്രയോഗിക്കാൻ ഞാൻ ആദ്യം തീരുമാനിച്ചുറച്ചവനായിരുന്നു. എന്റെ ദുഷിച്ച വഴികളിലൂടെ എനിക്കെതിരെ എന്റെ കർത്താവിന്റെ വാതിൽ ഞാൻ തന്നെ അടയ്ക്കുകയായിരുന്നു. അതു തുറക്കപ്പെടുന്നതിന് മുട്ടുന്നതിനു പകരം, അത് കൂടുതലായി അടയ്ക്കപ്പെടുന്നതിന് ഞാൻ പണിപ്പെടുകയായിരുന്നു. ഒരു വിനീത വ്യക്തിക്കുമാത്രം കണ്ടെത്താൻ കഴിയുന്ന സംഗതി ഞാൻ എന്റെ അഹങ്കാരത്തിൽ അന്വേഷിക്കാൻ മുതിർന്നു.

നിങ്ങൾ എത്ര കൂടുതൽ സൗഭാഗ്യവാന്മാരാണ്! എത്ര ആത്മവിശ്വാസത്തോടെയും എത്ര സുരക്ഷിതവുമായാണ് നിങ്ങൾ, ഇപ്പോഴും വിശ്വാസവലയിലെ ചെറിയവരും ആത്മീയാഹാരം സ്വീകരിക്കുന്നവരുമായ നിങ്ങളെല്ലാവരും, പഠിക്കുന്നത്! എന്നാൽ എനിക്കു പറക്കാൻ കഴിയും എന്നു കരുതി, നികൃഷ്ടനായ ഞാൻ വല ഉപേക്ഷിച്ചു; എന്നാൽ പറക്കുന്നതിനുപകരം ഞാൻ നിപതിച്ചു.

www.malankaralibrary.com



എന്നാൽ വഴിപോക്കർ എന്നെ ചവിട്ടിക്കൊല്ലാതിരിക്കാൻ കരുണാനിധിയായ കർത്താവ് എന്നെ ഉയർത്തുകയും വീണ്ടും വലയ്ക്കുള്ളിൽ വയ്ക്കുകയും ചെയ്തു. കാരണം, കർതൃനാമത്തിൽ ഇപ്പോൾ ആത്മവിശ്വാസത്തോടെ വിശദീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നവയെ സംബന്ധിച്ച് ഞാൻ പൂർണമായി അനിശ്ചിതാവസ്ഥയിൽ ആയിരുന്നു.

## ക്രിസ്തു എപ്രകാരമാണ് അബ്രഹാമിന്റെയും ദാവീദിന്റെയും പുത്രനായിരിക്കുന്നത്?

**7.** ഞാൻ പറയാൻ തുടങ്ങിയപ്പോൾ അവർ ഇങ്ങനെയാണ് തെറ്റായി ചിത്രീകരിച്ചത്: "മത്തായി ഒരു സുവിശേഷകനല്ലേ? നിങ്ങൾ അവനെ വിശ്വസിക്കുന്നുവോ?" നാം അവനെ സുവിശേഷകനായി അംഗീകരിക്കുന്നെങ്കിൽ, അവനെ വിശ്വസിക്കുന്നു എന്ന കാര്യത്തിൽ സംശയം വേണ്ട. "ക്രിസ്തുവിന്റെ വംശാവലി സംബന്ധിച്ച് മത്തായി നൽകിയ വിവരണം ശ്രദ്ധിക്കൂ: "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തു വിന്റെ വംശാവലി പുസ്തകം" (മത്താ 1,1). അവൻ എങ്ങനെയാണ് ദാവീദിന്റെ പുത്രനായിരിക്കുന്നത്?" അവൻ എങ്ങനെയാണ് അബ്രഹാമിന്റെ പുത്രനായിരിക്കുന്നത്? കുടുംബവഴിയിൽ കൂടിയേ ഇതു കാണിക്കാൻ കഴിയൂ. കർത്താവ് കന്യകയിൽനിന്നു ജനിച്ചപ്പോൾ, അബ്രഹാമും ദാവീദും ലോകത്തിൽ ജീവിച്ചിരുന്നില്ല എന്നത് സുവ്യക്തമാണല്ലോ. "ഒരാൾ തന്നെ ദാവീദിന്റെ പുത്രനും അബ്രഹാമിന്റെ പുത്രനും ആണെന്ന് നീ പറയുന്നില്ലേ?"

നമുക്കു മത്തായിയോടു തന്നെ പറയാം. നീ പറയുന്നതു തെളിയിച്ചു തന്നാലും. ഞാൻ ക്രിസ്തുവിന്റെ കുടുംബവഴി തേടുകയാണ്. അവൻ പറയുന്നു: "അബ്രഹാം ഇസഹാക്കിനെ ജനിപ്പിച്ചു; ഇസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു; യാക്കോബ് യൂദായെയും അവന്റെ സഹോദരന്മാരെയും ജനിപ്പിച്ചു. യൂദാ, താമാറിൽ നിന്ന് പേരെസിനെയും സേറായെയും ജനിപ്പിച്ചു. പേരെസ് ഹെസ്റോനെ ജനിപ്പിച്ചു. ഹെസ്റോൻ ആരാമിനെ ജനിപ്പിച്ചു. ആരാം അമീനാദാബിനെ ജനിപ്പിച്ചു. അമീനാദാബ് നഹ്ഷോനെ ജനിപ്പിച്ചു. നഹ്ഷോൻ സൽമോനെ ജനിപ്പിച്ചു. സൽമോൻ റാഹാബിൽനിന്ന് ബോവാസിനെ ജനിപ്പിച്ചു. ബോവാസ് റൂത്തിൽ നിന്ന് ഓബേദിനെ ജനിപ്പിച്ചു. ഓബേദ് ഈശായിയെ ജനിപ്പിച്ചു. ഈശായി ദാവീദ്

www.malankaralibrary.com



രാജാവിനെ ജനിപ്പിച്ചു" (മത്താ1,2-5). അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ എന്നു വിളിക്കപ്പെടുന്ന ക്രിസ്തുവിൽ, ദാവീദിൽ നിന്നുള്ള കുടുംബവഴി എങ്ങനെ വരുന്നുവെന്ന് ഇപ്പോൾ നോക്കാം. "ദാവീദ് ഊറിയായുടെ ഭാര്യ ആയിരുന്നവളിൽ നിന്ന് സോളമനെ ജനിപ്പിച്ചു. സോളമൻ റഹോബോവാമിനെ ജനിപ്പിച്ചു. റഹോബോവാം അബിയായെ ജനിപ്പിച്ചു. അബിയാ ആസായെ ജനിപ്പിച്ചു. ആസാ യോസാഫാതിനെ ജനിപ്പിച്ചു. യോസാഫാത് യോറാമിനെ ജനിപ്പിച്ചു. യോറാം ഓസിയായെ ജനിപ്പിച്ചു. ഓസിയാ യോഥാമിനെ ജനിപ്പിച്ചു. യോഥാം ആഹാസിനെ ജനിപ്പിച്ചു. ആഹാസ് ഹെസെക്കിയായെ ജനിപ്പിച്ചു. ഹെസെക്കിയാ മനാസ്സെയെ ജനിപ്പിച്ചു. മനാസ്സെ ആമോസിനെ ജനിപ്പിച്ചു. ആമോസ് ജോസിയായെ ജനിപ്പിച്ചു. ജോസിയാ ബാബിലോൺ പ്രവാസകാലത്ത് യാക്കോണിയായെയും അവന്റെ സഹോദരന്മാരെയും ജനിപ്പിച്ചു. ബാബിലോൺ പ്രവാസത്തിനുശേഷം യാക്കോണിയാ സലാത്തിയേലിനെ ജനിപ്പിച്ചു. സലാത്തിയേൽ സൊറോബാബേലിനെ ജനിപ്പിച്ചു. സൊറോബാബേൽ അബിയൂദിനെ ജനിപ്പിച്ചു. അബിയൂദ് എലിയാക്കീമിനെ ജനിപ്പിച്ചു. എലിയാക്കീം ആസോറിനെ ജനിപ്പിച്ചു. ആസോർ സാദോക്കിനെ ജനിപ്പിച്ചു. സാദോക്ക് ആക്കീമിനെ ജനിപ്പിച്ചു. ആക്കീം എലിയൂദിനെ ജനിപ്പിച്ചു. എലിയൂദ് എലെയാസറിനെ ജനിപ്പിച്ചു. എലെയാസർ മാഥാനെ ജനിപ്പിച്ചു. മാഥാൻ യാക്കോബിനെ ജനിപ്പിച്ചു. യാക്കോബ് മറിയത്തിന്റെ ഭർത്താവായ യൗസേപ്പിനെ ജനിപ്പിച്ചു. അവളിൽനിന്നു ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു" (മത്താ 1,6-16). ഇപ്രകാരം പൂർവപിതാക്കന്മാരുടെയും മാതാപിതാക്കളുടെയും പിൻതുടർച്ചയിലൂടെ ക്രിസ്തു ദാവീദിന്റെ പുത്രനും അബ്രഹാമിന്റെ പുത്രനുമായി കാണപ്പെടുന്നു.

## അബ്രഹാമിൽനിന്ന് ക്രിസ്തുവിലേക്കുള്ള വംശാവലി

**8.** വളരെ ശ്രദ്ധാപൂർവം തയാറാക്കിയ ഈ റിക്കാർഡിനെതിരെ അവരുടെ ആദ്യ ഖണ്ഡനമായി മത്തായി തന്നെ തുടർന്നു നൽകുന്നത് അവർ ഉന്നയിക്കുന്നു: "അബ്രഹാം മുതൽ ദാവീദുവരെ പതിന്നാലും, ദാവീദുമുതൽ ബാബിലോൺപ്രവാസംവരെ പതിന്നാലും, ബാബിലോൺ പ്രവാസം മുതൽ ക്രിസ്തുവരെ പതിന്നാലും തലമുറകളാണുള്ളത്" (മത്താ 1,17). പിന്നീട്, ക്രിസ്തു എങ്ങനെ കന്യകയിൽനിന്ന് ജനിച്ചു എന്നു വിവരിക്കാൻ അവൻ

www.malankaralibrary.com



തുടർന്നു പറയുന്നു: "യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരം ആയിരുന്നു..." (മത്താ 1,18). അവന്റെ വംശാവലി അവതരിപ്പിച്ചു കൊണ്ട്, എന്തുകൊണ്ടാണ് ക്രിസ്തു ദാവീദിന്റെ പുത്രനും അബ്രഹാമിന്റെ പുത്രനും എന്ന് വിളിക്കപ്പെടുന്നത് എന്ന് അവൻ വിശദീകരിക്കുന്നു. അതുകഴിഞ്ഞ്, അവൻ എപ്രകാരം ജനിച്ച് മനുഷ്യരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടു എന്നത് വിവിരിക്കുക ആയിരുന്നു അവന്റെ ഉദ്യമം. അതുകൊണ്ട് അതേപ്പറ്റിയുള്ള വിവരണമാണ് തുടർന്നുള്ളത്. അതിന്റെ വെളിച്ചത്തിൽ നാം ഇപ്രകാരം വിശ്വസിക്കുന്നു: എല്ലാം ആരിലൂടെ സൃഷ്ടിക്കപ്പെട്ടുവോ, ആ നമ്മുടെ കർത്താവായ യേശുക്രിസ്തു നിത്യനായ ദൈവത്തിൽനിന്നു ജനിച്ചവനും, സമയങ്ങൾക്കും സമസ്തസൃഷ്ടികൾക്കുംമുമ്പ് തന്റെ ജനകനോട് സമനിത്യനും ആണെന്നു മാത്രമല്ല, കാലത്തിൽ പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽ നിന്നു ജനിച്ചവനുമാണ്. ഇതും മറ്റതും നാം ഏറ്റുപറയുന്നു. എന്റെ സഹകത്തോലിക്കരായ നിങ്ങളോടാണ് ഞാൻ സംസാരിക്കുന്നത്. ഇതാണ് നമ്മുടെ വിശ്വാസം, ഇതാണ് നാം ഏറ്റുപറയുന്നതും സാക്ഷിക്കുന്നതും എന്നും നിങ്ങൾക്കറിയാമല്ലോ; നിങ്ങൾ ഓർക്കുകയും ചെയ്യുന്നുണ്ടല്ലോ. ഈ വിശ്വാസത്തെ പ്രതി ലോകം മുഴുവൻ ആയിരക്കണക്കിന് രക്തസാക്ഷികൾ കൊല്ലപ്പെട്ടു.

### പരിശുദ്ധാത്മാവിനാൽ ക്രിസ്തു ഉരുവാകുന്നത്. യൗസേപ്പിന്റെ നീതി ക്രൂരമായിരുന്നില്ല, ആത്മാർത്ഥത ഉള്ളതായിരുന്നു.

**9.** സുവിശേഷഗ്രന്ഥങ്ങളെ താറടിക്കാൻ ആഗ്രഹിക്കുന്നവർ, തുടർന്നുവരുന്ന ഭാഗത്തെ സംബന്ധിച്ചും കളിയാക്കി സംസാരിച്ചേക്കാം. അവിടെ പറഞ്ഞിരിക്കുന്നവ വിശ്വസിക്കാൻ തക്കവിധം നാം ബുദ്ധിയില്ലാത്തവരാണ് എന്നതിന് ഇതു തെളിവായി അവർ കരുതുന്നു: "അവന്റെ അമ്മയായ മറിയവും യൗസേപ്പും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനു മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ യൗസേപ്പ് നീതിമാനാകയാലും അവളെ പരസ്യമായി വെളിപ്പെടുത്താൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു" (മത്താ 1,18 f).

www.malankaralibrary.com



താൻ മൂലമല്ല അവൾ ഗർഭിണി ആയിരിക്കുന്നത് എന്ന് അറിഞ്ഞിരുന്നതിനാൽ, അവൾ വ്യഭിചാരിണിയാണ് എന്ന സ്വാഭാവികാനുമാനത്തിൽ അവൻ എത്തിച്ചേർന്നു. തിരുലിഖിതം സാക്ഷിക്കുന്നതുപോലെ, "അവൻ നീതിമാൻ ആയിരുന്നതിനാലും അവളെ പരസ്യമായി വെളിപ്പെടുത്താൻ, അതായത്, അത് പൊതുവായ അറിവിലേക്ക് കൊണ്ടുവരാൻ, ഇഷ്ടപ്പെടായ്കയാലും - പല കയ്യെഴുത്തുപ്രതികളിലും അപ്രകാരമാണ് - അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഒരു ഭർത്താവ് എന്ന നിലയിൽ അവൻ സംഘർഷത്തിലായി; എന്നാൽ നീതിമാനായതിനാൽ കഠിനഹൃദയനായില്ല. അവളിൽ ഒരു വ്യഭിചാരിണിയെ ഇഷ്ടപ്പെട്ടില്ല; അവളെ പ്രദർശിപ്പിച്ച് ശിക്ഷിക്കാനും കൂട്ടാക്കിയില്ല. അത്ര വലുതായിരുന്നു അവന്റെ നീതി. "അവളെ രഹസ്യമായി ഉപേക്ഷിക്കാൻ അവൻ തീരുമാനിച്ചു". കാരണം, അവളെ ശിക്ഷിക്കാനോ അവളെ വഞ്ചിക്കാനോ അവൻ ഇഷ്ടപ്പെട്ടില്ല. അവന്റെ നീതിയുടെ ആത്മാർത്ഥത കാണുക! അവളെ കൂടെ താമസിപ്പിക്കാനുള്ള ആഗ്രഹത്താലല്ല അവൻ അവളെ വെറുതെ വിട്ടത്. ജഡമോഹത്താൽ പലരും വ്യഭിചാരത്തിൽ ഉൾപ്പെട്ട തങ്ങളുടെ സഖികളെ കണ്ണടച്ചുവിടുന്നു. വ്യഭിചാരിണികളാണെങ്കിലും തങ്ങളുടെ കാമപൂർത്തീകരണാർത്ഥം, അവർ അവരെ കൂടെ താമസിപ്പിക്കാൻ തീരുമാനിക്കുന്നു. എന്നാൽ തനിക്ക് ജഡികാഭിലാഷമില്ല എന്നു കാണിച്ചുകൊണ്ട്, ഈ നീതിമാൻ അവളെ കൂടെ താമസിപ്പിക്കാൻ കൂട്ടാക്കിയില്ല. അതേസമയം അവളെ ശിക്ഷിക്കാനും അവന് ആഗ്രഹമില്ലായിരുന്നു; അതുകൊണ്ട് തന്റെ കാരുണ്യത്താൽ, അവൻ അവളെ വെറുതെ വിട്ടു. സത്യമായും അവൻ എത്രമാത്രം നീതിമാനായിരുന്നു! അവൻ ഒരു വ്യഭിചാരിണിയെ കൂടെ താമസിപ്പിക്കുന്നില്ല, കാമവികാരത്താലാണ് അവളെ ശിക്ഷിക്കാതെ കൂടെ താമസിപ്പിക്കുന്നത് എന്ന പ്രതീതി ജനിപ്പിച്ചുമില്ല എങ്കിലും അവളെ ശിക്ഷിക്കുകയോ വഞ്ചിക്കുകയോ ചെയ്തില്ല. തന്റെ ഭാര്യയുടെ കന്യാത്വത്തിന് സാക്ഷിയായി, ഏറ്റവും അർഹമായ രീതിയിലത്രേ അവൻ തെരഞ്ഞെടുക്കപ്പെട്ടത്. അതുകൊണ്ട് മാനുഷികബലഹീനതയാൽ ഉണ്ടായ അവന്റെ ഉത്ക്കണ്ഠയിൽ, ദൈവികാധികാരത്തിന്റെ ഇടപെടലിലൂടെ അവന് ശക്തി ലഭിച്ചു.

### യേശു എന്ന നാമത്തിന്റെ വ്യാഖ്യാനം

**10.** സുവിശേഷകൻ തുടർന്നു പറയുന്നു: "അവൻ ഇതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കെ, ഇതാ കർത്താവിന്റെ ദൂതൻ ഉറക്ക

www.malankaralibrary.com



ത്തിൽ കാണപ്പെട്ട് അവനോടു പറഞ്ഞു, ...യൗസേപ്പേ, മറിയത്തെ നിന്റെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. കാരണം, അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം". എന്തിനാണ് യേശു? "കാരണം, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും" (മത്താ 1,20f). *യേശു* എന്ന് എബ്രായ ഭാഷയിൽ പറഞ്ഞാൽ, *രക്ഷകൻ* എന്നാണ് നമ്മുടെ ഭാഷയിൽ അർത്ഥം. പേരിന്റെ വിശദീകരണത്തിൽനിന്ന് നാമിത് ഗ്രഹിക്കുന്നു. "എന്തിനാണ് യേശു" എന്നു ചോദിച്ചാലെന്നപോലെ, വാക്കിന്റെ അർത്ഥം ഉടനെ വിശദീകരിച്ചുകൊണ്ട് അവൻ പറയുന്നു: "എന്തുകൊണ്ടെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും".

ഇതു നാം ബോധപൂർവം വിശ്വസിക്കുന്നു. ഇത് നമ്മുടെ സർവശക്തിയോടും കൂടെ നാം മുറുകെപ്പിടിക്കുന്നു: "ക്രിസ്തു പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽനിന്നു ജനിച്ചു".

## പാഷണ്ഡികളിൽ നിന്നു വരുന്ന നന്മ; യൂദാസിലൂടെ കൈവന്ന നന്മ.

**11.** അപ്പോൾ പിന്നെ ഈ മനുഷ്യർ പറയുന്നത് എന്താണ്? "തെറ്റായ ഒരു വാചകം ഞാൻ കണ്ടെത്തിയാൽ, നീ നിശ്ചയമായും വിവരണം മുഴുവൻ വിശ്വസിക്കാൻ കൂട്ടാക്കുകയില്ല" എന്ന് ഒരാൾ പറയുന്നു. അത്തരം ഒന്നു കാട്ടിത്തരൂ. നമുക്കു നോക്കാം. "ഞാൻ തലമുറകൾ എണ്ണിനോക്കട്ടെ". ഇപ്രകാരം, തങ്ങളുടെ തെറ്റായ ചിത്രീകരണത്തിലൂടെ ഈ മനുഷ്യർ നമ്മെ വെല്ലുവിളിച്ച് ഇതിലെത്തിക്കുന്നു. നാം സുകൃതജീവിതം നയിച്ചാൽ, നാം ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം നിലനിർത്തിയാൽ, സമയത്തിനുമുമ്പ് വലയ്ക്കുപുറത്തേക്കു പറന്നുപോകാൻ താല്പര്യപ്പെടാതിരുന്നാൽ, അവർ നമ്മെ ഇതിൽ, ദിവ്യരഹസ്യങ്ങളുടെ അറിവിൽ, എത്തിക്കും. അതുകൊണ്ട് എന്റെ പ്രിയ ക്രിസ്ത്യാനികളേ, പാഷണ്ഡികളെ കൊണ്ടുള്ള പ്രയോജനം ശ്രദ്ധിക്കുക - തീർച്ചയായും ചീത്തമനുഷ്യരെപോലും നല്ലകാര്യത്തിന് ദൈവം ഉപയോഗിക്കുന്നു എന്ന അർത്ഥത്തിലാണ് - എന്നാൽ അവരിലൂടെ കൈവന്ന നന്മയ്ക്ക് അനുസൃതമായിട്ടല്ല, അവരുടെ ഉദ്ദേശ്യശുദ്ധിക്ക് അനുസൃതമായിട്ടായിരിക്കും അവർക്കു പ്രതിഫലം ലഭിക്കുക. യൂദാസിന്റെ കാര്യം

www.malankaralibrary.com



എടുക്കുക: അവനിലൂടെ ദൈവം എന്തുമാത്രം നന്മ ഉളവാക്കി. കർത്താവിന്റെ പീഡാനുഭവത്താൽ ജനങ്ങളെല്ലാം രക്ഷിക്കപ്പെട്ടു. എന്നാൽ കർത്താവിന്റെ പീഡാനുഭവം യാഥാർത്ഥ്യമാക്കാൻ യൂദാസ് അവനെ ഒറ്റിക്കൊടുത്തു. തന്റെ പുത്രന്റെ പീഡാനുഭവത്താൽ ദൈവം ജനതകളെ സ്വതന്ത്രരാക്കി; യൂദാസിനെ ആകട്ടെ അവന്റെ കുറ്റത്തിന് ശിക്ഷിച്ചു.

അവിടെ നിഗൂഢമായിരിക്കുന്ന ദിവ്യരഹസ്യങ്ങളെ സംബന്ധിച്ച്, സാധാരണ വിശ്വാസം കൊണ്ടു തൃപ്തിപ്പെടുന്നവരാരും അവയിലേക്ക് ആഴ്ന്നിറങ്ങാറില്ല. അങ്ങനെ ആരും ചൂഴ്ന്നിറങ്ങാത്തതിനാൽ, ഈ കുട്ടിവക്കീലന്മാരുടെ ബഹളം ഇല്ലായിരുന്നെങ്കിൽ ആരും അതു കണ്ടെത്തുകയില്ലായിരുന്നു. പാഷണ്ഡികൾ ദുരാരോപണങ്ങൾ നടത്തുമ്പോൾ, ചെറിയവർക്ക് മനപ്പതർച്ചയുണ്ടാകുന്നു. അപ്പോൾ അവർ അന്വേഷിക്കാൻ നിർബന്ധിതരാകുന്നു; ഈ ശിശുക്കൾക്കാവശ്യമായ പാൽ ലഭിക്കുന്നതിനായി അവർ തങ്ങളുടെ അമ്മയുടെ മുലകളിൽ തലകൊണ്ട് ആഞ്ഞിടിക്കുന്നു. അതാണ് അവരുടെ അന്വേഷണം. മനപ്പതർച്ച ഉണ്ടാകുന്നതിനാൽ അവർ അന്വേഷണം നടത്തുന്നു. അപ്പോൾ ഈ കാര്യം പഠിക്കുകയും അറിയുകയും ഗ്രഹിക്കുകയും ചെയ്തവർ, ദൈവം അവരുടെ മുട്ടലിന് തുറന്നുകൊടുത്തതിനാൽ, മനപ്പതർച്ച ഉണ്ടായവർക്കും ഇവ തുറന്നു കൊടുക്കുന്നു. ഇപ്രകാരം പാഷണ്ഡികൾ തെറ്റിലേക്ക് ആളുകളെ വശീകരിക്കാനായി തങ്ങളുടെ കുതർക്കങ്ങൾ നിരത്തുന്നു. എങ്കിലും, സത്യം കണ്ടെത്താൻ തങ്ങൾ ഉപകരിക്കുമെന്ന് യഥാർത്ഥത്തിൽ അവർ തെളിയിക്കുകയാണ് ചെയ്യുക. നുണ പറയുന്ന എതിരാളികൾ ഇല്ലെങ്കിൽ സത്യാന്വേഷണ ത്വരയ്ക്ക് ഗതിവേഗം കുറയുമായിരുന്നു. കാരണം, "പാഷണ്ഡതകൾ ഉണ്ടാകേണ്ടത് ആവശ്യമാണ്" എന്ന് തിരുലിഖിതം പറയുന്നു. എന്തിനാണ് എന്ന് നാം ചോദിച്ചേക്കാം എന്നു കരുതി, "നിങ്ങളിൽ അംഗീകരിക്കപ്പെട്ടവർ അറിയപ്പെടാൻവേണ്ടി" എന്ന് ഉടൻതന്നെ കൂട്ടിച്ചേർക്കുന്നു (1 കൊറി 11,19).

## യാക്കോണിയായെ രണ്ടുപ്രാവശ്യം എണ്ണിയാൽ മത്തായിയിൽ മൂന്നുപ്രാവശ്യം പതിന്നാലു തലമുറകൾ കാണാം.

**12.** അപ്പോൾ പിന്നെ എന്താണ് ഈ മനുഷ്യർ പറയുന്നത്?

മത്തായി തലമുറകളെ എണ്ണി, "അബ്രഹാം മുതൽ ദാവീദുവരെ പതിന്നാലും, ദാവീദുമുതൽ ബാബിലോൺ വിപ്രവാസംവരെ

www.malankaralibrary.com



പതിന്നാലും ബാബിലോൺ വിപ്രവാസം മുതൽ ക്രിസ്തുവരെ പതിന്നാലും" എന്നു പറയുന്നു. പതിന്നാലിനെ മൂന്നുകൊണ്ട് ഗുണിക്കൂ. നാല്പത്തിരണ്ടു കിട്ടുന്നു. എന്നാൽ അവർ തലമുറകളെ എണ്ണുമ്പോൾ നാല്പത്തിയൊന്നേ കിട്ടുന്നുള്ളു. അവിടെ അവർ തങ്ങളുടെ കുതർക്കങ്ങൾ ഉന്നയിക്കുകയും നമ്മെ കളിയാക്കി താറടിക്കുകയും ചെയ്യുന്നു.

മൂന്നു പ്രാവശ്യം പതിന്നാലു തലമുറകൾ എന്നു സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്ത്? എല്ലാം ഒന്നിച്ചെണ്ണുമ്പോൾ നാല്പത്തിരണ്ടില്ല, നാല്പത്തൊന്നേയുള്ളൂ എന്നത് എന്തുകൊണ്ട്? സംശയലേശമെന്യേ ഇവിടെ വലിയൊരു രഹസ്യം നിഗൂഢമായിരിക്കുന്നു. ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് നാം സന്തോഷിക്കുന്നു. കാരണം, ദുഷിച്ച വിമർശകരായി കാണപ്പെടുന്ന ആളുകളിലൂടെപോലും നാം ചില കാര്യങ്ങൾ കണ്ടെത്തുന്നു. അതു മറഞ്ഞിരിക്കുന്നതിനാൽ പഠിക്കേണ്ടിവന്നു. അതു കണ്ടെത്തിയപ്പോൾ, നമുക്കു വളരെയേറെ സംതൃപ്തി ലഭിച്ചു. ആമുഖമായി നാം പറഞ്ഞതുപോലെ, നാം നിങ്ങളുടെ മനസ്സിന് ഒരു പ്രദർശനവസ്തു അവതരിപ്പിക്കുകയാണ്.

അബ്രഹാം മുതൽ ദാവീദുവരെ പതിന്നാലു തലമുറകളാണ്. പിന്നെ സോളമൻ മുതലാണ് എണ്ണം തുടങ്ങുക. കാരണം, ദാവീദ് സോളമനെ ജനിപ്പിച്ചു. സോളമനിൽ തുടങ്ങി യാക്കോണിയാ വരെ എണ്ണം തുടരുന്നു. അയാളുടെ കാലത്ത് ബാബിലോൺ വിപ്രവാസം ഉണ്ടായി. രണ്ടാമത്തെ ഗ്രൂപ്പിന്റെ തലപ്പത്ത് സോളമനെ ഉൾപ്പെടുത്തിക്കൊണ്ട് മറ്റൊരു പതിന്നാലു തലമുറകൾ കാണാം. പതിന്നാലു തികച്ച് എണ്ണം പൂർത്തിയാക്കാൻ യാക്കോണിയായെയും ഉൾപ്പെടുത്തുന്നു. എന്നാൽ മൂന്നാമത്തെ ഗ്രൂപ്പ് തുടങ്ങുന്നത് അതേ യാക്കോണിയായുടെ പേരു കൊണ്ടാണ്.

## യാക്കോണിയായെ എന്തുകൊണ്ടാണ് രണ്ടു പ്രാവശ്യം എണ്ണിയത്

**13.** എന്റെ പ്രിയപ്പെട്ട ക്രിസ്ത്യാനികളേ, ഈ സംഗതിയിൽ ഉൾക്കൊണ്ടിരിക്കുന്ന സൗഭാഗ്യകരമായ ദിവ്യരഹസ്യത്തിലേക്കു നിങ്ങളുടെ ചിന്തകൾ തിരിക്കുവിൻ. എന്റെ സ്വന്തഹൃദയം അനുഭവിച്ചത് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നു. ഞാൻ നിങ്ങൾക്ക് ഇതു വെളിപ്പെടുത്തിത്തരികയും നിങ്ങൾക്ക് അതേ അനുഭവം ഉണ്ടാ

www.malankaralibrary.com



കുകയും ചെയ്യുമ്പോൾ നിങ്ങൾ അതേപ്പറ്റിയുള്ള അതേ റിപ്പോർട്ടു നൽകും എന്നു ഞാൻ കരുതുന്നു.

അതുകൊണ്ട്, നിങ്ങൾ ഇതിലേക്കു ശ്രദ്ധിക്കുക. മൂന്നാം വിഭാഗം യാക്കോണിയായെകൊണ്ട് തുടങ്ങി കർത്താവായ യേശുക്രിസ്തുവിൽ എത്തുമ്പോൾ പതിന്നാല് തലമുറകൾ കാണാം. നേരത്തെയുള്ള വിഭാഗത്തിന്റെ അവസാന ആളായും അതിനുശേഷമുള്ളതിന്റെ ആദ്യ ആളായും ഈ യാക്കോണിയായെ രണ്ടു പ്രാവശ്യം എണ്ണിയിരിക്കുന്നു.

എന്നാൽ എന്തുകൊണ്ടാണ് യാക്കോണിയായെ രണ്ടുപ്രാവശ്യം എണ്ണിയിരിക്കുന്നത് എന്നു ചോദിച്ചേക്കാം.

വരാനിരുന്ന സംഗതികളുടെ മിസ്റ്റിക് പ്രതീകം കൂടാതെ മുൻകാലങ്ങളിൽ ഇസ്രായേൽ ജനത്തിന്റെ ഇടയിൽ യാതൊന്നും തന്നെ സംഭവിച്ചിരുന്നില്ല. യക്കോണിയായെ രണ്ടുപ്രാവശ്യം ഉൾപ്പെടുത്തിയത് തക്കകാരണം കൂടാതെയല്ല. കാരണം, രണ്ടു പറമ്പുകൾക്കിടയിൽ അതിർത്തിക്കല്ലോ, വേർപെടുത്തുന്ന മതിലോ ഉണ്ടെങ്കിൽ, ഒരു വശത്തുള്ളയാൾ ആ മതിൽവരെ പൂർണമായി തന്റേതാക്കുന്നു; മറുവശത്തുള്ളയാളും അതിൽ നിന്നുതന്നെ തുടങ്ങുന്നു.

ആദ്യത്തെ വിഭാഗത്തിന്റെ അവസാനം എന്തുകൊണ്ടാണ് ഇപ്രകാരം ചെയ്യാത്തത്? അവിടെ അബ്രഹാംമുതൽ ദാവീദുവരെ പതിന്നാല് തലമുറകൾ എണ്ണുന്നു. അടുത്ത പതിന്നാല് ദാവീദിൽ നിന്നു തുടങ്ങാതെ സോളമനിൽ തുടങ്ങുന്നത് വിശദീകരണം ആവശ്യപ്പെടുന്നു. ഇതിൽ ഒരു വലിയ രഹസ്യം ഉൾക്കൊള്ളുന്നു. എന്റെ പ്രിയ ക്രിസ്ത്യാനികളേ, ഇതു പരിഗണിക്കുവിൻ. മരിച്ചുപോയ തന്റെ പിതാവിന്റെ സ്ഥാനത്ത് യാക്കോണിയാ രാജാവായി വാഴിക്കപ്പെട്ടപ്പോഴാണ് ബാബിലോണിലേക്കുള്ള കുടിയേറ്റം നടന്നത്. രാജത്വം അവനിൽ നിന്ന് എടുത്തുമാറ്റപ്പെടുകയും മറ്റൊരാൾ അവന്റെ സ്ഥാനത്ത് നിയമിക്കപ്പെടുകയും ചെയ്തു. എന്നാൽ യാക്കോണിയായുടെ ജീവിതകാലത്താണ് വിജാതീയരുടെ പക്കലേക്കുള്ള കുടിയേറ്റം നടന്നത്. എന്നാൽ യാക്കോണിയായുടെ തെറ്റുകൊണ്ടാണ് രാജ്യം നഷ്ടപ്പെട്ടത് എന്ന സൂചനയില്ല. മറിച്ച്, അവന്റെ പിൻഗാമികളുടെ പാപത്തെപ്പറ്റി പരാമർശമുണ്ട്. അതുകൊണ്ട് അടിമത്തം ഉണ്ടായി, അവർ ബാബിലോണിലേക്കു പോയി. ദുഷ്ടർ മാത്രമല്ല പോയത്, അവരോടൊപ്പം വിശുദ്ധരും പോയി. പ്രവാചകനായ എസക്കിയേലും അടിമത്തത്തിൽ ഉണ്ടായിരുന്നു; ദാനിയേലും അതിൽ

www.malankaralibrary.com



ഉൾപ്പെട്ടിരുന്നു. തീജ്ജ്വാലകളാൽ പ്രസിദ്ധരായി തീർന്ന മൂന്നു യുവാക്കളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. പ്രവാചകനായ ജറമിയായുടെ പ്രവചനപൂർത്തീകരണമായി അവരെല്ലാവരും പോയി.

**ബാബിലോണിലേക്കുള്ള കുടിയേറ്റം വിജാതീയരിലേക്ക് സുവിശേഷം ചെന്നുചേർന്നതിന്റെ മുൻസൂചനയാണ്.**

**14.** തന്റെ തെറ്റുകൊണ്ടല്ലാതെ തള്ളപ്പെട്ട യാക്കോണിയാ, രാജാവല്ലാതായി തീരുകയും ബാബിലോണിയൻ കുടിയേറ്റാവസരം വിജാതീയരുടെ പക്കലേക്കു കടക്കുകയും ചെയ്തു എന്ന് ഓർക്കുക. കർത്താവായ യേശുക്രിസ്തുവിൽ സംഭവിക്കാനിരുന്നവയുടെ മുൻകുറി ശ്രദ്ധിക്കുക. ഉദാഹരണമായി, നമ്മുടെ കർത്താവായ യേശുക്രിസ്തു തങ്ങളുടെ രാജാവായിരിക്കുന്നത് യഹൂദർക്ക് ഇഷ്ടമില്ലായിരുന്നു; എന്നാൽ അവനിൽ ഒരു തെറ്റും കണ്ടുപിടിക്കാൻ അവർക്കു കഴിഞ്ഞില്ല. അവനെയും അവന്റെ ദാസന്മാരെയും അവർ തള്ളിപ്പറഞ്ഞു. അതുകൊണ്ട് അവർ ബാബിലോണിലേക്ക്, വിജാതീയരുടെ പക്കലേക്ക് കടന്നു. ബാബിലോണിലേക്കു പോകാൻ കർത്താവ് കല്പിച്ചു എന്ന കാര്യവും ജറമിയ പ്രവചിച്ചിരുന്നതാണ്. 'ബാബിലോണിലേക്കു പോകേണ്ട' എന്ന് ജനത്തോടു പറഞ്ഞ മറ്റു പ്രവാചകന്മാരെ കള്ളപ്രവാചകന്മാരായി ജറമിയാ മുദ്രകുത്തി. തിരുലിഖിതങ്ങൾ വായിക്കുന്നവർ നമ്മോടൊപ്പം ഇത് ഓർത്തിരിക്കട്ടെ. വായിക്കാത്തവർ നാം പറയുന്നതു വിശ്വസിക്കട്ടെ.

ബാബിലോണിലേക്കു പോകാത്തവരെ കർത്തൃനാമത്തിൽ ജറമിയാ ഭീഷണിപ്പെടുത്തി. എന്നാൽ പോകാൻ തയാറായവർക്ക് മുന്തിരിത്തോട്ടങ്ങൾ നട്ടുപിടിപ്പിക്കുന്നതിലും ഉദ്യാനങ്ങൾ ഉണ്ടാക്കുന്നതിലും ഫലസമൃദ്ധിയിലും സന്തോഷവും സമാധാനവും നിറഞ്ഞ ജീവിതം അവൻ വാഗ്ദാനം ചെയ്തു.

ഇപ്പോൾ, ഉപമാമയമല്ലാതെ, യഥാർത്ഥത്തിൽ ഇസ്രായേൽക്കാർ ബാബിലോണിലേക്കു കടന്നത് എങ്ങനെയാണ്? ശ്ലീഹന്മാർ എവിടെനിന്നു വന്നു? അവർ യഹൂദരുടെ വംശത്തിൽനിന്ന് ആയിരുന്നില്ലേ? പൗലോസ് തന്നെയും എവിടെ നിന്നു വന്നു? "ഞാൻ തന്നെയും അബ്രഹാമിന്റെ സന്തതിയും ബന്യാമിൻ ഗോത്രജനുമായ ഒരു ഇസ്രായേൽക്കാരൻ ആണ്" എന്ന് അവൻ പറയുന്നു (റോമാ 11,1). അക്കാലത്ത് അനേകം യഹൂദർ കർത്താവിൽ വിശ്വസിച്ചു. അവരിൽ നിന്നാണ് ശ്ലീഹന്മാർ തെരഞ്ഞെടുക്കപ്പെട്ടത്;

www.malankaralibrary.com



ഉത്ഥാനാനന്തരം കർത്താവിനെ കാണാൻ ഭാഗ്യം ലഭിച്ച സഹോദരന്മാരുടെ സംഖ്യ അഞ്ഞൂറിൽ അധികമായിരുന്നു (1 കൊറി 15,6). പരിശുദ്ധാത്മാവ് ആവസിച്ചപ്പോൾ ഭവനത്തിൽ ഉണ്ടായിരുന്ന നൂറ്റി ഇരുപതുപേർ അവരിൽ നിന്നായിരുന്നു (നട 1,15; 2,1-4). സത്യത്തിന്റെ വചനം യഹൂദർ നിരസിച്ചപ്പോൾ ശ്ലീഹന്മാരുടെ നടപടിയിൽ എന്താണ് ശ്ലീഹാ പറയുന്നത്? അവൻ പറയുന്നു: "നിങ്ങളുടെ പക്കലേക്കാണ് ഞങ്ങൾ അയയ്ക്കപ്പെട്ടത്; എന്നാൽ നിങ്ങൾ ദൈവവചനം നിരസിച്ചതിനാൽ, ഇതാ ഞങ്ങൾ വിജാതീയരുടെ പക്കലേക്കു തിരിയുന്നു" (13,46). അതുകൊണ്ട് ജറമിയായുടെ കാലത്തു സൂചിതമായ ബാബിലോണിലേക്കുള്ള കുടിയേറ്റം കർത്താവിന്റെ മനുഷ്യാവതാരകാലത്തിന്റെ ആത്മീയവ്യാപാരത്തിൽ സംഭവിച്ചു.

എന്നാൽ ബാബിലോണിയാക്കാരെപ്പറ്റി ബാബിലോണിലേക്കു പോയവരോട് ജറമിയാ എന്താണ് പറയുന്നത്? "അവരുടെ സമാധാനത്തിൽ ആയിരിക്കും നിങ്ങളുടെ സമാധാനം" (29,7). അതുകൊണ്ട്, ക്രിസ്തുവിലൂടെയും ശ്ലീഹന്മാരിലുടെയും ഇസ്രായേൽ വീണ്ടും ബാബിലോണിലേക്കു കടന്നപ്പോൾ, അതായത്, സുവിശേഷം വിജാതീയരുടെ പക്കലെത്തിയപ്പോൾ ജറമിയായുടെ പണ്ടത്തെ വാക്കുകൾ ഉപയോഗിച്ചുകൊണ്ടെന്നവണ്ണം എന്താണ് ശ്ലീഹാ പറയുന്നത്? "എല്ലാവർക്കുംവേണ്ടി അപേക്ഷകളും യാചനകളും മാധ്യസ്ഥ്യപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമായി തന്നെ ആഗ്രഹിക്കുന്നു. എല്ലാ ഭക്തിയിലും വിശുദ്ധിയിലും ശാന്തവും സമാധാനപൂർണവുമായ ജീവിതം നയിക്കാൻ നമുക്ക് ഇടയാകത്തക്കവിധം രാജാക്കന്മാർക്കും ഉന്നതസ്ഥാനീയർക്കും വേണ്ടിയും ഇപ്രകാരംതന്നെ ചെയ്യേണ്ടതാണ്" (1 തിമോ 2,1-2). അക്കാലത്ത് രാജാക്കന്മാർ ക്രിസ്ത്യാനികളായിരുന്നില്ല; എന്നാൽ അവൻ അവർക്കുവേണ്ടി പ്രാർത്ഥിച്ചു. ഇസ്രായേൽ ബാബിലോണിൽ വച്ചു നടത്തിയ പ്രാർത്ഥന കേൾക്കപ്പെട്ടു; സഭയുടെ അപേക്ഷകളും അംഗീകരിക്കപ്പെട്ടു. അവർ ക്രിസ്ത്യാനികളായി. "അവരുടെ സമാധാനത്തിൽ ആയിരിക്കും നിങ്ങളുടെ സമാധാനം" എന്ന്. ഉപമാമയമായി പറയപ്പെട്ടത് പൂർത്തിയായത് നിങ്ങൾ കാണുന്നു. അവർ ക്രിസ്തുവിന്റെ സമാധാനം അംഗീകരിക്കുകയും ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തു. ഇപ്പോൾ സമാധാനത്തിന്റെ സുരക്ഷിതത്വത്തിൽ പള്ളികൾ പണിതുയർത്തപ്പെടുകയും ദൈവത്തിന്റെ തോട്ടത്തിൽ ജനതകൾ നടപ്പെടുകയും യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും

www.malankaralibrary.com



ശരണത്തിലും സ്നേഹത്തിലും ജനതകളെല്ലാം ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

## യഹൂദരുടെയും വിജാതീയരുടെയും ഇടയ്ക്കുള്ള മൂലക്കല്ലായി യാക്കോണിയാ ക്രിസ്തുവിന്റെ മുൻകുറിയായിരുന്നു

**15.** യഹൂദരുടെ നാട്ടിൽ രാജാവായി ഭരിക്കാൻ യാക്കോണിയായ്ക്ക് അനുവാദം ലഭിച്ചില്ല; അക്കാലത്ത് അവനിലൂടെ ബാബിലോണിയൻ കുടിയേറ്റം ഉണ്ടായി. ഇത് ക്രിസ്തുവിന്റെ മുൻകുറിയാണ്. അവനെ യഹൂദർ തങ്ങളുടെ രാജാവായി അംഗീകരിച്ചില്ല. ഇസ്രായേൽ വിജാതീയരിലേക്കു കടന്നു; അതായത്, സുവിശേഷപ്രഘോഷകർ വിജാതീയരുടെ പക്കലേക്കു കടന്നു. അപ്പോൾ യാക്കോണിയായെ രണ്ടുപ്രാവശ്യം എണ്ണിയതിൽ എന്താണത്ഭുതം? യഹൂദരിൽനിന്ന് വിജാതീയരിലേക്കു കടന്ന ക്രിസ്തുവിന്റെ പ്രതീകമായിരുന്നു അവൻ എങ്കിൽ, യഹൂദരുടെയും വിജാതീയരുടെയും ഇടയിൽ ക്രിസ്തു എന്താണെന്ന് ചിന്തിക്കുക. അവൻ തന്നെയല്ലേ ആ വിഖ്യാതമായ മൂലക്കല്ല്? മൂലക്കല്ലിൽ ഒരു ഭിത്തിയുടെ അവസാനവും അടുത്ത ഭിത്തിയുടെ ആരംഭവുമാണ് എന്നത് ശ്രദ്ധിക്കുക. ഒരേ കല്ലിലേക്ക് ഒരു ഭിത്തി അളക്കുന്നു. അതേ കല്ലിൽനിന്ന് മറ്റതും അളക്കുന്നു. അതുകൊണ്ട് രണ്ടിനെയും ബന്ധിക്കുന്ന മൂലക്കല്ല് രണ്ടുപ്രാവശ്യം എണ്ണുന്നു. കർത്താവിനെ പ്രതിനിധീകരിക്കുന്ന യാക്കോണിയാ അക്കാരണത്താൽ മൂലക്കല്ല് എന്ന നിലയിൽ അവന്റെ മുൻകുറിയാണ്.

യഹൂദരുടെ മേൽ ഭരണം നടത്താൻ യാക്കോണിയായ്ക്ക് അനുവാദം ലഭിച്ചില്ല; അതിനുപകരം അവർ ബാബിലോണിലേക്കു കടന്നു. അതുപോലെ, സുവിശേഷം വിജാതീയരുടെ പക്കൽ എത്താനായി പണിക്കാർ ഉപേക്ഷിച്ച കല്ലായ ക്രിസ്തുവും മൂലക്കല്ലായി ത്തീർന്നു. അതുകൊണ്ട് മൂലക്കല്ലിനെ രണ്ടുപ്രാവശ്യം എണ്ണാൻ മടിക്കേണ്ട. എഴുതപ്പെട്ടിരിക്കുന്ന സംഖ്യതന്നെ അതു നിങ്ങൾക്കു നിർദേശിച്ചുതരികയും ചെയ്യുന്നു. അപ്പോൾ പതിന്നാലും പതിന്നാലും പതിന്നാലും ഉണ്ട്. എങ്കിലും നാല്പത്തിരണ്ട് തലമുറകളില്ല, നാല്പത്തിയൊന്നേയുള്ളു. നേരെയുള്ള കല്ലുകളെപ്പോലെ ആയതിനാൽ അത്രേ ഇത്. ഒരേ ലൈനിലാകുമ്പോൾ കല്ലുകൾ ഒറ്റപ്രാവശ്യമേ എണ്ണാറുള്ളൂ; എന്നാൽ വ്യതിചലനം വന്ന് ഒരു വളവ് ഉണ്ടാ

www.malankaralibrary.com



കുമ്പോൾ, വ്യതിചലനം വന്ന സ്ഥലത്തെ കല്ല് രണ്ടുപ്രാവശ്യം എണ്ണണം; കാരണം, ഒന്ന് അവസാനിക്കുന്നതിന്റെയും മറ്റൊന്ന് ആരംഭിക്കുന്നതിന്റെയും പൊതുവാണ് ആ മൂലക്കല്ല്. വംശാവലി സംബന്ധിച്ചും ഇപ്രകാരംതന്നെ. യഹൂദജനത്തിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞപ്പോൾ പതിന്നാലിന്റെ കണക്കുകൂട്ടലിൽ വ്യതിചലനം ഉണ്ടായില്ല; എന്നാൽ വ്യതിചലനം ഉണ്ടായി ബാബിലോൺ കുടിയേറ്റം സംഭവിച്ചപ്പോൾ യാക്കോണിയായിൽ ഒരു വളവുപോലെ സംഭവിച്ചു. ഇപ്രകാരം മഹോന്നതമൂലക്കല്ലിന്റെ പ്രതീകമായി യാക്കോണിയായെ രണ്ടുപ്രാവശ്യം എണ്ണുക ആവശ്യമായിരുന്നു.

## യൗസേപ്പിലൂടെ ക്രിസ്തുവിന്റെ വംശാവലി കണക്കാക്കിയത് എന്തുകൊണ്ട്? യൗസേപ്പ് മറിയത്തിന്റെ യഥാർത്ഥഭർത്താവാണ്.

**16.** അവർ വിദ്വേഷംനിറഞ്ഞ മറ്റൊരാരോപണം നടത്തുന്നു. "മറിയത്തിലൂടെയല്ല, യൗസേപ്പിലൂടെയാണ് ക്രിസ്തുവിന്റെ വംശാവലി കണക്കാക്കുന്നത്" എന്ന് അവർ പറയുന്നു.

എന്റെ പ്രിയ ക്രിസ്ത്യാനികളേ, എന്നെ അല്പമൊന്നു ശ്രദ്ധിക്കുക. "ഇതു യൗസേപ്പിലൂടെ അല്ല വരേണ്ടിയിരുന്നത്" എന്ന് അവർ പറയുന്നു. എന്തുകൊണ്ടാണ് യൗസേപ്പിലൂടെ പറ്റാത്തത്? യൗസേപ്പ് മറിയത്തിന്റെ ഭർത്താവായിരുന്നില്ലേ? "അല്ല" എന്ന് അവർ പറയുന്നു. ആരാണ് അങ്ങനെ പറയുന്നത്? അവൻ അവളുടെ ഭർത്താവായിരുന്നു എന്ന് മാലാഖയുടെ അധികാരത്താൽ തിരുലിഖിതം സാക്ഷിക്കുന്നു. "നിന്റെ ഭാര്യയായ മറിയത്തെ സ്വീകരിക്കാൻ നീ ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ അവളിൽ ഉരുവായിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആകുന്നു" എന്ന് അതു പറയുന്നു (മത്താ 1, 20). ശിശു അവന്റെ ബീജത്തിൽനിന്ന് ഉരുവായതല്ലെങ്കിലും അവന് ഒരു പേരു നൽകാൻ ദൂതൻ യൗസേപ്പിനോട് കല്പിക്കുന്നു. "അവൾ ഒരു പുത്രനെ പ്രസവിക്കും; നീ അവന് യേശു എന്ന് പേരിടണം" എന്ന് അതു പറയുന്നു. എന്നാൽ അവൻ യൗസേപ്പിന്റെ ബീജത്തിൽനിന്ന് ജനിച്ചവനല്ല എന്ന് തിരുലിഖിതം തറപ്പിച്ചു പറയുന്നു. അവൾക്ക് എങ്ങനെ ശിശു ഉരുവായി എന്നതിനെപ്പറ്റി അവൻ ആകുലചിത്തനായപ്പോൾ "പരിശുദ്ധാത്മാവിനാലാണ്" എന്ന് അവനോടു പറയപ്പെട്ടു. എങ്കിലും ശിശുവിന് ഒരു പേരുനൽകാൻ അവനോട് നിർദേശിച്ചതിൽ നിന്ന് അവന്റെ പൈതൃകാധികാരം അവനിൽനിന്ന്

www.malankaralibrary.com



എടുത്തുമാറ്റിയില്ല എന്നു വ്യക്തമാണ്. അവനുമായുള്ള ലൈംഗിക ബന്ധത്തിൽനിന്നല്ല ക്രിസ്തു ഉരുവായത് എന്ന് നന്നായി അറിയാമായിരുന്നിട്ടും, കന്യകമറിയംതന്നെ അവനെ ക്രിസ്തുവിന്റെ പിതാവ് എന്നു വിളിക്കുന്നു.

## എങ്ങനെയാണ് മറിയം യൗസേപ്പിനെ ക്രിസ്തുവിന്റെ പിതാവ് എന്നു വിളിക്കുന്നത്? താൻ യൗസേപ്പിന്റെ പുത്രനാണ് എന്നുള്ളത് ക്രിസ്തു നിഷേധിക്കുന്നില്ല.

**17.** അവൾ എങ്ങനെയാണിത് ചെയ്തതെന്നു ശ്രദ്ധിക്കുക. മനുഷ്യനെന്നനിലയിൽ കർത്താവായ യേശുക്രിസ്തുവിന് പന്ത്രണ്ടു വയസ്സായപ്പോൾ - ദൈവം എന്ന നിലയിൽ അവിടുന്ന് സമയത്തിന് മുമ്പും സമയത്തിന് അതീതനുമാണ് - അവർ തിരികെ പോന്നപ്പോൾ അവൻ ദൈവാലയത്തിൽ തങ്ങി. അവൻ മൂപ്പന്മാരോട് തർക്കിക്കുകയും അവന്റെ ജ്ഞാനത്തിൽ അവർ അത്ഭുതപ്പെടുകയും ചെയ്തു. എന്നാൽ അവന്റെ മാതാപിതാക്കൾ ജറുസലേമിൽ നിന്നുള്ള മടക്കയാത്രയിൽ തങ്ങളുടെ സംഘത്തിന്റെ ഇടയിൽ, അതായത്, തങ്ങളോടുകൂടി യാത്രചെയ്തിരുന്നവരുടെ ഇടയിൽ അവനെ തിരഞ്ഞു. എന്നാൽ അവനെ കാണാഞ്ഞതിനാൽ അവർ ആകുലരാകുകയും ജറുസലേമിലേക്കു മടങ്ങുകയും ചെയ്തു. അവിടെ അവൻ മുപ്പന്മാരുമായി തർക്കിച്ചുകൊണ്ടിരിക്കുന്നതായി അവർ അവനെ കണ്ടെത്തി. ഞാൻ പറഞ്ഞതുപോലെ, അപ്പോൾ അവന് പന്ത്രണ്ടുവയസ്സായിരുന്നു. എന്നാൽ എന്ത് അത്ഭുതം? എപ്പോഴും ശ്രവിക്കപ്പെടുന്നില്ലെങ്കിലും, ദൈവവചനം ഒരിക്കലും നിശബ്ദമാകുന്നില്ല.

അവനെ ദൈവാലയത്തിൽ കണ്ടെത്തിയപ്പോൾ അവന്റെ അമ്മ അവനോട് പറഞ്ഞു:"എന്തുകൊണ്ടാണ് നീ ഞങ്ങളോട് ഇങ്ങനെ ചെയ്തത്? നിന്റെ പിതാവും ഞാനും സങ്കടപൂർവം നിന്നെ തേടുകയായിരുന്നു". അപ്പോൾ, "ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകേണ്ടതാണ് എന്ന് നിങ്ങൾക്കറിഞ്ഞുകൂടേ?" എന്ന് അവൻ അവരോട് ചോദിച്ചു (ലൂക്കാ 2,48f). ദൈവപുത്രൻ ദൈവത്തിന്റെ ആലയത്തിൽ ആയിരുന്നതിനാലാണ് അവൻ ഇപ്രകാരം പറഞ്ഞത്. ആലയം യൗസേപ്പിന്റേതല്ലായിരുന്നു, ദൈവത്തിന്റേതായിരുന്നു.

www.malankaralibrary.com



"താൻ യൗസേപ്പിന്റെ പുത്രനാണ് എന്ന കാര്യം അവൻ അംഗീകരിക്കാതിരുന്നതു കാണുക" എന്ന് ആരെങ്കിലും ചോദിച്ചേക്കാം. സഹോദരരേ, നിങ്ങൾ ക്ഷമാപൂർവം അല്പംകൂടി ശ്രദ്ധിക്കുക. നമ്മുടെ സമയം പരിമിതമാണ്; നമ്മുടെ പ്രസംഗം സമയത്ത് തീർക്കേണ്ടതുണ്ട്. "നിന്റെ പിതാവും ഞാനും സങ്കടപൂർവം നിന്നെ തേടുകയായിരുന്നു" എന്ന് മറിയം പറഞ്ഞപ്പോൾ, "ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകേണ്ടതാണ് എന്ന് നിങ്ങൾക്കറിഞ്ഞുകൂടേ?" എന്ന് അവൻ മറുപടി പറഞ്ഞു. താൻ ദൈവപുത്രൻ കൂടിയാണ് എന്ന കാര്യം ഗ്രഹിക്കാത്ത രീതിയിൽ അവരുടെ പുത്രനാണ് എന്നു ഗ്രഹിക്കാൻ നിശ്ചയമായും അവൻ ആഗ്രഹിച്ചില്ല. ദൈവപുത്രൻ എപ്പോഴും ദൈവപുത്രനാണ്. അവൻ അവരുടെ സ്രഷ്ടാവു പോലുമാണ്. എന്നാൽ അവിടുന്ന് മനുഷ്യപുത്രനുമാണ്. അവിടുന്ന് പുരുഷബീജം കൂടാതെ ഉരുവാകുകയും കന്യകയിൽ നിന്നു ജനിക്കുകയും ചെയ്തു. എങ്കിലും മനുഷ്യപുത്രനെന്ന നിലയിൽ അവരെ തന്റെ മാതാപിതാക്കളായി പരിഗണിച്ചു. നാമിത് എങ്ങനെ തെളിയിക്കും? നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, മറിയം പറഞ്ഞു: "നിന്റെ പിതാവും ഞാനും സങ്കടപൂർവം നിന്നെ തേടുകയായിരുന്നു".

## സ്ത്രീകൾ മറിയത്തിന്റെ വിനയവും അടക്കവും അനുകരിക്കണം. കന്യക എന്നും അമ്മ എന്നും മറിയം വിളിക്കപ്പെട്ടു. ഒരു വിശ്വാസപ്രമാണം.

**18.** എന്നാൽ ഒന്നാമതായി പ്രിയ സഹോദരങ്ങളേ, കന്യകമറിയത്തിന്റെ പാവനമായ അടക്കമൊതുക്കം ശ്രദ്ധിക്കപ്പെടാതെ കടത്തിവിടാൻ പാടില്ല. പ്രത്യേകിച്ച്, നമ്മുടെ സഹോദരികളായ സ്ത്രീകൾക്ക് ഈ കാര്യത്തിൽ ഒരു പാഠം ഉള്ളതിനാൽ. അവൾ ക്രിസ്തുവിനെ പ്രസവിച്ചു, ഒരു മാലാഖാ അവളുടെ പക്കൽ വന്നുപറഞ്ഞു: "ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവനു നീ യേശു എന്നു പേരിടണം. അവൻ വലിയവൻ ആയിരിക്കും. അത്യുന്നതന്റെ പുത്രൻ എന്ന് അവൻ വിളിക്കപ്പെടും" (ലൂക്കാ 1,31). അത്യുന്നതന്റെ പുത്രനെ പ്രസവിക്കാൻ അവൾ യോഗ്യയായിതീർന്നു; എങ്കിലും അവൾ ഏറ്റവും വിനീതയായിരുന്നു. "ഞാനും നിന്റെ പിതാവും" എന്നുപറയുവാൻ തക്കവിധം പേരിന്റെ ക്രമത്തിൽ പോലും അവൾ തന്നെത്തന്നെ തന്റെ ഭർത്താവിന്റെ മുമ്പിൽ വച്ചില്ല. പിന്നെയോ, "നിന്റെ പിതാവും ഞാനും" എന്നാണ് അവൾ പറഞ്ഞത്.

www.malankaralibrary.com



തന്റെ ഉദരത്തിനു കൈവന്ന മഹാഭാഗ്യത്തിൽ അവൾ ശ്രദ്ധപതിച്ചില്ല; പിന്നെയോ, വിവാഹിതയായ ഒരു സ്ത്രീ എന്ന തന്റെ സ്ഥാനത്തിലാണ് അവൾ ശ്രദ്ധിച്ചത്. വാസ്തവത്തിൽ, വിനീതനായ ക്രിസ്തു, അഹങ്കാരി ആയിരിക്കാൻ തന്റെ അമ്മയെ പഠിപ്പിച്ചിരിക്കയില്ല!

"നിന്റെ പിതാവും ഞാനും സങ്കടപൂർവം നിന്നെ തേടുകയായിരുന്നു". "ഭർത്താവ് ഭാര്യയുടെ ശിരസ്സാകയാൽ" (എഫേ 5,23), "നിന്റെ പിതാവും ഞാനും" എന്ന് അവൾ പറയുന്നു. മറ്റു സ്ത്രീകൾ എത്രമാത്രം വിനീതരായിരിക്കണം! വാസ്തവത്തിൽ സ്ത്രീ എന്ന പദം മറിയത്തെക്കുറിക്കാനും ഉപയോഗിച്ചിട്ടുണ്ട്. അവളുടെ കന്യാത്വം നഷ്ടമായി എന്ന അർത്ഥത്തിലല്ല, പിന്നെയോ, അപ്രകാരമുള്ള പ്രയോഗം അവളുടെ ജനത്തിന്റെ പതിവായിരുന്നതിനാലാണ്. ഉദാഹരണത്തിന് കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് 'സ്ത്രീയിൽ നിന്നു ജനിച്ചു' എന്ന് ശ്ലീഹായും പറഞ്ഞിരിക്കുന്നു (ഗലാ 4,4). എന്നാൽ "അവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽ നിന്നു ജനിച്ചു" എന്നു നാം ഏറ്റുപറയുന്ന നമ്മുടെ വിശ്വാസപ്രമാണത്തിന്റെ ഊടും പാവും അവൻ ഇതുകൊണ്ട് നശിപ്പിച്ചു എന്ന് ഇതിനർത്ഥമില്ല. കാരണം കന്യകയായി അവൾ ഗർഭം ധരിച്ചു, കന്യകയായി അവൾ പ്രസവിച്ചു, കന്യകയായി അവൾ നിലനിന്നു. എന്നാൽ ഹീബ്രുഭാഷയുടെ പ്രത്യേക പ്രയോഗസവിശേഷത നിമിത്തം അവർ എല്ലാ പെണ്ണുങ്ങളെയും സ്ത്രീകൾ എന്നു വിളിച്ചിരുന്നു. അതിന്റെ വളരെ പ്രകടമായ ഒരു ദൃഷ്ടാന്തം ഇതാ. പുരുഷന്റെ പാർശ്വത്തിൽ നിന്ന് എടുത്ത് ദൈവം രൂപീകരിച്ച ആദ്യപെണ്ണ്. പുരുഷനുമായി ഒന്നുചേരുന്നതിനു മുമ്പുതന്നെ സ്ത്രീ എന്നു വിളിക്കപ്പെട്ടിരുന്നു. പറുദീസായിൽനിന്നു പുറത്തുവന്നതിനുശേഷമാണ് അവർ സംഗമിച്ചത് എന്ന് എഴുതപ്പെട്ടിരിക്കുന്നു. കാരണം, "അവിടുന്ന് അവളെ ഒരു സ്ത്രീയായി രൂപീകരിച്ചു" എന്ന് തിരുലിഖിതം സാക്ഷിക്കുന്നു (ഉല്പ 2,22).

### യൗസേപ്പ് തന്റെ പിതാവാണ് എന്നത് ക്രിസ്തു നിഷേധിക്കുന്നില്ല. ശിശുവായ യേശു കുട്ടികൾക്ക് അനുസരണയ്ക്ക് ഒരു മാതൃകയാണ്.

**19.** "ഞാൻ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകേണ്ടതാണ്" എന്ന് കർത്താവായ യേശുക്രിസ്തു പ്രത്യുത്തരിച്ചു. യൗസേപ്പും തന്റെ പിതാവാണ് എന്ന കാര്യം നിഷേധിച്ചുകൊണ്ടല്ല, ദൈവം

www.malankaralibrary.com



തന്റെ പിതാവാണ് എന്ന കാര്യം അവിടുന്നു തറപ്പിച്ചു പറയുന്നത്. നാം ഇത് എങ്ങനെ തെളിയിക്കും? തിരുലിഖിതത്തിൽ നിന്ന് ഇതു വ്യക്തമാണ്:"ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃത നാകേണ്ടതാണ് എന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? അവൻ തങ്ങ ളോട് പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല. പിന്നെ അവൻ അവ രോടൊപ്പം പുറപ്പെട്ട്, നസ്രത്തിൽ വന്ന്, അവർക്കു വിധേയനായി ജീവിച്ചു" (ലൂക്കാ 2,49-51). "അവൻ തന്റെ അമ്മയ്ക്കു വിധേയനായി" എന്നോ, "അവൻ അവൾക്കു വിധേയനായി" എന്നോ അല്ല പറ ഞ്ഞിരിക്കുന്നത്. പിന്നെയോ, "അവൻ അവർക്കു വിധേയനായി" എന്നത്രേ. അവൻ ആർക്കാണു വിധേയനായത്? അവന്റെ മാതാപി താക്കൾക്കല്ലേ? അവൻ മനുഷ്യപുത്രനായി തീർന്ന അതേ മനോ ഗുണത്താൽ തന്നെ, അവൻ വിധേയനായിരുന്നത് അവന്റെ മാതാ പിതാക്കൾക്കാണ്.

അല്പംമുമ്പ് സ്ത്രീകൾക്കുള്ള ഉപദേശം ലഭിച്ചു. ഇപ്പോൾ കുട്ടികൾക്കുള്ളത് നൽകുന്നു. കുട്ടികൾ തങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുകയും അവർക്കു വിധേയരായിരിക്കുകയും വേണം. ലോകം ക്രിസ്തുവിനു വിധേയമായിരുന്നു; ക്രിസ്തു തന്റെ മാതാ പിതാക്കൾക്കു വിധേയനായിരുന്നു.

## ക്രിസ്തു ദാവീദിന്റെ പുത്രനും ദാവീദിന്റെ കർത്താവുമാണ്

**20.** നിങ്ങൾ എന്റെ മാതാപിതാക്കളല്ല എന്ന അർത്ഥത്തിൽ മന സ്സിലാക്കാനല്ല. "ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃത നാകേണ്ടതാണ്" എന്ന് അവിടുന്നു പറഞ്ഞത് എന്ന് സഹോദര ങ്ങളേ, നിങ്ങൾ കാണുന്നില്ലേ? കാലത്തിൽ അവർ അവന്റെ മാതാ പിതാക്കളായിരുന്നു. അവൻ, അവന്റെ പിതാവ്, നിത്യതയിലും. അവർ മനുഷ്യപുത്രന്റെ മാതാപിതാക്കളായിരുന്നു; അവൻ അവന്റെ വചനത്തിന്റെയും അവന്റെ വിജ്ഞാനത്തിന്റെയും അവന്റെ ശക്തി യുടെയും പിതാവാണ്; അതുവഴി അവൻ എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചു. ഒരറ്റംമുതൽ മറ്റേയറ്റംവരെ ശക്തിപൂർവം എത്തുകയും എല്ലാം നന്നായി ക്രമപ്പെടുത്തുകയും ചെയ്യുന്നു. അതിലൂടെ എല്ലാം സൃഷ്ടിക്കപ്പെട്ടെങ്കിൽ, ദൈവപുത്രനിലൂടെയുമാണ് അവ സൃഷ്ടി ക്കപ്പെട്ടത്. മനുഷ്യപുത്രൻ എന്ന നിലയിൽ പിന്നീട് അവർക്ക് അവൻ വിധേയനാകേണ്ടിയിരുന്നു.

www.malankaralibrary.com



വീണ്ടും, "ജഡപ്രകാരം ദാവീദിന്റെ വംശത്തിൽ നിന്ന് ജനിച്ചവനും" എന്നു പറഞ്ഞുകൊണ്ട് ശ്ലീഹാ അവനെ **ദാവീദിന്റെ പുത്രൻ** എന്നു വിളിക്കുന്നു (റോമാ 1,3). എന്നാൽ കർത്താവു തന്നെ യഹൂദരോട് ഒരു ചോദ്യം ചോദിക്കുന്നു. "ദാവീദിന്റെ വംശത്തിൽനിന്ന് ജനിച്ചവനും" എന്നതോടുകൂടി "ജഡപ്രകാരം" എന്നു കൂട്ടിച്ചേർത്തുകൊണ്ട് ശ്ലീഹാ അതിനുത്തരം നൽകുന്നു. ദൈവത്വം അനുസരിച്ച്, അവൻ ദാവീദിന്റെ പുത്രനല്ല, ദാവീദിന്റെ കർത്താവും ദൈവപുത്രനുമാണ് എന്ന് ഗ്രഹിക്കണമെന്ന് അവൻ ഇതുവഴി ആഗ്രഹിച്ചു. കാരണം, യഹൂദജനത്തിനുള്ള അനന്യമായ അനുഗ്രഹത്തെപ്പറ്റി ചർച്ചചെയ്തുകൊണ്ട് ശ്ലീഹാ ഇതുപോലെതന്നെ മറ്റൊരു ഭാഗത്തും, പറയുന്നു. "പിതാക്കന്മാരും അവരുടേതാണ്; ക്രിസ്തുവും ജഡപ്രകാരം അവരിൽനിന്നാണ്. അവൻ സർവാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനും" ആണ് (റോമാ 9,5). "ജഡപ്രകാരം" അവൻ ദാവീദിന്റെ പുത്രനാണ്; "സർവാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനും" എന്നനിലയിൽ അവൻ ദാവീദിന്റെ കർത്താവാണ്.

"ക്രിസ്തു ആരുടെ പുത്രനാണെന്നാണ് നിങ്ങൾ പറയുന്നത്?" എന്ന് കർത്താവ് യഹൂദരോടു ചോദിക്കുന്നു. അവർ പ്രത്യുത്തരിച്ചു: "ദാവീദിന്റെ". പ്രവാചകരുടെ പ്രഘോഷണങ്ങളിൽ നിന്ന് അവർ വ്യക്തമായി ഗ്രഹിച്ച കാര്യമാണിത്. യഥാർത്ഥത്തിൽ അവൻ ദാവീദിന്റെ ബീജത്തിൽ നിന്നാണ്; എന്നാൽ യൗസേപ്പുമായി വിവാഹനിശ്ചയം ചെയ്ത കന്യകാമറിയത്തിലൂടെ "ജഡപ്രകാരം" എന്നു മാത്രം. "ക്രിസ്തു ദാവീദിന്റെ പുത്രനാണ്" എന്ന് അവർ മറുപടി പറഞ്ഞപ്പോൾ യേശു അവരോടു ചോദിച്ചു:: "അങ്ങനെയെങ്കിൽ ദാവീദ് ആത്മാവിനാൽ പ്രചോദിതനായി അവനെ കർത്താവ് എന്നു വിളിക്കുന്നതെങ്ങനെ? അവൻ പറയുന്നു: കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്കു കീഴിലാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക. ദാവീദ് അവനെ കർത്താവ് എന്നു വിളിക്കുന്നെങ്കിൽ, അവൻ അവന്റെ പുത്രനാകുന്നതെങ്ങനെ?" എന്നാൽ യഹൂദർക്ക് അവനോട് ഉത്തരം പറയാൻ കഴിഞ്ഞില്ല. ഇങ്ങനെയാണ് നാം സുവിശേഷത്തിൽ കാണുന്നത് (മത്താ 22,43-45).

താൻ ദാവീദിന്റെ കർത്താവുമാണ് എന്നതിനെപ്പറ്റി അവർക്ക് അവബോധം ഇല്ലാതിരിക്കാനായി താൻ ദാവീദിന്റെ പുത്രനാണ്

www.malankaralibrary.com



എന്നത് അവിടുന്നു നിഷേധിച്ചില്ല. യഥാർത്ഥത്തിൽ ക്രിസ്തുവിനെ സംബന്ധിച്ച്, അവിടുന്ന് കാലത്തിൽ ആയിത്തീർന്നതുമാത്രമേ അവർ ഗ്രഹിച്ചുള്ളു. താൻ നിത്യതയിൽ ആയിരിക്കുന്നത് എന്താണെന്ന് അവനെപ്പറ്റി മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു. അതുകൊണ്ട്, തന്റെ ദൈവത്വത്തെപ്പറ്റി പഠിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട് തന്റെ മനുഷ്യത്വത്തെപ്പറ്റിയുള്ള ഒരു ചോദ്യം അവിടുന്ന് അവരോട് ചോദിച്ചു: "ക്രിസ്തു ദാവീദിന്റെ പുത്രനാണ് എന്ന് നിങ്ങൾക്ക് അറിയാമല്ലോ. അപ്പോൾ അവൻ എങ്ങനെയാണ് ദാവീദിന്റെ കർത്താവും ആയിരിക്കുന്നത്? എന്ന് എന്നോടു പറയുവിൻ" എന്നു പറയുന്നതുപോലെയാണിത്. "അവൻ ദാവീദിന്റെ കർത്താവല്ല" എന്ന് അവർ പറയുന്നതിനുമുമ്പുതന്നെ അവൻ ദാവീദിന്റെ തന്നെ സാക്ഷ്യം അവതരിപ്പിച്ചു. അവൻ എന്താണ് പറയുന്നത്? വാസ്തവത്തിൽ സത്യംതന്നെ. കാരണം, ദാവീദിന്റെ പ്രശസ്തവാക്കുകളിൽ ദൈവം പറയുന്നത് സങ്കീർത്തനങ്ങളിൽ ഇപ്രകാരം കാണുന്നു: "നിന്റെ മക്കളിൽ ഒരുവനെ നിന്റെ സിംഹാസനത്തിൽ ഞാൻ ഉപവിഷ്ടനാക്കും" (സങ്കീ 132,11). ദാവീദിന്റെ പുത്രൻ ഇവിടെയാണ്. ദാവീദിന്റെ പുത്രനായിരിക്കുന്നവൻ എങ്ങനെയാണ് ദാവീദിന്റെ കർത്താവും ആയിരിക്കുന്നത്? അവൻ പറയുന്നു: "നീ എന്റെ വലത്തുഭാഗത്തിരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു".

മറിയം തന്റെ കർത്താവിന്റെ അമ്മയായിരുന്നു എന്ന സംഗതി കാണുമ്പോൾ, ദാവീദ് തന്റെ പുത്രനെ തന്റെ കർത്താവായി പരിഗണിച്ചതിൽ നിങ്ങൾ അത്ഭുതപ്പെടുന്നുവോ? അവൻ ദൈവമാകയാൽ ദാവീദിന്റെ കർത്താവാണ്; അവൻ എല്ലാറ്റിന്റെയും കർത്താവാകയാൽ ദാവീദിന്റെ കർത്താവാണ്. അവൻ മനുഷ്യപുത്രനാകയാൽ, ദാവീദിന്റെ പുത്രനാണ്. അവിടുന്ന് രണ്ടുമാണ് – കർത്താവും പുത്രനും. ദാവീദിന്റെ കർത്താവ് "ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നെങ്കിലും ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല". "അവൻ ദാസന്റെ രൂപമെടുത്ത് തന്നെത്തന്നെ ശൂന്യനാക്കിയതിനാൽ" ദാവീദിന്റെ പുത്രൻ (ഫിലി 2,6f).

www.malankaralibrary.com



## ശാരീരിക ബന്ധമല്ല, ദാമ്പത്യസ്നേഹമാണ് വിവാഹത്തെ അതാക്കിത്തീർക്കുന്നത്. പരസ്പര സമ്മതത്തോടുകൂടിയുള്ള വൈവാഹിക വർജന.

**21.** ദാമ്പത്യസ്നേഹത്തിനല്ല ലൈംഗികാസക്തിക്കാണ് ഭാര്യ എന്ന രീതിയിൽ, യൗസേപ്പ് യേശുവിന്റെ അമ്മയുമായി വൈവാഹികബന്ധം പുലർത്താഞ്ഞതിനാൽ, അവൻ കർത്താവിന്റെ പിതാവല്ല എന്നത് ശരിയല്ല. എന്റെ പ്രിയ ക്രിസ്ത്യാനികളേ, ഇത് ശ്രദ്ധിക്കുക: അല്പം കഴിഞ്ഞ് ക്രിസ്തുവിന്റെ ശ്ലീഹായ്ക്ക് സഭയിൽ ഇപ്രകാരം പറയാനുണ്ടായിരുന്നു: "ഭാര്യയുള്ളവൻ ഇല്ലാത്തവനെപ്പോലെ കഴിയട്ടെ" (1 കൊറി 7,29). സഹോദരന്മാരുടെ ഇടയിൽ കൃപയിൽ ഫലം പുറപ്പെടുവിക്കുന്ന അനേകരെ നമുക്കറിയാം. പരസ്പരമുള്ള ദാമ്പത്യസ്നേഹത്തിന് ഒട്ടും കുറവുവരാതെ ക്രിസ്തുവിന്റെ നാമത്തിൽ പരസ്പര സമ്മതത്തോടെ അവർ ജഡമോഹത്തെ നിയന്ത്രിക്കുന്നത് നമുക്കറിയാം. എത്രകൂടുതലായി ജഡമോഹത്തെ നിയന്ത്രിക്കുന്നുവോ, ദാമ്പത്യസ്നേഹം അത്ര ഉറപ്പുള്ളതും ശക്തിയുള്ളതും ആയിത്തീരുന്നു. ഇപ്രകാരം ജീവിക്കുന്നവർ, പരസ്പരം ശാരീരികസുഖം തേടാത്തവർ, ജഡികാശയുടെ ആസക്തിയിൽ മുഴുകാത്തവർ ഭാര്യാഭർത്താക്കന്മാരല്ലേ? എങ്കിലും അവൾ തന്റെ ഭർത്താവിനു വിധേയയാണ്, കാരണം, ഇത് അവൾക്ക് ഉചിതമായിട്ടുള്ളതത്രേ. അവളുടെ ശുദ്ധതയുടെ അളവനുസരിച്ചായിരിക്കും അവളുടെ വിധേയത്വത്തിന്റെ പൂർണത. മറിച്ചും, തിരുലിഖിതം സാക്ഷിക്കുന്നതുപോലെ, വിശുദ്ധിയിലും മാന്യതയിലും (1 തെസ്സ 4,4), ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ (എഫേ 5, 25), കൃപയുടെ സഹാവകാശി എന്ന നിലയിൽ അവൻ തന്റെ ഭാര്യയെ യഥാർത്ഥമായി സ്നേഹിക്കുന്നു.

ഇതൊരു ബന്ധമാണെങ്കിൽ, ഇത് ഒരു വിവാഹമാണെങ്കിൽ, നിയമരഹിതമായി മറ്റൊരു ഭർത്താവുമായോ, ഭാര്യയുമായോ പൂർത്തീകരിക്കപ്പെടാവുന്ന വെറുമൊരു പ്രവൃത്തിയുടെ അഭാവത്തിൽ അതു വിവാഹം അല്ലാതായിത്തീരുന്നില്ല. എല്ലാവർക്കും അങ്ങനെ ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! അങ്ങനെ ചെയ്യാൻ പലർക്കും സാധ്യമല്ല. എന്നാൽ അക്കാരണത്താൽ അതിനു കഴിയുന്നവരെ അവർ കുറ്റപ്പെടുത്താൻ പാടില്ല. അവർക്ക് ശാരീരിക ബന്ധമില്ല, ഹൃദയൈക്യമേയുള്ളു എന്ന കാരണത്താൽ, പുരുഷൻ ഭർത്താവും സ്ത്രീ ഭാര്യയുമാണ് എന്ന സംഗതി നിഷേധിക്കാനും പാടില്ല.

www.malankaralibrary.com



## ശാരീരികബന്ധം സന്താനോല്പാദനത്തിനാണ്. വിവാഹ ഉടമ്പടി. "വ്യഭിചാരം" എന്ന വാക്ക് എവിടെനിന്ന്?

**22.** അതുകൊണ്ട്, എന്റെ സഹോദരങ്ങളേ, തങ്ങളുടെ ഭാര്യമാരിൽ നിന്ന് മക്കളുണ്ടാകുവാൻ ആഗ്രഹിച്ചിരുന്നതിനാൽ, ഈ കാര്യം നിമിത്തം മാത്രം വിവാഹിതരായ നമ്മുടെ പൂർവപിതാക്കന്മാരെ സംബന്ധിച്ച് തിരുലിഖിതം രേഖപ്പെടുത്തിയിരിക്കുന്ന സംഗതികൾ ഗ്രഹിക്കുവിൻ. തങ്ങളുടെ ജനത്തിന്റെ രീതികളും കാലവും അനുസരിച്ച് പല ഭാര്യമാരെ സ്വീകരിച്ചവർ പോലും, സന്താനങ്ങളെ ജനിപ്പിക്കുക എന്ന ഉദ്ദേശ്യത്തിനല്ലാതെ ബന്ധപ്പെട്ടിരുന്നില്ല. അത്രമാത്രം അവരുമായി ശുദ്ധതയിൽ ജീവിച്ചു. ഇപ്രകാരം, യഥാർത്ഥമായി അവരെ മാന്യതയിൽ നിലനിർത്തി. പ്രജനനലക്ഷ്യം എന്ന നിശ്ചിത നിയമപരിധി വിട്ട് ആരെങ്കിലും സ്ത്രീയെ കാമിച്ചാൽ, അവളെ വിവാഹം ചെയ്തപ്പോൾ അവൻ ചെയ്ത ഉടമ്പടിക്കെതിരായിട്ടത്രേ പ്രവർത്തിക്കുക.

ഉടമ്പടി വായിക്കപ്പെടുന്നു; എല്ലാവരുടെയും സാന്നിധ്യത്തിൽ അതു വായിക്കപ്പെടുന്നു. "പ്രജനനലക്ഷ്യത്തോടുകൂടി" എന്ന വാക്കുകൾ വായിക്കപ്പെടുന്നു; ഇത് വിവാഹഉടമ്പടി എന്നു വിളിക്കപ്പെടുന്നു. സ്ത്രീകളെ ഭാര്യമാരായി നൽകുന്നത് ഇതിനല്ലെങ്കിൽ, അവരെ സ്വീകരിക്കുന്നത് ഇതിനല്ലെങ്കിൽ അക്ഷോഭ്യമായ മുഖഭാവത്തോടുകൂടി ഏതു മനുഷ്യന് തന്റെ മകളെ മറ്റൊരുവന്റെ ദുരാശയ്ക്ക് കൊടുക്കാൻ കഴിയും? എന്നാൽ തങ്ങളുടെ പുത്രിമാരെ കൊടുക്കുമ്പോൾ മാതാപിതാക്കൾ ലജ്ജിക്കാതിരിക്കാൻ, അവരെ ഹീനകാര്യങ്ങൾക്കു കൂട്ടുനിൽക്കുന്നവരായിട്ടല്ല, നിയമപരമായി മാതാപിതാക്കൾ ആക്കിക്കൊണ്ട് ഉടമ്പടി വായിക്കപ്പെടുന്നു. ഉടമ്പടിയിൽ എന്താണ് വായിക്കുന്നത്? "പ്രജനനലക്ഷ്യത്തോടുകൂടി" എന്ന വാക്കുകൾ! ഉടമ്പടിയിലെ ഈ വകുപ്പ് കേൾക്കുമ്പോൾ പിതാവിന്റെ മുഖം പ്രശോഭിക്കുകയും പ്രശാന്തമാകുകയും ചെയ്യുന്നു. ഭാര്യയെ സ്വീകരിക്കുന്നവന്റെ മുഖത്തേയക്കും നമുക്കു നോക്കാം. മറ്റെന്തെങ്കിലും നിർദ്ദേശത്തോടുകൂടി അവളെ കൊടുക്കുന്നതിൽ പിതാവ് ലജ്ജിക്കുന്നെങ്കിൽ, മറ്റേതു കാരണത്താലും അവളെ സ്വീകരിക്കുന്നതിൽ ഭർത്താവും ലജ്ജിക്കേണ്ടിയിരിക്കുന്നു.

എന്നാൽ ഈ വ്യവസ്ഥയ്ക്ക് അവർ അപര്യാപ്തരാണെങ്കിൽ ഞാൻ നേരത്തെ പറഞ്ഞത് വീണ്ടും ആവർത്തിക്കുന്നു: അവർ തങ്ങളുടെ കടമ നിർവഹിക്കട്ടെ. അവർ തങ്ങളുടെ കടക്കാരുടെ പക്ക

www.malankaralibrary.com



ലേക്കല്ലാതെ മറ്റാരുടെയും പക്കലേക്ക് പോകരുത്. പുരുഷനും സ്ത്രീയും തങ്ങളുടെ ബലഹീനതയിൽ നിന്നുള്ള മോചനം തങ്ങളുടെ ഇടയിൽ തന്നെ തേടട്ടെ. അവൻ മറ്റൊരു സ്ത്രീയുടെ പക്കലേക്കും അവൾ മറ്റൊരു പുരുഷന്റെ പക്കലേക്കും പോകരുത്. വ്യഭിചാരം എന്ന വാക്ക് ഇതിൽനിന്നാണ്. "മറ്റൊരാളുടെ പക്കലേക്ക് പോകുന്നത്". അവർ തങ്ങളുടെ വിവാഹഉടമ്പടിയാൽ നിശ്ചയിച്ചിരിക്കുന്ന അതിർത്തിക്കപ്പുറത്തു കടക്കുന്നെങ്കിൽ, കുറഞ്ഞപക്ഷം തങ്ങളുടെ വിവാഹക്കിടക്കയ്ക്ക് അപ്പുറത്തേക്ക് പോകാതിരിക്കട്ടെ.

അപ്പോൾ സന്താനങ്ങളെ ജനിപ്പിക്കുന്നതിനുപരിയായി കൂടെക്കൂടെ തന്റെ വിവാഹപങ്കാളിയോട് ദാമ്പത്യധർമം ആവശ്യപ്പെടുന്നത് പാപമല്ലേ? അത് ലഘുപാപം മാത്രമാണെങ്കിലും യഥാർത്ഥത്തിൽ പാപമാണ്. ശ്ലീഹാ പറയുന്നു: "ഇത് ഒരാനുകൂല്യമായിട്ടാണു ഞാൻ പറയുന്നത്". താൻ പറഞ്ഞുകൊണ്ടിരുന്നതിലേക്ക് വിരൽ ചൂണ്ടുകയാണ് അവൻ. "പ്രാർത്ഥനാജീവിതത്തിനായി ഇരുവരും തീരുമാനിക്കുന്ന കുറേക്കാലത്തേക്കല്ലാതെ, പരസ്പരം നൽകേണ്ട അവകാശങ്ങൾ നിഷേധിക്കരുത്. നിങ്ങളുടെ സംയമനക്കുറവു നിമിത്തം പിശാചു നിങ്ങളെ പ്രലോഭിപ്പിക്കാതിരിക്കാൻ അതിനുശേഷം ഒന്നിച്ചുചേരുകയും വേണം (1 കൊറി 7,5). ഇതിന്റെ അർത്ഥമെന്താണ്? "നിങ്ങളുടെ സംയമനക്കുറവുനിമിത്തം പിശാചു നിങ്ങളെ പ്രലോഭിപ്പിക്കാതിരിക്കാൻ"- നിങ്ങളുടെ പരസ്പരസംയമനംവഴി നിങ്ങൾ വ്യഭിചാരത്തിൽ വീഴാതിരിക്കാൻ, നിങ്ങളുടെ ശക്തിക്കതീതമായതൊന്നും നിങ്ങൾ നിങ്ങളുടെമേൽ വയ്ക്കരുത്. അവൻ വെറുതെ അനുവദിക്കുന്നത് കല്പനയായി കണക്കാക്കാതിരിക്കാൻ അവൻ ഉടനെ കൂട്ടിച്ചേർക്കുന്നു: 'ഇത് ഒരു ആനുകൂല്യമായിട്ടാണ് ഞാൻ പറയുന്നത്, കല്പനയായിട്ടല്ല; എല്ലാവരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു' (7,6-7). കാരണം, ധാർമികശക്തിയിൽ ആവശ്യപ്പെടുന്നത് ഒന്ന്, ബലഹീനതയ്ക്ക് അനുവദിക്കുന്നത് മറ്റൊന്ന്. "അതു ചെയ്യാൻ ഞാൻ നിങ്ങളോടു കല്പിക്കുന്നില്ല; എന്നാൽ നിങ്ങളിങ്ങനെ ചെയ്താൽ, ഞാൻ നിങ്ങളോടു ക്ഷമിക്കുന്നു" എന്നു പറയുന്നതുപോലെയാണിത്.

www.malankaralibrary.com



## രണ്ടു കാര്യങ്ങളെ ആശ്രയിച്ചാണ് മനുഷ്യകുലം നിലനില്ക്കുന്നത്.7

**23.** ഇപ്പോൾ, എന്റെ സഹോദരരേ, ഞാൻ പറയുന്നത് ശ്രദ്ധിക്കുക: സന്താനങ്ങളെ ജനിപ്പിക്കാനായി തങ്ങളുടെ ഭാര്യമാരോടുകൂടി താമസിച്ച പൂർവപിതാക്കന്മാരായ മഹാന്മാരുടെ കാര്യം നാം വായിക്കുന്നു; അത് വീണ്ടും വീണ്ടും രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. യാതൊരു ദ്വയാർത്ഥവും കൂടാതെ വിശുദ്ധ പേജുകൾ ഇതേപ്പറ്റി സാക്ഷിക്കുകയും ചെയ്യുന്നു. ഞാൻ പറഞ്ഞതുപോലെ, കുഞ്ഞുങ്ങളെ ജനിപ്പിക്കാൻ മാത്രം ഭാര്യമാരോടു ചേരുന്നവർ, ലൈംഗിക ബന്ധം കൂടാതെ ശിശുക്കളെ ഉണ്ടാക്കാൻ അവസരം ലഭിച്ചാൽ അതീവതാല്പര്യത്തോടുകൂടി ഈ വലിയ ആനുകൂല്യം സ്വീകരിക്കുകയില്ലേ? അസാധാരണ സന്തോഷത്തോടുകൂടി അവർ ഇത് സ്വീകരിക്കുകയില്ലേ?

മനുഷ്യകുലം നിലനില്ക്കുന്നത് രണ്ട് ശാരീരിക കർമങ്ങൾ കൊണ്ടാണ്. ബുദ്ധിമാന്മാരും വിശുദ്ധരും കടമ നിർവഹിക്കാൻ ഇവ ചെയ്യുന്നു; ബുദ്ധിയില്ലാത്തവർ വികാരാവേശത്താൽ തള്ളിക്കയറുന്നു. കടമ നിർവഹിക്കാനായി ചെയ്യുന്നത് ഒന്ന്; വികാരാവേശത്താൽ എടുത്തുചാടുന്നത് മറ്റൊന്ന്.

മനുഷ്യകുലം നിലനില്ക്കുന്നതിന് ആധാരമായി നില്ക്കുന്ന സംഗതികൾ ഏവയാണ്? ഒന്നാമത്തേത് നമ്മെ ഓരോരുത്തരെയും സംബന്ധിച്ചാണ്; നാം പോഷണം സ്വീകരിക്കുന്നതിനെക്കുറിച്ചാണ്. അല്പം ശാരീരികസുഖം കൂടാതെ തീർച്ചയായും ഭക്ഷിക്കാനും പാനംചെയ്യാനും സാധ്യമല്ല. ഇത് ചെയ്തില്ലെങ്കിൽ, നിങ്ങൾ മരിച്ചുപോകും. ഭക്ഷണപാനീയങ്ങൾവഴി നാം നിലനില്ക്കുന്നു. ഇത് ഇപ്രകാരം പ്രകൃതി നിശ്ചയിച്ചിരിക്കുന്നതിനാൽ, മനുഷ്യകുലം നിലനില്ക്കുന്നു. എന്നാൽ ഭക്ഷണപാനീയങ്ങൾ ഓരോ വ്യക്തിയെ സംബന്ധിച്ചുമാണ്. പിൻതലമുറയ്ക്കുവേണ്ടി ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നില്ല; എന്തിനാണ് വിവാഹം? മനുഷ്യകുലം തുടരുന്നത് വിവാഹം വഴിയാണ്. അതായത്, മനുഷ്യർ ജീവിക്കുന്നു എന്ന യാഥാർത്ഥ്യം. എന്നാൽ നാം ശാരീരികകാര്യങ്ങളിൽ എത്ര ശ്രദ്ധിച്ചാലും നിശ്ചയമായും എന്നേക്കുമായി ജീവിക്കാനാവില്ല. അതുകൊണ്ട്, മനുഷ്യർ മരിക്കുമ്പോൾ അവരുടെ പിൻഗാമികളായി മറ്റുള്ളവർ ജനിക്കുന്നു എന്നത് സ്വാഭാവിക ക്രമീകരണം മാത്രമാണ്! തിരുലിഖിതം സാക്ഷ്യപ്പെടുത്തുന്നതുപോലെ, മരത്തിന്റെ ഇലകൾ

www.malankaralibrary.com



പോലെയാണ് മനുഷ്യകുലം. അതായത്, ഇലകളില്ലാത്ത അവസ്ഥ ഉണ്ടാകാത്ത ഒലിവിന്റെയോ, ലൗറലിന്റെയോ അതുപോലെയുള്ള മറ്റു മരങ്ങളുടെയോ ഇലകൾ പോലെയാണ്; എന്നാൽ അവ ഒരേ ഇലകളുമല്ല. കാരണം, തിരുലിഖിതവാക്കുകളിൽ, പുതിയ ഇലകൾ മുളയ്ക്കുന്നു, പഴയതു കൊഴിഞ്ഞുപോകുന്നു. പഴയതു താഴെ വീഴുന്ന സ്ഥാനത്തേക്ക് പുതിയമുളകൾ പൊട്ടിമുളയ്ക്കുന്നു. ഇങ്ങനെ മരം എപ്പോഴും ഇല പൊഴിക്കുന്നു, എങ്കിലും എപ്പോഴും പച്ചപിടിച്ചു നില്ക്കുന്നു. അതുപോലെ, അനുദിനം മരിക്കുന്ന മനുഷ്യരുടെ നഷ്ടം മനുഷ്യകുലം അറിയുന്നില്ല; കാരണം ജനിക്കുന്നവരിലൂടെ നഷ്ടം നികത്തപ്പെടുന്നു. അങ്ങനെ മനുഷ്യകുലം മുഴുവൻ അതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന നിയമങ്ങൾ അനുസരിച്ച് അതിന്റെ അസ്തിത്വം നിലനിർത്തുന്നു. മരത്തിൽ എപ്പോഴും ഇലകൾ കാണപ്പെടുന്നതുപോലെ, ഭൂമി മുഴുവൻ മനുഷ്യർ ഉണ്ടായിരിക്കും. ചില മരങ്ങൾ ഇലകളെല്ലാം പൊഴിക്കുന്നതുപോലെ, ആരും ജനിക്കാതെ എല്ലാവരും മരിച്ചാൽ, ധരയിലെങ്ങും മനുഷ്യർ കാണുകയില്ല.

### ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത സംഗതികളെ സംബന്ധിച്ച്; ചിലരെ ബുദ്ധി നയിക്കുന്നു, ചിലരെ വികാരങ്ങൾ നയിക്കുന്നു.

**24.** മനുഷ്യകുലത്തെ നിലനിർത്തുന്ന ഒഴിച്ചുകൂടാനാവാത്ത രണ്ടു കാര്യങ്ങളെപ്പറ്റി മതിയാംവണ്ണം പറഞ്ഞുകഴിഞ്ഞു. ബുദ്ധിമാന്മാരും വിവേകികളും വിശ്വസ്തരും കർത്തവ്യനിർവഹണം എന്ന നിലയിൽ അവയിലേക്ക് ഇറങ്ങുന്നു; വികാരത്തള്ളലാൽ അവർ അവയിലേക്ക് വഴുതിവീഴുന്നില്ല. എന്നാൽ തങ്ങളുടെ ജീവിതംമുഴുവൻ തീറ്റിയിലും കുടിയിലും അർപ്പിച്ചുകൊണ്ട് ജീവിതത്തിന്റെ പരമമായ ലക്ഷ്യം അവയാണ് എന്നവണ്ണം എത്രപേരാണ് ഓടിക്കയറുന്നത്! അവർ ജീവിക്കാനാണ് ഭക്ഷിക്കുന്നതെങ്കിലും, തങ്ങൾ ഭക്ഷിക്കാനാണ് ജീവിക്കുന്നതെന്ന് അവർ ചിന്തിക്കുന്നു. തങ്ങളുടെ ഉദരം തങ്ങളുടെ ദൈവമായ അത്തരം തീറ്റിപ്രിയരെയും കുടിയന്മാരെയും ഭോജനപ്രിയരെയും എല്ലാ ബുദ്ധിമാന്മാരും പ്രത്യേകിച്ച് തിരുലിഖിതവും കുറ്റപ്പെടുത്തുന്നു. പോഷണത്തിന്റെ ആവശ്യമല്ല, ശരീരത്തിന്റെ ഭോജനപ്രിയമാണ് അവരെ തീൻമേശയിലേക്ക് അടുപ്പിക്കുന്നത്; അവർ തീനിലും കുടിയിലും മതിമറന്ന് ആർത്തിയോടെ ഭക്ഷണം അകത്താക്കുന്നു. ജീവിതം നിർബന്ധിക്കുന്നതിനാൽ അവയിലേക്ക്

www.malankaralibrary.com



അടുക്കുന്നവർ ഭക്ഷിക്കാനായി ജീവിക്കുന്നില്ല, പിന്നെയോ, ജീവിക്കാനായി ഭക്ഷിക്കുന്നു. തദനുസൃതം, വിവേകികളും സംയമശീലരുമായ ആളുകൾക്ക് ഭക്ഷണപാനീയങ്ങൾ കൂടാതെ ജീവിക്കാൻ അവസരം ലഭിച്ചാൽ തങ്ങൾക്ക് പതിവായി വീഴ്ച സംഭവിക്കാതിരുന്നതിലേക്ക് താഴ്ന്നിറങ്ങാൻ നിർബന്ധിക്കപ്പെടാതെയും, നാശത്തിലേക്ക് വീഴുന്ന ഒരു ശരീരത്തെ നിലനിർത്തുക എന്ന ആവശ്യത്താൽ, ഉന്നതലക്ഷ്യങ്ങൾക്കു കോട്ടം തട്ടാതെയും കർത്താവിൽ ചാരി നിൽക്കാൻ കഴിയുന്നതിനാൽ, എത്ര വലിയ സന്തോഷത്തോടെ അവർ ഈ ദാനത്തെ സ്വാഗതം ചെയ്യും! നാല്പതുദിവസത്തെ പോഷണത്തിന് ഉതകത്തക്കവിധം എങ്ങനെ വിശുദ്ധ ഏലിയാ ഒരുകപ്പ് ജലവും ഒരു കഷണം അപ്പവും സ്വീകരിച്ചു എന്നാണ് നിങ്ങൾ കരുതുക? (1 രാജാ 19,6-8). നിശ്ചയമായും വളരെ സന്തോഷപൂർവം! കാരണം, അവൻ തിന്നുകയും കുടിക്കുകയും ചെയ്തു. ഭക്ഷണക്കൊതികൊണ്ടല്ല, ജീവിക്കാനാണ് അപ്രകാരം ചെയ്യാൻ നിർബന്ധിതനായത്.

പുല്ക്കൂട്ടിലെ കന്നുകാലികളെപ്പോലെ തന്റെ സൗഭാഗ്യവും സന്തുഷ്ടിയുമെല്ലാം ഭക്ഷണമേശയിൽ അർപ്പിക്കുന്നവന്, നിങ്ങൾക്കു കഴിയുമെങ്കിൽ, ഇതേദാനം കൊടുത്തുനോക്കുക. നിങ്ങളുടെ ഔദാര്യത്തെ അവൻ വെറുക്കും; അവൻ അതു തന്നിൽനിന്ന് തട്ടിമാറ്റിക്കളയും; അവൻ അത് ഒരു ശിക്ഷയായി കണക്കാക്കും. ഇപ്രകാരം തന്നെയാണ് വിവാഹം എന്ന മറ്റേ അവശ്യകർമത്തിലും. വികാരത്തള്ളലിൽ കഴിയുന്നവർ വികാരശമനത്തിനു മാത്രമായാണ് ഭാര്യമാരെ തേടുന്നത്. ഇക്കാരണത്താൽ, തങ്ങളുടെ ഭാര്യമാരെ ലഭിച്ചശേഷവും അവരിൽപോലും അവർ തൃപ്തരായിരിക്കുകയില്ല.

തങ്ങളുടെ വികാരത്തള്ളൽ ഒഴിവാക്കാൻ മനസ്സില്ലെങ്കിലോ, കഴിവില്ലെങ്കിലോ, തങ്ങളുടെ ഭാര്യമാരോടുള്ള കടമയ്ക്കപ്പുറത്തേക്കു കടക്കാതിരിക്കട്ടെ. ബലഹീനതയ്ക്ക് അനുവദിച്ചിരിക്കുന്നത് ഈ കടപ്പാടിൽ ഞാൻ ഉൾപ്പെടുത്തുന്നു. 'നീ എന്തിനു വിവാഹം കഴിക്കുന്നു?' എന്ന് അത്തരക്കാരനോട് ആരാഞ്ഞാൽ ചോദ്യം കേട്ട് മഞ്ഞളിച്ച്, "സന്താനങ്ങളെപ്രതി" എന്ന് ഒരുപക്ഷേ മറുപടി പറഞ്ഞേക്കാം. എന്നാൽ അവനു വിശ്വസിക്കാവുന്ന ഒരാൾ അവനോട്, "നിനക്ക് മക്കളെ തരാൻ ദൈവത്തിനു കഴിയും; ഭാര്യയുമായുള്ള ലൈംഗികബന്ധം കൂടാതെതന്നെ നിശ്ചയമായും അവിടുന്നു നിനക്കു നൽകും" എന്നു പറഞ്ഞാൽ, അവൻ കുടുങ്ങും. താൻ ഭാര്യയെ തേടിയത് മക്കളെ പ്രതിയല്ല എന്ന് ഏറ്റുപറയുകയും

www.malankaralibrary.com



ചെയ്യും. അതുകൊണ്ട്, അവൻ തന്റെ ബലഹീനത സമ്മതിക്കട്ടെ; തന്റെ കടമ നിർവഹണത്താൽമാത്രം തനിക്കു ലഭിക്കുന്നു എന്ന് അവൻ നടിച്ചത് അവനു ലഭിക്കട്ടെ.

## പൂർവപിതാക്കന്മാർക്ക് അനേകം ഭാര്യമാരെ അനുവദിച്ചതിന് കുട്ടികളെ ജനിപ്പിക്കൽ എന്ന ഒറ്റ കാരണമേ ഉണ്ടായിരുന്നുള്ളു.

**25.** അക്കാലത്ത് പൗരാണികരായ ആ വിശുദ്ധർ, ദൈവമനുഷ്യർ, കുഞ്ഞുങ്ങളെ തേടുകയും കുഞ്ഞുങ്ങളെ ജനിപ്പിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. ശിശുക്കളെ ജനിപ്പിക്കൽ എന്ന ഏകലക്ഷ്യത്തെ പ്രതിയത്രേ അവർ സ്ത്രീകളുമായി ചേർന്നത്; ഈ ലക്ഷ്യത്തിനത്രേ അവർ സ്ത്രീകളുമായി ലൈംഗികബന്ധം പുലർത്തിയത്. ഇക്കാരണത്താലാണ് അവർക്ക് ഒന്നിലധികം ഭാര്യമാരുണ്ടായിരിക്കാൻ അനുവാദം ലഭിച്ചത്. കടിഞ്ഞാണിടാത്ത കാമം ദൈവത്തിനു പ്രീതികരം ആയിരുന്നെങ്കിൽ, ഒരു പുരുഷന് ഒന്നിലേറെ ഭാര്യമാർ ഉണ്ടായിരുന്നതുപോലെ ഒരു സ്ത്രീക്ക് ഒന്നിലേറെ ഭർത്താക്കന്മാർ ഉണ്ടായിരിക്കാൻ അക്കാലത്ത് അനുവാദം ലഭിക്കുമായിരുന്നു.

ഒരു പുരുഷന് ഒന്നിലേറെ ഭാര്യമാർ ഉണ്ടായിരുന്നപ്പോഴും, ഒരു പാവനതരുണിക്കും ഒന്നിലേറെ ഭർത്താക്കന്മാർ ഉണ്ടാകാഞ്ഞത് എന്തുകൊണ്ടാണ്? ഒരു പുരുഷന് ഒന്നിലേറെ ഭാര്യമാർ ഉള്ളപ്പോൾ, സന്താനങ്ങളുടെ വർധനവിന് ഇതു സഹായകമായിരുന്നു. എന്നാൽ ഒരു സ്ത്രീക്ക് കൂടുതൽ ഭർത്താക്കന്മാർ ഉള്ളതുകൊണ്ട് കൂടുതൽ സന്താനങ്ങളെ ജനിപ്പിക്കാൻ സാധിക്കയില്ല എന്ന കാരണത്താലല്ലേ അത്? അതുകൊണ്ട് സഹോദരരേ, നമ്മുടെ പൂർവപിതാക്കന്മാർ ശിശുക്കളെ ജനിപ്പിക്കുക എന്ന ഏകലക്ഷ്യം മുൻനിർത്തി വിവാഹിതരാകുകയും സ്ത്രീകളുമായി ബന്ധം പുലർത്തുകയും ചെയ്തെങ്കിൽ, ആ ശാരീരികകർമം കൂടാതെ ശിശുക്കളുണ്ടാകുവാൻ കഴിയുമായിരുന്നെങ്കിൽ അവർ കൂടുതൽ സന്തുഷ്ടരാകുമായിരുന്നു. അവരെ ലഭിക്കാനായി, വികാരവിക്ഷോഭത്തോടെ അവർ ആ കർമത്തിലേക്കു കടന്നുമില്ല. പിന്നെയോ, കടമ എന്ന നിലയിലാണ് അതിലേക്കിറങ്ങിയത്.

യൗസേപ്പിന് ജഢമോഹം കൂടാതെ ഒരു പുത്രനെ ലഭിച്ചതിനാൽ അവൻ പിതാവായിരുന്നില്ലേ? യഹൂദർ പോലും പുലർത്താത്ത ചിന്ത പാവനക്രൈസ്തവർ പുലർത്താൻ ദൈവം ഇടയാക്കാതിരി

www.malankaralibrary.com



ക്കട്ടെ. നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ; എന്നാൽ ശുദ്ധതയോടുകൂടി സ്നേഹിക്കുവിൻ. കുഞ്ഞുങ്ങളെ ജനിപ്പിക്കാൻ ആവശ്യമായതിനനുസൃതമായി ശാരീരികബന്ധത്തിൽ അവരുടെ സഹകരണം ആവശ്യപ്പെടുവിൻ. മറ്റൊരു രീതിയിൽ കുഞ്ഞുങ്ങൾ ഉണ്ടാകാൻ സാധിക്കാത്തതിനാൽ, ദുഃഖത്തോടെ അതിലേക്ക് ഇറങ്ങുവിൻ. കാരണം ഇവിടെ നമുക്ക് ആദാമിനേറ്റ ശിക്ഷയുണ്ട്. അവനിൽ നിന്നാണല്ലോ നാം ഉണ്ടായിരിക്കുന്നത്. നമുക്കു ലഭിച്ച ശിക്ഷയിൽ നാം അഭിമാനം കൊള്ളേണ്ടതില്ല. പാപംവഴി തന്നെത്തന്നെ മർത്യനാക്കി തീർത്തതിനാൽ അവനു ലഭിച്ച ശിക്ഷയാണിത്. മർത്യരായ സന്തതികളെ മാത്രമേ അവനു ജനിപ്പിക്കാൻ കഴിയൂ എന്ന ശിക്ഷ അവൻ തന്റെമേൽ വലിച്ചുവച്ചു. ദൈവം ഈ ശിക്ഷ നീക്കിക്കളഞ്ഞില്ല. കാരണം, താൻ ഏതവസ്ഥയിൽ നിന്നാണ് മാറിപ്പോയതെന്നും ഏതവസ്ഥയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നതെന്നും അവൻ അനുസ്മരിക്കേണ്ടതുണ്ട്. അതുപോലെ, ജീർണത ഇല്ലാത്ത അവസ്ഥ അവൻ അന്വേഷിക്കേണ്ടതുമുണ്ട്.

### കന്യാത്വത്തിന്റെ ഔന്നത്യം കർതൃമാതാവിൽ തുടങ്ങി. യൗസേപ്പ് യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ പിതാവാണ്. കുട്ടികളുടെ ദത്തെടുക്കൽ. സ്വാഭാവിക ശിശുക്കളും വിവാഹത്തിലുണ്ടാകുന്ന ശിശുക്കളും.

**26.** ക്രിസ്തുവിന്റെ കാലംവരെ ആ ജനതയ്ക്ക് ധാരാളം മക്കളുണ്ടാകുക ആവശ്യമായിരുന്നു; കാരണം, സഭയെ സംബന്ധിച്ച് സൂചന നൽകാനുള്ള പാഠങ്ങളുടെ പ്രതീകങ്ങൾക്കു ശുശ്രൂഷിക്കാൻ ധാരാളം ആളുകൾ വേണ്ടിയിരുന്നു. അതുകൊണ്ട് ഭാര്യമാരെ സ്വീകരിക്കുക കടമയായിരുന്നു. ഭാര്യമാരിലൂടെ ജനതകൾ വർധിക്കേണ്ടിയിരുന്നു. ആ ജനതയിൽ സഭ സൂചിതമാകേണ്ടിയുമിരുന്നു.

എന്നാൽ സകല ജനതകളുടെയും രാജാവ് ജനിച്ചപ്പോൾ, കർതൃമാതാവിൽ കന്യാത്വത്തിന്റെ മഹത്ത്വത്തിന്റെ ആരംഭം കുറിച്ചു. അവൾക്ക് ഒരു മകനുണ്ടാകാനുള്ള ഭാഗ്യം ഉണ്ടായി, അതേസമയം അവളുടെ കന്യാത്വം സംരക്ഷിക്കപ്പെടുകയും ചെയ്തു. അവരുടെ വിവാഹം ശരിയായ വിവാഹമായിരുന്നു, അത് എല്ലാവിധ മാലിന്യങ്ങളിൽ നിന്നും വിമുക്തവുമായിരുന്നു. അപ്പോൾ പിന്നെ അവന്റെ ഭാര്യ ശുദ്ധതയിൽ പ്രസവിച്ചതിനെ എന്തുകൊണ്ട് ഭർത്താവ് ശുദ്ധതയിൽ സ്വീകരിച്ചുകൂടാ? കാരണം അവൾ പാവനയായ ഭാര്യയാ

www.malankaralibrary.com



യിരുന്നതുപോലെ അവനും പരിശുദ്ധനായ ഭർത്താവായിരുന്നു. അവൾ പാവനയായ അമ്മയായിരുന്നുതുപോലെ, അവനും പരിശുദ്ധനായ പിതാവായിരുന്നു. "പിതാക്കന്മാർ ജനിപ്പിക്കുന്നതുപോലെ അല്ല അവനു മകനെ കിട്ടിയത്. അതുകൊണ്ട് അവനെ പിതാവ് എന്നു വിളിക്കാൻ പാടില്ലായിരുന്നു" എന്നു പറയുന്നവർ, സന്താനങ്ങളെ ജനിപ്പിക്കുന്നതിൽ വികാരത്താല്ലലാൽ നയിക്കപ്പെടുന്നവരാണ്; അല്ലാതെ സ്നേഹവികാരത്താലല്ല. മറ്റൊരാൾ ജഡത്തിൽ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നത്, അവർ ആത്മാവിൽ കുറെക്കൂടി ശ്രേഷ്ഠമായ രീതിയിൽ പൂർത്തിയാക്കി. കാരണം, ശാരീരികമായി ജനിപ്പിക്കാൻ കഴിവില്ലാത്തവർ കുട്ടികളെ ദത്തെടുക്കുന്നത് തങ്ങളുടെ ഹൃദയത്തിന്റെ അതീവ ശുദ്ധതയിൽ ജനിപ്പിച്ചുകൊണ്ടാണല്ലോ.

സഹോദരരേ, ദത്തെടുക്കൽ നിയമം പരിശോധിക്കുക; ഒരുവന്റെ ബീജത്തിൽനിന്ന് ഉരുവാകാതെതന്നെ എങ്ങനെ ഒരാൾ അവന്റെ മകനായി തീരുന്നു എന്നതും അവനെ ജനിപ്പിച്ചവനേക്കാൾ അവനെ ദത്തെടുത്തവന്റെ ഇച്ഛയ്ക്കാണ് അവന്റെമേൽ കൂടുതൽ അധികാരം എന്നതും പരിഗണിക്കുക. അപ്പോൾ, പിതാവായിരിക്കുക എന്നത് യൗസേപ്പിന്റെ അവകാശമായിരുന്നു എന്നു മാത്രമല്ല, അവന്റെ പ്രത്യേകാവകാശവുമായിരുന്നു. തങ്ങളുടെ ഭാര്യമാർ അല്ലാത്തവരിൽ നിന്നും പുരുഷന്മാർ മക്കളെ ജനിപ്പിക്കാറുണ്ടല്ലോ; അവരെ സ്വാഭാവികമക്കൾ എന്നു വിളിക്കുന്നു; എന്നാൽ വിവാഹത്തിൽ ജനിക്കുന്ന മക്കൾക്കാണ് മറ്റവരേക്കാൾ സ്ഥാനം. അവരെ ജനിപ്പിച്ച ശാരീരികകർമ്മം സംബന്ധിച്ച്, രണ്ടുപേരും തുല്യരായിട്ടത്രേ ജനിച്ചത്. കൂടുതൽ പാവനമായ സ്നേഹമുള്ള സ്വന്തഭാര്യയിൽനിന്നു ജനിക്കുന്നതിനാലല്ലേ അവളുടെ കുട്ടിക്ക് മറ്റതിനേക്കാൾ സ്ഥാനമുള്ളത്? ഇവിടെ സ്ത്രീപുരുഷബന്ധമല്ല പരിഗണനാർഹം: കാരണം, അതു രണ്ടു സ്ത്രീകളുമായും ഒരുപോലെയാണല്ലോ. സ്വന്തം ഭാര്യ എന്തുകൊണ്ടാണ് ശ്രേഷ്ഠയായിരിക്കുന്നത്? വിശ്വസ്തയായിരിക്കാനുള്ള ആഗ്രഹത്തിൽ, വിവാഹജീവിതത്തോടുള്ള അവളുടെ മനോഭാവത്തിൽ, കൂടുതൽ ആത്മാർത്ഥവും പാവനവുമായ സ്നേഹത്തിനുള്ള കഴിവിൽ! അതുകൊണ്ട്, ലൈംഗികബന്ധം കൂടാതെ തന്റെ ഭാര്യയിൽനിന്ന് മക്കളെ ജനിപ്പിക്കാൻ ഒരുവനു സാധിക്കുമായിരുന്നെങ്കിൽ, താനേറ്റവും സ്നേഹിക്കുന്ന ഭാര്യ കൂടുതൽ ശുദ്ധതയുള്ള സ്ത്രീയാകയാൽ, കൂടുതൽ സന്തോഷത്തോടെ അപ്രകാരം ചെയ്യുമായിരുന്നില്ലേ?

www.malankaralibrary.com



## മത്തായിയെയും ലൂക്കോസിനെയും പൊരുത്തപ്പെടുത്താൻ യൗസേപ്പിന് രണ്ടു പിതാക്കന്മാർ ഉണ്ടായിരുന്നെന്ന് നാം ശരിയായി പറയുന്നു.

**27.** ഒരാൾക്കു രണ്ടുതരം മക്കളുണ്ടാകാം എന്നുമാത്രമല്ല, രണ്ടു പിതാക്കന്മാരും ഉണ്ടാകാം എന്നു നാം പറഞ്ഞതിൽനിന്ന് ഗ്രഹിക്കുക. "ദത്തെടുക്കൽ" എന്ന പദം സൂചിപ്പിച്ചതിനാൽ, ഇതു സാധ്യമാണ് എന്ന് മനസ്സിലാക്കണം. 'ഒരാൾക്കു രണ്ടുതരം മക്കളുണ്ടാകാം, എന്നാൽ രണ്ടുപിതാക്കന്മാർ ഉണ്ടാകാനാവില്ല' എന്നു പറഞ്ഞേക്കാം. മറിച്ച് രണ്ടു പിതാക്കന്മാരും ഉണ്ടാകാൻ കഴിയും എന്നതാണ് സത്യം. തന്റെ ബീജത്താൽ അവനെ ജനിപ്പിച്ച ഒരാൾ, തന്റെ സ്നേഹത്താൽ അവനെ ദത്തെടുത്ത മറ്റൊരാൾ. അതുകൊണ്ട്, ഒരുവന് രണ്ടുപിതാക്കന്മാർ ഉണ്ടാകാൻ കഴിയുമെങ്കിൽ, യൗസേപ്പിനും രണ്ടു പിതാക്കന്മാർ ഉണ്ടായിരുന്നു - അവനെ ജനിപ്പിച്ച ഒരാളും ദത്തെടുത്ത മറ്റൊരാളും.

മത്തായി ഒരു വംശാവലിയും ലൂക്കോസ് മറ്റൊന്നും നൽകുന്നു എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ദോഷൈകദൃക്കുകളുടെ വിമർശനത്തിന് ഈ സാധ്യതയുടെ വെളിച്ചത്തിൽ എന്തടിസ്ഥാനമാണുള്ളത്? വാസ്തവത്തിൽ ഒരാൾ ഒന്നും മറ്റെയാൾ മറ്റൊന്നും ഉപയോഗിച്ചെന്നു നം കാണുന്നു. ഉദാ: യാക്കോബ് യൗസേപ്പിന്റെ പിതാവാണ് എന്ന് മത്തായി പറഞ്ഞു; ഹേലിയാണ് പിതാവ് എന്ന് ലൂക്കോസും. രണ്ടു പേരുള്ള ഒരേ ഒരാളുടെ മകനായിരിക്കാം യൗസേപ്പ് എന്നും വരാം. എന്നാൽ അവർ ഇരുവരും വല്യപ്പന്മാരുടെയും പിതാക്കന്മാരുടെയും പിതാമഹന്മാരുടെയും വ്യത്യസ്ത നാമങ്ങൾ കുറിക്കുന്നതിനാലും ഒരാൾ കൂടുതൽ പേരുകളും മറ്റൊരാൾ കുറച്ചുപേരുകളും സൂചിപ്പിക്കുന്നതിനാലും, യൗസേപ്പിന് രണ്ടു പിതാക്കന്മാർ ഉണ്ടായിരുന്നു എന്നു വ്യക്തമായി കാണിക്കുന്നു.

അങ്ങനെ ഈ പ്രശ്നവും അത് അവതരിപ്പിക്കുന്ന ദുഷ്ടതയും തള്ളിക്കളയാം. ഒരാൾ ജനിപ്പിക്കുകയും അപരൻ ദത്തെടുക്കുകയും ചെയ്യുക സാധ്യമാണെന്ന് വ്യക്തമായി ചൂണ്ടിക്കാണിക്കപ്പെട്ടല്ലോ. ഇവിടെ രണ്ടു പിതാക്കന്മാർ ഉള്ളതിനാൽ, വല്യപ്പന്മാരുടെയും പിതാക്കന്മാരുടെയും പിതാമഹന്മാരുടെയും ആരോഹണക്രമത്തിൽ വ്യത്യസ്ത പിതാക്കന്മാരിൽ നിന്നുവരുന്നതിനാൽ വ്യത്യസ്തമായി കാണപ്പെടുന്നതിൽ അസാധാരണത്വമൊന്നുമില്ല.

www.malankaralibrary.com



## തിരുലിഖിതത്തിലെ ദത്തെടുക്കൽ. വ്യഭിചാരമെന്യേ പൗരാണികർക്ക് എങ്ങനെ ദാസികളുമായി ബന്ധം പുലർത്താൻ കഴിഞ്ഞു.

**28.** ദത്തെടുക്കൽ നമ്മുടെ വിശുദ്ധലിഖിതങ്ങൾക്കു വൈദേശികമാണെന്നും മാനുഷികനിയമത്തിൽ മാത്രമേ ഈ പതിവിനു സ്ഥാനമുള്ളെന്നും ഇത് തിരുലിഖിതവുമായി ഒത്തുപോകാൻ കഴിയാത്തതാണെന്നും നിങ്ങൾ ചിന്തിക്കരുത്. സ്വന്തം ബീജത്തിൽനിന്നു മാത്രമല്ല, ഇച്ഛയുടെ മനോഗുണപ്രവൃത്തിമൂലവും മക്കൾ ജനിക്കാം എന്നത് പൗരാണികകാര്യമാണ്; സഭയുടെ തിരുലിഖിത കാനോനിൽ പൊതുവേ പരാമർശിച്ചിട്ടുള്ളതുമാണ്. ഉദാ. സ്ത്രീകൾപോലും ശിശുരഹിതരായിരുന്നപ്പോൾ, തങ്ങളുടെ ഭർത്താക്കന്മാരുടെ ബീജത്തിൽനിന്ന് ദാസിമാരിൽകൂടി ജനിച്ച മക്കളെ ദത്തെടുത്തിട്ടുണ്ട്. വാസ്തവത്തിൽ, ഈ രീതിയിൽ തങ്ങൾക്കു സന്താനങ്ങളെ നൽകാൻ തങ്ങളുടെ ഭർത്താക്കന്മാരെ അവർ നിർബന്ധിച്ചിട്ടുണ്ട്. സാറായും റാഹേലും ലെയായും ഒക്കെ ഇപ്രകാരം ചെയ്തവരാണ്. അവരെ അനുകൂലിച്ചതിൽ, ഭർത്താക്കന്മാർ വ്യഭിചാരം ചെയ്തില്ല. കാരണം "ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല, ഭർത്താവിനാണ് അധികാരം; അതുപോലെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യയ്ക്കാണ് അധികാരം" എന്ന ശ്ലൈഹികവചനമനുസരിച്ച് (1കൊറി 7,4), ദാമ്പത്യകടപ്രകാരം അവർ തങ്ങളുടെ ഭാര്യമാരെ അനുസരിക്കുക മാത്രമേ ചെയ്തുള്ളു.

എബ്രായസ്ത്രീയിൽ നിന്ന് പിറന്ന മോശയെ നദിയിൽ ഒഴുക്കുകയും അവനെ ഫറവോന്റെ പുത്രി ദത്തെടുക്കുകയും ചെയ്തല്ലോ. ഇപ്പോഴത്തെ നിയമോപാധികളായിരുന്നില്ല അക്കാലത്ത് എന്നതു സത്യം! നിയമം ഇല്ലാത്ത വിജാതീയർ നിയമസംബന്ധമായവ സ്വാഭാവികമായി ചെയ്യുന്നു" എന്നു മറ്റൊരിടത്ത് ശ്ലീഹാ പറയുന്നതുപോലെ (റോമാ 2,14), ഇച്ഛയുടെ സ്വതന്ത്രമായ തെരഞ്ഞെടുപ്പിന് നിയമത്തിന്റെ അധികാരം നൽകപ്പെട്ടിരുന്നു.

തങ്ങൾ പ്രസവിക്കാത്ത ശിശുക്കളെ തങ്ങളുടെ മക്കളാക്കാൻ സ്ത്രീകൾക്ക് അനുവാദം ഉണ്ടായിരുന്നെങ്കിൽ, തങ്ങളുടെ ബീജത്തിൽനിന്ന് തങ്ങൾ ജനിപ്പിക്കാത്ത കുട്ടികളെ പുരുഷന്മാർക്ക് എന്തുകൊണ്ട് ദത്തെടുക്കലിന്റെ സ്നേഹത്തിലൂടെ മക്കളാക്കിക്കൂടാ? വാസ്തവത്തിൽ അനേകം മക്കളുടെ പിതാവായിരുന്ന പൂർവപിതാവായ യാക്കോബ് തന്നെയും യൗസേപ്പിന്റെ പുത്രന്മാരായ തന്റെ

www.malankaralibrary.com



പൗത്രന്മാരെ തന്റെ സ്വന്തം മക്കളാക്കിയത് നാം വായിക്കുന്നുണ്ടല്ലോ: "ഇവർ ഇരുവരും... എന്റേതായിരിക്കും. അവർക്ക് തങ്ങളുടെ സഹോദരങ്ങളോടൊപ്പം നാടു ലഭിക്കും.... ഇനിയും നിനക്കുണ്ടാകുന്നവർ നിന്റേതായിരിക്കും (ഉല്പ 48,5f).

"ദത്തെടുക്കൽ" എന്ന പദം യഥാർത്ഥത്തിൽ വിശുദ്ധ ലിഖിതത്തിൽ കാണുന്നില്ല എന്ന് ഒരുപക്ഷേ ആരെങ്കിലും പറഞ്ഞേക്കാം. താൻ പ്രസവിക്കാത്ത ശിശു തന്റേതാകുന്നതും താൻ ജനിപ്പിക്കാത്ത ശിശു തന്റേതാകുന്നുമായ യാഥാർത്ഥ്യം നിലനില്ക്കെ, വാക്ക് ഉപയോഗിച്ചില്ല എന്നു വാദിക്കുന്നതിൽ വലിയ കഴമ്പില്ല. തന്നെ ജനിപ്പിക്കാത്ത ഒരാളുടെ പുത്രൻ ആകാനും യൗസേപ്പിനു കഴിഞ്ഞു എന്ന് സമ്മതിക്കുന്നെങ്കിൽ, "ദത്തെടുത്തു" എന്ന വാക്ക് ഉപയോഗിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടെങ്കിൽ, എനിക്ക് അതിനെതിരില്ല!

എങ്കിലും പൗലോസ് ശ്ലീഹാ "ദത്തെടുക്കൽ" എന്നപദം തുടർച്ചയായി ഉപയോഗിക്കുന്നു; ഒരു വലിയ രഹസ്യവുമായി ബന്ധപ്പെടുത്തിയാണ് അതിന്റെ ഉപയോഗം! ഉദാ. നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവത്തിന്റെ ഏകജാതനാണ് എന്ന് തിരുലിഖിതം സാക്ഷിക്കുന്നെങ്കിലും, ദിവ്യകൃപയിലൂടെ, ഒരുതരം ദത്തെടുക്കലിലൂടെയാണ്, അവിടുന്ന് സഹോദരങ്ങളും അവകാശികളും ആക്കിത്തീർത്തവർ ആയിത്തീർന്നതെന്ന് അവൻ പറയുന്നു. അവൻ പറയുന്നു: "എന്നാൽ കാലപൂർത്തി വന്നപ്പോൾ, ദൈവം തന്റെ പുത്രനെ അയയ്ക്കുകയും അവൻ സ്ത്രീയിൽനിന്ന് ജനിക്കുകയും നിയമത്തിനു വിധേയനാകുകയും ചെയ്തു. നിയമത്തിന് അധീനരായവരെ വീണ്ടെടുക്കാനും നാം പുത്രസ്വീകാര്യം പ്രാപിക്കാനുമായിരുന്നു അത്" (ഗലാ 4,4f). മറ്റൊരിടത്ത് അവൻ പറയുന്നു:"നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പിനായി പുത്രസ്വീകാര്യത്തെ നോക്കിപ്പാർത്തുകൊണ്ട് നാം നമ്മുടെ ഉള്ളിൽ നെടുവീർപ്പിടുന്നു" (റോമാ 8,23). വീണ്ടും, യഹൂദരെപ്പറ്റി പറയുമ്പോഴും അവൻ പറയുന്നു: "വംശമുറയനുസരിച്ച്, എനിക്കുറ്റവരായ സഹോദരങ്ങൾക്ക് ഉപകരിക്കുമെങ്കിൽ, ശപിക്കപ്പെട്ടവനും ക്രിസ്തുവിൽനിന്നു വിച്ഛേദിക്കപ്പെട്ടവനും ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ഇസ്രായേൽക്കാരാണ്; പുത്രസ്ഥാനവും മഹത്ത്വവും ഉടമ്പടികളും നിയമത്തിന്റെ അവകാശവും ശുശ്രൂഷയും വാഗ്ദാനങ്ങളും അവരുടേതാണ്. പൂർവപിതാക്കന്മാരും അവരുടേത്. ക്രിസ്തുവും വംശമുറയ്ക്ക് അവരിൽനിന്നുള്ളവൻ തന്നെ. അവൻ സർവാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനുമാണ്" (റോമാ 9,3-5). ഉടമ്പടിയും അതിനോടൊപ്പം

www.malankaralibrary.com



അവൻ സൂചിപ്പിക്കുന്ന നിയമം നൽകലും നിലനിന്നതുപോലെ, "ദത്തെടുക്കൽ" എന്ന വാക്കും അതുൾക്കൊള്ളുന്ന യാഥാർത്ഥ്യവും പണ്ട് യഹൂദരുടെ ഇടയിൽ നിലനിന്നിരുന്നു എന്ന് ഇവിടെ അവൻ കാണിക്കുന്നു.

## യഹൂദർക്കു പ്രത്യേകമായ ഒരുതരം പുത്രത്വം. സുവിശേഷകർ നല്കുന്ന കർത്താവിന്റെ വംശാവലി പൊരുത്തപ്പെടുന്നില്ല എന്നതുകൊണ്ട് അതിൽ കള്ളത്തരം ഒന്നുമില്ല.

**29.** അതിനുംപുറമേ, സ്വന്തം ബീജത്തിൽനിന്നു പിറക്കാത്തവൻ മറ്റൊരാളുടെ പുത്രനായി തീരുന്നതിന് യഹൂദർക്ക് തങ്ങളുടേതായ മറ്റൊരുമാർഗം ഉണ്ടായിരുന്നു. മക്കളില്ലാതെ മരിക്കുന്ന ആളിന്റെ ഭാര്യയെ അടുത്തബന്ധു വിവാഹം കഴിച്ച്, മരിച്ചയാളിന്റെ പേരിൽ മക്കളെ ജനിപ്പിക്കുന്നതായിരുന്നു ആ രീതി! ഇങ്ങനെ ജനിക്കുന്നവൻ അവർ ഇരുവരുടെയും – സ്വന്തം ബീജത്തിൽനിന്നുള്ളവന്റെയും ജനനംവഴി പിൻതുടർച്ചയിൽ വരേണ്ടവന്റെയും – മകനായി തീരുന്നു. ഒരാൾക്ക് രണ്ടു പിതാക്കന്മാർ ഉണ്ടാകുക അസാധ്യമാണ് എന്നു ചിന്തിച്ചുകൊണ്ട്, കർതൃവംശാവലി എഴുതിയ ഒരു സുവിശേഷകനോ മറ്റെയാളോ നുണ പറഞ്ഞു എന്ന് ആരോപിക്കാതിരിക്കാനാണ് ഇതൊക്കെ പറഞ്ഞത്. ഇത് ദൈവദൂഷണപരമായ തെറ്റിദ്ധരിപ്പിക്കലായിരിക്കും; പ്രത്യേകിച്ച്, തങ്ങൾ ഉപയോഗിക്കുന്ന വാക്കുകളാൽ തന്നെ ഇതിനെതിരെ അവർ നമുക്കു മുന്നറിയിപ്പു നൽകുന്നതു നാം കാണുമ്പോൾ!

യൗസേപ്പിനെ ജനിപ്പിച്ച പിതാവിനെ സൂചിപ്പിക്കുന്ന മത്തായി "ഇന്നയാൾ ഇന്നയാളെ ജനിപ്പിച്ചു" എന്നു പറഞ്ഞുകൊണ്ട് വിവരിക്കുന്നു. ഇപ്രകാരം, 'യാക്കോബ് യൗസേപ്പിനെ ജനിപ്പിച്ചു' എന്ന് അവസാനം പറയുന്നതിൽ അവൻ എത്തിച്ചേരുന്നു. ലൂക്കോസാകട്ടെ, "ഹേലി യൗസേപ്പിനെ ജനിപ്പിച്ചു" എന്നോ, "ഹേലി ജനിപ്പിച്ച യൗസേപ്പ്" എന്നോ പറയാതെ, "അവൻ ഹേലിയുടെ പുത്രനായിരുന്നു" എന്നത്രേ പറയുക. കാരണം, ദത്തെടുക്കലിലൂടെയോ മരിച്ചയാളുടെ പേരിൽ ഭാര്യയിൽനിന്ന് മറ്റൊരാൾ അയാൾക്കുവേണ്ടി ജനിപ്പിച്ചതിന്റെ പേരിലോ ജനിച്ചയാളെ ശരിയായ അർത്ഥത്തിൽ അവന്റെ പുത്രൻ എന്നു പറയാൻ സാധിക്കയില്ലല്ലോ. യൗസേപ്പ് ഹേലിയുടെ പുത്രനായത് ദത്തെടുക്കലിലൂടെയോ, മരിച്ചുപോയ

www.malankaralibrary.com



അവന്റെ പേരിൽ അവന്റെ അടുത്ത ബന്ധു ജനിപ്പിച്ച് അവന്റെ പിൻഗാമി ആക്കിയതിലൂടെയോ ആയിരിക്കാം.

## എന്തുകൊണ്ടാണ് മറിയത്തിന്റെ വംശാവലി നൽകാതെ യൗസേപ്പിന്റെ വംശാവലി നൽകിയിരിക്കുന്നത്?

**30.** എന്തുകൊണ്ടാണ് വംശാവലി മറിയത്തിലൂടെ രേഖപ്പെടുത്താതെ യൗസേപ്പിലൂടെ രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനെപ്പറ്റിയും അതു നമ്മെ വിഷമിപ്പിക്കേണ്ട കാര്യമില്ല എന്നതിനെപ്പറ്റിയും ആവശ്യംപോലെ പറഞ്ഞുകഴിഞ്ഞു. അവൾ ശാരീരികദുരാശയില്ലാത്ത അമ്മയായിരുന്നതുപോലെ, അവൻ ശാരീരികബന്ധം കൂടാത്ത പിതാവായിരുന്നു. അവനിലൂടെ തലമുറകൾ ഇറങ്ങുകയും കയറുകയും ചെയ്യട്ടെ! അവന് ജഡികാഗ്രഹം ഇല്ലാതിരുന്നു എന്ന കാരണത്താൽ മാത്രം, അവനെ നാം ഒഴിവാക്കേണ്ട. മറിച്ച്, അവന്റെ വലിയ ശുദ്ധത അവന്റെ പിതൃത്വം ഉറപ്പിക്കട്ടെ. അല്ലെങ്കിൽ വിശുദ്ധ മറിയംതന്നെ നമ്മെ കുറ്റപ്പെടുത്തും. എന്തുകൊണ്ടെന്നാൽ അവൾ തന്റെ ഭർത്താവിനു മുമ്പേ തന്റെ പേര് ഉച്ചരിക്കയില്ല. പിന്നെയോ, "നിന്റെ പിതാവും ഞാനും സങ്കടപൂർവം നിന്നെതേടുകയായിരുന്നു" എന്നത്രേ പറഞ്ഞത്. അതുകൊണ്ട് ഈ പാവന ദമ്പതികൾ ചെയ്യാതിരുന്നത്, തെറ്റുകണ്ടുപിടിക്കുന്ന ഈ ദുഷിച്ച മനുഷ്യർ ചെയ്യാതിരിക്കട്ടെ! അതുകൊണ്ട് നമുക്ക് യൗസേപ്പിലൂടെ എണ്ണാം; കാരണം, ശുദ്ധതയിൽ ഭർത്താവായിരുന്നതുപോലെ, അവൻ ശുദ്ധതയിൽ ഒരു പിതാവായിരുന്നു. വാസ്തവത്തിൽ ദൈവികനിയമവും സ്വാഭാവിക നിയമവുമനുസരിച്ച്, നമുക്ക് സ്ത്രീയേക്കാൾ പുരുഷന് മുൻഗണന നൽകാം. കാരണം, നാം അവനെ മാറ്റിനിർത്തിയിട്ട് അവളെ അവന്റെ സ്ഥാനത്തു നിർത്തിയാൽ, "നിങ്ങൾ എന്തുകൊണ്ട് എന്നെ വെട്ടിമാറ്റി? എന്തുകൊണ്ട് എന്നിലൂടെ തലമുറകൾ കയറുകയും ഇറങ്ങുകയും ചെയ്തുകൂടാ?" എന്ന് ശരിയായി അവൻ ചോദിക്കും. 'നിന്റെ ശാരീരിക കർമത്തിലൂടെ നീ പിതാവല്ല' എന്ന് അവനോട് നാം പറയണമോ? എങ്കിൽ നിശ്ചയമായും അവൻ ഇങ്ങനെ പ്രത്യുത്തരിക്കും: "തന്റെ ശാരീരിക കർമത്തിലൂടെ അവൾ അമ്മയാണോ? പരിശുദ്ധാത്മാവ് ഞങ്ങൾ ഇരുവരിലും ഒരുപോലെയാണ് പ്രവർത്തിച്ചത്".

"നീതിമാൻ ആയിരുന്നതിനാൽ" എന്നു നാം വായിക്കുന്നു. അതുകൊണ്ട്, നീതിമാനായ ഒരു പുരുഷനും നീതിനിഷ്ഠയുള്ള ഒരു സ്ത്രീയും! ഇരുവരുടെയും നീതിയിൽ സംപ്രീതനായ പരിശുദ്ധാ

www.malankaralibrary.com



ത്മാവ് അവർക്കിരുവർക്കും ഒരു പുത്രനെ നൽകി. എന്നാൽ പ്രസവിക്കുന്നത് സ്വാഭാവികമായിരിക്കുന്ന ലിംഗത്തിൽ, ഭർത്താവിനും ഒരു പുത്രൻ ജനിക്കത്തക്കവിധം അവിടുന്ന് സജ്ജമാക്കി. അതുകൊണ്ട് ശിശുവിന് ഒരു നാമം നൽകാൻ മാലാഖ ഇരുവരോടും കല്പിച്ചു; ഇപ്രകാരം, ഇരുവരുടെയും അധികാരം ഉറപ്പിക്കപ്പെട്ടു. അതുപോലെ, സക്കറിയാ ഊമനായിരുന്നപ്പോൾ ജനിച്ച ശിശുവിന് ഒരു നാമം നൽകാൻ അമ്മ ആഗ്രഹിച്ചു. ശിശുവിന് എന്തു നാമം നൽകണം എന്ന് സന്നിഹിതരായിരുന്നവർ അവനോട് ആംഗ്യം കാണിച്ചു ചോദിച്ചപ്പോൾ, അവൻ ഒരെഴുത്തുപലക എടുത്ത് അവൾ പറഞ്ഞതുതന്നെ എഴുതി. മറിയത്തോട് ഇപ്രകാരം മാലാഖ പറഞ്ഞു: "നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം" (ലൂക്കാ 1,31). യൗസേപ്പിനോടും ഇപ്രകാരം പറഞ്ഞു: "ദാവീദിന്റെ പുത്രനായ യൗസേപ്പേ, നിന്റെ ഭാര്യയായ മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ അവളിൽ ഉരുവായിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു ശിശുവിനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും" (മത്താ 1,20f). അവൾ അവന് ഒരു പുത്രനെ പ്രസവിച്ചു എന്നും പറഞ്ഞിരിക്കുന്നു. ഇവിടെ നമുക്ക് അവന്റെ പിതൃത്വത്തെപ്പറ്റിയുള്ള ഉറപ്പ് നിശ്ചയമായും കാണാം; എന്നാൽ ശാരീരികമായിട്ടല്ല, സ്നേഹത്തിൽ. അതുകൊണ്ട്, അവൻ പിതാവായിരിക്കുന്നതുപോലെ, അവനെ പിതാവായി നമുക്കു സ്വീകരിക്കാം.

അബ്രഹാം മുതൽ ക്രിസ്തുവരെ മത്തായി അവരോഹണക്രമത്തിലും ക്രിസ്തുമുതൽ അബ്രഹാമിലൂടെ ദൈവംവരെ ലൂക്കോസ് ആരോഹണക്രമത്തിലും വളരെ ശ്രദ്ധയോടും വിജ്ഞാനത്തോടും കൂടെ അവനിലൂടെ തലമുറകൾ എണ്ണുന്നു. ഒരാൾ ആരോഹണക്രമത്തിലും അപരൻ അവരോഹണക്രമത്തിലും - ഇരുവരും യൗസേപ്പിലൂടെ - എണ്ണുന്നു. എന്തുകൊണ്ട്? അവൻ പിതാവായിരുന്നതുകൊണ്ട്. അവൻ എന്തുകൊണ്ട് പിതാവായി? കാരണം, കൂടുതൽ സ്പഷ്ടമായും കൂടുതൽ പാവനമായും അവൻ ഒരു പിതാവായിരുന്നു. അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായി കരുതപ്പെട്ടിരുന്നു എന്നത് മറ്റൊരുതരത്തിൽ ശരിയാണ്; അതായത്, ജഡികമായി മക്കളെ ജനിപ്പിച്ച് പുരുഷന്മാർ സാധാരണയായി പിതാക്കന്മാർ ആയിരിക്കുന്നതുപോലെ; അല്ലാതെ, ആത്മാവിലുള്ള സ്നേഹത്തിലൂടെ മാത്രം ജനിപ്പിച്ചതുകൊണ്ടല്ല. "അവൻ

www.malankaralibrary.com



യേശുവിന്റെ പിതാവായി കരുതപ്പെട്ടിരുന്നു" എന്ന് ലൂക്കോസും പറയുന്നു (3,23). എന്തുകൊണ്ടാണ് "കരുതപ്പെട്ടിരുന്നത്?" കാരണം, സാധാരണ മനുഷ്യരെപ്പോലെ ആയിരിക്കുമെന്ന് മനുഷ്യർ ചിന്തിക്കുകയും കരുതുകയും ചെയ്തു. ആളുകൾ അപ്രകാരം ചിന്തിച്ചെങ്കിലും, കർത്താവ് യൗസേപ്പിന്റെ ബീജത്തിൽ നിന്നുള്ളവനായിരുന്നില്ല. എന്നാൽ യൗസേപ്പിന്റെ ഭക്തിക്കും സ്നേഹത്തിനുമായി കന്യകാമറിയത്തിൽ നിന്ന് ഒരു പുത്രൻ ജനിച്ചു - അവൻ ദൈവപുത്രനുമായിരുന്നു.

## എന്തുകൊണ്ടാണ് മത്തായി അവരോഹണക്രമത്തിലും ലൂക്കോസ് ആരോഹണക്രമത്തിലും എണ്ണുന്നത്?

**31.** എന്നാൽ ഒരിടത്ത് ആരോഹണക്രമത്തിലും മറ്റൊരിടത്ത് അവരോഹണക്രമത്തിലും എന്തുകൊണ്ടാണ് എണ്ണമുള്ളത്? നമ്മെ സഹായിക്കുക ഉചിതമെന്ന് കർത്താവു കാണുന്നതിനാൽ, ഇതു ശ്രദ്ധാപൂർവം കേൾക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു; ഇപ്പോൾ നിങ്ങളുടെ മനസ്സ് സ്വസ്ഥമാണ്; ദുരാരോപണങ്ങളുന്നയിച്ച് തൃപ്തിയടയേണ്ട കാര്യമില്ല. അബ്രഹാമിന്റെ സന്താനത്തിലൂടെ സകല ജനങ്ങളും അനുഗ്രഹിക്കപ്പെടാനായി, നമ്മുടെ പാപങ്ങൾ വഹിക്കാൻ നമ്മുടെ കർത്താവായ യേശുക്രിസ്തു ഇറങ്ങിവരുന്നതിനെ സൂചിപ്പിക്കാനായി, മത്തായി അവന്റെ വംശാവലി അവരോഹണക്രമത്തിൽ നൽകുന്നു. അതുകൊണ്ട് അവൻ ആദംമുതൽ തുടങ്ങുന്നില്ല; കാരണം, മനുഷ്യകുലം മുഴുവൻ അവനിൽ നിന്നാണല്ലോ. നോഹയിൽനിന്നും തുടങ്ങുന്നില്ല, കാരണം പ്രളയാനന്തരം അവന്റെ കുടുംബത്തിൽ നിന്നാണല്ലോ മനുഷ്യകുലം മുഴുവൻ ഉണ്ടായത്. എല്ലാ മനുഷ്യരും ആരിൽനിന്നു പിറന്നുവോ ആ ആദത്തിൽനിന്നു പിറന്നവൻ എന്ന നിലയിലും വീണ്ടും എല്ലാ മനുഷ്യരും ആരിൽനിന്നു പിറന്നുവോ ആ നോഹയിൽ നിന്ന് ഉത്ഭവിച്ചവൻ എന്ന നിലയിലും അല്ല. പിന്നെയോ, ലോകം മുഴുവൻ മനുഷ്യരെ കൊണ്ടു നിറഞ്ഞിരുന്ന കാലത്ത്, തന്റെ സന്തതിയിൽ എല്ലാജനതകളും അനുഗ്രഹിക്കപ്പെടുന്നതിന് തെരഞ്ഞെടുക്കപ്പെട്ട അബ്രഹാമിൽ നിന്നു ജനിച്ചവൻ എന്ന നിലയിലത്രേ ക്രിസ്തു എന്ന മനുഷ്യൻ പ്രവചനപൂർത്തീകരണത്തിൽ ശുശ്രൂഷ ചെയ്തത്.

മറിച്ച്, ലൂക്കോസ് ആരോഹണക്രമമാണു നൽകുന്നത്. ആരംഭത്തിൽ, കർത്താവിന്റെ ജനനത്തിൽതന്നെ അവൻ വംശാവലി

www.malankaralibrary.com



നൽകാതെ, യോഹന്നാനിൽ നിന്നുള്ള അവിടുത്തെ സ്നാനം വിവരിക്കുന്നിടത്താണ് നൽകുക. കാരണം, തന്റെ മനുഷ്യാവതാരത്തിൽ, മനുഷ്യകുലത്തിന്റെ പാപങ്ങൾ വഹിക്കാനായി, കർത്താവ് അവ തന്റെമേൽ വഹിച്ചതുപോലെ, അവയ്ക്കു പരിഹാരം ചെയ്യാൻ തന്റെ സ്നാനത്തിന്റെ സമർപ്പണത്തിലും അവൻ അവ എടുക്കുന്നു.

അതുകൊണ്ട് നമ്മുടെ പാപങ്ങൾ വഹിക്കാനായി അവിടുന്ന് ഇറങ്ങിയതിനെ സൂചിപ്പിച്ചുകൊണ്ട് ഒരാൾ അവരോഹണക്രമത്തിൽ വംശാവലി രേഖപ്പെടുത്തുന്നു. മറ്റെയാളാകട്ടെ, തന്റേതല്ല, നമ്മുടെ പാപങ്ങളുടെ പരിഹാരം സൂചിപ്പിച്ചുകൊണ്ട് ആരോഹണക്രമത്തിൽ നൽകുന്നു. ഒരാൾ സോളമനിലൂടെ താഴേക്കു വരുന്നു. അവന്റെ അമ്മയിലൂടെയാണല്ലോ ദാവീദ് പാപം ചെയ്തത്. മറ്റെയാൾ, ദാവീദിന്റെ മറ്റൊരു മകനായ നാഥാനിലൂടെ മുകളിലേക്കു കയറുന്നു. അവനിലൂടെയാണല്ലോ അവൻ തന്റെ പാപത്തിൽനിന്ന് ശുദ്ധീകരിക്കപ്പെട്ടത്. കാരണം, അവന്റെ കുറ്റം ചൂണ്ടിക്കാണിക്കാനും പ്രായശ്ചിത്തം ചെയ്ത് അവനെ വീണ്ടെടുക്കാനും നാഥാൻ അയയ്ക്കപ്പെട്ടെന്നു നാം വായിക്കുന്നു (2 സാമു 12).

ഒരാൾ ആരോഹണക്രമത്തിലും മറ്റെയാൾ അവരോഹണക്രമത്തിലുമായി ഇരുവരും ദാവീദിൽ സന്ധിക്കുന്നു. അവിടെ നിന്ന് അബ്രഹാം വരെ, അഥവാ അബ്രഹാംമുതൽ ദാവീദുവരെ, തലമുറകളുടെ എണ്ണത്തിൽ രണ്ടിടത്തും വ്യത്യാസമില്ല! ഇപ്രകാരം, ദാവീദിന്റെ പുത്രനും അബ്രഹാമിന്റെ പുത്രനുമായ ക്രിസ്തു ദൈവത്തിലേക്കു കരേറുന്നു. നാമും അതുപോലെ, സ്നാനത്തിൽ നവീകരിക്കപ്പെട്ട് നമ്മുടെ പാപങ്ങളുടെ മോചനത്തിലൂടെ ദൈവത്തിലേക്ക് തിരികെ കൊണ്ടുവരപ്പെടണം.

## കർത്താവിന്റെ തലമുറകളിൽ നാല്പത് എന്ന സംഖ്യയ്ക്കുള്ള സ്ഥാനം

**32.** മത്തായി കുറിക്കുന്ന തലമുറകളിൽ നിശ്ചയമായും നാല്പത് എന്ന സംഖ്യ ഉയർന്നു നില്ക്കുന്നു. നേരത്തെ നടപ്പിലിരിക്കുന്ന സംഖ്യകൾ അവതരിപ്പിക്കുമ്പോൾ, കണക്കിൽ കവിഞ്ഞ ഇനങ്ങൾ ചിലപ്പോൾ വിട്ടുകളയുക എന്നത് തിരുലിഖിതത്തിന്റെ സാധാരണ രീതിയാണ്. ഉദാ. ഇസ്രായേൽക്കാർ യഥാർത്ഥത്തിൽ നാനൂറ്റിമുപ്പതു വർഷം ഈജിപ്തിൽ കഴിഞ്ഞെങ്കിലും, അത് നാനൂറ് വർഷമാണ് എന്ന് പറഞ്ഞിരിക്കുന്നു. അതുപോലെ നാല്പത് എന്ന സംഖ്യ

www.malankaralibrary.com



കടക്കുന്ന ഒരു തലമുറ ഈ സംഖ്യയുടെ പ്രാധാന്യം ഇല്ലാതാക്കുന്നില്ല.

ഈ സംഖ്യയെ സംബന്ധിച്ച്: നമ്മൾ കർത്താവിൽനിന്ന് അകന്നിരിക്കുന്ന ഈ ഭൗമികകാലത്തിലെ അധ്വാനപൂർണ്ണമായ ജീവിതത്തെ ഇതു സൂചിപ്പിക്കുന്നു; സത്യം പ്രസംഗിക്കാനുള്ള സംവിധാനം ഈ സമയത്ത് ആവശ്യമാണ്. കൂടാതെ, പത്ത് എന്ന സംഖ്യ സന്തുഷ്ടിയുടെ പൂർണതയെ സൂചിപ്പിക്കുന്നു. അതിനെ നാലുകൊണ്ട് ഗുണിക്കുമ്പോൾ, നാല്പത് എന്ന സംഖ്യ കിട്ടുന്നു. കാലത്തെ നാലായിട്ടും ലോകത്തെ നാലു ഭാഗങ്ങളായിട്ടുമാണല്ലോ വിഭജിച്ചിരിക്കുന്നത്. ഇതുകൊണ്ടാണ് മോശയും ഏലിയായും നമ്മുടെ കർത്താവേശുക്രിസ്തു എന്ന മധ്യസ്ഥൻ തന്നെയും നാല്പതുദിവസം ഉപവസിച്ചത്; കാരണം, ഈ കാലികജീവിതത്തിൽ ശാരീരിക പ്രലോഭനങ്ങളെ നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. ഇസ്രായേൽ ജനവും നാല്പതുവർഷം മരുഭൂമിയിൽ അലഞ്ഞുനടന്നു. ജലപ്രളയം നാല്പതുദിവസമായിരുന്നു; ഉത്ഥാനംചെയ്ത തന്റെ ശരീരത്തിന്റെ യാഥാർത്ഥ്യത്തെപ്പറ്റി ബോധ്യപ്പെടുത്തിക്കൊണ്ട്, ഉത്ഥാനാനന്തരം കർത്താവ് നാല്പതുദിവസം തന്റെ ശിഷ്യരോടൊത്തു കഴിഞ്ഞു. നാം കർത്താവിൽനിന്ന് അകന്നിരിക്കുന്ന ഈ ജീവിതത്തിൽ, കർതൃശരീരത്തിന്റെ അനുസ്മരണം നാം നടത്തണം എന്ന് അവൻ ഇവിടെ സൂചിപ്പിക്കുന്നു. തന്റെ വരവുവരെ സഭയിൽ നാം അതാണല്ലോ ചെയ്യുന്നത്. നേരത്തെ പറഞ്ഞതുപോലെ, നാല്പത് എന്ന സംഖ്യ മിസ്റ്റിക്കലായി ഇത് അറിയിക്കുന്നു.

നമ്മുടെ കർത്താവ് നമ്മുടെ പാപങ്ങളെപ്രതി കയ്യാളിക്കപ്പെടാനും നമ്മുടെ നീതീകരണത്തിനായി ഉത്ഥാനം ചെയ്യാനും വേണ്ടി ഈ ജീവിതത്തിലേക്കു താണിറങ്ങിവരികയും വചനം മാംസമാകുകയും ചെയ്തതിനാൽ, മത്തായി നാല്പത് എന്ന സംഖ്യ സ്വീകരിച്ചു. നാല്പത് എന്ന സംഖ്യയെ അവിടെ കവിഞ്ഞ ഒരു തലമുറ അതിന്റെ പൂർണതയെ തടയുന്നില്ല. ആ മുപ്പതു വർഷം നാനൂറ് എന്ന സംഖ്യയുടെ പൂർണതയെ കുറയ്ക്കുന്നില്ലല്ലോ. അഥവാ, അതിന് ഈ അർത്ഥം കൂടി കാണും. നാല്പത്തിരണ്ട് എന്ന നമ്പരുള്ള കർത്താവുതന്നെയും നമ്മുടെ പാപങ്ങൾ വഹിക്കാൻ ഈ ജീവിതത്തിലേക്ക് ഇറങ്ങിവന്നു. എന്നാൽ തന്റെ പ്രത്യേകവും അനന്യവുമായ ശ്രേഷ്ഠതയിൽ, അവിടുന്ന് ദൈവവും മനുഷ്യനുമാകയാൽ ഈ ജീവിതത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നു എന്ന രീതിയിലായിരുന്നു അത്! കാരണം, വചനം മാംസമായി എന്ന് അവനെ

www.malankaralibrary.com



പറ്റി മാത്രമാണ് പറയപ്പെട്ടിരിക്കുന്നത്. ഭൂതകാലത്തൊന്നും ഇപ്രകാരം പറയാൻ കഴിഞ്ഞില്ല. തന്റെ വിജ്ഞാനവും നീതിയും എത്ര പരിപൂർണമായിരുന്നാലും ഭാവിയിലും യാതൊരു വിശുദ്ധനെപ്പറ്റിയും പറയാനാവില്ല.

## ലൂക്കോസ് എന്തുകൊണ്ടാണ് എഴുപത്തിയേഴ് തലമുറകളെ എണ്ണുന്നത്?

**33.** എന്നാൽ കർത്താവിന്റെ സ്നാനത്തിൽനിന്ന് ആരംഭം കുറിക്കുന്ന ലൂക്കോസാകട്ടെ, തന്റെ വംശാവലിയിൽ ആരോഹണക്രമമാണ് സ്വീകരിച്ചിരിക്കുന്നത്. എഴുപത്തിയേഴ് എന്ന സംഖ്യകൊണ്ട് അതു പൂർത്തിയാക്കുന്നു. അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽനിന്ന് യൗസേപ്പിലൂടെ മുകളിലേക്ക് എണ്ണി, ആദത്തിലൂടെ ദൈവത്തിൽ എത്തിച്ചേരുന്നു. സ്നാനത്തിലൂടെ കൈവരുന്ന പാപമോചനം ഈ നമ്പരിലൂടെ സൂചിതമാണ് എന്നതത്രേ ഇതിന്റെ കാരണം. സ്നാനത്തിലൂടെ കർത്താവിന് എന്തെങ്കിലും പൊറുക്കപ്പെടേണ്ടതായിട്ടുണ്ടായിരുന്നു എന്നല്ല; പിന്നെയോ, വിനീതമായി അതിനു വിധേയമാകുന്നതിലൂടെ അതിന്റെ പ്രയോജനം അവിടുന്ന് നമുക്ക് ശുപാർശ ചെയ്യുകയായിരുന്നു. അത് യോഹന്നാന്റെ സ്നാനം മാത്രമായിരുന്നു എങ്കിലും, പിതാവും പുത്രനും പരിശുദ്ധാത്മാവുമയ ത്രിത്വം ഇന്ദ്രിയഗോചരമാംവിധം അതിൽ കാണപ്പെട്ടു; ക്രിസ്ത്യാനികൾ സ്നാനപ്പെടാനുള്ള ക്രിസ്തുവിന്റെ സ്നാനം തന്നെ ഇപ്രകാരം പവിത്രീകരിക്കപ്പെട്ടു: സ്വർഗത്തിൽനിന്നു വന്ന സ്വരത്തിലൂടെ പിതാവ്; മധ്യസ്ഥൻ എന്ന നിലയിൽ പുത്രൻ; പ്രാവിൽ പരിശുദ്ധാത്മാവും.

## എഴുപത്തിയേഴ് എന്ന സംഖ്യയുടെ അർത്ഥം

**34.** സ്നാനത്തിൽ ക്ഷമിക്കപ്പെടുന്ന എല്ലാ പാപങ്ങൾക്കുംവേണ്ടി എഴുപത്തിയേഴ് എന്ന നമ്പർ നിലകൊള്ളുന്നത് എന്തുകൊണ്ടാണ്? താഴെപ്പറയുന്നതായിരിക്കാം മിക്കവാറും അതിനുള്ള വിശദീകരണം: ഏഴ് എന്ന സംഖ്യ സൃഷ്ടികളെ കുറിക്കുന്നു. മൂന്ന് ത്രിത്വത്തെ. സൃഷ്ടികൾ തങ്ങളുടെ സ്രഷ്ടാവായ ത്രിത്വത്തോടു പറ്റിച്ചേരുമ്പോൾ കിട്ടുന്ന പത്ത് എന്ന സംഖ്യ നീതിയുടെയും സന്തുഷ്ടിയുടെയും പൂർണതയെ കുറിക്കുന്നു. അപ്പോൾ, നിയമത്തിലെ പത്തു കല്പനകൾ, ദൈവികശാസ്സനകൾ പത്തിലാക്കി നൽകിയിരിക്കുന്നു.

www.malankaralibrary.com



പത്തിനെ മറികടക്കുന്നത് പതിനൊന്നുകൊണ്ട് സൂചിതമാണ്; പാപം എന്നാൽ മനുഷ്യൻ നീതിയുടെ നിയമത്തെ മറികടക്കുന്ന, അതിനപ്പുറം പോകുന്ന, ലംഘനമായി മനസ്സിലാക്കാം. ഇതുകൊണ്ടുകൂടിയാണ് ശ്ലീഹാ ദ്രവ്യാഗ്രഹത്തെ എല്ലാ തിന്മകളുടെയും വേര് എന്നു വിളിക്കുന്നത്. പാപത്തിന്റെ വ്യഭിചാരത്തിലൂടെ കർത്താവിൽ നിന്ന് അകലുന്ന ആത്മാവിനോട് കർത്താവു പറയുന്നതായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "എന്നെ ഉപേക്ഷിച്ചാൽ നിനക്ക് എന്തോ കൂടുതൽ ലഭിക്കും എന്ന് നീ പ്രതീക്ഷിച്ചിരുന്നു".

പാപി തന്റെ സ്വന്തം സംതൃപ്തി കാംക്ഷിക്കുന്നതിനാൽ, ലംഘനം, നടത്തുന്നു. അതായത് തന്നിലേക്കു തന്നെ തിരിയുക എന്ന പാപം. ഇക്കാരണത്താലും, യേശുക്രിസ്തുവിന്റെ കാര്യം അന്വേഷിക്കാതെ, സ്വന്തം കാര്യം അന്വേഷിക്കുന്നവർ കുറ്റപ്പെടുത്തപ്പെടുന്നു; സ്വന്തം കാര്യം അന്വേഷിക്കാത്ത സ്നേഹം പ്രകീർത്തിക്കപ്പെടുന്നു. അതുകൊണ്ട്, ലംഘനം സൂചിപ്പിക്കുന്ന പതിനൊന്ന് ഗുണിക്കപ്പെടുന്നു; പത്തുകൊണ്ടല്ല, ഏഴുകൊണ്ട്. അതിന്റെ ഗുണനഫലം എഴുപത്തേഴാണ്. ലംഘനത്തിൽ സ്രഷ്ടാവായ ത്രിത്വം ഉൾപ്പെടുന്നില്ല. പിന്നെയോ, സൃഷ്ടിമാത്രമാണ്; അതായത്, മനുഷ്യൻതന്നെ. ഏഴ് എന്ന സംഖ്യ ഈ സൃഷ്ടിയെ സൂചിപ്പിക്കുന്നു: ആത്മാവുനിമിത്തം മൂന്ന്: സ്രഷ്ടാവായ ത്രിത്വത്തിന്റെ ഒരുതരം ഛായ അതിലുണ്ടല്ലോ. തന്റെ ആത്മാവിൽ മനുഷ്യൻ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണല്ലോ. ശരീരം നിമിത്തം നാല്: ശരീരം നിർമിതമായിരിക്കുന്ന നാല് ഘടകങ്ങൾ എല്ലാവർക്കും അറിവുള്ളതാണല്ലോ. ആർക്കെങ്കിലും അവയെപ്പറ്റി അറിവില്ലെങ്കിൽ, നമ്മുടെ ശരീരങ്ങൾ ചരിക്കുന്ന ലോകത്തിനുതന്നെ നാല് പ്രധാനഭാഗങ്ങൾ ഉണ്ട് എന്ന് അവന് എളുപ്പം കാണാനാകും. തുടരെത്തുടരെ അവയെപ്പറ്റി തിരുലിഖിതവും സൂചിപ്പിക്കുന്നു: കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക്.

പാപം ചെയ്യുന്നത് ആത്മാവിനാലാകാം; ഉദാ. ഇച്ഛയിൽമാത്രം. ശാരീരികപ്രവൃത്തികൾ കൊണ്ടുകൂടിയുമാകാം. അപ്പോളത് ദൃശ്യമാകും. അതുകൊണ്ട് ദൈവം ഭീഷണിപ്പെടുത്തി പറയുന്നതായി ആമോസ് പ്രവാചകൻ തുടർച്ചയായി സൂചിപ്പിക്കുന്നു. "മൂന്നും നാലും അഭക്തി നിമിത്തം ഞാൻ പിൻവലിക്കുകയില്ല". അതായത്, ഞാൻ ശിക്ഷിക്കാതിരിക്കുകയില്ല! മൂന്ന്, ആത്മാവിന്റെ സ്വഭാവത്തിനും നാല് ശരീരത്തിന്റെ സ്വഭാവത്തിനും നിലകൊള്ളുന്നു. ഇവ രണ്ടും കൊണ്ടാണ് മനുഷ്യൻ.

www.malankaralibrary.com



## തിരുലിഖിതം എങ്ങനെ വായിക്കണം

**35.** തദനുസൃതം ഏഴു പ്രാവശ്യം പതിനൊന്ന് എന്നത്, പാപി തന്നിലേക്കു മാത്രം തിരിഞ്ഞ് നീതിയുടെ ലംഘനം നടത്തുന്നതിനെ സൂചിപ്പിച്ചുകൊണ്ട് സംഖ്യ എഴുപത്തിയേഴാക്കുന്നു. സ്നാനത്തിൽ മോചിക്കപ്പെടുന്ന എല്ലാ പാപങ്ങളും ഇത് ഉൾക്കൊള്ളുന്നു എന്ന താണ് അതിനർത്ഥം. എല്ലാ പാപങ്ങളുടെയും മോചനത്തിലൂടെ മനുഷ്യൻ ദൈവവുമായി അനുരഞ്ജനപ്പെടുന്നു എന്നു കാണിച്ചു കൊണ്ട്, എഴുപത്തിയേഴു തലമുറകളിലൂടെ ദൈവത്തിലേക്ക് ലൂക്കോസ് ആരോഹണം ചെയ്യുന്നത് ഇതുകൊണ്ടാണ്. അതു കൊണ്ട് എത്രപ്രാവശ്യം ഒരു സഹോദരനോടു ക്ഷമിക്കണം എന്നു ചോദിച്ച പത്രോസിനോട് കർത്താവു തന്നെ പറയുന്നു: ഏഴു പ്രാവശ്യം എന്നല്ല, എഴുപത്തിയേഴുപ്രാവശ്യം വരെ എന്ന് ഞാൻ നിന്നോടു പറയുന്നു.

ദൈവികരഹസ്യങ്ങളിലെ ഈ നിഗൂഢനിക്ഷേപങ്ങളെ സംബന്ധിച്ച് ഇനിയും പറയാനുള്ളതൊക്കെ നമ്മേക്കാൾ ബുദ്ധിശാലികളും യോഗ്യരുമായവർ വെളിച്ചത്തു കൊണ്ടുവരട്ടെ. കർത്താവു നമ്മെ സഹായിച്ച് നിവേശിപ്പിച്ചതനുസരിച്ചും സമയം അനുവദിച്ച തനുസരിച്ചും നമ്മുടെ കഴിവിനനുസൃതമായി ഈ വിഷയത്തെ കുറിച്ച് നാം സംസാരിച്ചു. ഇതേപ്പറ്റി കൂടുതൽ ആഴമായ ഗ്രാഹ്യമുള്ളവർ ആരെങ്കിലും നിങ്ങളുടെ ഇടയിൽ ഉണ്ടെങ്കിൽ, നമുക്കു ഗ്രഹിക്കാനും പറയാനും കഴിഞ്ഞത് ആരിൽ നിന്നാണോ, അവന്റെ വാതിൽക്കൽ അവൻ മുട്ടട്ടെ. എന്നാൽ മറ്റെല്ലാറ്റിനുംമുമ്പ് ഇത് ഓർത്തുകൊള്ളണം: നിങ്ങൾക്ക് ഇപ്പോഴും മനസ്സിലാകാത്ത തിരുലിഖിതസംഗതികളെ സംബന്ധിച്ച് നിങ്ങൾ ചഞ്ചലചിത്തരാകരുത്, നിങ്ങൾക്കു മനസ്സിലാകുമ്പോൾ, അഹങ്കരിക്കരുത്; നിങ്ങൾക്കു മനസ്സിലാകാത്തത്, ബഹുമാനപൂർവം കൈകാര്യം ചെയ്ത് ക്ഷമാപൂർവം വർത്തിക്കുക. നിങ്ങൾക്കു മനസ്സിലാകുന്നതിൽ സന്തോഷിച്ച് മുറുകെ പിടിക്കുക.

www.malankaralibrary.com



2

# ക്രിസ്മസ്

## നമ്മുടെ കർത്താവിന്റെ ജന്മദിനം

### ലൗകിക ജ്ഞാനികൾക്ക് മനുഷ്യാവതാരരഹസ്യം ഒന്നുമല്ല

ഇന്ന് നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ ജന്മദിനമാണ്. ഭൂമിയിൽനിന്ന് സത്യം മുളച്ചു വരികയും (സങ്കീ 85,11) നമ്മുടെ ദിവസത്തിനു വെളിച്ചം പകരാൻ ദിവസത്തിൽ നിന്നുള്ള ദിവസം ജനിക്കുകയും ചെയ്ത ദിവസത്തിന്റെ വാർഷികമാണിത്. നാം ആഘോഷിക്കേണ്ട ഒരു ദിവസമാണിത്. "നമുക്കിതിൽ സന്തോഷിച്ച് ഉല്ലസിക്കാം" (സങ്കീ 118,24). എളിമയുടെ ഈ മഹോന്നതകർമം പ്രദാനം ചെയ്തത് നമുക്കു പകർന്നുതരാൻ നമ്മുടെ ക്രിസ്തീയ വിശ്വാസത്തിനു മാത്രമേ കഴിയൂ. ഇത് പൂർണമായും അവിശ്വാസികളുടെ ധാരണയ്ക്കുപരിസ്ഥമാണ്; കാരണം, "ദൈവം ഇവ ജ്ഞാനികളിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയിരിക്കുന്നു" (മത്താ11,25). അതുകൊണ്ട്, വിനീതർ ദൈവത്തിന്റെ വിനയം തങ്ങളുടെ സ്വന്തമാക്കട്ടെ. ഇതുപോലുള്ള സഹായത്താൽ തങ്ങളുടെ ബലഹീനത വഹിച്ചുകൊണ്ട്, അവർ ദൈവത്തിന്റെ ഔന്നത്യത്തിൽ എത്തിച്ചേരും.

ഒരു നിമിഷം മുമ്പ് സൂചിപ്പിച്ച "ജ്ഞാനികളും വിവേകികളും" ദൈവത്തിന്റെ മഹോന്നതകാര്യങ്ങൾ മാത്രമേ അന്വേഷിക്കാറുള്ളു; അവർ താഴ്ന്ന കാര്യങ്ങൾക്ക് യാതൊരു പരിഗണനയും നൽകാറില്ല. അവർ താഴ്ന്നവയെ അവഗണിക്കുന്നതിനാൽ, മഹോന്നതകാര്യങ്ങൾ ഗ്രഹിക്കുന്നില്ല. വിഡ്ഢികളും ചപലരും അഹങ്കാരികളും ഗർവിഷ്ഠരുമായ അവർ ആകാശത്തെയും ഭൂമിയെയും വേർതിരിക്കുന്ന വായുവിൽ പൊങ്ങിക്കിടക്കുകയാണ്. അവർ വാസ്തവത്തിൽ വിജ്ഞാനികളും വിവേകികളുമാണ്. എന്നാൽ ഈ ലോകത്തിന്റേതാണെന്നുമാത്രം; ഈ ലോകം നിർമിച്ചവന്റേതല്ല. അവർക്ക് ദൈവത്തിൽനിന്നുള്ള, ദൈവംതന്നെയായ സത്യവിജ്ഞാനം ഉണ്ടായിരുന്നെങ്കിൽ, ദൈവത്തിനു ജഡം ധരിക്കാൻ കഴിയുമെന്നും അവിടു

www.malankaralibrary.com



ത്തേക്ക് ജഡമായി മാറ്റപ്പെടാൻ കഴിയുകയില്ലെന്നും ഗ്രഹിക്കുമായിരുന്നു. താനായിരിക്കുന്ന അവസ്ഥയിൽ നിലനിന്നുകൊണ്ട് താൻ അല്ലാതിരുന്നത് അവൻ എടുത്തു എന്നും പിതാവിനെ വിട്ടകലാതെ, മനുഷ്യനായി നമ്മുടെ പക്കലേക്കു വന്നു എന്നും നാമായിരിക്കുന്ന അവസ്ഥയിൽ നമുക്ക് കാണപ്പെട്ടപ്പോഴും താനായിരിക്കുന്ന അവസ്ഥയിൽ പിതാവിനോടുകൂടി സ്ഥിതിചെയ്തു എന്നും, തന്റെ ശക്തി ശിശുവിന്റെ ശരീരത്തിൽ വച്ചു എങ്കിലും ഈ ശക്തി ഭൂമിയിൽ നിന്ന് വന്നതല്ലെന്നും അവർ ഗ്രഹിക്കുമായിരുന്നു. അവൻ പിതാവിനോടുകൂടെ ആയിരിക്കുന്നതിനാൽ, പ്രപഞ്ചം മുഴുവൻ തന്റെ കരവേലയാണ്; അവിടുന്ന് നമ്മുടെ പക്കലേക്കു വന്നപ്പോൾ, കന്യകയുടെ ഉദരഫലമാണ് അവന്റെ പ്രവൃത്തി.

സത്യമായും ഗർഭധാരണത്തിനുമുമ്പും പ്രസവാനന്തരവും കന്യകയായിരുന്ന കന്യകാമാതാവ് അവന്റെ ഔന്നത്യത്തിന് തെളിവു നൽകി. അവൾ ഗർഭിണിയാണെന്ന് അവളുടെ ഭർത്താവ് കണ്ടെത്തി. അവനല്ലായിരുന്നു അതിന്റെ കാരണക്കാരൻ. പുരുഷ സഹകരണമെന്യേ അവൾ പുരുഷനോടൊപ്പമായിരുന്നു. തന്റെ കന്യാത്വം നഷ്ടമാകാതെ അവൾ ഗർഭവതിയായതിനാൽ, അവളുടെ ഉദരഫലം കൂടുതൽ അത്ഭുതകരമായിരുന്നു.

യാഥാർത്ഥ്യം എന്നതിനേക്കാൾ കെട്ടുകഥയായി ഈ മഹാത്ഭുതത്തെ ആ ആളുകൾ കണക്കാക്കി. അവർക്കു വിശ്വസിക്കാൻ കഴിയാത്തതിനാൽ, ദൈവമനുഷ്യനായ ക്രിസ്തുവിന്റെ മനുഷ്യത്വത്തെ അവർ അവഗണിച്ചു; തന്റെ ദൈവത്വത്തെ അവഗണിക്കാൻ കഴിയാത്തതിനാൽ, അവർ അതിനെ വിശ്വസിക്കുന്നില്ല. ദൈവം തന്റെ താഴ്മയിൽ എടുത്ത മനുഷ്യശരീരം അവർ എത്ര നിന്ദ്യമായി കരുതുന്നുവോ, അത്രയധികം അതു നമുക്ക് അമൂല്യമാണ്. കന്യകയുടെ ഉദരഫലമായി ജനിച്ച പുരുഷൻ അവർക്ക് എത്രമാത്രം അസാധ്യമായിരിക്കുന്നുവോ, അത്രയധികമായി നമുക്കു ദിവ്യമാണ്.

## ക്രിസ്തുവിന്റെ ജന്മദിനം സകലർക്കും സന്തോഷകരമാണ്

2. കർത്താവിന്റെ ജന്മദിനം അതർഹിക്കുന്ന പൂർണശ്രദ്ധയോടും താല്പര്യത്തോടുംകൂടെ നമുക്കാഘോഷിക്കാം. ക്രിസ്തു മനുഷ്യനായി ജനിച്ചു; അവൻ സ്ത്രീയിൽ നിന്നു ജനിച്ചു. സ്ത്രീകളും പുരുഷന്മാരും ബഹുമാനിതരായി. അതുകൊണ്ട്, ഒന്നാമത്തെ പുരുഷനിൽ മുമ്പ് ശപിക്കപ്പെട്ടവൻ, രണ്ടാമത്തെ പുരുഷന്റെ അനുയായി

www.malankaralibrary.com



ആയിത്തീരട്ടെ. നമ്മുടെ മരണകാരണം ഒരു സ്ത്രീ ആയിരുന്നു; വീണ്ടും ഒരു സ്ത്രീ നമുക്കുവേണ്ടി ജീവനെ പ്രസവിച്ചു. പാപകരമായ ശരീരത്തെ ശുദ്ധീകരിക്കാനായി, പാപകരമായ ശരീരത്തിന്റെ സാദൃശ്യം ജനിച്ചു. അക്കാരണത്താൽ, ശരീരം പാപത്തോടുകൂടി കാണപ്പെടാതിരിക്കട്ടെ; മറിച്ച്, ആ സ്വഭാവം ജീവിക്കാനായി, പാപം മൃതമാകട്ടെ. പാപത്തോടുകൂടിയവന് വീണ്ടുംജനനം ഉണ്ടാകുവാനായി, അവൻ പാപരഹിതനായി പിറന്നു.

ശുദ്ധജീവിതം നയിക്കുന്നവരും പ്രത്യേകമാംവിധം ക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിച്ചവരും വിവാഹജീവിതം തേടാത്തവരുമായ ചെറുപ്പക്കാരേ, സന്തോഷിക്കുവിൻ! നിങ്ങൾ നിങ്ങളുടെ മാതൃക അവനിൽ കണ്ടെത്തി; അവൻ വിവാഹത്തിലൂടെയല്ല നിങ്ങളുടെ പക്കലെത്തിയത്. നിങ്ങൾ അസ്തിത്വത്തിലെത്താൻ ഇടയാക്കിയതിനെ ഉചിതമായി വിലമതിക്കാൻ ഉള്ള ശക്തി നിങ്ങൾക്കു നൽകാൻ അവിടുന്ന് ആഗ്രഹിച്ചു. ശാരീരികവിവാഹബന്ധത്തിലൂടെയാണ് നിങ്ങൾ അസ്തിത്വത്തിൽ എത്തിയത്; അതു കൂടാതെ ഒരു ആത്മീയവിവാഹത്തിൽ ഒന്നിപ്പിക്കാനായി അവൻ വന്നു. നിങ്ങളുടെ വിവാഹത്തിന് അവിടുന്ന് ഒരു പ്രത്യേക വിളി നൽകി; അതുവഴി, ശാരീരിക വിവാഹത്തെ അവഗണിക്കാൻ അവൻ നിങ്ങൾക്കിടയാക്കി. ഇപ്രകാരം, നിങ്ങൾ ജനിക്കാൻ ഇടയാക്കിയ സംഗതിയോട് നിങ്ങൾക്ക് യാതൊരാഗ്രഹവും ഇല്ല; കാരണം, ഈ രീതിയിൽ ജനിക്കാത്തവനെ മറ്റുള്ളവരേക്കാൾ കൂടുതലായി നിങ്ങൾ സ്നേഹിച്ചു.

ശുദ്ധിമതികളായ കന്യകകളേ, സന്തോഷിക്കുവിൻ. ഒരു കന്യക നിങ്ങൾക്കായി പ്രസവിച്ചവനെ ജീർണ്ണത കൂടാതെ നിങ്ങൾ വരിക്കുവിൻ. നിങ്ങൾ അവനെ ഗർഭം ധരിക്കുമ്പോഴോ, നിങ്ങൾ അവനെ പ്രസവിക്കുമ്പോഴോ, നിങ്ങൾ സ്നേഹിക്കുന്നത് നിങ്ങൾക്കു നഷ്ടപ്പെടാൻ പറ്റുകയില്ല.

നീതിമാന്മാരേ, സന്തോഷിക്കുവിൻ;
നീതീകരിക്കുന്നവന്റെ ജന്മദിനമാണിന്ന്.

ബലഹീനരും രോഗികളും ആയവരേ, സന്തോഷിക്കുവിൻ;
സൗഖ്യമാക്കുന്നവന്റെ ജന്മദിനമാണിന്ന്.

തടവുകാരേ, സന്തോഷിക്കുവിൻ;
വിമോചകന്റെ ജന്മദിനമാണിന്ന്.

www.malankaralibrary.com



അടിമകളേ, സന്തോഷിക്കുവിൻ;
യജമാനന്റെ ജന്മദിനമാണിന്ന്.

സ്വതന്ത്രരേ, സന്തോഷിക്കുവിൻ;
സ്വതന്ത്രരാക്കുന്നവന്റെ ജന്മദിനമാണിന്ന്.

സകല ക്രൈസ്തവരുമേ, സന്തോഷിക്കുവിൻ;
ഇന്നു ക്രിസ്തുവിന്റെ ജന്മദിനമാണ്.

## ക്രിസ്തുവിന് രണ്ടുതരം ജനനം ഉണ്ട്; ദിവ്യശിശുവിന്റെ ഭീതികരമായ അത്ഭുതം

3. തന്റെ പിതാവിൽ നിന്നുള്ള ജനനത്താൽ യുഗങ്ങളുടെയെല്ലാം സ്രഷ്ടാവായിരുന്നവൻ തന്റെ ഭൗമികമാതാവിലൂടെയുള്ള ജനനത്താൽ ഈ ദിവസത്തെ പവിത്രീകരിച്ചു; ഒരു ജനനത്തിൽ അമ്മയിൽനിന്നുള്ള ജനനം അസാധ്യമായിരുന്നു; മറ്റതിൽ മാനുഷിക പിതാവിന്റെ ആവശ്യവുമില്ലായിരുന്നു. വാസ്തവത്തിൽ, ഒരു പിതാവിൽനിന്നും ഒരു മാതാവിൽനിന്നും ജനിച്ചു; ഒന്ന് മാതാവിനെ കൂടാതെയും മറ്റത് പിതാവിനെ കൂടാതെയും; പിതാവിൽനിന്ന് ദൈവം എന്ന നിലയിൽ; മാതാവിൽനിന്നു മനുഷ്യൻ എന്ന നിലയിൽ. മാതാവിനെ കൂടാതെ ദൈവം എന്ന നിലയിൽ; പിതാവിനെ കൂടാതെ മനുഷ്യനെന്ന നിലയിൽ. അപ്പോൾ അവന്റെ ജനനത്തെ ആരു വിവരിക്കും? ഒന്ന് സമയം കൂടാതെ, മറ്റൊന്ന് ബീജരഹിതമായി. ഒന്ന് ആരംഭരഹിതമായി, മറ്റൊന്ന് സാദൃശ്യരഹിതമായി. ഒന്ന് എപ്പോഴും ഉള്ളതായിരുന്നു, മറ്റത് അതിനു മുമ്പോ അതിനു പിമ്പോ ഉണ്ടായിട്ടില്ല. ഒന്ന് അവസാനിക്കാത്തത്; മറ്റത്, അവസാനിക്കുന്നിടത്ത് ആരംഭിക്കുന്നു.

അതുകൊണ്ട്, അവിടുന്ന് ജനിക്കുമെന്ന് പ്രവാചകരും അവിടുന്ന് ജനിച്ചെന്ന് ആകാശങ്ങളും മാലാഖമാരും ശരിയായി അറിയിച്ചു. ലോകത്തെ ഭരിക്കുന്നവൻ കല്ലടാവിൽ കിടന്നു; ശിശുവായ അവൻ വചനവുമായിരുന്നു. ആകാശങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തവനെ ഒരു സ്ത്രീയുടെ ഉദരം വഹിച്ചു. നമ്മുടെ ഭരണാധികാരിയെ അവൾ ഭരിച്ചു; നാം ആരിലാണോ, അവനെ അവൾ സംവഹിച്ചു. നമ്മുടെ അപ്പത്തിന് അവൾ പാൽ നൽകി.

ഓ, സ്പഷ്ടമായ ബലഹീനത! ഓ, അത്ഭുതകരമായ വിനയം! ദൈവത്തിന്റെ മഹനീയതയെല്ലാം അതിൽ നിഗൂഢമായി കിടന്നു.

www.malankaralibrary.com



അവന്റെ ശൈശവം തന്റെ അമ്മയ്ക്കു വിധേയമായിരുന്നു; എന്നാൽ അവളെ തന്റെ ശക്തിയാൽ അവൻ ഭരിച്ചു. അവളുടെ മുലകളിൽ നിന്ന് അവൻ പാൽ നുകർന്നു; അവൻ അവൾക്ക് സത്യപോഷണം നൽകി.

നമ്മുടേതുപോലുള്ള ആരംഭം എടുക്കാൻപോലും മടിക്കാത്തവൻ, തന്റെ ദാനങ്ങൾ നമ്മിൽ പൂർണമാക്കട്ടെ. നമ്മെപ്രതി മനുഷ്യശിശുവായി തീരാൻ ആഗ്രഹിച്ചവൻ നമ്മെ ദൈവമക്കളും ആക്കിത്തീർക്കട്ടെ.

3

# ക്രിസ്മസ്

### വചനം മാംസമായപ്പോൾ സത്യം ഭൂമിയിൽനിന്നു മുളച്ചുവന്നു.

നാം ക്രിസ്മസ് എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ദൈവത്തിന്റെ വിജ്ഞാനം ശിശുവായി പ്രത്യക്ഷപ്പെടുകയും വാക്കുകൾ ഉച്ചരിക്കാൻ കഴിയാതിരുന്നപ്പോഴും ദൈവവചനം മനുഷ്യസ്വരത്തിൽ കേൾക്കപ്പെടുകയും ചെയ്ത ദിവസമാണ്. എന്നാൽ നിഗൂഢമായിരുന്ന ആ ദൈവത്വം, ആകാശങ്ങളിൽ നിന്നുള്ള ഒരടയാളത്താൽ വിദ്വാന്മാർക്ക് വെളിപ്പെട്ടു; മാലാഖമാർ തങ്ങളുടെ വാക്കുകളാൽ ഇടയന്മാരെ അത് അറിയിച്ചു.

അതുകൊണ്ട് "സത്യം ഭൂമിയിൽ നിന്നു മുളച്ചുവന്നു; നീതി സ്വർഗത്തിൽനിന്നു നോക്കി" എന്ന വാക്കുകൾ (സങ്കീ 85,11) പൂർത്തീകരിക്കപ്പെട്ട ദിവസത്തിന്റെ വാർഷികം അർഹമായ ആഘോഷത്തോടുകൂടി നമുക്ക് കൊണ്ടാടാം. പിതാവിന്റെ മടിയിൽ വസിക്കുന്ന വചനം, അമ്മയുടെ മടിയിൽക്കൂടി വസിക്കാനായി ഭൂമിയിൽ നിന്നു മുളച്ചുവന്നു. ലോകത്തെ ഉൾക്കൊള്ളുന്ന സത്യം ഒരു സ്ത്രീയുടെ കൈകളിൽ സംവഹിക്കപ്പെടാനായി, ഭൂമിയിൽനിന്നു മുളച്ചുവന്നു. മാലാഖമാർക്കു നാശമില്ലായ്മയുടെ ഭക്ഷണമായ സത്യം, സ്ത്രീയുടെ മുലകളിൽനിന്ന് പാൽ നുകരാൻ ഭൂമിയിൽ

www.malankaralibrary.com



നിന്നു മുളച്ചുവന്നു. ആകാശങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത സത്യം, പുല്ക്കൂട്ടിൽ വയ്ക്കപ്പെടാനായി, ഭൂമിയിൽനിന്നു മുളച്ചു വന്നു.

ആ വലിയ ഔന്നത്യം ഈ അഗാധത്തിലേക്കെല്ലാം വന്നത് ആരുടെ പ്രയോജനത്തെ പ്രതിയാണ്? നിശ്ചയമായും തനിക്കുവേണ്ടിയല്ല; എന്നാൽ നമുക്കു വിശ്വാസം ഉണ്ടെങ്കിൽ, നമ്മുടെ വലിയ പ്രയോജനത്തിനാണ്. മനുഷ്യാ, ഉണരുക! ദൈവം മനുഷ്യനായത് നിനക്കുവേണ്ടിയാണ് "ഉറങ്ങുന്നവനേ, ഉണരുക. മരിച്ചവരിൽ നിന്ന് എഴുന്നേൽക്കുക. ക്രിസ്തു നിന്നെ പ്രകാശിപ്പിക്കും" (എഫേ 5,14). നിനക്കുവേണ്ടിയാണ് ദൈവം മനുഷ്യനായത് എന്ന് ഞാൻ പറയുന്നു. അവൻ കാലത്തിൽ ജനിക്കാതിരുന്നെങ്കിൽ, നിത്യമരണം നിന്നെ കാത്തിരിക്കുമായിരുന്നു. അവൻ പാപകരമായ ശരീരത്തിന്റെ സാദൃശ്യം എടുത്തില്ലായിരുന്നെങ്കിൽ, നിന്റെ പാപകരമായ ശരീരത്തിൽനിന്ന് നീ ഒരിക്കലും സ്വതന്ത്രനാക്കപ്പെടുകയില്ലായിരുന്നു. അവൻ ഈ കാരുണ്യപ്രവൃത്തി ചെയ്തില്ലായിരുന്നെങ്കിൽ, നിന്റെ ദുരിതം നിത്യമാകുമായിരുന്നു. നിന്റെ മരണം സ്വീകരിക്കാൻ അവൻ വന്നില്ലായിരുന്നെങ്കിൽ, നീ വീണ്ടും ജീവനിലേക്കു വരികയില്ലായിരുന്നു. അവൻ നിന്റെ സഹായത്തിനു വന്നില്ലായിരുന്നെങ്കിൽ, നീ തകർന്നുപോകുമായിരുന്നു. അവൻ വന്നില്ലായിരുന്നെങ്കിൽ, നീ നശിച്ചുപോകുമായിരുന്നു.

## ക്രിസ്തുവിന്റെ മനുഷ്യാവതാരത്താൽ നമുക്ക് നീതി ലഭിച്ചു

**2.** നമ്മുടെ രക്ഷയുടെയും വീണ്ടെടുപ്പിന്റെയും ആഗമനം സന്തോഷപൂർവം നമുക്ക് ആഘോഷിക്കാം. നിത്യമഹാദിവസത്തിൽനിന്ന് നമ്മുടെ ഹ്രസ്വവും കാലികവുമായ ദിവസത്തിലേക്ക് *നിത്യമഹാദിവസം* എഴുന്നെള്ളിയ വിശുദ്ധദിവസം നമുക്ക് ആഘോഷിക്കാം. ഇവിടെ "അവനെ നമുക്ക് ജ്ഞാനവും നീതിയും വിശുദ്ധീകരണവും രക്ഷയും ആക്കിയിരിക്കുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കാൻ വേണ്ടിയാണിത്" (1കൊറി 1,30-31). അതായത്, നാം യഹൂദരെപ്പോലെ അഹങ്കരിക്കാൻ പാടില്ല. "അവർ ദൈവത്തിന്റെ നീതി അറിയാതെ, തങ്ങളുടെ നീതി സ്ഥാപിക്കാൻ ആഗ്രഹിച്ചതിനാൽ ദൈവനീതിക്കു കീഴ്വഴങ്ങിയില്ല" (റോമാ 10,3). അതുകൊണ്ട്, "സത്യം ഭൂമിയിൽനിന്നു മുളച്ചുവന്നു"

www.malankaralibrary.com



എന്നു പറഞ്ഞിട്ട്, "നീതി സ്വർഗത്തിൽനിന്നു നോക്കി" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മർത്യനായ മനുഷ്യന് തന്റെ ബലഹീനതയിൽ ഈ നീതി സഗർവം അവകാശപ്പെടാനാവില്ല. ഇവ ന്യായമായി തന്റേതായിരുന്നു എന്ന് അവൻ പറയാൻ പാടില്ല. ദൈവനീതി നിരസിക്കുന്നതിൽ നിന്ന് മനുഷ്യൻ തടയപ്പെടേണ്ടതായിരുന്നു; കാരണം, താൻ സ്വയമേ നീതീകരിക്കപ്പെട്ടവനാണ് എന്ന് അവൻ കരുതി; അതായത്, തന്റെ സ്വന്തം കഴിവുകൊണ്ടാണ് താൻ നീതീകരിക്കപ്പെട്ടതെന്ന് അവൻ വിശ്വസിച്ചു.

"സത്യം ഭൂമിയിൽ നിന്നു മുളച്ചുവന്നു". "ഞാനാണു സത്യം" എന്നു പറഞ്ഞ ക്രിസ്തു ഒരു കന്യകയിൽനിന്നു ജനിച്ചു. "നീതി സ്വർഗത്തിൽനിന്നു താഴേക്കു നോക്കി". ജനിച്ചവനിൽ വിശ്വസിച്ച്, സ്വയമേയല്ല, ദൈവത്താൽ, മനുഷ്യൻ നീതീകരിക്കപ്പെടുന്നു.

"സത്യം ഭൂമിയിൽ നിന്നു മുളച്ചുവന്നു"; കാരണം, "വചനം മാംസമായി". "നീതി സ്വർഗത്തിൽനിന്നു താഴേക്കു നോക്കി". കാരണം, സകല ശ്രേഷ്ഠദാനങ്ങളും സകലപരിപൂർണദാനങ്ങളും ഉന്നതത്തിൽനിന്നാണ്.

"സത്യം ഭൂമിയിൽ നിന്നു മുളച്ചുവന്നു" - മറിയത്തിൽ നിന്നു ജനിച്ച ശരീരം. "നീതി ആകാശത്തിൽനിന്നു താഴേക്കു നോക്കി"; കാരണം, സ്വർഗത്തിൽനിന്നു നൽകപ്പെട്ടാലല്ലാതെ, മനുഷ്യന് ഒന്നും ലഭിക്കുന്നില്ല.

## മനുഷ്യരുടെ സൗജന്യ നീതീകരണത്തിൽ ദൈവമഹത്ത്വം

**3.** "വിശ്വാസത്താൽ നീതീകരിക്കപ്പെട്ട്, നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നമുക്ക് ദൈവവുമായി രമ്യപ്പെടാം. അവനിലൂടെ ഈ കൃപയിലേക്ക് നമുക്കും പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവമഹത്ത്വത്തിന്റെ പ്രത്യാശയിൽ ഈ കൃപയിൽ നാം നില്ക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു" (റോമാ 5,1-2). ശ്ലീഹായിൽ നിന്നുള്ള ഈ ചെറിയഭാഗം നമുക്കെല്ലാം സുവ്യക്തമാണല്ലോ. സഹോദരങ്ങളേ, മേലുദ്ധരിച്ച സങ്കീർത്തനത്തിൽ നിന്ന് ഈ ഭാഗം ഉദ്ധരിച്ച് അതിന്റെ കൂടെ ചേർക്കുന്നത് രസകരമായിരിക്കും. അവ തമ്മിൽ എപ്രകാരം യോജിക്കുന്നു എന്നു ശ്രദ്ധിക്കുക: "വിശ്വാസത്താൽ നീതീകരിക്കപ്പെട്ട്, നമുക്ക് ദൈവവുമായി രമ്യപ്പെടാം; കാരണം,

www.malankaralibrary.com



നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നീതിയും സമാധാനവും പരസ്പരം ആശ്ലേഷിച്ചു. എന്തുകൊണ്ടെന്നാൽ, സത്യം ഭൂമിയിൽനിന്നു മുളച്ചുവന്നു. അവനിലൂടെ ഈ കൃപയിലേക്ക് നമുക്കും പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവമഹത്ത്വത്തിന്റെ പ്രത്യാശയിൽ ഈ കൃപയിൽ നാം നില്ക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു". കാരണം, നീതി നമ്മിൽ നിന്നല്ല പുറപ്പെടുന്നത്, പ്രത്യുത, സ്വർഗത്തിൽനിന്ന് താഴേക്കു നോക്കുകയത്രേ ചെയ്യുന്നത്. അതുകൊണ്ട്, അഭിമാനിക്കുന്നവൻ, തന്നിൽതന്നെ അഭിമാനിക്കാതെ, കർത്താവിൽ അഭിമാനിക്കട്ടെ. ഇക്കാരണത്താൽ, നാമിന്ന് ആരുടെ ജന്മദിനം ആഘോഷിക്കുന്നുവോ, ആ കർത്താവുപോലും കന്യകയിൽനിന്നു ജനിച്ചപ്പോൾ "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം" എന്ന് മാലാഖമാർ അറിയിച്ചു.

ധരയിൽ നിന്ന് സത്യം മുളച്ചുവന്നു. അതായത്, ക്രിസ്തു ശരീരത്തിൽ ജനിച്ചു എന്ന സംഗതി നിമിത്തമല്ലാതെ മറ്റെന്തുകൊണ്ടാണ് ധരയിൽ സമാധാനം? അവനാണ് നമ്മുടെ സമാധാനം; ഐക്യത്തിന്റെ മാധുര്യമേറിയ ബന്ധങ്ങളാൽ ബന്ധിതരായി, നാം സന്മനസ്സുള്ളവരായിരിക്കാൻ അവൻ ഇരുകൂട്ടരെയും ഒന്നാക്കിത്തീർത്തു.

അതുകൊണ്ട്, നമുക്ക് ഈ കൃപയിൽ സന്തോഷിക്കാം; നമ്മുടെ മഹത്ത്വം നമ്മുടെ മനസ്സാക്ഷിയുടെ സാക്ഷ്യമായിരിക്കട്ടെ. അങ്ങനെ നമുക്ക് നമ്മിലല്ല, കർത്താവിൽ അഭിമാനിക്കാം (2 കൊറി 1,12). വാസ്തവത്തിൽ, ഇക്കാരണത്താലാണ്, "എന്റെ മഹത്ത്വവും എന്റെ ശിരസ്സ് ഉയർത്തുന്നവനും" എന്ന് പറയപ്പെട്ടിരിക്കുന്നത് (സങ്കീ 3,4). തന്റെ ഏകജാതനെ മനുഷ്യപുത്രനാക്കുകയും അതിനു പകരമായി, മനുഷ്യപുത്രനെ ദൈവപുത്രനാക്കുകയും ചെയ്തതിനേക്കാൾ കൂടിയ എന്തുകൃപയാണ് ദൈവത്തിൽ നിന്ന് നമുക്ക് കൈവരാനുള്ളത്? നിങ്ങളുടെ ഭാഗത്തുനിന്ന് ഇതിന് എന്തെങ്കിലും അർഹതയോ, അവകാശമോ, പ്രചോദനമോ ഉണ്ടായിട്ടുണ്ടോ എന്ന് നിങ്ങളോടുതന്നെ ചോദിക്കുക; നിങ്ങൾ കൃപയല്ലാതെ മറ്റെന്തെങ്കിലും കാണുന്നുണ്ടോ എന്നാരായുക.

www.malankaralibrary.com



4

# ക്രിസ്മസ്

## കന്യകയിൽ നിന്നു ജനിച്ച ക്രിസ്തു. അവൻ മനുഷ്യനായപ്പോൾ ദൈവം അല്ലാതായി തീർന്നില്ല.

സഹോദരങ്ങളേ, നമുക്കു സന്തോഷിക്കാം! ജനതകൾ സന്തോഷിച്ച് ഉല്ലസിക്കട്ടെ! നമുക്കുവേണ്ടി ദൃശ്യനായി തീരുകയും അദൃശ്യനായി കന്യകാമാതാവിനെത്തന്നെ സൃഷ്ടിക്കുകയും ചെയ്തവനെ തന്റെ കന്യാത്വം കാത്തുകൊണ്ട് തന്റെ ഉദരഫലമായി അവൾ പ്രസവിച്ചപ്പോൾ ദൃശ്യസൂര്യനല്ല, സൂര്യന്റെ അദൃശ്യസ്രഷ്ടാവാണ് ഈ വിശുദ്ധദിവസം നമുക്കു നൽകിയത്.

കന്യക ഗർഭം ധരിക്കുന്നു; കന്യക പ്രസവിക്കുന്നു; കന്യക ശിശുവിനോടുകൂടെ; ശിശുവിനെ പ്രസവിച്ച കന്യക! എന്നും കന്യകയായ ഒരു കന്യക! മനുഷ്യാ, ഈ കാര്യങ്ങളിൽ നീ എന്തിന് അത്ഭുതപ്പെടുന്നു? ദൈവം മനുഷ്യനായി തീരാൻ നിശ്ചയിച്ചപ്പോൾ, അവിടുന്ന് ഈ രീതിയിൽ ജനിക്കുക ഉചിതമായിരുന്നു. അവളിൽ നിന്ന് ഉരുവായവൻ അവളായിരിക്കുന്ന അവസ്ഥയിൽ അവളെ ആക്കിത്തീർത്തു.

അവൻ ഉരുവാകുന്നതിനുമുമ്പ് അവൻ ഉണ്ടായിരുന്നു; താൻ എന്തായിരുന്നുവോ, അതായിരിക്കാനും രൂപീകരിക്കപ്പെടാനും ഉള്ള കഴിവ് അവനുണ്ടായിരുന്നു; കാരണം, അവൻ സർവശക്തനായിരുന്നു. തന്റെ പിതാവിനോടൊത്തു വസിച്ചുകൊണ്ട് അവൻ തനിക്കായി ഒരു അമ്മയെ രൂപീകരിച്ചു. തന്റെ അമ്മയുടെ ഉദരത്തിൽ രൂപീകരിക്കപ്പെട്ടപ്പോഴും അവൻ തന്റെ പിതാവിന്റെ ഹൃദയത്തിലും സ്ഥിതി ചെയ്തു. അവന്റെ അമ്മ അവനെ പ്രസവിച്ചപ്പോൾ അവളുടെ കന്യാത്വം നഷ്ടമാകാതിരിക്കാനുള്ള ആനുകൂല്യം കൊടുത്തെങ്കിൽ, അവൻ മനുഷ്യനാകാൻ തുടങ്ങിയപ്പോൾ അവൻ എങ്ങനെയാണ് ദൈവമല്ലാതായി തീരുക! കൃത്യമായി, വചനം മാംസമായതിനാൽ, വചനം വചനമല്ലാതായി തീർന്നുകൊണ്ടല്ല മാംസമായത്; മറിച്ച്, മാംസം ഇല്ലാതാകാതിരിക്കാൻ വചനവുമായി സംയോജിപ്പിക്കപ്പെട്ടു. അങ്ങനെ മനുഷ്യൻ ശരീരവും ആത്മാവും ആയിരിക്കുന്നതുപോലെ,

www.malankaralibrary.com



ക്രിസ്തുവും ദൈവവും മനുഷ്യനും ആയിരിക്കാനാണത്. സ്വഭാവങ്ങളുടെ കൂട്ടിക്കുഴച്ചിലിലൂടെയല്ല, പിന്നെയോ, വ്യക്തിത്വത്തിന്റെ ഐക്യത്തിൽ!

ചുരുക്കത്തിൽ, എപ്പോഴും എന്നേക്കും പിതാവിൽനിന്നു ജനിച്ച ദൈവപുത്രനും കന്യകയിൽനിന്നുള്ള തന്റെ ജനനത്താൽ മനുഷ്യപുത്രനായി തീർന്നവനും ഒരേ ഒരാൾതന്നെയാണ്. ഇങ്ങനെ പുത്രന്റെ ദൈവസ്വഭാവത്തോടുകൂടി മനുഷ്യസ്വഭാവം കൂട്ടിച്ചേർക്കപ്പെട്ടു. എങ്കിലും, തദ്ഫലമായി ആളുകളുടെ ചതുർത്വം ഉണ്ടായില്ല; ത്രിത്വം അപ്രകാരം തന്നെ നിലനിന്നു.

**വചനം മാറ്റമില്ലാതെ നിലനിന്നു.**
**ദൈവപുത്രനും മനുഷ്യപുത്രനും ഒരാൾതന്നെ.**
**തൽസംബന്ധമായ നമ്മുടെ വിശ്വാസപ്രമാണം.**

**2.** അതുകൊണ്ട്, വിശ്വാസപ്രമാണത്തിനും ദിവ്യപ്രചോദിത ഗ്രന്ഥങ്ങളുടെ ഭാഷിതങ്ങൾക്കും യാതൊരു വിലയും കല്പിക്കാത്ത ചിലയാളുകളുടെ അഭിപ്രായങ്ങൾ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. ഉദാഹരണമായി അവർ ഇപ്രകാരം പറയുന്നു: "മനുഷ്യപുത്രൻ ദൈവപുത്രനായിത്തീർന്നു; എന്നാൽ ദൈവപുത്രൻ മനുഷ്യപുത്രനായി തീർന്നില്ല". ഈ സൂത്രവാക്യത്തിലെത്താൻ അവർ സത്യം പഠിച്ചു. എന്നാൽ സത്യം അവതരിപ്പിക്കാൻ കഴിവുള്ളവരാണെന്ന് തെളിയിച്ചില്ല. കാരണം, അവർ എന്താണ് പരിഗണിച്ചത്? മനുഷ്യസ്വഭാവത്തിന് മെച്ചപ്പെട്ട ഒന്നിലേക്ക് മാറാൻ കഴിയും, എന്നാൽ ദൈവസ്വഭാവത്തിന്, താഴ്ന്ന ഒന്നിലേക്ക് മാറ്റപ്പെടാൻ മിക്കവാറും അസാധ്യമാണ് എന്ന ഇതുമാത്രം! ഇതു സത്യമാണ്; അങ്ങനെയാണെങ്കിലും, അതായത്, താഴ്ന്ന തരത്തിലുള്ള ഒന്നിലേക്ക് ദൈവത്വത്തിന് യാതൊരു തരത്തിലും മാറാനാകില്ല എങ്കിലും "വചനം മാംസമായി". മാംസം വചനമായി എന്ന് സുവിശേഷം പറയുന്നില്ല. പിന്നെയോ, "വചനം മാംസമായി" എന്നാണ് അതു പറയുന്നത്. വചനം ദൈവമാണ്; കാരണം, "വചനം ദൈവമായിരുന്നു".

"മാംസം" എന്നു പറഞ്ഞാൽ "മനുഷ്യൻ" എന്നല്ലാതെ മറ്റെന്താണ്? കാരണം, ക്രിസ്തുവിന്റെ മാനുഷികശരീരം ആത്മാവില്ലാത്തത് അല്ലായിരുന്നു; അതുകൊണ്ടാണ് "എന്റെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു" എന്ന് അവൻ പറയുന്നത്. വചനം ദൈവം ആണെങ്കിൽ, മാംസം മനുഷ്യനാണെങ്കിൽ, 'ദൈവമായിരു

www.malankaralibrary.com



ന്നവൻ മനുഷ്യനായിത്തീർന്നു' എന്നല്ലാതെ മറ്റെന്താണ് "വചനം മാംസമായി" എന്നതിനർത്ഥം? ഇപ്രകാരം, ദൈവപുത്രനായിരുന്നവൻ മെച്ചപ്പെട്ട ഒന്നിൽനിന്ന് മാറിക്കൊണ്ടല്ല, പിന്നെയോ താഴ്ന്ന തരത്തിലുള്ള വസ്തു എടുത്തുകൊണ്ട്, താനായിരുന്നത് നഷ്ടപ്പെടുത്തിക്കൊണ്ടല്ല, താനല്ലാതിരുന്നത് എടുത്തുകൊണ്ട്, മനുഷ്യപുത്രനായി തീർന്നു.

കന്യകമറിയത്തിൽ നിന്നു ജനിച്ച ദൈവപുത്രനിൽ വിശ്വസിക്കുന്നു എന്ന് വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നു. അവൻ കന്യകമറിയത്തിൽനിന്ന് സത്യമായും ദൈവപുത്രനായിട്ടല്ല മനുഷ്യപുത്രനായിട്ടാണു ജനിച്ചതെങ്കിൽ, അപ്രകാരം എങ്ങനെ പറയാനാവും? ആ സ്ത്രീയിൽനിന്ന് ഒരു മനുഷ്യപുത്രൻ ജനിച്ചു എന്ന് ഏതെങ്കിലും ക്രിസ്ത്യാനി നിഷേധിക്കുമോ? എന്നാൽ നിശ്ചയമായും, ദൈവം മനുഷ്യനായിട്ടും; മനുഷ്യൻ ദൈവമാക്കപ്പെട്ടും. കാരണം ദൈവം വചനമായിരുന്നു, വചനം മാംസമായി തീർന്നു. ഞാൻ പറഞ്ഞതുപോലെ, കന്യകമറിയത്തിൽനിന്നു ജനിക്കാനായി ദൈവപുത്രൻ ദാസന്റെ രൂപമെടുക്കുകയും മനുഷ്യപുത്രനായി തീരുകയും ചെയ്തു എന്നു നാം ഏറ്റുപറയണം; താൻ ആയിരുന്ന അവസ്ഥയിൽ നിലനിന്നുകൊണ്ട്, താൻ അല്ലാതിരുന്നത് തന്നിൽ എടുത്തുകൊണ്ട്, പിതാവിനേക്കാൾ താഴ്ന്ന അവസ്ഥയിൽ അസ്തിത്വമെടുത്തു; എന്നാൽ താനും പിതാവും ഒന്നായിരിക്കുന്ന അവസ്ഥയിൽ തന്നെ എപ്പോഴും നിലനിന്നു.

## മനുഷ്യാവതാരത്തിൽ ദൈവപുത്രനും മനുഷ്യപുത്രനും ഒന്നുതന്നെ.

3. വാസ്തവത്തിൽ, എപ്പോഴും ദൈവപുത്രനായിരുന്നവൻ, മനുഷ്യപുത്രനായി തീർന്നില്ലെങ്കിൽ, ശ്ലീഹാ താഴെ പറയുന്നതിന് എന്താണർത്ഥം? "അവൻ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. പ്രത്യുത, തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യന്റെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" (ഫിലി 2,6f). ദൈവത്തിന്റെ രൂപത്തിൽ, പിതാവിനു തുല്യനായ, ദൈവത്തിന്റെ ഏകജാതനായ പുത്രൻ തന്നെയാണ്, മറ്റാരുമല്ല, സ്വയം ശൂന്യനാക്കി മനുഷ്യന്റെ ആകൃതിയിൽ ആയിത്തീർന്നത് എന്നു കാണുക.

www.malankaralibrary.com



ദൈവത്തിന്റെ രൂപത്തിൽ പിതാവിനു തുല്യനായ അവൻതന്നെയാണ്, മറ്റാരുമല്ല, വിനീതനാക്കിയത് - മരണത്തോളം അതോ, കുരിശുമരണത്തോളംപോലും അനുസരണയുള്ളവനായിരുന്നത് മറ്റാരുമല്ല, അവൻതന്നെയാണ്. ദൈവപുത്രൻ ഇവയെല്ലാം ചെയ്തത് മനുഷ്യപുത്രനായിരിക്കുന്ന രൂപത്തിൽ മാത്രമാണ്.

അതുപോലെ, എപ്പോഴും ദൈവപുത്രനായിരിക്കുന്നവൻ തന്നെ മനുഷ്യനായി തീർന്നില്ലെങ്കിൽ, ശ്ലീഹാ റോമാക്കാർക്ക് എഴുതുന്നതിന്റെ അർത്ഥമെന്താണ്? "തന്റെ പുത്രനെപ്പറ്റി തിരുലിഖിതങ്ങളിൽ തന്റെ പ്രവാചകന്മാർവഴി മുൻകൂട്ടി വാഗ്ദാനം ചെയ്ത ദൈവത്തിന്റെ സുവിശേഷത്തിനായി വേർതിരിക്കപ്പെട്ട... അവൻ ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ചു" (റോമാ 1,1-3). ഇവിടെ ദൈവപുത്രൻ ഉണ്ട്. അവൻ എപ്പോഴും അതായിരുന്നു; താൻ അല്ലാതിരുന്നത് അവൻ ആയിത്തീർന്നു: "ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്ന്".

വീണ്ടും, ദൈവപുത്രനായ അവൻ തന്നെ മനുഷ്യപുത്രനായി തീർന്നില്ലെങ്കിൽ, എങ്ങനെയാണ് ദൈവം തന്റെ പുത്രനെ അയയ്ക്കുകയും അവൻ സ്ത്രീയിൽ നിന്ന് ജാതനാകുകയും ചെയ്തത്? (ഗലാ 4,4). എബ്രായഭാഷയിൽ ഈ നാമം കന്യാത്വരാഹിത്യത്തെ കുറിക്കുന്നതല്ല, പെൺവർഗത്തെ കുറിക്കുന്നതാണ്. ദൈവത്തിന്റെ ഏകജാതനായ പുത്രനല്ലാതെ പിതാവിനാൽ അയയ്ക്കപ്പെട്ടത് ആരാണ്? പിതാവിനോടൊത്ത് ദൈവപുത്രനായിരിക്കുന്നവൻ അയയ്ക്കപ്പെടുകയും മനുഷ്യപുത്രനായി തീരുകയും ചെയ്തു എന്ന സംഗതിയല്ലാതെ, എങ്ങനെയാണ് അവൻ സ്ത്രീയിൽനിന്നു ജാതനായത്?

സമയത്തിലുള്ള ദിവസം കൂടാതെ പിതാവിൽനിന്നു ജനിച്ചവൻ ഈ ദിവസം മാതാവിൽനിന്നു ജനിച്ചു! താൻ ആരിൽനിന്നുരുവായോ ആ മാതാവിനെ അവൻ രൂപീകരിച്ചു; താൻ അസ്തിത്വത്തിലേക്കു കൊണ്ടുവന്ന ഈ ദിവസം താൻ അസ്തിത്വത്തിലെത്തേണ്ട ദിവസമായി കൂടി അവിടുന്നു തെരഞ്ഞെടുത്തു. കാരണം, ആ ദിവസംപോലും ക്രിസ്തുവിന്റെ കർമത്തിന്റെ സൂചനയാണ്. ആ ദിവസംമുതൽ തുടർന്നുള്ള ദിവസങ്ങളിൽ കൂടുതൽ കൂടുതൽ സമയം വെളിച്ചം ലഭിക്കുന്നു. അതിലൂടെ അനുദിനം നമ്മുടെ ആന്തരിക മനുഷ്യൻ കൂടുതൽ ശക്തിപ്രാപിക്കുന്നതിനെ സൂചിപ്പിക്കുന്നു. കാലികസൃഷ്ടി സന്തുലിതാവസ്ഥയിൽ ചലിക്കുന്ന ആ ദിവസം നിത്യസ്രഷ്ടാവ് സൃഷ്ടസമയത്ത് തന്റെ ജന്മദിനമാക്കിയത് തികച്ചും ഉചിതമായിരുന്നു.

www.malankaralibrary.com



5

# ക്രിസ്മസ്

## പരസ്പരവിരുദ്ധങ്ങളായ സവിശേഷതകൾ ശിശുവായ ക്രിസ്തുവിൽ അത്ഭുതാവഹമായി പൊരുത്തപ്പെട്ടിരിക്കുന്നു.

എന്റെ നാവ് കർത്താവിന്റെ സ്തുതികൾ ആലപിക്കും. അവൻ വഴി എല്ലാവസ്തുക്കളും സൃഷ്ടിക്കപ്പെട്ടു; അവൻ എല്ലാവസ്തുക്കളുടെയും മധ്യത്തിൽ ഉരുവാക്കപ്പെട്ടു; അവൻ തന്റെ പിതാവിനെ വെളിപ്പെടുത്തുന്നു, തന്റെ മാതാവിനെ സൃഷ്ടിച്ചു. മാതാവിനെ കൂടാതെ തന്റെ പിതാവിലൂടെ അവൻ ദൈവപുത്രനാണ്; പിതാവിനെ കൂടാതെ തന്റെ മാതാവിലൂടെ അവൻ മനുഷ്യപുത്രനുമാണ്. മാലാഖമാരുടെ ദിവസംപോലെ അവൻ വലിയവനാണ്; മനുഷ്യരുടെ ദിവസത്തിൽ ചെറിയവനുമാണ്. അവൻ സമയങ്ങൾക്കെല്ലാം മുമ്പ് വചനമായ ദൈവമാണ്; സമയത്തിന്റെ പൂർണതയിൽ വചനം മാംസമായി. സൂര്യന്റെ നിർമാതാവായ അവൻ, സൂര്യനു കീഴെ ഉരുവായി. തന്റെ പിതാവിന്റെ മടിയിൽ യുഗങ്ങളെയെല്ലാം സജ്ജമാക്കുന്നവൻ തന്റെ മാതാവിന്റെ ഉദരത്തിൽ ഈ ദിവസത്തെ വിശുദ്ധീകരിക്കുന്നു. അവൻ പിതാവിൽ നിലനില്ക്കുന്നു; മാതാവിൽ നിന്ന് പുറത്തുവന്നു. ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവൻ ആകാശത്തിൻകീഴിൽ ധരയിൽ ജനിച്ചു. അവാച്യമാംവിധം വിജ്ഞാനിയായവൻ വിജ്ഞാനപൂർവം സംസാരം ഇല്ലാത്തവനായി. ലോകത്തെ നിറയ്ക്കുന്നവൻ പുൽക്കൂട്ടിൽ കിടക്കുന്നു; നക്ഷത്രങ്ങളെ ഭരിക്കുന്നവൻ തന്റെ മാതാവിന്റെ മാർവിൽ നിന്നു പാൽ നുകരുന്നു. തന്റെ ദൈവത്വത്തിൽ അവിടുന്നു വലിയവനാണ്; ദാസന്റെ രൂപത്തിൽ അവിടുന്നു ചെറിയവനാണ്. തന്റെ നിസ്സാരതകൊണ്ട് തന്റെ ഔന്നത്യം കുറഞ്ഞുപോകുന്നില്ല; തന്റെ നിസ്സാരതയെ തന്റെ ഔന്നത്യം മൂടിക്കളയുന്നില്ല. അവൻ ശാരീരികാവയവങ്ങൾ ധരിച്ചപ്പോൾ തന്റെ ദൈവികകർമങ്ങൾ അവൻ വിട്ടുകളഞ്ഞില്ല. "ഭൂമിയുടെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ ശക്തിയോടുകൂടി എത്തുന്നതിൽ നിന്നോ, എല്ലാകാര്യങ്ങളും മാധുര്യപൂർവം ക്രമപ്പെടുത്തുന്നതിൽനിന്നോ അവൻ പിന്തിരിഞ്ഞില്ല. അവൻ ജഡത്തിന്റെ ബലഹീ

www.malankaralibrary.com



നത ധരിച്ചുകൊണ്ട് കന്യകയുടെ ഉദരത്തിൽ പ്രവേശിച്ചപ്പോൾ, അതിനുള്ളിൽ ഒതുങ്ങിനിന്നില്ല. ഇപ്രകാരം വിജ്ഞാനത്തിന്റെ ഭക്ഷണം മാലാഖമാരിൽനിന്ന് മാറ്റപ്പെട്ടില്ല; കർത്താവ് എത്ര മാധുര്യവാനാണ് എന്ന് നമുക്കും രുചിച്ചുനോക്കാൻ കഴിഞ്ഞു.

## വചനം മാംസമായപ്പോൾ പിതാവിനെ വിട്ടുപോയില്ല എന്നു കാണിക്കാനുള്ള താരതമ്യം

**2.** നാം നൽകുന്ന പ്രസംഗം സ്വതന്ത്രമായി നിങ്ങളുടെ ഇന്ദ്രിയങ്ങളിൽകൂടി അകത്തുകടക്കുന്നു. ആ പ്രസംഗത്തെ ഒതുക്കി നിർത്താതെ തന്നെ ശ്രോതാക്കൾ അതു സ്വീകരിക്കുന്നു. അത് സ്വീകരിച്ചില്ലെങ്കിൽ അത് ആരെയും പ്രബോധിപ്പിക്കുകയില്ല: അത് ഒതുക്കി നിർത്തപ്പെടുന്നെങ്കിൽ, മറ്റാർക്കും ഇതു ലഭിക്കുകയില്ല. അങ്ങനെയെങ്കിൽ, വചനമായ ദൈവത്തെപ്പറ്റി നാം എന്തിന് ആശ്ചര്യപ്പെടണം?

എന്റെ ഈ പ്രസംഗം വാക്കുകളും സ്വരങ്ങളും ഉപയോഗിച്ചുള്ളതാണെന്ന് വ്യക്തമാണല്ലോ. എന്നാൽ വയറിന് നിങ്ങൾ ആഹാരം കഴിക്കുന്നതുപോലെ, അതുമിതും അതിൽനിന്നു നിങ്ങൾ പെറുക്കിയെടുക്കാറില്ലല്ലോ. അങ്ങനെയല്ല; എല്ലാവരും എല്ലാം കേൾക്കുന്നു. ഓരോരുത്തരും പൂർണമായി സ്വീകരിക്കുന്നു. ഞാൻ നിങ്ങളോടു സംസാരിക്കുമ്പോൾ ശ്രോതാക്കളിൽ ഒരാൾ എല്ലാം എടുത്തിട്ട്, മറ്റാർക്കും ഒന്നും അവശേഷിപ്പിക്കുന്നില്ല എന്ന ഭയത്തിനും സ്ഥാനമില്ല. മറിച്ച്, ആരുടെയും കാതിനോ മനസ്സിനോ കുറവുണ്ടാകണം എന്ന ഉദ്ദേശ്യം കൂടാതെ നിങ്ങളോരോരുത്തരും എല്ലാം ശ്രവിക്കുന്നതിനും മറ്റുള്ളവർ കേൾക്കാൻ പൂർണമായി അവശേഷിപ്പിക്കുന്നതിനും എല്ലാവരും ശ്രദ്ധാപൂർവം ഇരിക്കണം എന്നു നാം ആഗ്രഹിക്കുന്നു.

പ്രസംഗിക്കുന്നത് ഒരാളിൽ ആദ്യം കയറിയിട്ട് അവിടെ നിന്നിറങ്ങി മറ്റൊരാളിൽ കടക്കുന്നവിധം ഒരു സമയം ഒരാൾക്കും മറ്റൊരവസരം മറ്റൊരാൾക്കുമായിട്ടല്ല പ്രസംഗം; പിന്നെയോ, നിങ്ങളെല്ലാവരിലേക്കും ഒരേ സമയം കടന്നുവരുന്നു, ഇതു പൂർണമായി ഓരോരുത്തരിലും എത്തുന്നു. ഇതു മുഴുവൻ മനഃപാഠമാക്കാൻ കഴിയുമായിരുന്നെങ്കിൽ, ഇതു പൂർണമായി കേൾക്കാൻ നിങ്ങൾ വന്നെത്തിയതുപോലെ നിങ്ങൾ ഓരോരുത്തരും മുഴുവനുംകൊണ്ട് ഭവനങ്ങളിലേക്കു പോകുമായിരുന്നു.

www.malankaralibrary.com



വചനമാം ദൈവത്തിന് എത്രയധികമായി ചെയ്യാൻ കഴിയും! എല്ലാം അതുവഴി നിർമിക്കപ്പെട്ടു; തന്നിൽതന്നെ നിലനിന്നുകൊണ്ട് എല്ലാറ്റിനെയും നവീകരിക്കുന്നു; അത് സ്പേസിനാൽ വലയം ചെയ്യപ്പെടുന്നില്ല. സമയത്താൽ വലിച്ചു നീട്ടപ്പെടുന്നില്ല. ഹ്രസ്വമോ ദീർഘമോ ആയ ഇടവേളകൊണ്ട് രൂപഭേദം വരുന്നില്ല; സ്വരങ്ങളാൽ നിർമിക്കപ്പെടുന്നില്ല, നിശബ്ദതയിൽ അവസാനിക്കുന്നില്ല. എത്രയധികമായി ഈ വചനത്തിന്, ഈ മഹാവചനത്തിന്, താനെടുത്ത ശരീരംകൊണ്ട് തന്റെ അമ്മയുടെ ഉദരത്തെ ഫലദായകമാക്കാനും, അതേസമയം തന്റെ പിതാവിന്റെ മടിയിൽ നിന്ന് പുറപ്പെട്ടു പോകാതിരിക്കാനും കഴിയും! മനുഷ്യനയനങ്ങൾക്ക് തന്നെത്തന്നെ വെളിപ്പെടുത്താനും, മാലാഖമാരുടെ മനസ്സുകളെ പ്രകാശിപ്പിക്കാനുമായി അവിടുന്നു പുറപ്പെട്ടു. അവിടുന്ന് ഭൂമിയിൽ കാണപ്പെടുകയും ആകാശങ്ങൾക്ക് ഉപരിസ്ഥനായിരിക്കുകയും ചെയ്തു. അവിടുന്ന് മനുഷ്യനായി തീരുകയും മനുഷ്യരെ രൂപീകരിക്കുകയും ചെയ്യുന്നു.

### വചനം മാംസമായപ്പോൾ മാറിപ്പോയില്ല

**3.** അതുകൊണ്ട് ദൈവപുത്രൻ മാറി അഥവാ രൂപാന്തരപ്പെട്ട് മനുഷ്യപുത്രനായി എന്ന് ആരും കരുതാതിരിക്കട്ടെ. മറിച്ച്, തന്റെ ദൈവികസത്ത നഷ്ടമാകാതെ പൂർണമായി മാനുഷികസത്ത എടുത്തു എന്നും, ദൈവപുത്രനായി നിലനിന്നുകൊണ്ട് മനുഷ്യപുത്രനായി എന്നും നമുക്കു വിശ്വസിക്കാം. "വചനം ദൈവമായിരുന്നു", "വചനം മാംസമായി" എന്നീ വാക്കുകൾ വചനം ദൈവം അല്ലാതായിത്തീർന്നു എന്ന വിധം 'വചനം മാംസമായി' എന്ന് അർഥമാക്കുന്നില്ല; കാരണം, വചനം മാംസമായതിനാൽ, മാംസത്തിൽ തന്നെ **അമ്മാനുവേൽ**, "ദൈവം നമ്മോടുകൂടെ" ജനിച്ചു.

നമ്മുടെ ചിന്തയിൽ നാം വഹിക്കുന്ന വാക്കിനെ എടുക്കുക. നാം വായിലൂടെ അത് ഉച്ചരിക്കുമ്പോൾ സ്വരമായി പുറത്തുവരുന്നു; അത് സ്വരമായി രൂപാന്തരപ്പെടുന്നില്ല, പിന്നെയോ, വാക്ക് പൂർണമായി മാറ്റംകൂടാതെ നിലനില്ക്കുന്നു; അത് അവതരിപ്പിക്കുന്ന സ്വരം കൂടുതലായി അതിനോട് ചേർക്കപ്പെടുന്നു. തദ്ഫലമായി, നാം ഗ്രഹിക്കുന്നത് ആന്തരികമായി നിലനില്ക്കുന്നു; അതേസമയം കേൾക്കുന്നത് ബാഹ്യമായി അലയടിക്കുന്നു. നിശ്ശബ്ദതയിൽ അലയടിച്ചതു തന്നെയാണ് ശബ്ദമായി പുറത്തുവന്നത്. ഇപ്രകാരം, വചനം സ്വരമായി തീരുമ്പോൾ, അത് സ്വരമായി മാറ്റപ്പെടുന്നില്ല.

www.malankaralibrary.com



പ്രത്യുത, മനസ്സിന്റെ പ്രകാശത്തിൽനിന്നുകൊണ്ട്, ശരീരവുമായി ബന്ധിതമായ സ്വരം സ്വീകരിച്ച്, ശ്രോതാവിന്റെ പക്കലേക്കു പോകുന്നു. അത് ചിന്തിക്കുന്നവനെ വിട്ടുപോകുന്നുമില്ല. ഗ്രീക്കിലോ, ലത്തീനിലോ, മറ്റേതെങ്കിലും ഭാഷയിലോ സംസാരിക്കപ്പെട്ട വചനത്തെപ്പറ്റിയല്ല നിശ്ശബ്ദതയിൽ ചിന്തിക്കപ്പെട്ടതെന്നു ഞാൻ പറഞ്ഞത്. പിന്നെയോ, പറയാൻ പോകുന്ന ആ സംഗതിതന്നെ, ഭാഷ വഴിയുള്ള വ്യത്യാസത്തിന് മുൻപുള്ള അവസ്ഥയെപ്പറ്റിയത്രേ. ഗ്രഹിക്കുന്നവന്റെ ബുദ്ധിക്ക് നഗ്നമായി ഹൃദയത്തിന്റെ അറയിൽ അത് ഒരുതരത്തിൽ വെളിപ്പെടുന്നതിനെപ്പറ്റിയാണ്. അത് പുറപ്പെടാൻ തുടങ്ങുമ്പോൾ, സംസാരിക്കുന്നവന്റെ സ്വരത്തിൽ അത് പൊതിയപ്പെടുന്നു.

ഇവ രണ്ടും - ബുദ്ധിയിൽ ചിന്തയായി ഉദിക്കുന്നതും, സംസാരത്തിൽ സ്വരമായി വരുന്നതും - മാറ്റത്തിന് വിധേയമാണ്, രണ്ടും ഒരുപോലെയല്ല. നിങ്ങൾ മറന്നു കഴിയുമ്പോൾ ആദ്യത്തേത് ഇല്ലാതാകുന്നു; നിങ്ങൾ നിശ്ശബ്ദരാകുമ്പോൾ രണ്ടാമത്തേതും ഇല്ലാതാകുന്നു. എന്നാൽ ദൈവത്തിന്റെ വചനം എന്നേക്കും നിലനില്ക്കുന്നു; മാറ്റമില്ലാതെ നിലനില്ക്കുന്നു.

### മാംസമായ വചനം ദൈവവും മനുഷ്യനുമാണ്

**4.** നമ്മുടെ കാലിക ജീവിതത്തിൽ പ്രത്യക്ഷപ്പെടാനായി കാലപൂർത്തിയിൽ വചനം മാംസം എടുത്തപ്പോൾ, മാംസത്തിൽ അതിന്റെ നിത്യത്വം നഷ്ടപ്പെട്ടുപോയില്ല. മറിച്ച്, അത് മാംസത്തിനും അമർത്യത പകർന്നുകൊടുത്തു. അതുകൊണ്ട്, അവിടുന്നുതന്നെ, മണവറയിൽ നിന്നു പുറത്തുവരുന്ന മണവാളനെപ്പോലെയും തന്റെ ഓട്ടം ഓടുന്ന മല്ലനെപ്പോലെയും സന്തോഷിക്കുന്നു (സങ്കീ 19,5). "അവൻ ദൈവത്തിന്റെ സാദൃശ്യത്തിലായിരുന്നെങ്കിലും, ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി കരുതിയില്ല"; എന്നാൽ, നമ്മെ പ്രതി താൻ അല്ലാതിരുന്നത് ആയിത്തീരാൻ, അവൻ സ്വയം ശൂന്യനാക്കി; ദൈവത്തിന്റെ സാദൃശ്യം നശിപ്പിച്ചുകൊണ്ടല്ല പിന്നെയോ, ദാസന്റെ സാദൃശ്യം എടുത്ത് ഈ സാദൃശ്യത്തിലൂടെ മനുഷ്യന്റെ രൂപത്തിലായിതീർന്നു; തന്റെ സ്വന്തം സത്തയിലല്ല, പിന്നെയോ, രൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടുകൊണ്ടാണ്" (ഫിലി 2,6f). നാം ശരീരത്തിലോ ആത്മാവിലോ ആയിരിക്കുന്നതെല്ലാം നമ്മുടെ സ്വഭാവമാണ്. അവനെ സംബന്ധിച്ച് അത് അവന്റെ രൂപമാണ്. നാം ഇതല്ലാതിരുന്നെങ്കിൽ, അസ്തിത്വത്തിൽ

www.malankaralibrary.com



എത്തുമായിരുന്നില്ല; താൻ അതല്ലാതിരുന്നെങ്കിൽ, ഒരിക്കലും ദൈവം ആകുമായിരുന്നില്ല. താൻ അല്ലാതിരുന്നത് താൻ ആകാൻ തുടങ്ങിയപ്പോൾ, ദൈവമായിരുന്നത് തുടർന്നുകൊണ്ടുതന്നെ മനുഷ്യനായിത്തീർന്നു. അങ്ങനെ അവൻ ഇവയിൽ ഒന്നുമാത്രമല്ല, പിന്നെയോ, രണ്ടുമാണ് എന്നു സത്യമായും പറയാൻ കഴിഞ്ഞു. അവൻ മനുഷ്യനായിതീർന്നതിനാൽ, "പിതാവ് എന്നേക്കാൾ വലിയവനാണ്" എന്നും, ദൈവമായി നിലനിന്നതിനാൽ" ഞാനും എന്റെ പിതാവും ഒന്നാകുന്നു" എന്നും പറയാൻ കഴിഞ്ഞു (യോഹ. 14:28; 10:30). വചനം മാറി മാംസമായി തീർന്നെങ്കിൽ, അതായത് ദൈവം മനുഷ്യനായി മാറിയെങ്കിൽ, "പിതാവ് എന്നേക്കാൾ വലിയവനാണ്" എന്നതുമാത്രം സത്യമായിരിക്കും; ദൈവം മനുഷ്യനേക്കാൾ വലിയവനാണ് എന്നതാണ് അതിന്റെ കേവല കാരണം. "ഞാനും എന്റെ പിതാവും ഒന്നാകുന്നു" എന്നത് തെറ്റാകാം. കാരണം, ദൈവവും മനുഷ്യനും ഒന്നുതന്നെയല്ല എന്നത് സുസ്പഷ്ടമാണല്ലോ.

എന്നാൽ, "ഞാനും പിതാവും ഒന്നല്ല, ഒന്നായിരുന്നു" എന്ന് ഒരുപക്ഷേ അവനു പറയാം. അവൻ ആയിരുന്നതും ഇപ്പോൾ അല്ലാതിരിക്കുന്നതുമായ അവസ്ഥ ഇപ്പോഴുള്ളതല്ല, കഴിഞ്ഞതാണ് എന്ന് സത്യം. യഥാർത്ഥത്തിൽ, അവൻ എടുത്ത ദാസന്റെ സത്യരൂപം നിമിത്തം "പിതാവ് എന്നേക്കാൾ വലിയവനാണ്" എന്ന് അവൻ സത്യമായി പറഞ്ഞു. താൻ നിലനിന്ന ദൈവത്തിന്റെ സത്യരൂപം നിമിത്തം, "ഞാനും പിതാവും ഒന്നാകുന്നു" എന്നും അവൻ സത്യമായി പറഞ്ഞു.

അതുകൊണ്ട്, അവൻ മനുഷ്യരുടെ ഇടയിൽ സ്വയം ശൂന്യനാക്കി. താനായിരുന്നത് ഇല്ലാതാക്കിക്കൊണ്ടല്ല, പിന്നെയോ, താനായിരുന്നത് മറച്ചുകൊണ്ടും, താനായിത്തീർന്നത് കാണിച്ചുകൊണ്ടും, താനല്ലാതിരുന്നത് അവിടുന്ന് ആയിത്തീർന്നു. ഇപ്രകാരം കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിച്ചതിനാൽ, വ്യക്തമായ ദാസന്റെ രൂപം നിമിത്തം, "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു" (ഏശാ 9,6). എന്നേക്കും നിലനില്ക്കുന്ന വചനമാം ദൈവം നമ്മുടെ ഇടയിൽ വസിക്കാനായി മാംസമായി തീർന്നതിനാൽ, നിഗൂഢവും എന്നാൽ ദൈവത്തിന്റെ രൂപമായി നിലനില്ക്കുന്നതുമായ ദൈവത്തിന്റെ രൂപം നിമിത്തം, മംഗലവാർത്തയിൽ ഗബ്രിയേലിനെപ്പോലെ, അവനെ നാം *അമ്മാനുവേൽ* എന്നു പേരു വിളിക്കുന്നു. അവിടുന്ന് ദൈവമായി നിലനിന്നുകൊണ്ട് മനുഷ്യനായിത്തീർന്നു; അങ്ങനെ, മനുഷ്യപുത്രനായിപ്പോലും, ദൈവം നമ്മോടുകൂടെ എന്ന്

www.malankaralibrary.com



അവൻ ശരിയായി വിളിക്കപ്പെടുന്നു; അല്ലാതെ, ഒന്നിൽ മനുഷ്യൻ, മറ്റൊന്നിൽ ദൈവം എന്നല്ല.

അതുകൊണ്ട് വിശ്വസിക്കുന്നവരിൽ ലോകം സന്തോഷിക്കട്ടെ. ആരിലൂടെ ലോകം നിർമിക്കപ്പെട്ടുവോ, മറിയത്തിന്റെ ആ സ്രഷ്ടാവ്, ലോകത്തെ രക്ഷിക്കാനായി മറിയത്തിൽനിന്നു ജനിച്ച് ആഗതനായി. അവൻ ദാവീദിന്റെ പുത്രനും ദാവീദിന്റെ കർത്താവുമാണ്; അബ്രഹാമിന്റെ സന്തതിയും അബ്രഹാമിനു മുൻപുള്ളവനുമാണ്; ഭൂമിയെ നിർമിച്ചവനും ഭൂമിയിൽ ജനിച്ചവനുമാണ്; ആകാശങ്ങളെ ഉണ്മയിലേക്കു കൊണ്ടുവന്നവൻ, ആകാശങ്ങൾക്കു കീഴെ ഉടലെടുത്തു. കർത്താവുണ്ടാക്കിയ ദിവസം അവൻ തന്നെയാകുന്നു (സങ്കീ 118,24). നമ്മുടെ ഹൃദയത്തിന്റെ ദിവസവും കർത്താവുതന്നെയാണ്. അവന്റെ വെളിച്ചത്തിൽ നമുക്കു നടക്കാം; അതിൽ നമുക്ക് സന്തോഷിച്ചുല്ലസിക്കാം.

# 6

# ക്രിസ്മസ്

## മനുഷ്യന് വചനമാം ദൈവത്തെ വിശദീകരിക്കാനാവില്ല

പിതാവിനോടുകൂടെയിരിക്കുന്ന ദൈവപുത്രൻ പിതാവിനു തുല്യനാണ്; പിതാവിനോടൊപ്പം സമനിത്യനാണ്. ഭൂവാനങ്ങളിലുള്ള ദൃശ്യാദൃശ്യവസ്തുക്കളെല്ലാം അവനിലാണ് നിർമിതമായിരിക്കുന്നത്. അവൻ ദൈവവചനവും ദൈവവും പ്രകാശവും മനുഷ്യരുടെ ജീവനുമാണ്. ഈ ദൈവപുത്രനെ സ്തുതിക്കുന്നതിന് യാതൊരു മാനുഷികചിന്തയും ഭാഷയും പര്യാപ്തമല്ല എന്നതിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല. നമ്മുടെ ഹൃദയത്തിൽ ഇപ്പോഴും കാണാൻ കഴിയാത്തവനെ വാസ്തവത്തിൽ എങ്ങനെ യോഗ്യമാം വിധം നമ്മുടെ നാവുകൊണ്ട് സ്തുതിക്കാ നാവും? അവിടുത്തെ ദർശിക്കാനുള്ള നയനങ്ങൾ അവിടുന്നു സ്ഥാപിച്ചിരിക്കുന്നു. എന്നാൽ ഹൃദയം എല്ലാ ദുഷ്ടതകളിൽനിന്നും ശുദ്ധീകരിക്കപ്പെടണം എന്നും, ബലഹീനതയിൽനിന്ന് സുഖപ്പെടണമെന്നും, "ഹൃദയശുദ്ധി

www.malankaralibrary.com



യുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" എന്നത് (മത്താ 5,8) മനുഷ്യർ തങ്ങൾക്കുതന്നെ പ്രയോഗിക്കണമെന്നും ഉള്ളതാണ് അതിന്റെ നിബന്ധന. ആ ഒരു വചനത്തെ വിവരിക്കാൻ നമുക്കു വാക്കുകളില്ല എന്നു ഞാൻ പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. അതി ലാണ് നമുക്കുള്ള കല്പനയ്ക്കു രൂപം ലഭിച്ചത്. അസ്തിത്വത്തിന് നാം ആ വചനത്തെപ്പറ്റി എന്തെങ്കിലും പറയുന്നു!

നിശ്ചയമായും, നമ്മുടെ ചിന്തയിലുള്ളതും നാം ഇവിടെ സംസാരിക്കുന്നതുമായ ഈ വാക്കുകൾ നമ്മുടെ മനസ്സിൽ രൂപീകൃതമാണ്; എന്നാൽ അതുതന്നെ രൂപീകരിച്ചത് ആ *വചനമാണ്.* വചനം നമ്മെ രൂപീകരിച്ചതുപോലെയല്ല, നാം വാക്കുകൾ രൂപീകരിക്കുന്നത്. വചനത്തിലൂടെ സമസ്തവസ്തുക്കളെയും നിർമിച്ചതുപോലെയല്ല, പിതാവ് തന്റെ അനന്യവചനത്തെ ജനിപ്പിച്ചത്. ദൈവം യഥാർത്ഥത്തിൽ ദൈവത്തെ ജനിപ്പിച്ചു; എന്നാൽ ജനിപ്പിച്ചവനും ജനിച്ചവനും ഒരേസമയം ഏക ദൈവമാണ്. കൂടാതെ, ദൈവം ലോകത്തെ നിർമിച്ചു; ലോകം കടന്നുപോകുന്നു, എന്നാൽ ദൈവം നിലനില്ക്കുന്നു. നിശ്ചയമായും, നിർമിക്കപ്പെട്ടവയൊന്നും സ്വന്തമായി നിർമിതമല്ല! അതുപോലെ, സമസ്ത വസ്തുക്കളും ആരിലൂടെ നിർമിക്കപ്പെട്ടുവോ, അവനെ ആരും നിർമിച്ചതല്ല!

അപ്പോൾ, സൃഷ്ടവസ്തുക്കളിലൊന്നായ മനുഷ്യൻ, സമസ്തവും ആരിലൂടെ നിർമിതമാണോ, ആ വചനത്തെ വാക്കുകളിലൂടെ വിശദീകരിക്കാൻ പര്യാപ്തനാണ് എന്നു കരുതേണ്ടതില്ല എന്നതിൽ അത്ഭുതത്തിന് അവകാശമില്ല!

## നമ്മെപ്രതിയാണ് നിത്യവചനം കാലത്തിൽ ജാതനായത്

**2.** നമുക്ക് അല്പസമയത്തേക്ക് നമ്മുടെ കാതുകളെയും മനസ്സുകളെയും ഇതിലേയ്ക്കു തിരിച്ച്, ഇതേപ്പറ്റി ഒരുപക്ഷേ എന്തെങ്കിലും ഉചിതമായും യോഗ്യമായും പറയാൻ കഴിയുമോ എന്നു നോക്കാം. "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു" എന്നതിനെപ്പറ്റിയല്ല, പ്രത്യുത, "വചനം മാംസമായി" എന്നതിനെപ്പറ്റിയാണ്. "അവൻ നമ്മുടെ ഇടയിൽ വസിച്ചു" എന്നതു നിമിത്തം നമുക്ക് എന്തെങ്കിലും പറയാനാവുമോ എന്നു നോക്കാം. അവൻ ദൃശ്യനാകാൻ

www.malankaralibrary.com



തിരുമനസ്സായിടത്ത് അവനെപ്പറ്റി പറയാൻ കഴിയുമോ എന്നു നോക്കാം. വാസ്തവത്തിൽ, ഇക്കാരണത്താൽ കൂടിയാണ്, കന്യകയിൽനിന്നു ജനിക്കാൻ അവൻ തിരുമനസ്സായ ഈ ദിവസം നാം ആഘോഷിക്കുന്നത്; വാസ്തവത്തിൽ, തന്റെ ജനനകഥ മനുഷ്യർക്കു കഴിയുംവിധം വിവരിക്കാൻ അവൻ ഇടയാക്കി.

ആ നിത്യതയിൽ ദൈവത്തിൽനിന്നു ദൈവം ജനിച്ച അവന്റെ ജനനത്തെ ആര് വിവരിക്കും? അവിടെ ആഘോഷിക്കാനായി അങ്ങനെയൊരു ദിവസമില്ല. വർഷത്തിന്റെ കറക്കം അനുസരിച്ച് വീണ്ടും വരാനായി അവിടെ ദിവസം കടന്നുപോകുന്നില്ല; പിന്നെയോ, അസ്തമയം കൂടാതെ തുടർന്നുകൊണ്ടേയിരിക്കുന്നു; കാരണം, അത് ഉദയംകൊണ്ട് തുടങ്ങിയതല്ല, അത് ദൈവത്തിന്റെ ഏകവും അനന്യവുമായ വചനവും ജീവനും മനുഷ്യരുടെ പ്രകാശവുമാണ് - യഥാർത്ഥത്തിൽ *നിത്യമായ ദിവസം!*

എന്നാൽ മനുഷ്യരുടെ ശരീരവുമായി അവിടുന്ന് ഐക്യപ്പെട്ട ആ ദിവസം, 'മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളനേപ്പോലെ' അവൻ ആയിത്തീർന്നത് ഇപ്പോൾ, ഈ ദിവസമാണ്. നാളെയിത് ഇന്നലെയായിരിക്കും. എന്നാൽ, കന്യകയിൽനിന്നു ജനിച്ച *നിത്യ ദിവസത്തെ* ഈ ദിവസം മഹത്ത്വപ്പെടുത്തുന്നു; കാരണം, കന്യക യിൽനിന്നു ജനിച്ച *നിത്യദിവസം* ഈ ദിവസത്തെ വിശുദ്ധീകരിച്ചു.

ഏതു വാക്കുകൾകൊണ്ട് ദൈവത്തിന്റെ സ്നേഹത്തെ നാം പ്രകീർത്തിക്കും? നാം എന്തു കൃതജ്ഞത അർപ്പിക്കും? ആരിലൂടെ സമയം ഉണ്ടാക്കപ്പെട്ടുവോ, അവൻ നമ്മെപ്രതി സമയത്തിൽ ജനിക്കത്തക്കവിധം നമ്മെ അത്രമാത്രം സ്നേഹിച്ചു. നിത്യതയാൽ ലോകത്തേക്കാൾ പ്രായം ചെന്നവൻ, ലോകത്തിൽ തന്റെ നിരവധി ദാസന്മാരേക്കാൾ പ്രായം കുറഞ്ഞവനായിരുന്നു; മനുഷ്യനെ നിർമിച്ചവൻ മനുഷ്യനായിത്തീർന്നു; തന്റെ അമ്മയെ അസ്തിത്വ ത്തിലെത്തിച്ചവൻ, അവളിൽനിന്ന് അസ്തിത്വം സ്വീകരിച്ചു. താൻ രൂപീകരിച്ച കരങ്ങളാൽ അവൻ സംവഹിക്കപ്പെട്ടു; താൻ നിറച്ച മാറിടത്താൽ അവൻ പോറ്റപ്പെട്ടു; ഭാഷാരഹിത ശൈശവത്തിൽ പുൽത്തൊട്ടിയിൽ ഒരു ശിശുവായി അവൻ കരഞ്ഞു - ഈ വചനം കൂടാതെ മാനുഷികഭാഷ ഭാഷാരഹിതമത്രേ!

www.malankaralibrary.com



## വചനം ഭാഷാരഹിത ശിശുവായിത്തീർന്ന് വിനയത്തിന്റെ പ്രബോധകനാകുന്നു

**3.** മനുഷ്യാ, ദൈവം നിനക്കുവേണ്ടി എന്തായിത്തീർന്നു എന്നു കാണുക. ഈ മഹാവിനയത്തിന്റെ പ്രബോധകൻ ഇപ്പോഴും ഭാഷാരഹിതനാണെങ്കിലും, ഇതിന്റെ പാഠം സ്വീകരിക്കുക. ഒരിക്കൽ പറുദീസായിൽവച്ച് മൃഗങ്ങൾക്കെല്ലാം പേരു നൽകത്തക്കവിധം നീ ഭാഷാനിപുണനായിരുന്നു; എന്നാൽ നിന്റെ സ്രഷ്ടാവ് നീ നിമിത്തം ഭാഷാരഹിതനായി കിടന്നു; തന്റെ അമ്മയെപ്പോലും അവളുടെ പേരു ചൊല്ലി വിളിച്ചില്ല. നീ ഫലസമൃദ്ധമായ ഉദ്യാനത്തിലായിരുന്നെങ്കിലും, അനുസരണത്തിനു യാതൊരു വിലയും കല്പിക്കാതെ നിന്നെത്തന്നെ നശിപ്പിച്ചു. മരിച്ചവനെ തന്റെ മരണത്താൽ തിരിച്ചു കൊണ്ടുവരാൻവേണ്ടി അനുസരണയുള്ള അവൻ ഒരു ചെറിയ ദരിദ്രസത്രത്തിലേക്ക് മർത്യനായ മനുഷ്യനായെത്തി. വെറും മനുഷ്യൻ മാത്രമായ നീ, ദൈവമായി തീരാൻ ആഗ്രഹിച്ചു; എന്നാൽ നീ നശിച്ചു. അവൻ ദൈവം ആയിരുന്നിട്ടും, നഷ്ടപ്പെട്ടതിനെ കണ്ടെത്താനായി മനുഷ്യനാകാൻ ആഗ്രഹിച്ചു. ദൈവികവിനയത്തിനു മാത്രം നിന്നെ ഉയർത്താൻ കഴിയുന്നതിനായി, മാനുഷിക അഹന്ത നിന്നെ താഴേക്കു വലിച്ചു താഴ്ത്തി.

## തന്റെ കന്യാത്വം നഷ്ടപ്പെടാതെ മറിയം ക്രിസ്തുവിനെ പ്രസവിച്ചു.

**4.** അതുകൊണ്ട്, വിവാഹിതയായ മറിയം, വിവാഹം സ്ഥാപിച്ച രക്ഷകനെ, കന്യകയായ അവൾ കന്യകകളുടെ രാജകുമാരനെ, പ്രസവിച്ച ഈ ദിവസം നമുക്ക് ആഘോഷിച്ച് സന്തോഷിക്കാം. ഭർത്താവുമായി വിവാഹനിശ്ചയം ചെയ്തവൾ, എന്നാൽ, തന്റെ ഭർത്താവിനാലല്ലാതെ അമ്മയായി തീർന്നവൾ; വിവാഹത്തിനു മുമ്പ് കന്യക, വിവാഹത്തിൽ കന്യക - ശിശുവിനോടുകൂടിയ കന്യക, തന്റെ ശിശുവിനെ പോറ്റുന്ന കന്യക! കാരണം, യഥാർത്ഥത്തിൽ, സർവശക്തനായ പുത്രൻ ജനിച്ചപ്പോൾ, താൻ ജനിക്കാനായി തെരഞ്ഞെടുത്ത തന്റെ വിശുദ്ധ അമ്മയുടെ കന്യാത്വം യാതൊരു തരത്തിലും നഷ്ടപ്പെടുത്തിയില്ല!

വിവാഹത്തിലെ ഫലം യഥാർത്ഥത്തിൽ നല്ലതുതന്നെ; എന്നാൽ ഭക്തിനിറഞ്ഞ ജീവിതത്തിലെ കന്യാത്വം മെച്ചപ്പെട്ടതാണ്.

www.malankaralibrary.com



ഇക്കാരണത്താൽ, ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ, ദൈവമെന്ന നിലയിലും മനുഷ്യനെന്ന നിലയിലും രണ്ടും നൽകാൻ കഴിവുള്ളവനായിരുന്നു; വിവാഹിതർ കാംക്ഷിക്കുന്ന ദാനം തന്റെ അമ്മയ്ക്ക് കൊടുത്തിട്ട് മെച്ചപ്പെട്ട ദാനം കൊടുക്കാതിരിക്കാൻ അവന് കഴിയുമായിരുന്നില്ല. അമ്മമാരായി തീരാനുള്ള അവസരം ആ ദാനത്തിനുവേണ്ടി കന്യകകൾ ഉപേക്ഷിക്കുന്നു.

അതുകൊണ്ട് കന്യകയായ വിശുദ്ധ സഭ കന്യകയുടെ ഉദര ഫലത്തെ ഈ ദിവസം ആഘോഷിക്കുന്നു. "ക്രിസ്തുവിന് പാവന കന്യകയായി സമർപ്പിക്കാൻ ഏക ഭർത്താവിന് നിങ്ങളെ ഞാൻ ഒരുക്കി" എന്ന് ശ്ലീഹാ പറയുന്നത് സഭയെപ്പറ്റിയാണ്. (2 കൊറി 11,2). യുവാക്കളും യുവതികളും വിവാഹിതരായ അമ്മമാരും പിതാക്കന്മാരുമായി ഇരു വിഭാഗത്തിലുമുള്ള ധാരാളമാളുകൾ ഉള്ളപ്പോൾ, പാവനകന്യക എന്ന് അവൻ പറയുന്നത് എന്തുകൊണ്ട്? അവളുടെ വിശ്വാസത്തിന്റെയും ശരണത്തിന്റെയും സ്നേഹത്തിന്റെയും ശുദ്ധതയാൽ അല്ലെങ്കിൽ പിന്നെന്തിനാണ് പാവനകന്യക എന്ന് അവൻ പറയുന്നത്?

തദനുസൃതം, ക്രിസ്തു, സഭയുടെ ഹൃദയത്തിൽ കന്യാത്വം സ്ഥാപിക്കാൻ ആഗ്രഹിച്ചുകൊണ്ട് മറിയത്തിന്റെ ശരീരത്തിൽ കന്യാത്വം സംരക്ഷിച്ചു. സ്ത്രീപുരുഷന്മാർ വിവാഹിതരാകുമ്പോൾ, സ്ത്രീകളെ ഭർത്താക്കന്മാർക്ക് വിവാഹം ചെയ്തു കൊടുക്കുന്നു; അവർ പിന്നെ കന്യകകളല്ല. തന്റെ വരൻ കന്യകയുടെ പുത്രനായി കാണപ്പെടുന്നില്ലെങ്കിൽ, സഭയ്ക്കു കന്യകയായിരിക്കാൻ കഴിയുകയില്ല!

# 7

# ക്രിസ്മസ്

## ദിവസത്തിൽ നിന്നുള്ള ദിവസം - പിതാവിന്റെ പുത്രൻ

എല്ലാ ദിവസങ്ങളെയും നിർമിച്ച *ദിവസം* ഈ ദിവസത്തെ നമുക്കായി വിശുദ്ധമാക്കി. സങ്കീർത്തനം അവനെപ്പറ്റി ഇപ്രകാരം

www.malankaralibrary.com



പാടുന്നു: "കർത്താവിന് ഒരു പുതിയ കീർത്തനം ആലപിക്കുവിൻ; ധര മുഴുവൻ കർത്താവിനെ പാടിസ്തുതിക്കട്ടെ. കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ; അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ. *ദിവസത്തിൽ നിന്നുള്ള ദിവസത്തിന്റെ* രക്ഷയുടെ സദ്വാർത്തകൾ കൊണ്ടുവരുവിൻ" (സങ്കീ 96,1f) പ്രകാശത്തിൽനിന്നുള്ള പ്രകാശവും പിതാവിൽ നിന്നുള്ള പുത്രനും അല്ലാതെ *ദിവസത്തിൽ നിന്നുള്ള ദിവസം* എന്താണ്? എന്നാൽ ഇന്നു കന്യകയിൽനിന്നു ജനിച്ച ഈ *ദിവസത്തെ* ജനിപ്പിച്ച ആ *ദിവസത്തിന്* ഉദയവുമില്ല, അസ്തമയവുമില്ല! പിതാവായ ദൈവത്തെയാണു ഞാൻ *ദിവസം* എന്നു വിളിക്കുന്നത്. പിതാവ് ദിവസം അല്ലെങ്കിൽ, യേശു *ദിവസത്തിൽ നിന്നുള്ള ദിവസം* ആയിരിക്കുകയില്ല!

പ്രകാശം അല്ലാതെ *ദിവസം* എന്താണ്? ശാരീരിക നയനത്തിന്റെ പ്രകാശമല്ല, മനുഷ്യർക്കും മൃഗങ്ങൾക്കും, പൊതുവായുള്ള പ്രകാശമല്ല വിവക്ഷ, പിന്നെയോ, മാലാഖമാരുടെമേൽ പ്രകാശിക്കുന്ന വെളിച്ചം, നമ്മുടെ ഏതു ഹൃദയമാണ് ശുദ്ധീകരിക്കപ്പെട്ടത് എന്നു കാണാനുള്ള വെളിച്ചം! വാസ്തവത്തിൽ നാം ഇപ്പോൾ ജീവിക്കുന്ന, നമുക്കുവേണ്ടി തിരുലിഖിത വിളക്കുകൾ കത്തിച്ചിരിക്കുന്ന രാത്രി കടന്നുപോകുന്നു; മറ്റൊരു സങ്കീർത്തനത്തിൽ പ്രവചിച്ചിരിക്കുന്നത് കടന്നുവരും; "പ്രഭാതത്തിൽ ഞാൻ നിന്റെ മുമ്പാകെ നിൽക്കുകയും നിന്നെ ധ്യാനിക്കുകയും ചെയ്തു" (5,3).

## സത്യം മുളച്ചുവന്ന ധരയാണ് മറിയം

**2.** വചനമാം ദൈവമാകുന്ന ഈ *ദിവസം* തന്റെ പ്രകാശത്തെ മാലാഖമാരുടെമേൽ വർഷിക്കുന്നു. നാം എവിടെനിന്ന് അന്യനാടുകളിലേക്ക് പുറപ്പെട്ടുപോകുന്നുവോ ആ നമ്മുടെ മാതൃരാജ്യത്തെ ഈ *ദിവസത്തിന്റെ* പ്രകാശം, പ്രശോഭിപ്പിക്കുന്നു. ഈ *ദിവസം* ശരീരം ധരിച്ച് കന്യകമറിയത്തിൽനിന്നു ജനിച്ചു. അത്ഭുതാവഹമാം വിധത്തിലത്രേ ഈ ജനനം സംഭവിച്ചത്. കന്യകയിൽ നിന്നുള്ള ജനനത്തേക്കാൾ അത്ഭുതകരമായി മറ്റെന്താണുള്ളത്? അവൾ ഗർഭം ധരിച്ചു, അവൾ കന്യകയാണ്! അവൾ പ്രസവിക്കുന്നു, അവൾ കന്യകയാണ്! വാസ്തവത്തിൽ, തന്നെ അസ്തിത്വത്തിലെത്തിച്ചവനെ അവൾ അസ്തിത്വത്തിലെത്തിച്ചു. അവളുടെ കന്യാത്വം നഷ്ടപ്പെടുത്താതെ അവൻ അവളെ ഫലസമൃദ്ധയാക്കി.

www.malankaralibrary.com



മറിയം എവിടെ നിന്നാണ്? ആദത്തിൽനിന്ന്. ആദം എവിടെ നിന്നാണ്? ധരയിൽനിന്ന്. ആദം ധരയിൽ നിന്നാണെങ്കിൽ, മറിയം ആദത്തിൽനിന്നാണെങ്കിൽ, മറിയവും ധരയാണ്! മറിയം ധരയാണെങ്കിൽ, "സത്യം ധരയിൽ നിന്നു മുളച്ചുവന്നു" എന്ന് നാം പാടുന്നതിന്റെ അർത്ഥം നമുക്കു ഗ്രഹിക്കാം.

എന്ത് ആനുകൂല്യമാണ് നമ്മുടെമേൽ ചൊരിയപ്പെട്ടത്? "സത്യം ധരയിൽ നിന്നു മളച്ചുവന്നു; നീതി സ്വർഗത്തിൽനിന്ന് താഴേക്കു നോക്കി" (സങ്കീ 85,11). ശ്ലീഹാ പറയുന്നതുപോലെ, യഹൂദർ "ദൈവത്തിന്റെ നീതി ഗ്രഹിക്കാതെ, തങ്ങളുടെ നീതി സ്ഥാപിക്കാനായി, ദൈവത്തിന്റെ നീതിക്കു വിധേയരായില്ല" (റോമാ 10,23). ഒരുവന് എങ്ങനെ നീതിമാൻ ആകാൻ കഴിയും? തന്റെ സ്വന്തം കഴിവു കൊണ്ടോ? സ്വന്തമായി അപ്പം നൽകാൻ ഏതു ദരിദ്രനു കഴിയും? മറ്റൊരാൾ ഒരു വസ്ത്രം നൽകുന്നില്ലെങ്കിൽ, ഏതു നഗ്നനാണ് പുതയ്ക്കാൻ കഴിയുക? നാം നീതികെട്ടവരായിരുന്നു; പാപം മാത്രമേ നമുക്കുണ്ടായിരുന്നുള്ളു. പിന്നെ നീതി എവിടെനിന്നു വന്നു? വിശ്വാസം കൂടാതെ എന്തു നീതിയാണുള്ളത്? കാരണം "നീതിമാൻ വിശ്വാസംവഴി ജീവിക്കുന്നു" (റോമാ 1,17). വിശ്വാസരഹിതനായിരിക്കുകയും നീതിമാൻ എന്നു സ്വയം വിളിക്കുകയും ചെയ്യുന്നവൻ നുണ പറയുന്നു. വിശ്വാസം ഇല്ലാത്തവന് എങ്ങനെ നുണ പറയാതിരിക്കാനാവും? സത്യം സംസാരിക്കാൻ അവന് ആഗ്രഹം ഉണ്ടെങ്കിൽ, അവൻ സത്യത്തിലേക്കു തിരിയട്ടെ.

എന്നാൽ സത്യം അകലെയായിരുന്നു. "സത്യം ധരയിൽ നിന്നു മുളച്ചുവന്നു". അതു നിങ്ങളുടെ പക്കലേക്കു വന്നു. നിങ്ങൾ കൂർക്കം വലിക്കുകയായിരുന്നു. അതു നിങ്ങളെ ഉണർത്തി. നിങ്ങളെ അതിനു നഷ്ടപ്പെടാതിരിക്കാനായി അത് തന്നെത്തന്നെ നിങ്ങൾക്കായി ഒരു പാതയാക്കി. അതുകൊണ്ട്, സത്യം ധരയിൽനിന്നു മുളച്ചുവന്നതിനാൽ, നമ്മുടെ കർത്താവായ യേശുക്രിസ്തു കന്യകയിൽ നിന്നു ജനിച്ചു; മനുഷ്യർക്ക്, തങ്ങളുടേതല്ല, ദൈവത്തിന്റെ നീതി ഉണ്ടാകുവാനായി, നീതി സ്വർഗത്തിൽനിന്നു താഴേക്കു നോക്കി.

## മനുഷ്യൻ കണ്ണുനീരുകൊണ്ട് ജീവിതം തുടങ്ങുന്നു.

**3.** ശ്രദ്ധേയമായ എന്ത് ഔന്നത്യമാണ് നമുക്കു നൽകപ്പെട്ടിരിക്കുന്നത്? എന്ത് ഹീനതയാണ് നേരത്തെ ഉണ്ടായിരുന്നത്? ഈ ഹീനത ഏതു തരത്തിൽ കാണപ്പെടുന്നു? നാം മർത്യരായിരുന്നു,

www.malankaralibrary.com



നാം നമ്മുടെ പാപഭാരം പേറിയിരുന്നു, നമ്മുടെ ശിക്ഷാവിധികളാൽ നാം ഭാരപ്പെട്ടിരുന്നു. എല്ലാ മനുഷ്യജീവിയും അരിഷ്ടതയോടുകൂടി ജീവിതം ആരംഭിക്കുന്നു. ഇതേപ്പറ്റി പ്രവാചകനോട് ആരായേണ്ട - ജനിക്കുന്ന ശിശുവിനോട് ചോദിക്കൂ; അത് എങ്ങനെ കരയുന്നു എന്നു കാണൂ.

ഭൂമിയിൽ ദൈവത്തിനുണ്ടായിരുന്ന ക്രോധം അത്തരത്തിൽ ഉള്ളതായിരുന്നു. പെട്ടെന്ന് നൽകിയ ഈ മഹത്ത്വം എന്താണ്? "സത്യം ധരയിൽനിന്നു മുളച്ചുവന്നു". സമസ്ത വസ്തുക്കളെയും അസ്തിത്വത്തിൽ എത്തിച്ചവൻ, സമസ്ത വസ്തുക്കളുടെയും മധ്യ ത്തിൽ അസ്തിത്വത്തിൽ എത്തിച്ചേർന്നു. അവൻ ദിവസത്തെ നിർമിച്ചു; അവൻ ദിവസത്തിന്റെ പ്രകാശത്തിലേക്കു വന്നു. സമയ ത്തിനു മുമ്പുള്ളവൻ സമയത്തിൽ തന്റെ മുദ്ര പതിച്ചു. കർത്താവായ ക്രിസ്തു ആരംഭരഹിതനായി പിതാവിനോടൊത്ത് എന്നേക്കും ഉണ്ടായിരുന്നു; എന്നാൽ ഇന്ന് അവൻ എന്താണെന്ന് നോക്കുക! ഇത് അവന്റെ ജന്മദിനമാണ്! ആരുടെ ജന്മദിനം? കർത്താവിന്റെ. അവനൊരു ജന്മദിനമുണ്ടോ? അതേ, അവനുണ്ട്. "ആദിയിൽ വചനം ഉണ്ടായിരുന്നു... വചനം. ദൈവത്തോടുകൂടെ ദൈവം! അവനൊരു ജന്മദിനം ഉണ്ടോ? അതേ, അവനുണ്ട്! അവനൊരു മനുഷ്യജീവി യായി പിറന്നില്ലായിരുന്നെങ്കിൽ, നമുക്ക് പുനർജന്മം ഉണ്ടാകുമായി രുന്നില്ല; കാരണം, നാം വീണ്ടും ജനിക്കാനാണ് അവൻ ജനിച്ചത്.

ക്രിസ്തു ജനിച്ചു; വീണ്ടും ജനിക്കാൻ ആരും അറച്ചുനില് ക്കേണ്ട. ക്രിസ്തു ജനിച്ചു; എന്നാൽ വീണ്ടും ജനിക്കാൻ ആവശ്യ മില്ലാതെയാണത്. ആദ്യജനനം ശപിക്കപ്പെട്ടവനല്ലാതെ മറ്റാർക്കാണ് രണ്ടാമതൊരു ജനനം ആവശ്യമായിരിക്കുന്നത്? അതുകൊണ്ട് തന്റെ കാരുണ്യം നമ്മുടെ ഹൃദയങ്ങളിൽ ചൊരിയപ്പെടട്ടെ!

അവന്റെ അമ്മ അവനെ തന്റെ ഉദരത്തിൽ വഹിച്ചു; നമുക്ക് അവനെ നമ്മുടെ ഹൃദയങ്ങളിൽ വഹിക്കാം. ക്രിസ്തുവിന്റെ തിരു അവതാരത്താൽ ഒരു കന്യക ഫലസമൃദ്ധയായി; ക്രിസ്തുവിലുള്ള വിശ്വാസത്താൽ നമ്മുടെ ഹൃദയങ്ങൾ ഫലസമൃദ്ധമാകട്ടെ. അവൾ രക്ഷകനെ പ്രസവിച്ചു; നമുക്ക് സത്പ്രവൃത്തികൾക്കു ജന്മം നൽകാം. നമുക്ക് വന്ധ്യരാകാതിരിക്കാം; നമ്മുടെ ആത്മാക്കൾ ദൈവത്തിനുവേണ്ടി ഫലസമൃദ്ധമാകട്ടെ!.

www.malankaralibrary.com



## ക്രിസ്തുവിന്റെ ഇരുജനനം എന്ന ആശ്ചര്യകരമായ സംഗതി

4. അമ്മയെകൂടാതെ പിതാവിൽനിന്നു ജനിച്ച ക്രിസ്തു, പിതാവിനെ കൂടാതെ അമ്മയിൽനിന്നു ജനിച്ച ക്രിസ്തു - രണ്ട് അത്ഭുതകരമായ കാര്യങ്ങൾ! ഒന്നാമത്തെ ജനനം നിത്യവും രണ്ടാമത്തേത് കാലികവും. അവൻ എപ്പോഴാണു പിതാവിൽനിന്നു ജനിച്ചത്? എന്താണ് ആ "എപ്പോൾ"? ഒന്നാമത്തേതിനെ സംബന്ധിച്ച് "എപ്പോൾ" എന്നു നീ ചോദിക്കുന്നു. അവിടെ നീ കാലത്തെ കണ്ടെത്തുകയില്ല. ഇല്ല, അവിടെ നീ "എപ്പോൾ" എന്നു ചോദിക്കാൻ പാടില്ല. രണ്ടാമത്തതിനെ സംബന്ധിച്ച് "എപ്പോൾ" എന്നു ചോദിച്ചുകൊള്ളൂ. "അവൻ എപ്പോഴാണ് മാതാവിൽ നിന്നു ജനിച്ചത്?" എന്നത് ന്യായമായ ചോദ്യമാണ്. എന്നാൽ "എപ്പോഴാണ് അവൻ തന്റെ പിതാവിൽ നിന്നു ജനിച്ചത്?" എന്നത് അത്തരത്തിലുള്ളതല്ല.

അവൻ ജനിച്ചു; എങ്കിലും അവൻ സമയബന്ധിതനല്ല. നിത്യനും സമനിത്യനുമായി നിത്യതയിൽ നിന്ന് അവൻ ജനിച്ചു. നീ എന്തിന് അത്ഭുതപ്പെടുന്നു? അവൻ ദൈവമാണ്. അവന്റെ ദൈവത്വത്തെപ്പറ്റി പരിഗണിക്കുക, നിന്റെ അത്ഭുതം നിങ്ങിപ്പോകും. "അവൻ കന്യകയിൽനിന്നു ജനിച്ചു" എന്നു നാം പറയുമ്പോൾ, അത് അസാധാരണ കാര്യമാണ്, അതിൽ നീ അത്ഭുതപ്പെടുന്നു. അവൻ ദൈവമാണ്. നീ അത്ഭുതപ്പെടേണ്ട കാര്യമില്ല! നമ്മുടെ സംഭ്രമം കൃതജ്ഞതയ്ക്കു വഴിമാറട്ടെ. വിശ്വാസം ഉള്ളവരായിരിക്കുക; വിശ്വസിക്കുക; കാരണം, ഇത് ഇപ്രകാരം യഥാർത്ഥമായി സംഭവിച്ചതാണ്. നീ വിശ്വസിക്കുന്നില്ലെങ്കിലും, ഇത് സംഭവിച്ചതാണ്. നീ വിശ്വാസരഹിതനായി കഴിയുന്നു എന്നു മാത്രം! മനുഷ്യനായി തീരാൻ അവൻ തിരുമനസ്സായി. കൂടുതൽ എന്താണു നീ ആരായുക? ദൈവം നിനക്കുവേണ്ടി സ്വയം താഴ്ത്തിയത് പോരേ? ദൈവം ആയിരുന്നവൻ മനുഷ്യനായിത്തീർന്നു. അവന്റേത് പാവപ്പെട്ട ഒരു ചെറിയ കുടിൽ ആയിരുന്നു; അവൻ പഴന്തുണികളാൽ പൊതിയപ്പെട്ട് പുല്ക്കൂട്ടിൽ കിടത്തപ്പെട്ടു. സുവിശേഷം വായിച്ചപ്പോൾ നീയിതു കേട്ടതാണല്ലോ. ആരാണ് വിസ്മയിക്കാത്തത്?

ലോകത്തെ നിറച്ചവൻ സത്രത്തിൽ ഒരു സ്ഥലം കണ്ടെത്തിയില്ല. പുല്ക്കൂട്ടിൽ വയ്ക്കപ്പെട്ട്, അവൻ നമ്മുടെ ഭക്ഷണമായിത്തീർന്നു. രണ്ടു മൃഗങ്ങളുടെ സ്ഥാനത്ത് രണ്ടു ജനതകൾ പുല്ക്കൂടിനെ സമീപിക്കട്ടെ: "കാള തന്റെ ഉടയവനെ അറിയുന്നു; കഴുത

www.malankaralibrary.com



തന്റെ യജമാനന്റെ പുല്ക്കൂടും" (ഏശാ 1,3). പുല്ക്കൂട്ടിലേക്കു നോക്കുക: കർത്താവിന്റെ വാഹനമൃഗമായിതീരുന്നതിൽ ലജ്ജിക്കേണ്ട. നിങ്ങൾ ക്രിസ്തുവിനെയാണ് വഹിക്കുന്നത്, നിങ്ങൾ സഞ്ചരിക്കുമ്പോൾ, നിങ്ങൾക്കു വഴിതെറ്റിപ്പോകില്ല; വഴിയാണ് നിങ്ങളുടെ പുറത്തിരിക്കുന്നത്! കർത്താവിന്റെ പക്കൽ എത്തിച്ച കഴുതക്കുട്ടിയെ നിങ്ങൾ ഓർക്കുന്നുണ്ടോ? ആരും മഞ്ഞളിക്കേണ്ട; നാമാണത്. കർത്താവ് നമ്മുടെ പുറത്തിരുന്ന്, തനിക്കിഷ്ടമുള്ളിടത്ത് നമ്മെ നയിക്കട്ടെ. നമുക്ക് അവന്റെ വാഹനമൃഗമാകാം; നാം ജറുസലേമിലേക്കാണു പോകുന്നത്. അവൻ നമ്മുടെ പുറത്തിരുന്നാൽ നമുക്കു ഭാരം തോന്നുകയില്ല, നാം നിവർന്നു നില്ക്കാൻ ഇടയാകും. നമ്മെ അവൻ നയിക്കുന്നതിനാൽ നമുക്കു വഴി തെറ്റുകയില്ല. നാം അവനിലേക്കാണ് പോകുന്നത്, നാം അവനിലൂടെയാണു പോകുന്നത്, നാം നശിച്ചുപോകയില്ല.

# 8

# ക്രിസ്മസ്

## ക്രിസ്തു ജനിക്കാൻ തെരഞ്ഞെടുത്ത ദിവസത്തിന്റെ മിസ്റ്റിക്കൽ അർത്ഥം

നമ്മുടെ കർത്താവായ യേശു തന്റെ മാതാവിൽനിന്നു ജനിക്കുന്നതിനുമുമ്പ് തന്റെ പിതാവിനോടുകൂടെ ആയിരുന്നു. തന്നെ പ്രസവിച്ച കന്യകയെ മാത്രമല്ല, താൻ ജനിക്കാനിരുന്ന ദിവസംകൂടി തെരഞ്ഞെടുത്തു. വഴി തെറ്റിയ മനുഷ്യർ മിക്കപ്പോഴും ചില പ്രത്യേക ദിവസങ്ങൾ തെരഞ്ഞെടുക്കാറുണ്ട്. പുതിയ മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കാൻ ചിലർ പ്രത്യേക ദിവസം തെരഞ്ഞെടുക്കുന്നു; മറ്റൊരാൾ കെട്ടിടം പണി തുടങ്ങാനും, വേറൊരാൾ യാത്ര തുടങ്ങാനും, പിന്നെയൊരാൾ വിവാഹിതനാകാനും ചിലപ്പോൾ പ്രത്യേക ദിവസം തെരഞ്ഞെടുക്കാറുണ്ട്. അപ്രകാരം ചെയ്താൽ അക്കാരണത്താൽ ഐശ്വര്യം ഉണ്ടാകും എന്ന് അവർ കരുതുന്നു. എന്നാൽ തന്റെ ജന്മദിനം തെരഞ്ഞെടുക്കാൻ ആർക്കും കഴിയുകയില്ല; എങ്കിലും, രണ്ടിനെയും സൃഷ്ടിക്കാൻ കഴിഞ്ഞ കർത്താവിന് തന്റെ ജന്മദിനവും തെരഞ്ഞെടുക്കാൻ കഴിഞ്ഞു.

www.malankaralibrary.com



അതിനുംപുറമേ മനുഷ്യന്റെ ഭാവി, ഗ്രഹങ്ങളുടെ നിലയെ ആശ്രയിച്ചാണ് എന്നു കരുതുന്ന നിസ്സാര മനുഷ്യരെപ്പോലെയല്ല അവിടുന്നു തന്റെ ദിവസം തെരഞ്ഞെടുത്തത്. നിശ്ചയമായും, താൻ ജനിച്ചദിനം അവനു സന്തുഷ്ടി പ്രദാനം ചെയ്തില്ല; പ്രത്യുത, അവിടുന്ന് ജനിക്കാൻ തിരുമനസ്സായ ദിവസത്തെ അവിടുന്ന് ഒരു സന്തുഷ്ടദിനമാക്കിത്തീർത്തു. കാരണം, അവന്റെ ജന്മദിനം തന്റെ വെളിച്ചത്തിന്റെ രഹസ്യവും കാണിക്കുന്നു. ശ്ലീഹാ അത് ഇപ്രകാരം സൂചിപ്പിക്കുന്നു: "രാത്രി കടന്നുപോയി; ദിവസം സമാഗതമായി; നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികളെ ദൂരെയകറ്റി, പ്രകാശത്തിന്റെ കവചം ധരിക്കാം. പകലിൽ എന്നപോലെ മാന്യമായി നമുക്കു വ്യാപരിക്കാം" (റോമാ 13,12f) ഇതു പകലാണെന്ന് നമുക്ക് തിരിച്ചറിയാം; നാം തന്നെ പകലായിരിക്കാം. വിശ്വാസരഹിതമായി ജീവിച്ചപ്പോൾ നാം രാത്രിയായിരുന്നു. രാത്രിപോലെ ലോകത്തെ മുഴുവൻ മൂടിയിരുന്ന ഈ വിശ്വാസരാഹിത്യം, വിശ്വാസത്തിന്റെ വളർച്ചയിലൂടെ കുറഞ്ഞുവരേണ്ടിയിരുന്നു. അതുപോലെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ജന്മദിനത്തിൽ രാത്രിക്ക് ദൈർഘ്യക്കുറവും പകലിന് ദൈർഘ്യക്കൂടുതലുമാകാൻ തുടങ്ങി.

അതുകൊണ്ട്, സഹോദരങ്ങളേ, ഉചിതമായ ആഘോഷങ്ങളോടെ ഈ ദിവസം കൊണ്ടാടാം. വിശ്വാസരഹിതരെപ്പോലെ സൂര്യനെ പ്രതിയല്ല, പിന്നെയോ, സൂര്യനെ നിർമിച്ചവനെ പ്രതിയത്രേ. നമ്മെ പ്രതി സൂര്യനു കീഴിലാകാനായി, വചനമായിരുന്നവൻ മാംസമായിത്തീർന്നു. സൂര്യനു കീഴിൽ എന്നത് നിശ്ചയമായും തന്റെ മാംസത്തിലാണ്. എന്നാൽ തന്റെ ഔന്നത്യത്തിൽ പ്രപഞ്ചം മുഴുവനും ഉപരിസ്ഥനായിട്ടാണ്. അതിലാണല്ലോ അവിടുന്നു സൂര്യനെയും നിർമിച്ചത്. അവതരിച്ച അവൻ ഇപ്പോഴും ആ സൂര്യന് ഉപരിസ്ഥനായി നിലകൊള്ളുന്നു. എന്നാൽ സൂര്യനെ ദൈവമായി ആരാധിക്കുന്ന ബൗദ്ധികമായി അന്ധരായവർ യഥാർത്ഥ നീതിസൂര്യനെ ദർശിക്കുന്നില്ല.

## ക്രിസ്തുവിന്റെ രണ്ടു ജനനങ്ങൾ. അവൻ സ്ത്രീയിൽ നിന്നു ജനിക്കാൻ ആഗ്രഹിച്ചത് എന്തുകൊണ്ട്?

**2.** ക്രിസ്ത്യാനികളേ, നമുക്ക് ഈ ദിവസം ആഘോഷിക്കാം; തന്റെ ദൈവികജനനത്തിന്റേതല്ല, തന്റെ മാനുഷിക ജനനത്തിന്റെ. അതുവഴിയാണല്ലോ അവൻ നമ്മെ വിടുവിച്ചത്. ദൃശ്യമായവയിൽ

www.malankaralibrary.com



നിന്ന് നാം അദൃശ്യമായവയിലേക്കു കടക്കുന്നതിന് അദൃശ്യൻ അതു വഴി ദൃശ്യനായി. കർത്താവിന് ദൈവികവും മാനുഷികവും, കാലാതീതവും കാലികവും എന്ന് രണ്ടു ജനനങ്ങൾ ഉണ്ടെന്ന് നമ്മുടെ കത്തോലിക്കാവിശ്വാസാനുസൃതം നാം വിശ്വസിക്കണം. രണ്ടും അസാധാരണമാണ്: ഒന്ന്, മാതാവിനെകൂടാതെ; മറ്റത്, പിതാവിനെ കൂടാതെ; രണ്ടാമത്തേതു നാം ഗ്രഹിക്കുന്നില്ലെങ്കിൽ, ആദ്യത്തേതു നാം എങ്ങനെ വിശദീകരിക്കും? കന്യക ഗർഭിണിയായി, കന്യക പ്രസവിച്ചു, പ്രസവിച്ചപ്പോഴും കന്യക കന്യകയായി നിലനിന്നു എന്ന സംഗതി, ഈ അത്ഭുതങ്ങളുടെ അത്ഭുതം, ലോകത്തിൽ അനന്യവും മുമ്പ് സംഭവിച്ചിട്ടില്ലാത്തതുമായ കാര്യം, വിശ്വസനീയമായിത്തീർന്ന ഈ അവിശ്വസനീയ കാര്യം, ലോകംമുഴുവൻ വിശ്വസിക്കുന്നതും, വിശ്വാസത്തിന് ഉപരിസ്ഥവുമായ കാര്യം, ആർക്കു ഗ്രഹിക്കാനാവും? മാനുഷിക ബുദ്ധിക്ക് പരിഹരിക്കാനാവാത്തത് വിശ്വാസം മനസ്സിലാക്കുന്നു; മാനുഷിക ബുദ്ധി പരാജയപ്പെടുന്നിടത്ത്, വിശ്വാസം മുന്നോട്ടുവരുന്നു. സമസ്തവസ്തുക്കളും ആരിൽക്കൂടി നിർമിക്കപ്പെട്ടുവോ, ആ വചനമാം ദൈവത്തിന്, മാതാപിതാക്കളെ കൂടാതെ ആദ്യമനുഷ്യനെ നിർമിച്ചതുപോലെ, മാതാവിനെകൂടാതെ തനിക്കായി മനുഷ്യശരീരം രൂപീകരിക്കാനാവില്ല എന്ന് യഥാർത്ഥത്തിൽ ആരാണു പറയുക?

ആണും പെണ്ണും എന്ന ഇരു വിഭാഗങ്ങളെയും നിശ്ചയമായും അവൻതന്നെ സൃഷ്ടിച്ചതിനാൽ, താൻ സ്വതന്ത്രരാക്കാനെത്തിയ ഇരുവിഭാഗങ്ങളെയും തന്റെ ജനനത്താൽ ബഹുമാനിക്കാൻ അവൻ ആഗ്രഹിച്ചു. ആദ്യമനുഷ്യന്റെ വീഴ്ചയുടെ കഥ നിശ്ചയമായും നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. – പുരുഷനോടു സംസാരിക്കാൻ സർപ്പം മുതിർന്നില്ല; പിന്നെയോ പുരുഷന്റെ വീഴ്ചയ്ക്കു സ്ത്രീയെ ഉപകരണമാക്കി. ബലഹീനതയിൽകൂടി ശക്തനെ അവൻ വീഴ്ത്തി; അങ്ങനെ ഒരാളെ വശീകരിച്ച് ഇരുവരുടെയുംമേൽ വിജയംവരിച്ചു. ഇക്കാരണത്താൽ, നീതിപൂർവകമായ നീരസത്താൽ പ്രചോദിതരായി, നമ്മുടെ മരണഹേതു സ്ത്രീയാണ് എന്ന് ദൂഷണം പറയാതിരിക്കാനും, വീണ്ടെടുപ്പിന് സാധ്യത ഇല്ലാത്തവിധം സ്ത്രീയെ ശപിച്ചിരിക്കുകയാണെന്ന് വിശ്വസിക്കാതിരിക്കാനുമായി, നഷ്ടപ്പെട്ടതിനെ തേടിവന്ന കർത്താവ്, രണ്ടുകൂട്ടരും നഷ്ടപ്പെട്ടതിനാൽ രണ്ടുകൂട്ടരെയും ബഹുമാനിക്കാനും ആദരിക്കാനും തിരുമനസ്സായി. ഒരു വിഭാഗത്തെ സംബന്ധിച്ചും നാം സ്രഷ്ടാവിനെ കുറ്റപ്പെടുത്താൻ പാടില്ല; രക്ഷയുടെ പ്രത്യാശയോടുകൂടി കർത്താവിന്റെ ജനനം ഇരുവിഭാഗങ്ങളെയും വീണ്ടെടുത്തു.

www.malankaralibrary.com



പുരുഷവിഭാഗത്തിന്റെ ബഹുമാനം ക്രിസ്തുവിന്റെ ശരീരത്തിൽ നിന്നുവരുന്നു; സ്ത്രീവിഭാഗത്തിന്റെ ബഹുമാനം ക്രിസ്തുവിന്റെ അമ്മയിലാണ്. യേശുക്രിസ്തുവിന്റെ കൃപ സർപ്പത്തിന്റെ വഞ്ചനയെ കീഴടക്കി.

## ശിശുവായ ക്രിസ്തു നമ്മെപ്രതി പുൽക്കൂട്ടിൽ

3. അതുകൊണ്ട്, ഇന്നു ജനിച്ചവനിൽ ഇരുവിഭാഗക്കാരും വീണ്ടും ജനിക്കട്ടെ. ഇരുകൂട്ടരും ഈ ദിവസം ആഘോഷിക്കട്ടെ. കർത്താവായ ക്രിസ്തു അസ്തിത്വത്തിലേക്കു വന്നത് ഈ ദിവസമല്ല. പിന്നെയോ, എന്നും തന്റെ പിതാവിനോടുകൂടെ ആയിരുന്നവൻ, തന്റെ മാതാവിൽനിന്നു സ്വീകരിച്ച മാംസത്തെ ഇന്നാണ് ഈ ലോകത്തിലെ വെളിച്ചത്തിലേക്കു കൊണ്ടുവന്നത്. ഇപ്രകാരം അവൻ തന്റെ മാതാവിന് ഫലദായകത്വം നൽകി; എന്നാൽ അവളുടെ കന്യാത്വം എടുത്തുകളഞ്ഞില്ല.

അവൻ ഗർഭസ്ഥനായി; അവൻ ജനിച്ചു; അവൻ ഒരു ശിശുവാണ്. ഈ ശിശു ആരാണ്? നിങ്ങൾക്കറിയാവുന്നതുപോലെ "ശിശു" (Infans) എന്നാൽ സംസാരിക്കാൻ (fari ക്ക്) കഴിയാത്തവൻ എന്നാണർത്ഥം. അവൻ ശിശുവും വചനവുമാണ്. ജഡത്തിൽ അവൻ നിശ്ശബ്ദൻ; മാലാഖമാരിലൂടെ അവൻ പഠിപ്പിക്കുന്നു. രാജകുമാരനും ഇടയന്മാരുടെ ഇടയനും ആയവനെപ്പറ്റി ഇടയന്മാരെ അറിയിച്ചു. ഭാരം ചുമക്കുന്ന വിശ്വസ്ത മൃഗങ്ങളുടെ ഭക്ഷണമായി അവൻ പുൽത്തൊട്ടിയിൽ കിടക്കുന്നു. എന്തുകൊണ്ടെന്നാൽ ഇത് പ്രവാചകൻ മുൻകൂട്ടി പ്രവചിച്ചിട്ടുള്ളതാണ്:"കാള തന്റെ ഉടയവനെ അറിയുന്നു; കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയും" (ഏശാ 1,3). താൻ ജറുസലേമിലേക്ക് പ്രവേശിച്ചപ്പോൾ, തന്റെ മുമ്പിലും പിമ്പിലും ആർപ്പുവിളിച്ചുകൊണ്ടു നടന്ന ജനക്കൂട്ടത്തിനിടയിൽ അവൻ ഒരു കഴുതക്കുട്ടിയുടെ പുറത്തു കയറിയിരുന്നു. നമുക്കും അവനെ തിരിച്ചറിയാം. നമുക്കും പുൽക്കൂട്ടിലേക്കു പോകാം, നമുക്കു നമ്മുടെ ഭക്ഷണം കഴിക്കാം. അവൻ നമ്മുടെ വഴികാട്ടിയായിരിക്കും. നാം സ്വർഗീയ ജറുസലേമിൽ എത്തിച്ചേരാനായി, നമുക്ക് നമ്മുടെ കർത്താവും ഭരണാധിപനും ആയവനെ വഹിക്കാം.

ഒരമ്മയിൽനിന്നുള്ള തന്റെ ജനനത്തിൽ അവിടുന്ന് ബലഹീനതയിൽ പ്രത്യക്ഷപ്പെട്ടു. എന്നാൽ തന്റെ പിതാവിൽനിന്നുള്ള ജനനത്തിൽ അവിടുന്ന് തന്റെ വലിയ ഔന്നത്യം കാട്ടി. കാലബന്ധിത

www.malankaralibrary.com



ദിവസങ്ങൾക്കിടയിൽ കാലത്തിലാണ് അവന്റെ ദിവസം; എന്നാൽ അവൻ തന്നെ *നിത്യദിവസത്തിൽ* നിന്നുള്ള *നിത്യദിവസമാണ്.*

## ക്രിസ്തുവിന്റെ ജനനം ആഘോഷിക്കപ്പെടണം

4. "കർത്താവിന് ഒരു പുതിയ കീർത്തനം ആലപിക്കുവിൻ; ഭൂമി മുഴുവനുമേ, കർത്താവിനു പാടുവിൻ; കർത്താവിനു കീർത്തനം ആലപിക്കുകയും അവന്റെ നാമം വാഴ്ത്തുകയും ചെയ്യുവിൻ" എന്ന് നാം കേൾക്കുമ്പോൾ (സങ്കീ 96,1-2), സ്വർഗീയ കാഹളധ്വനിയാൽ എന്നവിധം സങ്കീർത്തന ഭാഷയാൽ ശരിയായി നാം സംവഹിക്കപ്പെടുന്നു. അതുകൊണ്ട്, ഈ ദിവസം ശാരീരികമായി ജനിച്ച *ദിവസത്തിൽനിന്നുള്ള ദിവസത്തെ* നമുക്ക് അംഗീകരിക്കുകയും പ്രഘോഷിക്കുകയും ചെയ്യാം. *ദിവസം*, പിതാവായ ദിവസത്തിന്റെ പുത്രൻ, ദൈവത്തിൽ നിന്നുള്ള ദൈവം, പ്രകാശത്തിൽനിന്നുള്ള പ്രകാശം! മറ്റൊരിടത്ത് പറഞ്ഞിരിക്കുന്ന രക്ഷ യഥാർത്ഥത്തിൽ ഇതാണ്: "ദൈവം നമ്മോടു കൃപ കാണിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. നിന്റെ വഴി ധരയിലും നിന്റെ രക്ഷ എല്ലാ രാജ്യങ്ങളിലും ഞങ്ങൾ അറിയുന്നതിനു തന്നെ. അവിടുന്നു തന്റെ മുഖപ്രകാശം നമ്മുടെ മേൽ ചൊരിയുമാറാകട്ടെ" (സങ്കീ 67,1-3). ഇവിടെ, "ധരയിൽ" എന്ന വാക്ക് "എല്ലാ രാജ്യങ്ങളിലും" എന്നതിലും "നിന്റെ വഴി" എന്നത് "നിന്റെ രക്ഷ" എന്നതിലും ആവർത്തിച്ചിരിക്കുന്നു. "ഞാൻ വഴിയാകുന്നു" എന്ന് കർത്താവുതന്നെ പറഞ്ഞത് നാം അനുസ്മരിക്കുന്നു (യോഹ 14,6).

കർത്താവിന്റെ അഭിഷിക്തനെ കാണുന്നതുവരെ മരിക്കയില്ല എന്ന് അതിവിശുദ്ധനും വൃദ്ധനുമായ ശെമയോന് ദൈവികവെളിപാട് ലഭിച്ചിരുന്നു എന്ന് സുവിശേഷത്തിൽ നാം ഇപ്പോൾ ശ്രവിച്ചതാണല്ലോ. അവൻ ശിശുവായ ക്രിസ്തുവിനെ കൈകളിലെടുക്കുകയും, അവന്റെ ഔന്നത്യത്താൽ അവനെ തിരിച്ചറിയുകയും ചെയ്തപ്പോൾ, ഇപ്രകാരം പറഞ്ഞു: "കർത്താവേ, ഇപ്പോൾ നിന്റെ ദാസനെ തിരുവചനം അനുസരിച്ച് സമാധാനത്തിൽ വിട്ടയയ്ക്കണമെ. എന്തുകൊണ്ടെന്നാൽ, എന്റെ കണ്ണുകൾ നിന്റെ രക്ഷ ദർശിച്ചിരിക്കുന്നു" (ലൂക്കാ 2,26-29). അതുകൊണ്ട് ഗംഭീരഭാഷയിൽ നമുക്ക് *ദിവസത്തിൽനിന്നുള്ള ദിവസത്തെ*, അവന്റെ രക്ഷയെ പ്രഘോഷിക്കാം. വിജാതീയരുടെ ഇടയിൽ അവന്റെ മഹത്ത്വവും സകല ജനതകളുടെയും ഇടയിൽ അവന്റെ അത്ഭുതങ്ങളും നമുക്ക് അറിയിക്കാം (സങ്കീ 96,2-3).

www.malankaralibrary.com



അവൻ ഒരു പുൽത്തൊട്ടിയിൽ കിടക്കുന്നു; എന്നാൽ അവൻ ലോകത്തെ സംവഹിക്കുന്നു. അവൻ തന്റെ അമ്മയുടെ മാർവിൽ നിന്നു പാൽ നുകരുന്നു; എന്നാൽ അവൻ മാലാഖമാരെ തീറ്റിപ്പോറ്റുന്നു. അവൻ പിള്ളക്കച്ചകളാൽ ചുറ്റപ്പെട്ടിരിക്കുന്നു, എന്നാൽ അവൻ അമർത്യതയുടെ വസ്ത്രം പ്രദാനം ചെയ്യുന്നു. അവൻ പാൽ നുകരുന്നു, അതേസമയം അവൻ ആരാധിക്കപ്പെടുന്നു. അവന് സത്രത്തിൽ ഒരിടം ലഭിച്ചില്ല, എന്നാൽ വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിൽ അവൻ തനിക്കായി ആലയം നിർമിക്കുന്നു. ബലഹീനത ബലമുള്ളതായി തീരാൻ, ശക്തി ബലഹീനമായി തീർന്നു. അതുകൊണ്ട്, തന്റെ മാനുഷിക ജന്മത്തെ നിന്ദിക്കാതെ, നമുക്ക് കൂടുതലായി അഭിനന്ദിക്കാം. നമ്മെപ്രതി തന്റെ സർവ ഔന്നത്യത്തിലും അവിടുന്നു സ്വീകരിച്ച തന്റെ വിനീതാവസ്ഥ, അവന്റെ സാന്നിധ്യത്തിൽ മനസ്സിലാക്കാൻ നമുക്കു ശ്രമിക്കാം. നാം തന്റെ നിത്യതയിൽ എത്തിച്ചേരാൻ, നമുക്ക് സ്നേഹത്താൽ കത്തിജ്വലിക്കാം.

# 9

# ക്രിസ്മസ്

## അനർഹരെപ്രതി താൻ അർഹിക്കാത്തതിന് വിധേയനാകുവാൻ വചനം മാംസമായി.

പിതാവിന്റെ വചനം, സമയത്തിന്റെ നിർമാതാവ് മാംസമായപ്പോൾ, അവിടുന്നു തന്റെ ജന്മദിനം സമയത്തിൽ നമുക്കു നൽകി; അവന്റെ ദൈവികമായ അംഗുലീചലനംകൂടാതെ യാതൊരു ദിവസവും ചലിക്കുന്നില്ല. അവൻ മനുഷ്യാവതാരത്തിൽ ഒരു ദിവസം തനിക്കായി നീക്കിവച്ചു. അവൻ തന്റെ പിതാവിനോടുകൂടി സമസ്ത സമയ പരിധികൾക്കും മുമ്പുള്ളവനാണ്; എന്നാൽ ഈ ദിവസം, തന്റെ അമ്മയിൽനിന്നു പിറന്നുകൊണ്ട്, അവൻ കാലത്തിലേക്കു കാലുകുത്തി.

നക്ഷത്രങ്ങളെ ഭരിക്കുന്നവൻ തന്റെ മാതാവിന്റെ മാറിൽനിന്ന് പോറ്റപ്പെടുന്നതിന് മനുഷ്യനായി തീർന്നു. അപ്പത്തിന് വിശക്കുന്ന

www.malankaralibrary.com



തിനും ഉറവയ്ക്ക് ദാഹിക്കുന്നതിനും വെളിച്ചത്തിന് ഉറങ്ങുന്നതിനും വഴിക്ക് യാത്രാക്ഷീണം ഉണ്ടാകുന്നതിനും സത്യത്തെ കള്ളസാക്ഷികൾ ദുഷിക്കുന്നതിനും ജീവനുള്ളവരുടെയും മരിച്ചവരുടെയും വിധികർത്താവിനെതിരെ മർത്യനായ ന്യായാധിപൻ വിധിപ്രസ്താവിക്കുന്നതിനും നീതിയെ നീതിരഹിതർ വിധിക്കുന്നതിനും ഗുരുവിനെ ചാട്ടകൾകൊണ്ട് അടിക്കുന്നതിനും മുന്തിരിച്ചെടിയെ മുള്ളുകൾകൊണ്ട് കിരീടം അണിയിക്കുന്നതിനും ഉറവയെ മരത്തിൽ തൂക്കുന്നതിനും ശക്തിയെ ബലഹീനമാക്കുന്നതിനും സൗഖ്യമാക്കുന്നവനെ മുറിപ്പെടുത്തുന്നതിനും ജീവൻ മരിക്കുന്നതിനുമായി, മനുഷ്യരുടെ നിർമാതാവ് മനുഷ്യനായിത്തീർന്നു. അനർഹരായ നമ്മെ സ്വതന്ത്രരാക്കുവാനായി, ഇവയും അരുതാത്ത തത്തുല്യമായ മറ്റു സംഗതികളും സഹിക്കാൻ അവൻ മനുഷ്യനായിത്തീർന്നു. ഇത്തരം മഹാദുഷ്ടതകൾ നമ്മെപ്രതി അവൻ സഹിച്ചെങ്കിലും അവൻ യാതൊരു തിന്മയ്ക്കും അർഹനായിരുന്നില്ല. എന്നാൽ അവൻവഴി സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ട നാം, അത്തരം അനുഗ്രഹങ്ങൾക്ക് യാതൊരർഹതയും ഇല്ലാത്തവരായിരുന്നു. അതുകൊണ്ട്, ഇവയെല്ലാം നിമിത്തം യുഗങ്ങൾക്കെല്ലാം മുൻപും ആരംഭരഹിതമായും ദിവസങ്ങളാൽ നിശ്ചയിക്കപ്പെട്ട് ദൈവപുത്രൻ ആയിരുന്നവൻ, ഈ അന്ത്യനാളുകളിൽ മനുഷ്യപുത്രനായിത്തീരുന്നത് ഉചിതമെന്നു കണ്ടു. പിതാവിനാൽ നിർമിക്കപ്പെടാതെ പിതാവിൽനിന്നു ജനിച്ചവൻ, തന്നിലൂടെയല്ലാതെ ഒരിടത്തും ആയിരിക്കാൻ കഴിയാത്ത മാതാവിൽനിന്ന് ഇവിടെ ഭൂമിയിൽ ഒരിക്കൽ ജനിക്കാനായി താൻ നിർമ്മിച്ച അവളിൽ രൂപീകൃതനായി.

## ക്രിസ്തുവിന്റെ ജനനം തന്റെ അമ്മയുടെ കന്യാത്വത്തെ ഇല്ലാതാക്കിയില്ല.

**2.** ഇപ്രകാരം, "സത്യം ധരയിൽനിന്നു മുളച്ചുവന്നു" എന്ന് സങ്കീർത്തനത്തിൽ പ്രവചിച്ചിരുന്നത് (85,11) പൂർത്തീകരിക്കപ്പെട്ടു. ഗർഭധാരണത്തിനുമുൻപ് മറിയം കന്യകയായിരുന്നു, പ്രസവാനന്തരവും അവൾ കന്യകയായിരുന്നു. സത്യം മുളച്ചുവന്ന ഈ ധരയിൽ, അതായത് ഈ ശരീരത്തിൽ, കന്യാത്വം നഷ്ടപ്പെടാൻ ദൈവം ഇടയാക്കിയില്ല! തന്റെ ഉത്ഥാനാനന്തരം, അവൻ ഒരു ശരീരമല്ല, ഭൂതമാണ് എന്ന് കരുതപ്പെട്ടപ്പോൾ അവൻ ഇപ്രകാരം പറഞ്ഞു: "എന്നെ സ്പർശിച്ചു നോക്കുവിൻ; കാരണം, എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ, ഭൂതത്തിന് മാംസവും അസ്ഥികളും ഇല്ലല്ലോ"

www.malankaralibrary.com



(ലൂക്കാ 24,39). തന്റെ ശരീരത്തിന് സ്ഥൂലത ഉണ്ടായിരുന്നിട്ടും യുവശരീരമായിരുന്നിട്ടും, തന്റെ ശിഷ്യന്മാർ കതകടച്ച് ഇരുന്നിടത്ത് അവിടുന്ന് പ്രവേശിച്ചു (യോഹ 20,19). പ്രായപൂർത്തിവന്നപ്പോൾ അടച്ചിട്ടിരുന്ന മുറിയിൽ കടക്കാൻ അവനു കഴിഞ്ഞെങ്കിൽ, ശിശു എന്ന നിലയിൽ തന്റെ അമ്മയിൽനിന്ന് പുറത്തുവരാനും അവളുടെ അവയവങ്ങൾക്ക് പോറൽ വരുത്താതിരിക്കാനും അവന് എന്തു കൊണ്ട് കഴിവില്ല? എന്നാൽ അവിശ്വാസികൾ ഇതും അതും വിശ്വസിക്കുകയില്ല. കാരണം, വിശ്വാസം ഉള്ളിടത്ത് രണ്ടും വളരെ വേഗം വിശ്വസിക്കപ്പെടുന്നു; വിശ്വാസം ഇല്ലാത്തിടത്ത്, ഒന്നും വിശ്വസിക്കപ്പെടുന്നില്ല! ക്രിസ്തുവിന് ദൈവത്വം ഇല്ല എന്ന് കരുതുന്നതാണ് കൃത്യമായി അവിശ്വാസം. എന്നാൽ ദൈവം ശരീരത്തിൽ ഭൂജാതനായി എന്ന് വിശ്വസിക്കുമ്പോൾ, രണ്ടു സംഗതികളും ദൈവത്തിനു സാധ്യമാണോ എന്ന് ഇത് സംശയിക്കുന്നില്ല: അതായത്, അടച്ചിട്ടിരിക്കുന്ന മുറിയിൽ ഇരിക്കുന്നവർക്ക് തന്റെ പ്രായപൂർത്തിയായ ശരീരം കാണിച്ചുകൊടുത്തത് ഒന്ന്; 'മണവാളനായി മണവറയിൽ നിന്ന്' അതായത്, കന്യകയിൽനിന്ന് തന്റെ അമ്മയുടെ കന്യാത്വത്തിന് ഭംഗം വരാതെ ശിശു പുറത്തുവന്നത് മറ്റൊന്ന്.

## സഭ കന്യകയും അമ്മയുമാണ്

3. കളങ്കരഹിതയായ സഭയുടെ കളങ്കരഹിത ശിരസ്സായ, ദൈവത്തിന്റെ ഏകജാതനാം പുത്രൻ, അവളെ തന്നോടു ചേർക്കുവാൻ തീരുമാനിച്ചുകൊണ്ട്, സത്യമായും ഈ രീതിയിൽ മനുഷ്യപ്രകൃതിയെ തന്നോട് ഐക്യപ്പെടുത്തുന്നത് ഉചിതമെന്നു കണ്ടു. അവളെയാണ് പൗലോസ് ശ്ലീഹാ കന്യക എന്നു വിളിക്കുന്നത്. യഥാർത്ഥത്തിൽ ശാരീരികമായി കന്യകമാരായിരിക്കുന്നവരെ മാത്രമല്ല അവൻ ഉദ്ദേശിക്കുന്നത്, പിന്നെയോ, ഹൃദയശുദ്ധി ഉണ്ടാകണം എന്ന് പ്രതീക്ഷിച്ചുകൊണ്ട്, എല്ലാവരെയുമാണ്. അവൻ പറയുന്നു: "നിർമല കന്യകകളായി ക്രിസ്തുവിന് നിങ്ങളെ സമർപ്പിക്കുന്നതിനായി, ഞാൻ നിങ്ങളെ ഒരു ഭർത്താവുമായി വിവാഹനിശ്ചയം നടത്തി" (1 കൊറി 11,2). അതുകൊണ്ട് ശാരീരികമായി തനിക്കാവില്ലെങ്കിലും, സഭ തന്റെ യജമാനന്റെ അമ്മയെ അനുകരിച്ചുകൊണ്ട് ആത്മീയമായി അമ്മയും കന്യകയുമാണ്. പിശാചുക്കളുടെ വ്യഭിചാരത്തിൽനിന്ന് വീണ്ടെടുത്തുകൊണ്ട് സഭയെ കന്യകയായി സ്ഥാപിച്ച ക്രിസ്തുവും, താൻ ജനിച്ചപ്പോൾ തന്റെ അമ്മയുടെ കന്യാത്വത്തിന് യാതൊരു ഭംഗവും വരുത്തിയില്ല.

www.malankaralibrary.com



സഭ തന്റെ കളങ്കരഹിതമായ കന്യാത്വത്തിൽനിന്ന് വിശുദ്ധ കന്യകകളായി ജനിപ്പിച്ച നിങ്ങൾ, ഭൗമിക വിവാഹം ത്യജിച്ചുകൊണ്ട് ശാരീരികമായും കന്യകകളായിരിക്കാൻ തീരുമാനിച്ച നിങ്ങൾ, ഈ ദിവസം കന്യാത്വജന്മം സന്തോഷത്തോടും ആഘോഷത്തോടും കൊണ്ടാടണം. അവൻ സത്യമായും ഒരു സ്ത്രീയിൽനിന്നു ജനിച്ചു; എന്നാൽ സ്ത്രീപുരുഷ സംയോഗത്തിൽനിന്നല്ല അവൻ രൂപീകൃതനായത്. നിങ്ങൾ ആഗ്രഹിക്കേണ്ടത് നിങ്ങൾക്കു കൊണ്ടുവന്നവൻ, തന്റെ അമ്മയിൽനിന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് എടുത്തുമാറ്റിയില്ല. ഹവ്വായിൽനിന്ന് നിങ്ങൾ അവകാശമാക്കിയതിനെ സൗഖ്യമാക്കുന്നവൻ, മറിയത്തിൽ നിങ്ങൾ സ്നേഹിക്കുന്നതിനെ ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല!

## നാം മറിയത്തിന്റെ കന്യാത്വത്തെ അനുകരിക്കണം

**4.** നിങ്ങൾ ആരുടെ കാല്പാടുകളെ പിൻചെല്ലുന്നുവോ, അവൾ ഗർഭധാരണത്തിനായി പുരുഷന്റെകൂടെ പാർത്തില്ലെന്നു മാത്രമല്ല, പ്രസവത്തിലും കന്യകയായി നിലനിന്നു. നിങ്ങളുടെ കഴിവിന് അനുസൃതമായി അവളെ അനുകരിക്കുക - അവളുടെ ഗർഭധാരണത്തിലല്ല; കാരണം, നിങ്ങളുടെ കന്യാത്വം കാത്തുകൊണ്ട് ഇതു നിങ്ങൾക്ക് സാധ്യമല്ല. രണ്ടും ഉണ്ടായിരിക്കുക അവളുടെ മാത്രം വിശേഷാവകാശമായിരുന്നു. ഇവയിൽ ഒന്നുമാത്രം ഉണ്ടായിരിക്കുക എന്നതാണ് നിങ്ങളുടെ ആഗ്രഹം; എന്തുകൊണ്ടെന്നാൽ രണ്ടും വേണമെന്ന് നിങ്ങളാഗ്രഹിച്ചാൽ, ഒന്ന് നിങ്ങൾക്ക് നഷ്ടപ്പെടും. അവൾക്കു മാത്രമേ രണ്ടും ഉണ്ടായിരുന്നുള്ളു; കാരണം അവൾ സർവശക്തനെയാണ് പ്രസവിച്ചത്. അവനിലൂടെ ഇത് അവൾക്ക് സാധ്യമായിത്തീർന്നു. ഈ അനന്യരീതിയിൽ ദൈവത്തിന്റെ ഏകജാതൻ മാത്രം മനുഷ്യപുത്രൻ ആയിത്തീരുക ന്യായയുക്തമായിരുന്നു.

ക്രിസ്തു ഒരേ ഒരു കന്യകയുടെ പുത്രനാണ് എന്ന സംഗതി നിമിത്തം, അവൻ നിങ്ങൾക്ക് വിശേഷവിധിയായി യാതൊന്നുമില്ല എന്നു വരുന്നില്ല. വാസ്തവത്തിൽ ശാരീരികമായി അവനെ പ്രസവിക്കാനുള്ള സൗഭാഗ്യം നിങ്ങൾക്കുണ്ടായില്ല എങ്കിലും നിങ്ങളുടെ ഹൃദയങ്ങളിൽ അവനെ നിങ്ങളുടെ വരനായി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു. നിങ്ങളുടെ കന്യാത്വത്തിന് ഭംഗംവരും എന്ന ഭയംകൂടാതെ വരനും വീണ്ടെടുപ്പുകാരനായ അവനുമായി നിങ്ങൾ പറ്റിച്ചേർന്നു

www.malankaralibrary.com



കൊള്ളുകയും സന്തുഷ്ടരായിരിക്കുകയും വേണം. കാരണം, ശാരീരികമായി അവൻ അവളിൽനിന്നു ജനിച്ചപ്പോഴും, അവൻ അവളുടെ കന്യാത്വത്തിനു ഭംഗം വരുത്തിയില്ല; തന്റെ ആത്മീയാശ്ലേഷത്തിൽ അവൻ കൂടുതലായി അത് നിങ്ങൾക്കായി സംരക്ഷിക്കും.

കന്യകകളായി നിലകൊള്ളുന്നു എന്നതുകൊണ്ട് വന്ധ്യകളാണ് എന്ന് നിങ്ങളെപ്പറ്റി നിങ്ങൾ ചിന്തിക്കരുത്. കാരണം, കൃത്യമായി ശരീരത്തിന്റെ ഈ പരിപാവന ശുദ്ധതയാണ് ആത്മാവിന്റെ ഫലസമൃദ്ധിയിലേക്കു നയിക്കുന്നത്. ശ്ലീഹാ പറയുന്നതു ചെയ്യുക. ഭർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കണമെന്ന് ഈ ലോകകാര്യങ്ങളെപ്പറ്റി നിങ്ങൾ ചിന്തിക്കാത്തതിനാൽ, എല്ലാകാര്യങ്ങളിലും ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കും എന്ന് ദൈവികകാര്യങ്ങളെപ്പറ്റി ചിന്തിക്കുവിൻ (1 കൊറി 7,32-34). നിങ്ങൾക്ക് മക്കളെകൊണ്ടു നിറഞ്ഞ ഉദരമല്ല, സുകൃതങ്ങൾകൊണ്ടു നിറഞ്ഞ അരൂപി ഉണ്ടാകുവാനായി ഇപ്രകാരം ചെയ്യുവിൻ.

അവസാനമായി ഞാൻ നിങ്ങളെല്ലാവരോടുമാണ് സംസാരിക്കുന്നത്. എല്ലാവരേയും ഞാൻ അഭിസംബോധന ചെയ്യുന്നു. ശ്ലീഹാ ക്രിസ്തുവുമായി വിവാഹവാഗ്ദാനം ചെയ്ത സാർവത്രിക ശുദ്ധ കന്യകയോടാണ് എനിക്ക് ഈ അഭ്യർത്ഥനയുള്ളത്: മറിയത്തിന്റെ ശരീരത്തിൽ നിങ്ങൾ ശ്ലാഘിക്കുന്നത്, നിങ്ങളുടെ ആത്മാവിന്റെ ആന്തരിക അറയിൽ ചെയ്യുവിൻ. നീതിക്കായി ഹൃദയംകൊണ്ടു വിശ്വസിക്കുന്നവർ ക്രിസ്തുവിനെ ഗർഭം ധരിക്കുന്നു. രക്ഷയ്ക്കായി അധരം കൊണ്ട് ഏറ്റുപറയുന്നവർ (റോമാ 10,10) ക്രിസ്തുവിനെ പ്രസവിക്കുന്നു. ഈ രീതിയിൽ നിങ്ങളുടെ ആത്മാക്കൾ ഫലസമൃദ്ധിയാലും കന്യാത്വസംരക്ഷണത്താലും അനുഗൃഹീതമാകട്ടെ.

www.malankaralibrary.com



# 10

# ക്രിസ്മസ്

## മനുഷ്യനെപ്രതിയുള്ള ദൈവപുത്രന്റെ തിരുഅവതാരത്തോട് കാണിക്കേണ്ട ബഹുമാനം

ഇന്ന് സത്യം ധരയിൽ നിന്നു മുളച്ചുവന്നു. ക്രിസ്തു ശരീരത്തിൽ ഭൂജാതനായി. ഈ ആഘോഷാവസരം സന്തോഷിക്കുവിൻ. ഈ ദിവസം *നിത്യദിവസത്തെ*പ്പറ്റിയും ഓർക്കുവിൻ; അതേപ്പറ്റി ചിന്തിക്കുകയും ആഴമായ പ്രത്യാശയോടുകൂടി നിത്യദാനങ്ങൾ കാംക്ഷിക്കുകയും ചെയ്യുവിൻ. ദൈവമക്കളാകുവാനുള്ള കഴിവു നിങ്ങൾക്കു ലഭിച്ചിരിക്കുന്നതിനാൽ, നിങ്ങൾ അപ്രകാരമാണെന്ന് അംഗീകരിക്കുവിൻ. സമയം നിർമിച്ചവൻ നിങ്ങളെപ്രതി ശരീരത്തിൽ പ്രത്യക്ഷപ്പെട്ടു. സ്രഷ്ടാവ് നിങ്ങളെപ്രതി ജനിച്ചു.

മർത്യരായ നിങ്ങൾ എന്തുകൊണ്ടാണ് മർത്യകാര്യങ്ങളിൽ സന്തോഷം കണ്ടെത്തുന്നതും സാധിക്കുമെങ്കിൽ നൈമിഷിക ജീവിതത്തിൽ അള്ളിപ്പിടിച്ചു കഴിയാൻ ശ്രമിക്കുന്നതും? കൂടുതൽ ശോഭായമാനമായ പ്രത്യാശ ധരയിൽ വീശിയിരിക്കുന്നു – ഭൗമിക വാസികൾക്ക് സ്വർഗീയജീവിതത്തിന്റെ വാഗ്ദാനം! ഇതു നമ്മെക്കൊണ്ട് വിശ്വസിപ്പിക്കാൻ, കൂടുതൽ അവിശ്വസനീയമായ ഒരു കാര്യം അംഗീകരിക്കാൻ നമ്മളോട് ആവശ്യപ്പെട്ടിരിക്കുന്നു. മനുഷ്യരിൽനിന്നു ദൈവങ്ങളെ ഉണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ട്, ദൈവമായിരുന്നവൻ മനുഷ്യനായി. താൻ ആയിരുന്നത് നഷ്ടപ്പെടാതെ, താൻ നിർമിച്ചത് ആയിത്തീരാൻ അവൻ തീരുമാനിച്ചു. താൻ ആയിത്തീരാനുള്ളത് അവൻ തന്നെയാണ് നിർമിച്ചത്; കാരണം, തന്റെ ദൈവസ്വഭാവത്തോട് മനുഷ്യസ്വഭാവം കൂട്ടിച്ചേർക്കുക മാത്രമാണ് അവൻ ചെയ്തത്; മനുഷ്യനായി തീർന്നപ്പോൾ തന്റെ ദൈവ സ്വഭാവം അവൻ നഷ്ടപ്പെടുത്തിയില്ല.

കന്യകയിൽ നിന്നുള്ള ശിശുവിന്റെ ജനനത്തിൽ നാം ആശ്ചര്യപ്പെടുന്നു; അസാധാരണരീതിയിലുള്ള ഈ ജനനം സംശയാലുക്കളെക്കൊണ്ട് അംഗീകരിപ്പിക്കാൻ നാം പരിശ്രമിക്കുന്നു. പുരുഷ ബീജം പ്രവേശിക്കാതെ ഒരു ശിശു അവളുടെ ഉദരത്തിൽ ഉരുവായി;

www.malankaralibrary.com



ജഡികാലിംഗനത്തിന് ഒരിക്കലും വിധേയമാകാത്ത അവളുടെ ശരീരം മനുഷ്യപുത്രനെ പ്രസവിച്ചു. അവന് ഭൗമിക പിതാവ് ഉണ്ടായിരുന്നില്ല; ഗർഭധാരണത്തിൽ അവളുടെ പരിപൂർണ കന്യാത്വം അവികലമായി നിലനിന്നു; പ്രസവത്തിലും അത് അഭംഗുരം നിലനിന്നു.

ഇത് ശക്തിയുടെ വെളിപ്പെടുത്തലാണ്; വാസ്തവത്തിൽ അത്ഭുതാവഹം തന്നെ! എന്നാൽ കൂടുതൽ ബഹുമാനം അർഹിക്കുന്നത് കാരുണ്യകർമമാണ്. അതായത്, ഈ രീതിയിൽ ജനിക്കാൻ കഴിവുണ്ടായിരുന്നവൻ, ജനിക്കാൻ തീരുമാനിച്ചു. തന്റെ മാതാവിന്റെ ഏകജാതനായി ജനിച്ചവൻ, മുമ്പുതന്നെ തന്റെ പിതാവിന്റെ ഏകജാതനായിരുന്നു. തന്റെ മാതാവിന്റെ നിർമാതാവായിരുന്നവൻ അവളിൽ ഉരുവായി. നിത്യത മുതൽ തന്റെ പിതാവിനോടുകൂടെ ആയിരുന്നവൻ, ഇന്ന് തന്റെ മാതാവിൽ നിന്നു ജനിച്ചു. തന്റെ അമ്മയെപ്പോലെ തന്റെ അമ്മയിൽ നിന്ന് അവൻ രൂപീകൃതനായി; എന്നാൽ സൃഷ്ടിക്കപ്പെടാതെ എല്ലാവസ്തുക്കൾക്കും മുമ്പ് പിതാവിൽനിന്നു ജനിച്ചു; അവനെ കൂടാതെ പിതാവ് ഒരിക്കലും ഉണ്ടായിരുന്നില്ല; അവനെ കൂടാതെ അവന്റെ മാതാവ് ഒരിക്കലും ഉണ്ടാകുമായിരുന്നില്ല!

## ക്രിസ്തുവിന്റെ ജനനം കന്യകകൾക്കും വിധവകൾക്കും വിവാഹിതർക്കും സന്തോഷകാരണമാണ്. സഭ കന്യകയും മാതാവുമാണ്.

2. ക്രിസ്തുവിന്റെ കന്യകകളേ, സന്തോഷിക്കുവിൻ. ക്രിസ്തുവിന്റെ മാതാവ് നിങ്ങളിൽ ഒരുവളാണ്. ക്രിസ്തുവിനെ പ്രസവിക്കാൻ നിങ്ങൾക്കു ഭാഗ്യം ലഭിച്ചില്ല, എന്നാൽ മക്കളുണ്ടാകുവാൻ ക്രിസ്തുവിനെപ്രതി നിങ്ങൾ ആഗ്രഹിച്ചില്ല. അവൻ നിങ്ങളിൽനിന്നു ജനിച്ചില്ല, എന്നാൽ അവൻ നിങ്ങളെപ്രതിയാണ് ജനിച്ചത്. എങ്കിലും, നിങ്ങൾ ചെയ്യേണ്ടതുപോലെ അവന്റെ വചനം മനസ്സിൽ വഹിക്കുന്നെങ്കിൽ, തന്റെ പിതാവിന്റെ തിരുഹിതം നിങ്ങൾ നിറവേറ്റുന്നതിനാൽ, നിങ്ങളും അവന്റെ അമ്മമാരാണ്; കാരണം അവൻതന്നെ ഇപ്രകാരം പറഞ്ഞു: “എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാരോ,... അവരാണ് എന്റെ സഹോദരനും എന്റെ സഹോദരിയും എന്റെ മാതാവും” (മത്താ 12,50).

www.malankaralibrary.com



ക്രിസ്തുവിന്റെ വിധവകളേ, നിങ്ങൾ സന്തോഷിക്കുവിൻ. കന്യാത്വം ഫലദായകമാക്കിയവനോട് നിങ്ങൾ വിശുദ്ധ ചാരിത്ര്യം വ്രതം ചെയ്തു.

ഭർത്താക്കന്മാരുമൊത്ത് വിശ്വസ്തതാപൂർവം വൈവാഹിക വിശുദ്ധിയിൽ ജീവിക്കുന്ന നിങ്ങളും സന്തോഷിക്കുവിൻ. നിങ്ങളുടെ ശരീരത്തിൽ നിങ്ങൾക്കു നഷ്ടപ്പെട്ടത്, നിങ്ങളുടെ ഹൃദയങ്ങളിൽ കാത്തുസൂക്ഷിക്കുവിൻ. വൈവാഹികോപയോഗം നിമിത്തം ശരീരത്തിന് അവികലമായിരിക്കാൻ കഴിയില്ലെങ്കിലും, സാർവത്രികസഭ കന്യക ആയിരിക്കുന്നതുപോലെ, വിശ്വാസകാര്യങ്ങളിൽ നിങ്ങളുടെ നല്ല മനസ്സാക്ഷി ഒരു കന്യകയായിരിക്കട്ടെ.

മറിയത്തിൽ വിശുദ്ധ കന്യാത്വം ക്രിസ്തുവിനെ പ്രസവിച്ചു. ഹന്നായിൽ പ്രായംചെന്ന വൈധവ്യം ശിശുവിനെ തിരിച്ചറിഞ്ഞു. എലിസബത്തിൽ വൈവാഹിക വിശുദ്ധിയും വാർധക്യത്തിലെ ഫലവും ക്രിസ്തുവിന്റെ സേവനത്തിന് സമർപ്പിക്കപ്പെട്ടു. എല്ലാ ജീവിതാവസ്ഥകളിലുമുള്ള അവന്റെ വിശ്വസ്തരായ അനുയായികൾ, അവന്റെ കൃപയിൽ തങ്ങൾക്കു കൊണ്ടുവരാൻ കഴിയുന്നത് ശിരസ്സായ അവനിലേക്ക് കൊണ്ടുവന്നു. അതുപോലെ, ക്രിസ്തു സത്യവും സമാധാനവും നീതിയും ആകയാൽ, വിശ്വാസത്താൽ അവനെ ഗർഭം ധരിക്കുവിൻ, നിങ്ങളുടെ സത്പ്രവൃത്തികളിലൂടെ അവനെ പ്രസവിക്കുവിൻ. അങ്ങനെ മറിയത്തിന്റെ ഉദരം ക്രിസ്തുവിന്റെ ശരീരത്തിൽ ചെയ്തതുപോലെ, നിങ്ങളുടെ ഹൃദയത്തിന് ക്രിസ്തുവിന്റെ നിയമത്തിൽ ചെയ്യാൻ കഴിയും.

അതിനുംപുറമേ, നിങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളായതിനാൽ, കന്യകയുടെ ഗർഭധാരണത്തിൽ നിങ്ങൾക്ക് എന്തുകൊണ്ട് താല്പര്യം ഉണ്ടായിക്കൂടാ? മറിയം നിങ്ങളുടെ ശിരസ്സിനെ പ്രസവിച്ചു; സഭ നിങ്ങളെ പ്രസവിച്ചു. സഭതന്നെയും അമ്മയും കന്യകയുമാണ്; സ്നേഹനിർഭരമായ കാരുണ്യത്താൽ അമ്മ; അവളുടെ അന്യൂന വിശ്വാസവും വിശുദ്ധിയും നിമിത്തം കന്യക. അവൾ ജനതകളെ പ്രസവിക്കുന്നു; എന്നാൽ അവളുടെ അവയവങ്ങൾ ഒരുവന്റേതു മാത്രമാണ്. അവന്റെ ശരീരവും വധുവുമാണ് അവൾ. അനേകരുടെ ഇടയിൽ അവളും *ഐക്യത്തിന്റെ മാതാവാണ്* എന്ന സംഗതിയിലും അവൾ മറ്റേ കന്യകയ്ക്കു സദൃശ്യമാണ്.

www.malankaralibrary.com



## സത്യം ധരയിൽനിന്നും നീതി സ്വർഗത്തിൽനിന്നും. ആണ്ടുവട്ടത്തെ ഏറ്റവും ദൈർഘ്യം കുറഞ്ഞദിവസം ക്രിസ്തു ജനിച്ചത് എന്തുകൊണ്ട്?

3. അതുകൊണ്ട്, നമുക്ക്, നമുക്കെല്ലാവർക്കും, ഏകഹൃദയത്തോടും ഏകആത്മാവോടും ഹൃദയശുദ്ധിയോടും പരിശുദ്ധമായ ആഗ്രഹങ്ങളോടും കൂടെ കർത്താവിന്റെ ജന്മദിനം, നമ്മുടെ പ്രസംഗത്തിന്റെ ആരംഭത്തിൽ നാം പറഞ്ഞതുപോലെ സത്യം ധരയിൽ നിന്നു മുളച്ചുവന്ന ദിവസം, ആഘോഷിക്കാം. അതേ സങ്കീർത്തനത്തിൽ തുടർന്നുപറയുന്നതും യഥാർത്ഥത്തിൽ സംഭവിച്ചു. കാരണം, ധരയിൽനിന്ന് മുളച്ചുവന്നവൻ, അതായത് ശരീരത്തിൽനിന്നു ജനിച്ചവൻ അവനാണ്. കാരണം, അവൻ സ്വർഗത്തിൽ നിന്നുവന്നു; അവൻ എല്ലാറ്റിനും ഉപരിസ്ഥനുമാണ്. അതുകൊണ്ട്, അവൻ പിതാവിന്റെ പക്കലേക്ക് കരേറിയപ്പോൾ, സ്വർഗത്തിൽനിന്ന് താഴേക്കു നോക്കിയ നീതിയും അവൻ തന്നെയായിരുന്നു. അവൻ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തപ്പോൾ, ഈ നീതിയെ പ്രകീർത്തിച്ചുകൊണ്ട് പറയുന്നു: "അവൻ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും, നിങ്ങൾ ഇനിമേലിൽ എന്നെ കാണുകയില്ലാത്തതിനാൽ നീതിയെക്കുറിച്ചും ബോധ്യപ്പെടുത്തും" (യോഹ 16,8-10). സ്വർഗത്തിൽ നിന്നു താഴേക്കു നോക്കിയ നീതി ഇതാണ്. കാരണം, ആകാശത്തിന്റെ ഒരറ്റത്തു നിന്നാണ് അവന്റെ പുറപ്പാട്, മറ്റേയറ്റത്ത് അവൻ തന്റെ ഓട്ടം പൂർത്തിയാക്കുന്നു (സങ്കീ 19,6).

എന്നാൽ സത്യം ധരയിൽനിന്നു മുളച്ചുവന്നതിനാൽ ആരും അതിനെ നിന്ദിക്കേണ്ടതില്ല. മണവറയിൽനിന്നു മണവാളനെപ്പോലെയാണ് അതു പുറത്തുവന്നത്. അതായത്, കന്യകയുടെ ഉദരത്തിൽനിന്ന്. അവിടെ വചനമാം ദൈവം ഒരു വിവാഹത്താൽ മനുഷ്യസൃഷ്ടിയുമായി ഐക്യപ്പെട്ടു; എന്നാലതു നിർവചനാതീതമത്രേ. ഈ വചനത്തെ ആരും നിന്ദിക്കേണ്ടതില്ല. അത്ഭുതകരമായ രീതിയിലാണ് അതു ജനിച്ചത്. അതിന്റെ വാക്കുകളിലും പ്രവൃത്തികളിലും അത് അത്ഭുതാവഹനാണ്. എങ്കിലും, പാപമയമായ ശരീരത്തിന്റെ സാദൃശ്യം അതിനുള്ളതിനാൽ, ക്രിസ്തു മനുഷ്യനേക്കാൾ കൂടുതലായ ഒന്നാണ് എന്നു വിശ്വസിക്കാൻ ചിലർ

www.malankaralibrary.com



കൂട്ടാക്കിയില്ല. അതുകൊണ്ട്, "മണവറയിൽനിന്നു വരുന്ന മണവാള നെപ്പോലെ അവൻ വരുന്നു; മല്ലനെപ്പോലെ തന്റെ വഴി ഓടുവാൻ അവൻ സന്തോഷിക്കുന്നു" എന്നു പറഞ്ഞിട്ട് തുടർന്ന് ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "ആകാശത്തിന്റെ ഒരറ്റത്തുനിന്ന് അവൻ പുറപ്പെടുന്നു" (സങ്കീ 19,5-6). അതുകൊണ്ട്, 'സത്യം ധരയിൽ നിന്നു മുളച്ചു വരുന്നു' എന്നു കേൾക്കുമ്പോൾ, നൽകപ്പെട്ട ഒരു ബഹുമതിയെപ്പറ്റിയാണ് നിങ്ങൾ കേൾക്കുന്നത്. ഉണ്ടായേ മതിയാവൂ എന്ന തരത്തിലുള്ള ഒന്നല്ലത്. ഇത് അരിഷ്ടതയുടെ കഥയല്ല, കാരുണ്യത്തിന്റെ കഥയത്രേ.

ധരയിൽ നിന്നു മുളച്ചുവരാനായി സത്യം സ്വർഗത്തിൽനിന്ന് താഴേക്കു വന്നു; മണവാളനെ സംബന്ധിച്ച്, തന്റെ മണവറയിൽ നിന്ന് പുറത്തുവരാനായി, ആകാശത്തിന്റെ ഒരറ്റത്തു നിന്നാണ് അവന്റെ പുറപ്പാട്. ഇന്ന് അവൻ ജനിച്ചതിന്റെ കാരണം ഇവിടെയാണ്. ഭൂമിയിൽ ഇതിനേക്കാൾ ദൈർഘ്യം കുറഞ്ഞ ദിവസമില്ല തന്നെ; ഇതിനുശേഷം ദിവസങ്ങൾക്കു ദൈർഘ്യം കൂടിക്കൂടി വരുന്നു. താണുകുനിഞ്ഞ് നമ്മെ ഉയർത്തിയവൻ ഏറ്റവും ദൈർഘ്യം കുറഞ്ഞദിവസം തിരഞ്ഞെടുത്തു; എന്നാൽ അന്നു മുതൽ ദിവസത്തിന് ദൈർഘ്യം കൂടിക്കൂടി വരുന്നു. നമ്മെ പ്രതി ദരിദ്രനായി തീർന്നവനിൽ സമ്പന്നരാകാൻ നാം പഠിക്കുന്നതിനും, നമ്മെപ്രതി ദാസന്റെ രൂപം എടുത്തവനിൽ നാം സ്വാതന്ത്ര്യം അനുഭവിക്കുന്നതിനും നമ്മെപ്രതി ധരയിൽനിന്നു മുളച്ചുവന്നവനിൽ നാം സ്വർഗം സ്വന്തമാക്കുന്നതിനുമായി മേഘനാദത്താലെന്നപോലെ, ഇത്തരം സാഹചര്യങ്ങളിലുള്ള അവന്റെ വരവുകൊണ്ടുതന്നെ അവൻ നിശ്ശബ്ദനായി നമ്മെ ഉപദേശിക്കുന്നു.

www.malankaralibrary.com



# 11

# ക്രിസ്മസ്

**മാലാഖമാരുടെ വാക്കുകൾ മനുഷ്യകുലത്തെ മുഴുവൻ അഭിസംബോധന ചെയ്തുകൊണ്ടുള്ളതായിരുന്നു.**

കർത്താവായ യേശുക്രിസ്തു കന്യകയിൽ നിന്നു ജനിച്ചു എന്ന് മാലാഖമാർ ഇടയന്മാരെ അറിയിച്ച വാക്കുകൾ സുവിശേഷം വായിച്ചപ്പോൾ നാം കേട്ടു: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം" (ലൂക്കാ 2,14). ഇവ ശിശുവിനെ പ്രസവിച്ച ഉദരത്തിന്റെ ഉടമയായ സ്ത്രീയോടു മാത്രം പറഞ്ഞ ആശംസാവാക്കുകളല്ല; ഈ ആനന്ദപ്രദമായ വാക്കുകൾ മനുഷ്യകുലത്തോടു മുഴുവനുമാണ്. അവർക്കുവേണ്ടി യത്രേ കന്യക രക്ഷകനെ പ്രസവിച്ചത്. ഭൂവാനങ്ങളുടെ നാഥനെ പ്രസവിക്കുകയും ശിശുവിന്റെ ജനനശേഷവും കന്യകയായി തുടരുകയും ചെയ്ത ഈ പുതിയ മാതാവിന്റെ പ്രസവം സാധാരണ സ്ത്രീകൾ മാനുഷികാഘോഷത്തോടുകൂടി അറിയിച്ചാൽ പോരാ യിരുന്നു. പിന്നെയോ, ദൈവസ്തുതികൾ പാടിക്കൊണ്ട് മാലാഖ മാർതന്നെ അറിയിക്കേണ്ടിയിരുന്നു എന്നത് നിശ്ചയമായും ഉചിതവും പൂർണമായി അനുയോജ്യവും ആയിരുന്നു. ഇപ്പോൾ നമുക്കും നമ്മുടെ കഴിവിനനുസരിച്ച്, വിശ്വാസമുള്ള ഹൃദയത്തോടും ഭക്തിനിറഞ്ഞ സ്വരത്തിലും സന്തോഷപൂർവം ഉദ്ഘോഷിക്കാം: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മന സ്സുള്ളവർക്കു സമാധാനം". ആടുകളുടെ ഇടയന്മാരെ അവന്റെ ജനനവാർത്ത അറിയിക്കാൻ നമുക്കാവില്ല; എന്നാൽ തന്റെ അജഗണത്തോടുകൂടി തന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കാൻ നമുക്കു കഴിയും.

ഈ ദിവ്യവചസ്സുകൾ, ഈ ദൈവസ്തുതികൾ, മാലാഖമാരുടെ ഈ ആനന്ദം, നമ്മുടെ സർവ കഴിവുകളും ഉപയോഗിച്ച് പരിശോ ധിച്ച് പഠിക്കുകയും വിശ്വാസം, ശരണം, സ്നേഹം എന്നിവ യോടുകൂടി അതേപ്പറ്റി ധ്യാനിക്കുകയും ചെയ്യാം. കാരണം, നാം വിശ്വസിക്കുകയും ശരണപ്പെടുകയും ആഗ്രഹിക്കുകയും ചെയ്യു ന്നതുപോലെ, നാം ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ സന്മനോ

www.malankaralibrary.com



ഭാവത്തോടുകൂടി സമാധാനപൂർവം ജീവിച്ചാൽ, നമ്മുടെ ആത്മ ശരീരങ്ങളുടെ ഉത്ഥാനത്തിൽ, ക്രിസ്തുവിന്റെ മുമ്പിലേക്ക് മേഘങ്ങളിൽ നാം എടുക്കപ്പെടുമ്പോൾ, നാമും അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വമായിരിക്കും. നിശ്ചയമായും നമ്മുടെ ജീവിതം അത്യുന്നതങ്ങളിൽ ആയിരിക്കും; കാരണം, അവിടെയാണ് ജീവനുള്ളവരുടെ വാസസ്ഥലം. കർത്താവ് ആയിരിക്കുന്ന നല്ലദിവസങ്ങളുള്ള ആ അവസ്ഥയിൽ, വർഷങ്ങളുടെ അവസാനം ഉണ്ടാകാത്ത ജീവിതമായിരിക്കും. "ജീവിതത്തെ സ്നേഹിക്കുകയും നല്ല ദിവസങ്ങൾ കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്നവൻ തിന്മയിൽനിന്നു തന്റെ നാവിനെയും വ്യാജം പറയുന്നതിൽ നിന്ന് തന്റെ അധരത്തെയും നിയന്ത്രിക്കട്ടെ. അവൻ തിന്മയിൽനിന്നു പിന്തിരിഞ്ഞ് നന്മ ചെയ്യട്ടെ. അങ്ങനെ അവൻ സന്മനസ്സുള്ള മനുഷ്യൻ ആയിരിക്കട്ടെ. സമാധാനം അന്വേഷിക്കുകയും അതിനെ പിന്തുടരുകയും ചെയ്യട്ടെ" (സങ്കീ 34,12-14). എന്തുകൊണ്ടെന്നാൽ സന്മനസ്സുള്ളവർക്കാണ് ധരയിൽ സമാധാനം!

## തന്റെ ബലഹീനതയിൽ മനുഷ്യൻ ദൈവത്തോടു സഹായം അപേക്ഷിക്കണം

**2.** "നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും; എന്നാൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല" എന്ന് മനുഷ്യാ, നീ പറയുമായിരിക്കും. "നിന്റെ അന്തരംഗത്തിൽ ദൈവത്തിന്റെ നിയമത്തെക്കുറിച്ച് നീ ആഹ്ലാദിക്കുന്നു. എന്നാൽ നിന്റെ അവയവങ്ങളിൽ, നിന്റെ മനസ്സിന്റെ നിയമത്തോടു പോരാടുന്ന മറ്റൊരു നിയമം നീ കാണുന്നു. അത് നിന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ നിയമത്തിന് നിന്നെ അടിമപ്പെടുത്തുന്നു". അപ്പോൾ സന്മനസ്സിൽ സ്ഥിരമായിരുന്ന് താഴെവരുന്നത് ഉറക്കെ വിളിച്ചുപറയുക: "ഞാൻ ദുർഭഗനായ മനുഷ്യനാകുന്നു. മരണവിധേയമായ ഈ ശരീരത്തിൽ നിന്ന് ആരെന്നെ വിടുവിക്കും? നമ്മുടെ കർത്താവായ യേശു ക്രിസ്തുവഴി ദൈവത്തിനു സ്തോത്രം", എന്തുകൊണ്ടെന്നാൽ, പോരാട്ടത്തിനുശേഷം അവനാണ് "ഭൂമിയിൽ സന്മനസ്സുള്ളവരുടെ സമാധാനം". ഈ പോരാട്ടത്തിൽ ജഡം ആത്മാവിനെതിരെ ദുരാസക്തി ഇളക്കിവിടുന്നു; ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്... തദ്ഫലമായി, ആഗ്രഹിക്കുന്നതു പ്രവർത്തിക്കുവാൻ നിങ്ങൾക്കു കഴിയാതെ വരുന്നു; "കാരണം, അവൻ നമ്മുടെ സമാധാനമാകുന്നു; അവൻ ഇരുകൂട്ടരെയും ഒന്നിപ്പിച്ചിരിക്കുന്നു" (റോമാ 7,18ff; ഗലാ 5,17; എഫേ 2,14).

www.malankaralibrary.com



അതുകൊണ്ട്, ദുരാശകൾക്കെതിരെ സന്മനസ്സ് നിലനില്ക്കട്ടെ; അങ്ങനെ നിലനിന്ന്, നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവകൃപയുടെ സഹായം അപേക്ഷിക്കട്ടെ. ജഡികാവയവങ്ങളുടെ നിയമം അതിനെതിരെ പോരാടുന്നു; എന്നാൽ ഇപ്പോഴും അതിനെ അടിമയാക്കിയിരിക്കുന്നതു കാണുവിൻ. അത് സഹായത്തിന് അപേക്ഷിക്കുകയും സ്വന്തശക്തിയിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യട്ടെ. അതു ക്ഷീണിച്ചു തളരുമ്പോൾ അത് അംഗീകരിക്കാനുള്ള വിനയം ഉണ്ടായിരിക്കട്ടെ. കാരണം, അവിടെ അവൻ സഹായത്തിന് ഉണ്ടാകും; തന്നിൽ വിശ്വസിച്ചവരോട് അവൻ പറഞ്ഞു: "നിങ്ങൾ എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ, നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യന്മാരായിരിക്കും. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ 8,71). സത്യം നിങ്ങളുടെ സഹായത്തിന് ഉണ്ടായിരിക്കും; മരണമുള്ള ശരീരത്തിൽ നിന്ന് അതു നിങ്ങളെ വിടുവിക്കും. അതുകൊണ്ട് സന്മനസ്സുള്ള വർക്കു സമാധാനം ഉണ്ടാകുവാനായി സത്യം ധരയിൽനിന്ന് മുളച്ചുവന്നു. ആ സത്യത്തിന്റെ പിറന്നാളാണ് യഥാർത്ഥത്തിൽ നാമിന്ന് ആഘോഷിക്കുന്നത്. അവനല്ലാതെ ആരാണ് ഇച്ഛിക്കു ന്നതിനും പ്രവർത്തിക്കുന്നതിനും കഴിവുള്ളവൻ? നമ്മെ വിളിച്ച തിലൂടെ ഇച്ഛിക്കുന്നതിനും നമ്മെ പ്രചോദിപ്പിക്കുന്നതിലൂടെ പ്രവർത്തിക്കുന്നതിനും അവൻ സഹായിക്കുന്നു. ഇച്ഛിക്കാത്ത നമ്മെ വിളിക്കുകയും ഇച്ഛിക്കുന്നത് പ്രവർത്തിക്കാൻ നമുക്കു ശക്തി ലഭിക്കുകയും ചെയ്യത്തക്കവിധം തന്റെ കാരുണ്യം എല്ലായിടത്തും നമുക്കു മുമ്പേ കടന്നുവരുന്നു. അതുകൊണ്ട് നമുക്ക് അവിടുത്തോട് ഇപ്രകാരം പറയാം: "അങ്ങയുടെ നീതിയുക്തമായ കല്പനകൾ പാലിക്കുമെന്ന് ഞാൻ ശപഥപൂർവം നിശ്ചയിച്ചു" (സങ്കീ 119,106). അതേ, ഞാൻ നിശ്ചയിച്ചിരിക്കുകയാണ്. അവിടുന്ന് കല്പിച്ച തിനാൽ, ഞാൻ അനുസരണം വാഗ്ദാനം ചെയ്തിരിക്കുന്നു; എന്നാൽ "എന്റെ മനസ്സിന്റെ നിയമത്തോടു പോരാടുകയും എന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ നിയമത്തിന് എന്നെ അടിമ പ്പെടുത്തുകയും ചെയ്യുന്ന വേറൊരു നിയമം ഞാൻ കാണുന്ന തിനാൽ, "കർത്താവേ, ഞാൻ വളരെയധികം ക്ലേശിതനാണ്. നിന്റെ വാക്കനുസരിച്ച് എന്നെ ജീവിപ്പിക്കണമെ". ഇതാ "ഇച്ഛിക്കാൻ എനിക്കു കഴിയും". അതുകൊണ്ട്, കർത്താവേ, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം ഉണ്ടാകുവാൻ, "എന്റെ വായുടെ സ്വതന്ത്രകാഴ്ചകൾ കൈക്കൊള്ളണമെ" (സങ്കീ 119, 107-108).

www.malankaralibrary.com



കന്യകയിൽനിന്നു ജനിച്ച കർത്താവിന്റെ പെരുന്നാൾ പ്രയോജനരഹിതമായി നാം ആഘോഷിക്കാതിരിക്കാൻ, നമുക്ക് ഈ ചിന്തകളും വിശുദ്ധഗ്രന്ഥപാരായണംവഴി നമ്മുടെ ഭക്തിയിലൂടെ നമുക്കു കൈവന്ന മറ്റുള്ളവയും ഉയർത്താം. തുടങ്ങാനായി നമുക്ക് സന്മനസ്സ് ലഭിച്ചിട്ടുണ്ട്. സ്നേഹത്തിന്റെ സമൃദ്ധമായ അളവിൽ നാം പരിപൂർണരായി തീരേണ്ടതുണ്ട്. ഇതും നാമല്ല, നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവാണ് നമ്മുടെ ഹൃദയങ്ങളിൽ വർഷിച്ചിരിക്കുന്നത് (റോമാ 5,5).

# 12

# ക്രിസ്മസ്

## ക്രിസ്തുവിന്റെ രണ്ടു രീതിയിലുള്ള ജനനം. ക്രിസ്തുവിന്റെയും യോഹന്നാന്റെയും ജനനം.

പ്രകാശസന്താനങ്ങളേ, ശ്രവിക്കുവിൻ. നിങ്ങൾ ദൈവരാജ്യത്തിലേക്കു ദത്തെടുക്കപ്പെട്ടിരിക്കുന്നു. എന്റെ ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളേ, ശ്രവിക്കുവിൻ. "നീതിമാന്മാരേ, നിങ്ങൾ കർത്താവിൽ സന്തോഷിക്കുവിൻ; സ്തുതിക്കുന്നത് നീതിമാന്മാർക്ക് യുക്തമാകുന്നു" (സങ്കീ 33,1). ഇതു നിങ്ങളിൽ യാഥാർത്ഥ്യമാകുവാൻ ശ്രവിക്കുവിൻ. നിങ്ങൾക്ക് ഇപ്പോൾതന്നെ അറിയാവുന്ന സംഗതി ശ്രവിക്കുവിൻ; നിങ്ങൾ കേട്ടതിനെപ്പറ്റി ചിന്തിക്കുവിൻ; നിങ്ങൾ വിശ്വസിക്കുന്നതിനെ സ്നേഹിക്കുവിൻ; നിങ്ങൾ സ്നേഹിക്കുന്നത് പ്രഘോഷിക്കുവിൻ.

നാം ഇന്നൊരു വാർഷികം ആഘോഷിക്കുകയാണ്; അതുകൊണ്ട് ഈ അവസരത്തിന് പറ്റിയ ഒരു പ്രസംഗം നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടായിരിക്കുമല്ലോ.

ക്രിസ്തു ജനിച്ചു: തന്റെ പിതാവിൽനിന്നു ദൈവമായും തന്റെ മാതാവിൽനിന്ന് മനുഷ്യനായും; തന്റെ പിതാവിന്റെ അമർത്യതയിൽനിന്നും തന്റെ മാതാവിന്റെ കന്യാത്വത്തിൽനിന്നും; മാതാവിനെ കൂടാതെ തന്റെ പിതാവിൽനിന്നും, പിതാവിനെ കൂടാതെ തന്റെ

www.malankaralibrary.com



മാതാവിൽനിന്നും; കാലാതീതമായി തന്റെ പിതാവിൽനിന്നും ബീജരഹിതമായി, തന്റെ മാതാവിൽനിന്നും; ജീവന്റെ ആരംഭമായി തന്റെ പിതാവിൽനിന്നും മരണത്തിന്റെ അന്ത്യമായി തന്റെ മാതാവിൽനിന്നും; ദിവസങ്ങളുടെയെല്ലാം നിയന്താതാവായി തന്റെ പിതാവിൽനിന്നും, ഈ ദിവസത്തെ ശുദ്ധീകരിക്കുന്നവനായി തന്റെ അമ്മയിൽനിന്നും അവൻ ജനിച്ചു.

ദിവസങ്ങൾ ഹ്രസ്വമാകാൻ തുടങ്ങിയ സമയത്ത് ജനിക്കാനായി അവൻ യോഹന്നാൻ എന്ന മനുഷ്യനെ തനിക്കു മുമ്പേ അയച്ചു. എന്നാൽ അവ ദീർഘമാകാൻ തുടങ്ങുമ്പോഴാണ് അവൻ ജനിച്ചത്. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്ന് അതേ യോഹന്നാൻ പറഞ്ഞതിന്റെ ഒരു മുൻസൂചനയായിരുന്നു അത് (യോഹ 3,30). അതായത് മനുഷ്യജീവതത്തിന്റെ അർത്ഥം തങ്ങളിൽതന്നെയല്ല കണ്ടെത്തേണ്ടത്; പിന്നെയോ, "ജീവിക്കുന്നവർ തങ്ങൾക്കായി ജീവിക്കാതെ, എല്ലാവർക്കും വേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കാനും, "ഞാൻ ജീവിക്കുന്നു, എന്നാൽ ഇപ്പോൾ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്ന് ശ്ലീഹാ പറഞ്ഞത് നാമോരോരുത്തരും പറയുന്നതിനും നാം ക്രിസ്തുവിൽ പുരോഗമിക്കേണ്ടിയിരിക്കുന്നു (2 കൊറി 5,15; ഗലാ 2,20). വാസ്തവത്തിൽ, അവൻ വളരുകയും ഞാൻ കുറയുകയും വേണം.

## വചനം സ്വർഗത്തിൽ മാലാഖമാരുടെ ഭക്ഷണമാണ്; പുല്ക്കൂട്ടിൽ മനുഷ്യരുടെ ഭക്ഷണവും.

2. ഏറ്റവും ഉചിതമായി അവന്റെ എല്ലാ മാലാഖമാരും അവനെ സ്തുതിക്കുന്നു. അവനാണ് അവരുടെ നിത്യഭക്ഷണം. അഴിവിനതീതമായ പോഷണത്താൽ അവൻ അവരുടെ ജീവനെ പോഷിപ്പിക്കുന്നു. കാരണം, അവനാണ് ദൈവത്തിന്റെ വചനം; അവന്റെ ജീവൻകൊണ്ട് അവർ ജീവിക്കുന്നു; അവന്റെ നിത്യതയാൽ അവർ എന്നേക്കും ജീവിക്കുന്നു; അവന്റെ നന്മയാൽ അവർ എന്നേക്കും സന്തുഷ്ടർ ആയിരിക്കുന്നു. ദൈവത്തോടുകൂടി ദൈവം ആയിരിക്കുന്നവനെ തികച്ചും ഉചിതമായി അവർ പ്രകീർത്തിക്കുകയും അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി അർപ്പിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



"എന്നാൽ നാം അവന്റെ ജനവും അവിടുന്നു മേയ്ക്കുന്ന അജഗണവുമാകുന്നു" (സങ്കീ 95,7). നാം നമ്മുടെ സന്മനസ്സ് കാട്ടുന്നതുവഴി അവനുമായി രമ്യപ്പെടട്ടെ; നമ്മുടെ ബലഹീനതയ്ക്കു കഴിയുംവിധം സമാധാനം പ്രാപിക്കുകയും ചെയ്യട്ടെ. കാരണം, നമുക്കുവേണ്ടി രക്ഷകൻ ജനിച്ചപ്പോൾ, തങ്ങളുടെ സന്തോഷത്തിൽ മാലാഖമാർ ഉച്ചരിച്ച അതേ വാക്കുകൾ നിശ്ചയമായും ഇന്നും അനുയോജ്യമാണ്: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം". അവർ ചെയ്യേണ്ടതു പോലെ അവർ അവനെ സ്തുതിക്കുന്നു; നമുക്കും അനുസരണയോടുകൂടി അവനെ സ്തുതിക്കാം. അവർ അവന്റെ അറിയിപ്പുകാരാണ്; നമുക്ക് നമ്മുടെ ഭാഗത്തുനിന്ന് അവന്റെ ആട്ടിൻകൂട്ടമായിരിക്കാം. അവൻ അവരുടെ മേശ സ്വർഗത്തിൽ നിറച്ചു, അവൻ നമ്മുടെ പുൽത്തൊട്ടി ഭൂമിയിൽ നിറച്ചു. "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു" എന്നതാണ് അവരുടെ മേശയുടെ പൂർണത. "വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ചു" എന്നതാണ് നമ്മുടെ പുല്ത്തൊട്ടിയുടെ പൂർണത. മനുഷ്യർ മാലാഖമാരുടെ അപ്പം ഭക്ഷിക്കാനായി മാലാഖമാരുടെ സ്രഷ്ടാവ് മനുഷ്യനായിത്തീർന്നു". അവർ ജീവിച്ചുകൊണ്ട് അവനെ പ്രകീർത്തിക്കുന്നു; നാം വിശ്വസിച്ചുകൊണ്ടും. അവർ അനുഭവിച്ചുകൊണ്ടും നാം യാചിച്ചുകൊണ്ടും; അവർ സ്വീകരിച്ചുകൊണ്ടും നാം അന്വേഷിച്ചുകൊണ്ടും; അവർ പ്രവേശിച്ചുകൊണ്ടും നാം മുട്ടിക്കൊണ്ടും.

## ഈ ജീവിതത്തിനുശേഷം കർതൃദർശനത്താൽ നാം ഊർജ്ജസ്വലരാകും

**3.** ക്രിസ്തുവിൽ നിഗൂഢമായിരിക്കുന്നതും തന്റെ ശരീരത്തിന്റെ ദാരിദ്ര്യത്തിൽ മറഞ്ഞിരിക്കുന്നതുമായ അറിവിന്റെയും വിജ്ഞാനത്തിന്റെയും നിക്ഷേപങ്ങളെപ്പറ്റിയെല്ലാം ഏതു മനുഷ്യനറിയാം? കാരണം, "തന്റെ ദാരിദ്ര്യത്തിലൂടെ നമ്മെ സമ്പന്നരാക്കുവാൻ, സമ്പന്നനായ അവൻ നമ്മെപ്രതി ദരിദ്രനായി" (2 കൊറി 8.9). അവൻ മർത്യത ധരിച്ച് മരണത്തെ നശിപ്പിച്ചപ്പോൾ, ദരിദ്രനായി കാണപ്പെട്ടു. അവൻ സമ്പത്ത് വാഗ്ദാനം ചെയ്തു; അവ തൽക്കാലത്തേക്കു മാറ്റിവച്ചു എന്നേയുള്ളൂ. തന്നിൽനിന്ന് എടുക്കപ്പെട്ട സമ്പത്ത് അവന് നഷ്ടപ്പെട്ടില്ല.

www.malankaralibrary.com



തന്നെ ഭയപ്പെടുന്നവർക്കുവേണ്ടി നിഗൂഢമായി വച്ചിരിക്കുന്നതും തന്നിൽ പ്രത്യാശ വച്ചിരിക്കുന്നവർക്കുവേണ്ടി നൽകുന്നതുമായ തന്റെ മാധുര്യത്തിന്റെ സമൃദ്ധി എത്ര വലുതാണ്! കാരണം, "പരിപൂർണമായത് സമാഗതമാകുന്നതുവരെ ... നാം ഭാഗികമായി മാത്രം അറിയുന്നു". നാം ഈ പരിപൂർണതയ്ക്ക് അർഹരായി കാണപ്പെടുവാൻ , ദൈവത്തിന്റെ രൂപത്തിൽ പിതാവിന് തുല്യനായിരിക്കുകയും ദാസന്റെ രൂപത്തിൽ നമ്മെപ്പോലെ ആകുകയും ചെയ്തവൻ, ദൈവത്തിന്റെ ഛായയിലേക്കു നമ്മെ നവീകരിക്കുന്നു. മനുഷ്യനായി തീർന്ന, ദൈവത്തിന്റെ ഏകജാതൻ, അനേകം മനുഷ്യമക്കളെ ദൈവമക്കളാക്കുന്നു; ദാസന്റെ ദൃശ്യരൂപത്താൽ പരിപോഷിതരായ ദാസർ, ദൈവത്തിന്റെ രൂപത്തെ ദർശിപ്പാനായി സ്വതന്ത്രരാക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ "നാം ദൈവമക്കളാണ്, നാം എന്തായിത്തീരും എന്നത് ഇപ്പോഴും വെളിപ്പെടുത്തപ്പെട്ടിട്ടില്ല; അവൻ പ്രത്യക്ഷപ്പെടുമ്പോൾ നാം അവനെപ്പോലെയാകും എന്നു നാം അറിയുന്നു. കാരണം, അവൻ ആയിരിക്കുന്നതുപോലെ, നാം അവനെ കാണും" (1 യോഹ 3,2). നമുക്ക് മതിയായവ അല്ലെങ്കിൽ, അറിവിന്റെയും വിജ്ഞാനത്തിന്റെയും എന്തുതരം നിക്ഷേപങ്ങളാണവ? എന്തുതരം ദിവ്യസമ്പന്നതയാണവ? നമ്മെ തൃപ്തിപ്പെടുത്തുന്നതല്ലെങ്കിൽ ആ മാധുര്യക്കൂമ്പാരം എന്താണ്? അതുകൊണ്ട്, "പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക; ഞങ്ങൾക്ക് അതു മതി" (യോഹ 14,8). ഒരു സങ്കീർത്തനത്തിൽ നമ്മിലാരോ നമ്മുടെ ഇടയിലോ നമുക്കുവേണ്ടിയോ അവിടുത്തോട് ഇപ്രകാരം പറയുന്നു: "അങ്ങയുടെ മഹത്ത്വം പ്രത്യക്ഷമാകുമ്പോഴാണ് എനിക്കു തൃപ്തി വരിക" (സങ്കീ 17,15). എന്നാൽ അവനും പിതാവും ഒന്നാകുന്നു. അവനെ കാണുന്നവൻ പിതാവിനെയും കാണുന്നു. അതുകൊണ്ട്, "സൈന്യങ്ങളുടെ കർത്താവ്, അവനാണു മഹത്ത്വത്തിന്റെ രാജാവ്" (സങ്കീ 24,10). നമ്മെ ചുറ്റിലേക്ക് തിരിച്ചിട്ട് അവൻ തന്റെ മുഖം നമ്മെ കാണിക്കും; നാം രക്ഷിക്കപ്പെടുകയും ചെയ്യും. നാം തൃപ്തരാകും; അവൻ നമുക്ക് മതിയായവൻ ആയിരിക്കും.

4. അതുകൊണ്ട്, "ഞാൻ അങ്ങയുടെ മുഖം തേടി; കർത്താവേ, ഞാൻ അങ്ങയുടെ മുഖം തേടും. അങ്ങയുടെ മുഖം എന്നിൽനിന്നു തിരിക്കരുതേ" എന്ന് നമ്മുടെ ഹൃദയം അവിടുത്തോട് പറയട്ടെ (സങ്കീ 27,8). എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പന കാക്കുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും. ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവനു കാണിച്ചു

www.malankaralibrary.com



കൊടുക്കുകയും ചെയ്യും" എന്ന് അവിടുന്ന് നമ്മുടെ ഹൃദയത്തോട് പ്രത്യുത്തരിക്കട്ടെ (യോഹ 14,21). അവിടുന്ന് ഇത് ആരോടു പറഞ്ഞുവോ, അവർ നിശ്ചയമായും തങ്ങളുടെ കണ്ണുകൾകൊണ്ട് അവനെ കാണുകയും തങ്ങളുടെ കാതുകൾ കൊണ്ട് അവന്റെ സ്വരം ശ്രവിക്കുകയും മനുഷ്യഹൃദയമുള്ള ഒരു മനുഷ്യനായി അവനെ പരിഗണിക്കുകയും ചെയ്തു. എന്നാൽ കണ്ണു കണ്ടിട്ടില്ലാത്തതും കാത് കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയത്തിൽ ഉദിച്ചിട്ടില്ലാത്തതും അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. തന്നെ സ്നേഹിക്കുന്നവർക്ക് തന്നെത്തന്നെ കാട്ടിക്കൊടുക്കാമെന്ന് അവിടുന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതു സംഭവിക്കുന്നതുവരെ, നമുക്ക് മതിയായത് അവൻ നമ്മെ കാണിക്കുന്നതുവരെ, ജീവന്റെ ഉറവയായി നാം അവനെ പാനം ചെയ്തു തൃപ്തരാകുന്നതുവരെ, നാം അവനിൽ നിന്ന് അകന്നിരുന്ന് വിശ്വാസത്തിലൂടെ നടന്നുകൊണ്ട്, നീതിക്കു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ രൂപത്തിന്റെ സൗന്ദര്യത്തെ അവാച്യസ്നേഹവായ്പോടെ കാംക്ഷിക്കുമ്പോൾ, ദാസന്റെ രൂപത്തിൽ വിനീതമായ ഭക്തിയോടെ അവന്റെ ജന്മദിനം ആഘോഷിക്കാം.

പിതാവിൽ നിന്ന് പ്രഭാതനക്ഷത്രത്തിനു മുമ്പ് അവൻ ജനിച്ചു എന്ന കാര്യം ധ്യാനിക്കാൻ നാം ഇപ്പോഴും കഴിവുറ്റവരല്ല (സങ്കീ 110,3). എന്നാൽ നിശായാമങ്ങളിൽ കന്യകയിൽ നിന്ന് അവൻ ജനിച്ചു എന്ന കാര്യം നമുക്കു മനസ്സിൽ നിലനിർത്താം. 'അവന്റെ നാമം സൂര്യനുമുമ്പ് നിലനില്ക്കുന്നു' എന്ന കാര്യം നാം ഇപ്പോഴും ഗ്രഹിക്കുന്നില്ല (സങ്കീ 72,17). തന്റെ കൂടാരം സൂര്യനിൽ സ്ഥാപിച്ചിരിക്കുന്നത് നമുക്ക് തിരിച്ചറിയാം. തന്റെ പിതാവിൽ സ്ഥിതി ചെയ്യുന്ന ഏകജാതനെ നാം ഇപ്പോഴും കാണുന്നില്ല; മണവറയിൽ നിന്നു പുറത്തേക്കുവരുന്ന മണവാളനെ നമുക്ക് അനുസ്മരിക്കാം. നമ്മുടെ പിതാവിന്റെ സദ്യക്ക് നാം ഇപ്പോഴും ഒരുങ്ങിയിട്ടില്ല. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പുൽത്തൊഴുത്ത് നമുക്ക് തിരിച്ചറിയാം.

www.malankaralibrary.com



13

# ക്രിസ്മസ്

## ക്രിസ്തുവിന് രണ്ടു ജനനങ്ങളുണ്ട്; രണ്ടും വിവരണാതീതമാണ്.

മനുഷ്യപുത്രനും ദൈവപുത്രനും, മാതാവിനെ കൂടാതെ പിതാവിൽ നിന്നു ജനിച്ചവനുമായ നമ്മുടെ കർത്താവേശുക്രിസ്തു എല്ലാദിവസങ്ങളെയും സൃഷ്ടിച്ചു. പിതാവിനെ കൂടാതെ മാതാവിൽ നിന്നുള്ള തന്റെ ജനനത്താൽ, അവൻ ഈ ദിവസത്തെ വിശുദ്ധീകരിച്ചു. തന്റെ ദൈവികജനനത്തിൽ അവൻ അദൃശ്യനായിരുന്നു; തന്റെ മാനുഷികജനനത്തിൽ ദൃശ്യനും. രണ്ടിലും ഭീതിജനകമായിരുന്നു. അതുകൊണ്ട്, "അവന്റെ ജനനത്തെ ആര് വിവരിക്കും" എന്നു പ്രവാചകൻ പ്രവചിച്ചപ്പോൾ (ഏശ 53,8) ഏതു ജനനത്തെപ്പറ്റിയാണ് പ്രവാചകൻ പ്രത്യേകമായി പറയുന്നത് എന്ന് തീരുമാനിക്കാൻ പ്രയാസമാണ്. തന്റെ സമനിത്യനായ പിതാവിൽനിന്നുള്ള ജനനത്തെപ്പറ്റിയാണോ അവൻ സംസാരിക്കുന്നത്? അവൻ ഇപ്പോഴും ജനിച്ചിട്ടില്ല എന്ന് അവനെപ്പറ്റി പറയുന്നത് ഒരിക്കലും ശരിയായിരിക്കുകയില്ല. അഥവാ, താൻ സൃഷ്ടിച്ച മാതാവിൽനിന്ന് കാലത്തിൽ ജനിച്ച ജനനത്തെപ്പറ്റിയാണോ അത്? അഥവാ, എപ്പോഴും ഉണ്ടായിരുന്നവൻ നിത്യതയിൽ ജനിച്ചതിനെപ്പറ്റിയാണോ? എങ്ങനെ പ്രകാശത്തിൽ നിന്ന് പ്രകാശം ജനിച്ചെന്നും, രണ്ടു പ്രകാശങ്ങളും എങ്ങനെ ഏകമാകുന്നുവെന്നും ആര് പറയും? ദൈവത്തിൽനിന്ന് ദൈവം ജനിച്ചിട്ട്, ദൈവത്തിന്റെ സംഖ്യ കൂടുന്നില്ല എന്നത് എങ്ങനെയാണ്? അത് ആസന്നമായിരിക്കുന്നു എന്നവണ്ണം ഭാവികാലമെന്നോ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നവണ്ണം വർത്തമാനകാലമെന്നോ, ഭൂതകാലമെന്നോ, ആ ജനനത്തിൽ കാലഗണന ഇല്ലാതിരിക്കുകയും അതേസമയം, പരിസമാപ്തിയിൽ എത്താതിരിക്കുകയും ചെയ്കവെ, അവൻ ജനിച്ചു എന്നത് യാഥാർത്ഥ്യമായിത്തീർന്ന സംഗതിയായി എങ്ങനെ പറയാനാവും? അതുകൊണ്ട്, വീണ്ടും, അവന്റെ ജനനത്തെ ആരു വിവരിക്കും? സമയാതീതമായതിനെ സമയപരിധിക്കുള്ളിൽ കഴിയുന്നവർ എങ്ങനെ വിവരിക്കും?

www.malankaralibrary.com



കന്യകയിൽനിന്നുള്ള അവന്റെ ജനനവും ആർക്കു വിവരിക്കാനാവും? മറ്റു മനുഷ്യരെപ്പോലെയല്ല അവൻ ഉരുവായത്; അവന്റെ ശാരീരിക ജനനം അവനെ പോറ്റിയവളെ ഫലസമൃദ്ധയാക്കി, എങ്കിലും അവനെ ഗർഭം ധരിച്ചപ്പോൾ അവളുടെ കന്യാത്വത്തിനു ഭംഗം വന്നില്ല.

വാസ്തവത്തിൽ അവന്റെ ജനനം ആര് വിവരിക്കും? ഇതും, മറ്റതും, അഥവാ രണ്ടും തന്നെയും?

## ക്രിസ്തു കന്യകയുടെ പുത്രൻ, കന്യകയുടെ വരൻ

**2.** ഇതാണ് നമ്മുടെ ദൈവമായ കർത്താവ്; ഇതാണ് ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്കുള്ള മധ്യസ്ഥൻ: ഒരു മനുഷ്യൻ, നമ്മുടെ രക്ഷകൻ. പിതാവിൽനിന്നു ജനിച്ചവൻ, തന്റെ മാതാവിനെ പോലും സൃഷ്ടിച്ചവൻ; തന്റെ അമ്മയിൽനിന്നു ജനിച്ചവൻ പിതാവിനെപോലും മഹത്ത്വപ്പെടുത്തി. സ്ത്രീയിൽനിന്നു ജനിക്കാതെ, അവൻ പിതാവിന്റെ ഏകജാതനാണ്; പുരുഷ സംസർഗം കൂടാതെ, അവന്റെ അമ്മ തന്റെ ഏകജാതനായി അവനെ പ്രസവിച്ചു. മനുഷ്യമക്കളിൽ ഏറ്റവും സുന്ദരൻ വിശുദ്ധ മറിയത്തിന്റെ മകനും, തന്റെ അമ്മയെപ്പോലെ അവൻ നിർമിച്ച വിശുദ്ധ സഭയുടെ മണവാളനുമായ ഇവനാണ്. അവൻ അവളെ നമുക്ക് അമ്മയായി തരികയും തനിക്കുവേണ്ടി കന്യകയായി കാത്തുകൊള്ളുകയും ചെയ്യുന്നു. "ക്രിസ്തുവിന് നിർമലകന്യകയായി നിങ്ങളെ സമർപ്പിക്കാൻ ഒരു ഭർത്താവിനുവേണ്ടി നിങ്ങളെ ഞാൻ ഒരുക്കി" എന്ന് ശ്ലീഹാ പറയുന്നത് (2 കൊറി 11,2) അവളോടാണ്. 'നമ്മുടെ അമ്മ അടിമയല്ല, സ്വതന്ത്രയാണ്; ഭർതൃമതിക്കുള്ളതിനേക്കാൾ കൂടുതൽ മക്കൾ പരിത്യക്തയ്ക്കാണുള്ളത്' എന്ന് അവൻ അവളെപറ്റി വീണ്ടും പറഞ്ഞിരിക്കുന്നു (ഗലാ 4,22ff). മറിയത്തെപ്പോലെ സഭയ്ക്കും നിത്യകന്യാത്വവും അവികലമായ ഫലസമൃദ്ധിയും ഉണ്ട്. കാരണം, മറിയം ശരീരത്തിൽ നേടിയത് സഭ ആത്മാവിൽ സംരക്ഷിക്കുന്നു. ഒരാൾ ഒരേ ഒരാൾക്കുമാത്രം ജന്മം നൽകി; മറ്റവൾ അനേകരെ ജനിപ്പിക്കുന്നു, അവർ ഏകനിലൂടെ ഏകയോഗമായി ഒന്നിച്ചുചേർക്കപ്പെടേണ്ടിയിരിക്കുന്നു.

www.malankaralibrary.com



## എന്തുകൊണ്ട് ക്രിസ്തു ശരീരത്തിൽ വന്നു?

3. അതുകൊണ്ട്, ലോകസ്രഷ്ടാവ് ലോകത്തിലേക്കു വന്ന ദിവസമാണിന്ന്. തന്റെ അധികാരത്തിൽനിന്ന് ഒരിക്കലും മാറാതിരുന്നവൻ ശരീരത്തിൽ സന്നിഹിതനായ ദിവസമാണിന്ന്. കാരണം, അവൻ ഈ ലോകത്തിലായിരുന്നു, അവൻ തന്റെ സ്വന്തത്തിലേക്കു വന്നു. അവൻ ലോകത്തിലായിരുന്നു, എന്നാൽ ലോകം അവനെ അറിഞ്ഞില്ല; കാരണം, പ്രകാശം അന്ധകാരത്തിൽ പ്രശോഭിച്ചു; എന്നാൽ ഇരുൾ അതിനെ ഗ്രഹിച്ചില്ല. അതുകൊണ്ട് ശരീരത്തിന്റെ തിന്മകൾ നീക്കിക്കളയാനാണ് അവൻ ശരീരത്തിൽ സമാഗതനായത്. നമ്മുടെ ഈ ബാഹ്യലോകം അന്ധമാക്കിയ നമ്മുടെ ആന്തരിക നയനങ്ങളെ സൗഖ്യമാക്കുന്ന വൈദ്യനായി, അവൻ ഭൂമിയിൽ വന്നു പിറന്നു. ഇപ്രകാരം അവൻ അവരെ സുഖപ്പെടുത്തിയപ്പോൾ, ഇപ്പോൾവരെ അന്ധകാരമായിരുന്ന നമ്മെ കർത്താവിൽ പ്രകാശമാക്കി. അത്തരക്കാർക്ക് പ്രകാശം സന്നിഹിതമായതുപോലെ, വെളിച്ചം മേലിൽ അന്ധകാരത്തിൽ പ്രകാശിക്കു കയില്ല; പിന്നെയോ, സത്യത്തെ ദർശിക്കുന്നവർക്ക് ദൃശ്യമായിത്തീരും. ഇതു നിമിത്തമാണ് മണവാളൻ തന്റെ മണവറയിൽനിന്നു പുറത്തുവന്നതും മല്ലനെപ്പോലെ പ്രസന്നതയോടെ തന്റെ ഓട്ടം ആരംഭിച്ചതും.

മണവാളനെപ്പോലെ മനോഹരൻ, മല്ലനെപ്പോലെ ബലവാൻ, സ്നേഹമസൃണനും ഭയങ്കരനും, കഠിനനും പ്രശാന്തനും, നല്ലവർക്ക് സുന്ദരനും ദുഷ്ടർക്ക് കർക്കശനും, തന്റെ പിതാവിന്റെ മടിയിൽ സ്ഥിതിചെയ്യുന്നവനുമായ അവൻ തന്റെ അമ്മയുടെ ഉദരത്തെ നിറച്ചു. ആ മണവറയിൽ, അതായത്, കന്യകയുടെ ഉദരത്തിൽ, തന്റെ ദൈവസ്വഭാവം മനുഷ്യസ്വഭാവവുമായി യോജിച്ചു. ഇപ്രകാരം, ഒരമ്മയിൽനിന്ന് പുറപ്പെട്ട് നമ്മുടെ ഇടയിൽ വസിക്കാനായി, നമുക്കുവേണ്ടി വചനം മാംസമായി. നമുക്കു വസിക്കാൻ ഒരു സ്ഥലം ഒരുക്കാനായി അവൻ പിതാവിന്റെ മുമ്പിലേക്കു പോയി. അതുകൊണ്ട് നമുക്ക് സന്തോഷത്തോടും ആഘോഷത്തോടും ഈ ദിവസം ആഘോഷിക്കാം; കാലത്തിൽ നമുക്കുവേണ്ടി ജനിച്ച നിത്യനിലൂടെ നമുക്ക് നിത്യദിവസത്തിനായി വിശ്വസ്തതാപൂർവം കാത്തിരിക്കാം.

www.malankaralibrary.com



# 14

# ക്രിസ്മസ്

**ക്രിസ്തുവിന് രണ്ടു ജനനങ്ങളുണ്ട്.**
**പുത്രൻ ആരംഭരഹിതനായി പിതാവിൽ നിന്നു ജനിച്ചു;**
**അവൻ എന്നുമുണ്ടായിരുന്നു.**

ഇന്ന്, നമ്മുടെ ആഘോഷദിവസം, നമ്മുടെ കർത്താവേശു ക്രിസ്തുവിന്റെ ജന്മദിനം സമാഗതമായിരിക്കുന്നു. ഇത് അവന്റെ ജന്മദിനമാണ്, അവൻ ജനിച്ച ദിനമാണ്. അതിന്നാണ്. കാരണം, ഇന്നുമുതൽ ദിവസത്തിന് ദൈർഘ്യം കൂടുന്നു.

നമ്മുടെ കർത്താവേശുക്രിസ്തുവിന് രണ്ടു ജനനങ്ങളുണ്ട്. ഒന്ന് ദൈവികവും മറ്റത് മാനുഷികവും. രണ്ടും അത്ഭുതാവഹങ്ങളാണ്. ഒന്നാമത്തേത്, അമ്മയായി ഒരു സ്ത്രീയെക്കൂടാതെ; മറ്റത്, അപ്പനായി ഒരു പുരുഷനെക്കൂടാതെ. അവന്റെ ജനനത്തെ ആരു വിവരിക്കും എന്ന് വിശുദ്ധ ഏശയ്യാ പ്രവാചകൻ പറഞ്ഞത് രണ്ടു ജനനങ്ങൾക്കും ബാധകമാണ് (53,8). ദൈവത്തിന്റെ ജനനപ്രക്രിയ ഉചിതമായ വാക്കുകളിലൂടെ അവതരിപ്പിക്കാൻ ആർക്കു കഴിയും? കന്യകയുടെ ഗർഭധാരണം ശരിയായി വിവരിക്കാൻ ആർക്കു സാധിക്കും? ആദ്യത്തേത് ദിവസം കൂടാതെയാണ്; രണ്ടാമത്തേത് ഒരു നിശ്ചിതദിവസത്തിലും. രണ്ടും മാനുഷികപരിഗണനകൾക്ക് അതീതമാണ്. രണ്ടും നമ്മിൽ വലിയ ഭീതി ജനിപ്പിക്കുന്നു.

ഒന്നാമത്തെ ജനനത്തെപ്പറ്റി ചിന്തിക്കാം: "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു". ആരുടെ വചനമായിരുന്നു അത്? ദൈവത്തിന്റെ സ്വന്തം. എന്തു വചനം? പുത്രൻതന്നെ. പിതാവ് ഒരിക്കലും പുത്രനെ കൂടാതെ ആയിരുന്നില്ല. ഒരിക്കലും പുത്രനെ കൂടാതെ കഴിയാഞ്ഞവൻ പുത്രനെ ജനിപ്പിച്ചു. അവൻ അവനെ ജനിപ്പിച്ചു, എന്നാൽ അവൻ അവന് ഒരാരംഭം കൊടുത്തില്ല. ആരംഭരഹിതനായി ജനിച്ചവന് ആരംഭമില്ല. എങ്കിലും അവൻ പുത്രനാണ്, ജനിച്ചവനാണ്.

www.malankaralibrary.com



"അവന് ആരംഭം ഇല്ലെങ്കിൽ അവൻ എങ്ങനെ ജനിച്ചു? അവൻ ജനിച്ചവനാണെങ്കിൽ, അവന് ഒരാരംഭം ഉണ്ട്. അവന് ആരംഭം ഇല്ലെങ്കിൽ, അവൻ എങ്ങനെ ജനിച്ചു?" എന്ന് ആരെങ്കിലും ചോദിച്ചേക്കാം.

എങ്ങനെ എന്ന് എനിക്കറിയില്ല! ദൈവം എങ്ങനെ ജനിച്ചെന്ന് നീ ഒരു മനുഷ്യനോടു ചോദിക്കുന്നു. നിന്റെ ചോദ്യം എന്നെ ക്ലേശിപ്പിക്കുന്നു. എന്നാൽ ഞാൻ പ്രവാചകനിലേക്കു തിരിയുന്നു: "അവന്റെ ജനനം ആരു വിവരിക്കും?"

എന്നോടൊപ്പം മറ്റേ ജനനത്തിലേക്ക്, മാനുഷികജനനത്തിലേക്കു വരുവിൻ. ദാസന്റെ രൂപം എടുത്തുകൊണ്ട്, അവൻ സ്വയം ശൂന്യനാക്കിയ ആ ജനനത്തിലേക്ക് എന്നോടൊപ്പം വരുവിൻ. ഒരുപക്ഷേ നമുക്കിത് ഗ്രഹിക്കാനാവുമോ എന്നും അതേപ്പറ്റി എന്തെങ്കിലും പറയാൻ കഴിയുമോ എന്നും നോക്കാം. "ദൈവത്തിന്റെ രൂപത്തിലായിരുന്നവൻ, ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി കരുതിയില്ല" എന്നത് ആർക്കു ഗ്രഹിക്കാനാവും? ഇത് ആർക്കു ഗ്രഹിക്കാനാവും? ഇത് അർഹിക്കുന്ന ചിന്ത ഇതിനു നൽകാൻ ആർക്കു കഴിയും? ആരുടെ മനസ്സാണ് ഇതിനെ അപഗ്രഥിക്കാമെന്നു കരുതുന്നത്? ആരുടെ നാവിനാണ് ഇതിനെ പ്രഘോഷിക്കാൻ ശക്തിയുള്ളത്? ആരുടെ ബുദ്ധിക്കാണ് ഇതു ഗ്രഹിക്കാൻ കഴിയുക? തൽക്കാലം നമുക്കിവിടെ നിർത്താം. ഇതു നമുക്ക് ഉപരിസ്ഥമാണ്!

ഇതു നമുക്കു ക്ലേശകരമാകാതിരിക്കാൻ, "അവൻ സ്വയം ശൂന്യനാക്കി, ദാസന്റെ രൂപമെടുത്തു; രൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു". എവിടെ? കന്യകാമറിയത്തിൽ. കൊള്ളാം, കഴിയുമെങ്കിൽ, ഇതേപ്പറ്റി നമുക്ക് അല്പം പറയാം. മാലാഖ അറിയിക്കുന്നു, കന്യക ശ്രവിക്കുന്നു, വിശ്വസിക്കുന്നു, ഗർഭിണിയാകുന്നു. അവളുടെ ആത്മാവിൽ വിശ്വാസമുണ്ട്; ക്രിസ്തു അവളുടെ ഉദരത്തിൽ വസിക്കുന്നു. കന്യക ഗർഭിണിയായി - നാം ആശ്ചര്യപ്പെടുന്നു; കന്യക പ്രസവിച്ചു - നാം കൂടുതലായി ആശ്ചര്യപ്പെടുന്നു; പ്രസവത്തിനുശേഷവും അവൾ കന്യകയായി നിലനിന്നു. വാസ്തവത്തിൽ അവന്റെ ജനനം ആര് വിവരിക്കും?

www.malankaralibrary.com



## വൈവാഹികജീവിതം, വൈധവ്യം, കന്യാത്വം എന്നീ മൂന്നു ജീവിതാവസ്ഥകളും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു.

**2.** എന്റെ ഏറ്റവും പ്രിയപ്പെട്ട സ്നേഹിതരേ, നിങ്ങൾക്കു താല്പര്യമുള്ള ഒരു കാര്യം ഞാൻ പറയാം. ക്രിസ്തുവിന്റെ അവയവങ്ങൾക്ക് സഭയിൽ മൂന്നു ജീവിതാവസ്ഥകളുണ്ട്. വൈവാഹികജീവിതം, വൈധവ്യം, കന്യാത്വം. പാവനസുകൃതത്തിൽ നയിക്കപ്പെടുന്ന ഈ മൂന്നു ജീവിതാവസ്ഥകളും ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നു എന്ന് ക്രിസ്തുവിന്റെ വിശുദ്ധ അവയവങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഒന്നാമതായി, വൈവാഹികജീവിതം. കന്യകമറിയം ഗർഭവതിയായപ്പോൾ, സക്കറിയായുടെ ഭാര്യയായ എലിസബത്തും ഗർഭിണിയായി. ഈ ന്യായാധിപന്റെ മുന്നോടിയെ അവൾ തന്റെ ഉദരത്തിൽ വഹിക്കുകയായിരുന്നു. തന്റെ ചാർച്ചക്കാരിയെ കാണാനും കുശലാന്വേഷണം നടത്താനുമായി വിശുദ്ധമറിയം പോയി. എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. അവൻ ആനന്ദിച്ചു, അവൾ പ്രവചിച്ചു. വൈവാഹികജീവിതത്തിൽ സാക്ഷ്യം വഹിച്ചുകൊണ്ടുള്ള പാവനസുകൃതം ഇതാണ്.

വൈധവ്യമോ? അത് ഹന്നായിൽ യാഥാർത്ഥ്യമായിരിക്കുന്നു. അവൾ വിശുദ്ധ പ്രവാചകി ആയിരുന്നെന്നും എൺപതുവയസ്സു ചെന്ന വിധവയായിരുന്നെന്നും ഭർത്താവുമൊത്ത് ഏഴുവർഷം മാത്രം പാർത്തവളാണെന്നും ഇപ്പോൾ സുവിശേഷം വായിച്ചപ്പോൾ നിങ്ങൾ ശ്രവിച്ചല്ലോ. അവൾ രാപകലുകൾ പ്രാർത്ഥനയിൽ കർത്താവിനെ സേവിച്ചുകൊണ്ട്, ദൈവാലയത്തിൽ നിരവധി സന്ദർശനം നടത്തി. ഈ വിധവയും ക്രിസ്തുവിനെ തിരിച്ചറിഞ്ഞു. അവൾ അവനെ കണ്ടപ്പോൾ അവൻ ചെറുതായിരുന്നെങ്കിലും, അവന്റെ ഔന്നത്യം തിരിച്ചറിഞ്ഞു. അവളും സാക്ഷ്യം നൽകി. വൈധവ്യ ജീവിതത്തിന്റെ ദൃഷ്ടാന്തമാണ് അവൾ!

മറിയത്തിൽ നാം കന്യാത്വജീവിതം ദർശിക്കുന്നു.

ഒരോരുത്തരും തനിക്കിഷ്ടമുള്ളവിധം ഈ മൂന്നു ജീവിതാവസ്ഥയിൽ ഒന്ന് തെരഞ്ഞെടുക്കട്ടെ. ഈ മൂന്നു ജീവിതാവസ്ഥകളിൽ ഒന്നു തെരഞ്ഞെടുക്കാൻ ആഗ്രഹിക്കാത്ത ആൾ, ക്രിസ്തുവിന്റെ അവയവങ്ങളുടെ ഇടയിൽ തനിക്കുള്ള ഇടം കണ്ടെത്തു

www.malankaralibrary.com



ന്നതിൽ പരാജയപ്പെടുന്നു. "ഞങ്ങൾ ക്രിസ്തുവിനുള്ളവരല്ല" എന്ന് വിവാഹിതരായ സ്ത്രീകൾ പറയാതിരിക്കട്ടെ! ഭർത്താക്കന്മാർ ഉണ്ടായിരുന്ന വിശുദ്ധ തരുണികൾ ഉണ്ടായിരുന്നു. കന്യകകൾ തങ്ങളുടെ സ്വന്തം സ്തുതികൾ പാടാതിരിക്കട്ടെ. അവർ എത്രമാത്രം ഉന്നതരായിരിക്കുന്നുവോ, അത്രമാത്രം എല്ലാ കാര്യങ്ങളിലും തങ്ങളെത്തന്നെ വിനീതരാക്കട്ടെ.

രക്ഷപ്രാപിക്കാനുള്ള എല്ലാവഴികളും നമ്മുടെ മുമ്പിൽ വച്ചിരിക്കുന്നു. ആരും തന്റെ അർഹമായ പരിധി വിട്ടുപോകരുത്. തന്റെ ഭാര്യയോടല്ലാതെ മറ്റൊരു സ്ത്രീയോടും ഇടപാടുകൾ വേണ്ട; ഭാര്യയില്ലാതിരിക്കുന്നതാണ് മെച്ചം!

വൈവാഹിക പരിശുദ്ധിയാണു തേടുന്നതെങ്കിൽ, നിങ്ങൾക്ക് ഇതാ, സൂസന്നയുണ്ട്. പാവനമായ വൈധവ്യമാണ് നോക്കുന്നതെങ്കിൽ, നിങ്ങൾക്ക് ഹന്നായുണ്ട്. കന്യാത്വത്തിലെ പരിശുദ്ധിയാണ് നിങ്ങൾക്കു വേണ്ടതെങ്കിൽ, നിങ്ങൾക്കു മറിയമുണ്ട്.

## നമ്മെപ്രതി ദൈവം ഒരു ശിശുവായി

**3.** നമ്മെപ്രതി മനുഷ്യനായി തീരാൻ കർത്താവായ യേശു തിരുമനസ്സായി. അവന്റെ കാരുണ്യത്തെ നിന്ദിക്കരുത്. വിജ്ഞാനം ഭൂമിയിൽ പാർക്കാനായി വന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു".

ഓ, മാലാഖമാരുടെ അപ്പവും ഭക്ഷണവുമേ! മാലാഖമാർ നിറയുന്നതു നിന്നിൽനിന്നാണ്; അവരെ നീയാണ് തൃപ്തരാക്കുന്നത്; അവർക്ക് ചെടിപ്പു തോന്നുന്നില്ല. നിന്നിൽനിന്നാണ് അവരുടെ ജീവൻ, നിന്നിൽനിന്നാണ് അവരുടെ വിജ്ഞാനം, നിന്നിൽനിന്നാണ് അവരുടെ സന്തുഷ്ടി. എന്നെപ്രതി നീ എവിടെയാണ്? ഒരു പുൽത്തൊട്ടിയിൽ പഴന്തുണികളിൽ പൊതിയപ്പെട്ട്, ഒരു ചെറിയ കൂരയിൽ! ആരേപ്രതി?

മാലാഖമാരെ പരിപോഷിപ്പിക്കുന്നവൻ, നക്ഷത്രങ്ങളുടെ നിയന്താവ്, അമ്മയുടെ മുലകളിൽനിന്ന് പാൽ നുകരുന്നു. തന്റെ പിതാവിന്റെ മടിയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നവൻ, തന്റെ മാതാവിന്റെ മടിയിൽ നിശ്ശബ്ദനാണ്. എന്നാൽ സംസാരിക്കാൻ അവനു പ്രായമാകുമ്പോൾ, അവൻ സംസാരിക്കാൻ പോകുകയാണ്! സുവിശേഷത്തിൽ സൂചിപ്പിച്ചിരിക്കുന്നവയെല്ലാം നമ്മെപ്രതി

www.malankaralibrary.com



അവൻ ചെയ്യാൻ പോകുകയാണ്! നമ്മെപ്രതി അവൻ സഹിക്കാൻ പോകുകയാണ്, നാം നിമിത്തം അവൻ മരിക്കാൻ പോകുകയാണ്, നമ്മുടെ പ്രതിഫലത്തിന്റെ അച്ചാരമായി അവൻ ഉത്ഥാനം ചെയ്യാൻ പോകുകയാണ്, തന്റെ ശിഷ്യരുടെ മുമ്പാകെ സ്വർഗാരോഹണം ചെയ്യാൻ പോകുകയാണ്, ന്യായവിധിക്കായി സ്വർഗത്തിൽനിന്ന് വരാനിരിക്കുകയാണ്.

അവിടെ പുൽത്തൊട്ടിയിൽ കിടക്കുന്നവനെ നിങ്ങൾ കാണുന്നു. അവൻ ചെറിയവനായിത്തീർന്നു; എന്നാൽ അവൻ സ്വയം നശിപ്പിച്ചില്ല. താനായിരുന്നത് നിലനിർത്തിക്കൊണ്ട്, താനല്ലാതിരുന്നത് അവൻ എടുത്തു. ഇവിടെയിതാ ശിശുവായ ക്രിസ്തു - നമുക്ക് അവനോടൊപ്പം വളരാം.

## ജനുവരി ഒന്നിലെ അന്ധവിശ്വാസപരമായ ആഘോഷങ്ങൾ

**4.** എന്റെ വത്സലരേ, നിങ്ങൾക്ക് ഇതുമതി. ഈ വലിയ പെരുന്നാൾ പ്രമാണിച്ച് ധാരാളം ആളുകൾ ഇവിടെ സന്നിഹിതരായിരിക്കുന്നതിനാൽ, ഒരു റിമാർക്ക് പറഞ്ഞുകൊള്ളട്ടെ.

ജനുവരി ഒന്നു വരുന്നു. നിങ്ങളെല്ലാം ക്രിസ്ത്യാനികളാണ്. ദൈവകൃപയാൽ, നഗരം ക്രിസ്തീയമാണ്. ക്രിസ്ത്യാനികളും യൂദരുമായി രണ്ടുതരം മനുഷ്യർ ഇവിടെയുണ്ട്. ദുഷ്ടകളികൾ, നാണംകെട്ട കൂത്താട്ടങ്ങൾ തുടങ്ങി ദൈവം വെറുക്കുന്ന യാതൊന്നും നടക്കാതിരിക്കട്ടെ. മനുഷ്യർ സത്യന്യായാധിപന്റെ ഹസ്തത്തിൽ നിപതിക്കാതിരിക്കാൻ, ആരും തന്റെതന്നെ ന്യായാധിപൻ ആകാതിരിക്കട്ടെ. ശ്രദ്ധിക്കുക: നിങ്ങൾ ക്രിസ്ത്യാനികളാണ്, നിങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണ്, നിങ്ങൾ ആരാണ് എന്ന് ചിന്തിക്കുക, എത്ര വലിയ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ് നിങ്ങൾ എന്ന് പരിഗണിക്കുക.

അവസാനമായി, നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് അറിയാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, അപ്രകാരം പ്രവർത്തിക്കുന്നവരോടാണ് ഞാൻ പറയുന്നത്. അത്തരം കാര്യങ്ങൾ നിങ്ങൾക്കിഷ്ടപ്പെടുന്നില്ലെങ്കിൽ, വ്രണിതരാകേണ്ടതില്ല. അത്തരം കാര്യങ്ങൾ ചെയ്യുകയും അവ പ്രവർത്തിക്കുന്നതിൽ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നവരോട് മാത്രമാണ് ഞാൻ സംസാരിക്കുന്നത്. നിങ്ങൾ എന്താണ് ചെയ്യുന്നതെന്നും നിങ്ങൾ നമ്മെ

www.malankaralibrary.com



എത്രമാത്രം ദുഃഖിപ്പിക്കുന്നു എന്നും അറിയാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? യഹൂദർ ഇതു ചെയ്യുന്നുണ്ടോ? അപ്പോൾ, ലജ്ജ തോന്നിയെങ്കിലും ഇതു ചെയ്യാതിരിക്കേണ്ടേ! യോഹന്നാന്റെ ജന്മദിവസം, അതായത് ആറ് മാസങ്ങൾക്കു മുമ്പ് - കാരണം, അറിയിപ്പുകാരനും ന്യായാധിപനും ഇടയിൽ അത്രയും മാസത്തെ അന്തരം ഉണ്ട് - വിജാതീയരുടെ അന്ധവിശ്വാസാചാരത്തെ അനുകരിച്ച്, ക്രിസ്ത്യാനികൾ കടലിൽ പോയി കുളിച്ചു. അന്ന് ഞാൻ സ്ഥലത്തില്ലായിരുന്നു; എന്നാൽ ഞാൻ ഗ്രഹിച്ചതനുസരിച്ച്, ക്രിസ്തീയ പെരുമാറ്റച്ചട്ടത്തിനു വിരുദ്ധമായതിനാൽ പ്രെസ്ബിറ്റർമാർ ജാഗരൂകരായി, സഭാനിയമമനുസരിച്ച് ചിലരെ ശിക്ഷിച്ചു. അവിടവിടെ മുറുമുറുപ്പുണ്ടായി. "ഞങ്ങളെ ശിക്ഷിക്കാൻ തക്കവണ്ണം ഇതിൽ എന്ത് അസാധാരണത്വമാണുള്ളത്? നേരത്തെ ആരെങ്കിലും ഞങ്ങൾക്ക് ഇതേപ്പറ്റി മുന്നറിയിപ്പു തന്നിരുന്നെങ്കിൽ, ഞങ്ങൾ ഇതു ചെയ്യുകയില്ലായിരുന്നു. ഈ പ്രെസ്ബിറ്റർമാർ ഞങ്ങൾക്ക് നേരത്തെ മുന്നറിയിപ്പു തന്നിരുന്നെങ്കിൽ ഞങ്ങൾ ഇതു ചെയ്യുകയില്ലായിരുന്നു" എന്ന് ചിലർ പറഞ്ഞു.

ഇതാ, നിങ്ങളുടെ മെത്രാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകുന്നു. ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകുന്നു. ഞാനിതു പരസ്യമായി പറയുന്നു. ഞാൻ ഇത് ഔദ്യോഗികമായി പ്രഖ്യാപിക്കുകയാണ്. നിങ്ങളുടെ മെത്രാൻ നിങ്ങളോടു കല്പിക്കുന്നതു കേൾക്കുക. നിങ്ങളുടെ മെത്രാൻ നിങ്ങളെ ഉപദേശിക്കുന്നതു കേൾക്കുക. നിങ്ങളുടെ മെത്രാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നതു കേൾക്കുക. നിങ്ങളുടെ മെത്രാൻ ശപഥപൂർവം കൽപ്പിക്കുന്നതു കേൾക്കുക. ഇന്നു ജനിച്ചവന്റെ നാമത്തിൽ ഞാൻ ശപഥപൂർവം കൽപ്പിക്കുന്നു. ഞാൻ ശപഥപൂർവം കൽപ്പിക്കുന്നു. ഞാൻ നിങ്ങളെ ഇതിന് ചുമതലപ്പെടുത്തുന്നു - മേലിൽ ആരും ഇതു ചെയ്യാതിരിക്കട്ടെ!

ഈ സംഗതി സംബന്ധിച്ച് ഇത്രയുമാണ് എനിക്കു പറയാനുള്ളത്. എന്റെ കാർക്കശ്യത്തിന് വിധേയമാകുന്നതിനേക്കാൾ, മുന്നറിയിപ്പു നൽകിക്കൊണ്ടുള്ള എന്റെ വാക്കുകൾ ശ്രദ്ധിക്കുന്നതാണ് മെച്ചം.

www.malankaralibrary.com



15

# ക്രിസ്മസ്

*യോഹ 12,44-50: "എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലത്രേ വിശ്വസിക്കുന്നത്". ആരിയൻ മെത്രാൻ മാക്സിമീനൂസിനെതിരെ.*

## ക്രിസ്തുവിലുള്ള വിശ്വാസം

സഹോദരങ്ങളേ, "എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലത്രേ വിശ്വസിക്കുന്നത്" എന്ന് കർത്താവ് പറഞ്ഞതിന്റെ അർത്ഥമെന്താണ്? ക്രിസ്തുവിൽ വിശ്വസിക്കുന്നതാണ് നമുക്കു നല്ലത്; പ്രത്യേകിച്ച്, ഇപ്പോൾ നിങ്ങൾ കേട്ടത് അവിടുന്നു തന്നെ സ്പഷ്ടമായി പറഞ്ഞിട്ടുള്ളപ്പോൾ. അതായത്, അവിടുന്നു ലോകത്തിന്റെ വെളിച്ചമായി വന്നിരിക്കുന്നു. അവനിൽ വിശ്വസിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല, പ്രത്യുത, ജീവന്റെ പ്രകാശം അവനുണ്ടാകും. അതുകൊണ്ട്, ക്രിസ്തുവിൽ വിശ്വസിക്കുന്നത് നല്ലതാണ്. ക്രിസ്തുവിൽ വിശ്വസിക്കുക വളരെ നല്ലതാണ്, ക്രിസ്തുവിൽ വിശ്വസിക്കാത്തത് വലിയ തിന്മയാണ്. ക്രിസ്തു പുത്രനാകയാൽ, അവൻ ആയിരിക്കുന്നതെല്ലാം പിതാവിൽ നിന്നാണ്. എന്നാൽ പിതാവ് പുത്രനിൽ നിന്നല്ല, പിന്നെയോ പുത്രന്റെ പിതാവാണ്. തന്നിലുള്ള വിശ്വാസത്തിന് അവൻ വാസ്തവത്തിൽ ശുപാർശ ചെയ്യുന്നു എങ്കിലും ബഹുമാനം തന്റെ പിതാവിലേക്ക് തിരിക്കുന്നു.

## ക്രിസ്തുവിന്റെ രണ്ടു ജനനങ്ങൾ

**2.** കത്തോലിക്കരായി തുടരാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ, കാലാതീതമായി പിതാവായ ദൈവം പുത്രനെ ജനിപ്പിച്ചു എന്നും, കാലത്തിൽ കന്യകയിൽ അവനെ രൂപീകരിച്ചെന്നും ഉള്ള കാര്യം കൃത്യമായ അംഗീകൃതസത്യമായി മുറുകെപ്പിടിക്കുവിൻ. ഒന്നാമത്തെ ജനനം കാലത്തിന് ഉപരിസ്ഥമാണ്; രണ്ടാമത്തേത് കാലത്തിൽ ശോഭയേറിയ ദീപ്തി പരത്തുന്നു. രണ്ടു ജനനങ്ങളും അത്ഭുതകരം തന്നെ: ഒന്ന് മാതാവിനെ കൂടാതെ, മറ്റത് പിതാവിനെ കൂടാതെ.

www.malankaralibrary.com



ദൈവം പുത്രനെ ജനിപ്പിച്ചപ്പോൾ, അമ്മയെ കൂടാതെ, തന്നിൽ നിന്നുതന്നെ അവൻ അവനെ ജനിപ്പിച്ചു. അമ്മ പുത്രനെ പ്രസവിച്ചപ്പോൾ, പുരുഷനെ കൂടാതെ, കന്യകയായി അവനെ പ്രസവിച്ചു. ആരംഭരഹിതമായി പിതാവിൽനിന്ന് അവൻ പിറന്നു. കൃത്യമായ ആരംഭത്തോടുകൂടി അമ്മയിൽനിന്ന് അവൻ ഇന്നു ജനിച്ചു. പിതാവിൽനിന്നു ജനിച്ച്, അവൻ നമ്മെ സൃഷ്ടിച്ചു; അമ്മയിൽനിന്ന് ജനിച്ച്, അവൻ നമ്മെ നവീകരിച്ചു. നാം അസ്തിത്വത്തിലേക്കു വരാൻ അവൻ പിതാവിൽ നിന്നു ജനിച്ചു; നാം നശിച്ചുപോകാതിരിക്കാൻ, അവൻ തന്റെ അമ്മയിൽനിന്നു ജനിച്ചു. തനിക്കു തുല്യനായി പിതാവ് അവനെ ജനിപ്പിച്ചു. പുത്രൻ എന്തായിരിക്കുന്നുവോ, അവയെല്ലാം അവന് പിതാവിൽ നിന്നാണ്. എന്നാൽ പിതാവായ ദൈവം എന്തായിരിക്കുന്നുവോ, അത് പുത്രനിൽ നിന്നല്ല അവന് ലഭിച്ചത്. പിതാവായ ദൈവം ആരിൽനിന്നുമല്ല, പുത്രനായ ദൈവം ദൈവത്തിൽനിന്നാണ് എന്നു നാം പറയുന്നു. അതുകൊണ്ട്, പുത്രൻ ചെയ്യുന്ന എല്ലാ അത്ഭുതകർമങ്ങളും അവൻ സംസാരിക്കുന്ന എല്ലാ സത്യവും താൻ ആരിൽനിന്നു വന്നുവോ, അവനിൽ ആരോപിക്കുന്നു. താൻ ആരിൽ നിന്നാണോ അവനിൽ നിന്നുള്ളതല്ലാതെ മറ്റെന്തെങ്കിലും ആയിരിക്കാൻ അവനു സാധ്യമല്ല. ആദം മനുഷ്യനായി സൃഷ്ടിക്കപ്പെട്ടു; അവൻ സൃഷ്ടിക്കപ്പെട്ടതിൽ നിന്ന് വ്യത്യസ്തനാകുവാൻ അവനു കഴിഞ്ഞു. ഉദാ: അവൻ നീതിമാനായി സൃഷ്ടിക്കപ്പെട്ടു, നീതിരഹിതനായിരിക്കാൻ അവനു കഴിഞ്ഞു. എന്നാൽ ദൈവത്തിന്റെ ഏകജാതനാം പുത്രന് താനായിരിക്കുന്നതിൽ നിന്ന് മാറുവാൻ സാധ്യമല്ല. മറ്റൊന്നിലേക്ക് മാറ്റപ്പെടാൻ അവനു കഴിയുകയില്ല; അവനു ചെറുതാകാനും സാധ്യമല്ല. അവൻ ആയിരുന്നത് ആകാതിരിക്കാൻ അവനാവില്ല. പിതാവിന് സമനല്ലാതിരിക്കാൻ അവന് സാധ്യമല്ല. പുത്രന് തന്റെ ജനനത്തിൽ എല്ലാം നൽകിയവൻ അവന് അവ നൽകിയത് അവന് എന്തെങ്കിലും കുറവുണ്ടായിട്ടല്ല എന്നു സ്പഷ്ടം. പിതാവുമായുള്ള ഈ സമത്വവും സംശയലേശമെന്യേ പിതാവ് പുത്രനു നൽകിയതാണ്. പിതാവ് എങ്ങനെയാണ് ഇതു നൽകിയത്? അവനെ കുറഞ്ഞവനായി ജനിപ്പിച്ചശേഷം, തുല്യനാക്കാനായി അവന്റെ സ്വഭാവത്തോടു കൂട്ടിച്ചേർത്തതാണോ? ഇപ്രകാരം അവൻ ചെയ്തെങ്കിൽ, കുറവുള്ള ഒന്ന് അവന് നൽകുകയായിരിക്കും ചെയ്യുക. എന്നാൽ നിങ്ങളുടെ ഏറ്റവും ഉറച്ച ബോധ്യമായിട്ട് നിങ്ങൾ മുറുകെ പിടിക്കേണ്ടത് എന്താണെന്ന് ഞാൻ നേരത്തെ നിങ്ങളോടു പറഞ്ഞു കഴിഞ്ഞല്ലോ. അതായത്, തനിക്കുള്ളതെല്ലാം പിതാവ് പുത്രനു നൽകി,

www.malankaralibrary.com



കുറവുള്ളവന് നൽകുന്നു എന്നവണ്ണമല്ല, പിന്നെയോ, അവന്റെ ജനനത്തിൽ അവനു നൽകി. എന്തെങ്കിലും കുറവുള്ളവൻ എന്ന നിലയിലല്ല അവൻ അവന് തന്റെ ജനനത്തിൽ അത് നല്കിയതെങ്കിൽ, അവന് സംശയലേശമെന്യേ സമത്വവും നൽകി, സമത്വം നൽകുന്നതിലൂടെ തുല്യതയുള്ളവനായി അവനെ ജനിപ്പിച്ചു. ഒന്ന് ഒരു വ്യക്തിയും മറ്റത് മറ്റൊരു വ്യക്തിയുമാണെങ്കിലും, ഒന്ന് ഒരു വസ്തുവും മറ്റത് മറ്റൊന്നുമാകുന്നു എന്നു വരുന്നില്ല. മറിച്ച്, ഒന്ന് എന്താകുന്നുവോ, അത് മറ്റതുമാകുന്നു. ഒരാൾ മറ്റൊരാൾ ആകുന്നില്ല; എന്നാൽ ഒരാൾ എന്തായിരിക്കുന്നുവോ, അത് മറ്റെയാളും ആകുന്നു.

## എന്തുകൊണ്ട് ക്രിസ്തുവിനെ ദൈവത്തിന്റെ സത്യപുത്രൻ എന്നു വിളിക്കുന്നു

**3.** "എന്നെ അയച്ചവൻ" എന്ന് അവൻ പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. "ഞാൻ എന്തു പറയണം, എന്തു സംസാരിക്കണം എന്ന് എന്നെ അയച്ചവൻ എനിക്കു കല്പന നൽകിയിരിക്കുന്നു. അവന്റെ കല്പന നിത്യജീവനാണ് എന്നു ഞാൻ അറിയുന്നു" എന്ന് അവൻ പറയുന്നു. ഇത് യോഹന്നാന്റെ സുവിശേഷമാണ് (12, 49f.) – അതിനോട് പറ്റിച്ചേരുവിൻ!

"ഞാൻ എന്തുപറയണം, എന്തു സംസാരിക്കണം എന്ന് എന്നെ അയച്ചവൻ എനിക്കു കല്പന നൽകിയിരിക്കുന്നു. അവന്റെ കല്പന നിത്യജീവനാണെന്നു ഞാൻ അറിയുന്നു". ഓ, ഞാൻ പറയാൻ ആഗ്രഹിച്ചത് പറയാൻ അവൻ എനിക്കു ശക്തി തന്നിരുന്നെങ്കിൽ! അവന്റെ സമൃദ്ധിയുടെ സാന്നിധ്യത്തിൽ എന്റെ ദാരിദ്ര്യം എന്നെ കുണ്ഠിതനാക്കുന്നു.

"ഞാൻ എന്തു പറയണം, എന്തു സംസാരിക്കണം എന്ന് അവൻ എനിക്കു കല്പന നൽകിയിരിക്കുന്നു. അവന്റെ കല്പന നിത്യജീവൻ ആണെന്നു ഞാൻ അറിയുന്നു" എന്ന് അവൻ പറയുന്നു. ക്രിസ്തുവിനെപ്പറ്റി സുവിശേഷകനായ ഈ യോഹന്നാൻ തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് എന്താണെന്നു നോക്കുക. "തന്റെ സത്യപുത്രനായ യേശുക്രിസ്തുവിൽ നമുക്കു വിശ്വസിക്കാം" എന്ന് അവൻ പറയുന്നു. "ഇതാണ് സത്യദൈവവും നിത്യജീവനും" (1 യോഹ 5,20). എന്താണ് സത്യദൈവവും നിത്യജീവനും? ദൈവത്തിന്റെ സത്യപുത്രൻ സത്യദൈവവും നിത്യജീവനുമാണ്. "തന്റെ

www.malankaralibrary.com



സത്യപുത്രനിൽ" എന്ന് അവൻ എന്തുകൊണ്ടാണു പറഞ്ഞത്? കാരണം, ദൈവത്തിന് അനേകം മക്കളുണ്ട്, അതുകൊണ്ട്, അവൻ 'സത്യ'പുത്രനാണ് എന്നു കൂട്ടിച്ചേർത്തുകൊണ്ട് ഒരു വേർതിരിവ് വരുത്തേണ്ടതായിട്ടുണ്ട്. "പുത്രൻ" എന്ന് വെറുതെ പറഞ്ഞുകൊണ്ടല്ല, പിന്നെയോ, ഞാൻ പറഞ്ഞതുപോലെ, "അവൻ സത്യപുത്രനാണ്" എന്നു കൂട്ടിച്ചേർത്തുകൊണ്ടാണ്. ദൈവത്തിനുള്ള അനേകം പുത്രന്മാർ നിമിത്തം അവൻ വേർതിരിക്കപ്പെടണം. നാം കൃപയാൽ മക്കളാണ്, അവൻ സ്വഭാവത്താലെയും. പിതാവ് അവനിലൂടെ നമ്മെ സൃഷ്ടിച്ചു; അവനെ സംബന്ധിച്ച് പിതാവ് എന്തായിരിക്കുന്നുവോ അത് അവനുമാണ്. എന്നാൽ ദൈവം എന്തായിരിക്കുന്നുവോ, അത് നാം ആണോ?

## പിതാവുമായി താൻ ഒന്നാണെന്ന് പറയാൻ ക്രിസ്തുവല്ലാതെ മറ്റാരും ധൈര്യപ്പെട്ടിട്ടില്ല

4. പ്രതീക്ഷയ്ക്കു വിരുദ്ധമായി, താൻ എന്താണു പറയുന്നത് എന്നറിയാതെ ഒരുത്തൻ ഇപ്രകാരം പറയുന്നു: "ഞാനും എന്റെ പിതാവും ഒന്നാകുന്നു" എന്ന് പറഞ്ഞിരിക്കുന്നത്, അവരുടെ ഇടയിൽ ഇച്ഛയിലുള്ള ധാരണകൊണ്ടാണ്. അല്ലാതെ, പുത്രന്റെ സ്വഭാവം പിതാവിന്റെ സ്വഭാവം തന്നെയായതുകൊണ്ടല്ല. കാരണം, ശ്ലീഹന്മാരും - ഞാനല്ല, അയാളാണു പറയുന്നത് - ശ്ലീഹന്മാരും പിതാവും പുത്രനുമായി ഒന്നാണ്". കൊടിയ ദൈവദൂഷണം! അയാൾ പറയുന്നത് "പിതാവും പുത്രനുമായി ശ്ലീഹന്മാരും ഒന്നാണ്; കാരണം, അവർ പിതാവിന്റെയും പുത്രന്റെയും ഇച്ഛയെ അനുസരിക്കുന്നു" എന്നത്രേ.

ഇതു പറയാൻ അയാൾ ധൈര്യപ്പെട്ടല്ലോ! അപ്പോൾ, "ഞാനും ദൈവവും ഒന്നത്രേ" എന്ന് പൗലോസ് പറയട്ടെ! "ഞാനും ദൈവവും ഒന്നത്രേ" എന്ന് പത്രോസും പ്രവാചകന്മാരും അവരിൽ ആരെങ്കിലുമോ, എല്ലാവരും തന്നെയോ പറയട്ടെ. എന്നാൽ അവർ ഇതു പറയുകയില്ല! അതിനു ദൈവം ഇടവരുത്തുകയില്ല. സൗഖ്യം പ്രാപിക്കേണ്ട വ്യത്യസ്തമായ ഒരു പ്രകൃതമാണ് തങ്ങൾക്കുള്ളതെന്ന് അവർക്കറിയാം. പ്രകാശിതമാകേണ്ട, വ്യത്യസ്തമായ ഒരു പ്രകൃതമാണ് തങ്ങൾക്കുള്ളതെന്ന് അവർക്കറിയാം.

"ഞാനും ദൈവവും ഒന്നാണ്" എന്ന് ആരും പറയുകയില്ല. ഒരാൾ എത്രമാത്രം പുരോഗതി കൈവരിച്ചാലും, തന്റെ വിശുദ്ധി

www.malankaralibrary.com



കൊണ്ട് പ്രശസ്തനായിരുന്നാലും സുകൃതസോപാനത്തിന്റെ ഉത്തുംഗത്തിലായിരുന്നാലും, "ഞാനും ദൈവവും ഒന്നാണ്" എന്ന് അവൻ ഒരിക്കലും പറയുകയില്ല. കാരണം, അവൻ സുകൃതവാനായിരിക്കുകയും ഇങ്ങനെ പറയുകയും ചെയ്താൽ, അതിനാൽതന്നെ തനിക്കുള്ളത് അവനു നഷ്ടപ്പെടും.

## പിതാവുമായി പുത്രനുള്ള തുല്യത

**5.** അതുകൊണ്ട്, പുത്രൻ പിതാവിനു തുല്യനാണെന്ന് വിശ്വസിക്കുവിൻ; എങ്കിലും പുത്രൻ പിതാവിൽ നിന്നാണ്; എന്നാൽ പിതാവ് പുത്രനിൽ നിന്നല്ല. പിതാവിനോടുകൂടി ഉത്ഭവം, പുത്രനോടുകൂടി തുല്യത. അവൻ തുല്യൻ അല്ലെങ്കിൽ, അവൻ സത്യപുത്രനല്ല. സഹോദരങ്ങളേ, വാസ്തവത്തിൽ നാം എന്താണു പറയുന്നത്? അവൻ തുല്യനല്ലെങ്കിൽ, അവൻ കുറഞ്ഞവനാണ്. അവൻ കുറഞ്ഞവനാണെങ്കിൽ, അവൻ എങ്ങനെയാണ് കുറഞ്ഞവനായി ജനിച്ചത്? തെറ്റായി വിശ്വസിക്കുകയും സൗഖ്യം ആവശ്യമായിരിക്കുകയും ചെയ്യുന്ന മനുഷ്യനോടാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. കുറഞ്ഞവനായിരുന്നിട്ട് അവൻ വളരുന്നോ ഇല്ലയോ എന്ന് എന്നോടു മറുപടി പറയുക. വളരുന്നെങ്കിൽ, പിതാവും വളർന്ന് പ്രായമാകുന്നു. എന്നാൽ, ജനിച്ച അവസ്ഥയിൽ തന്നെ അവൻ നിലനില്ക്കുന്നെങ്കിൽ, കുറഞ്ഞവനായി ജനിച്ചവൻ കുറഞ്ഞവനായി നിലനില്ക്കും. പിതാവിന്റെ സ്വഭാവത്തേക്കാൾ എന്തോ കുറവോടുകൂടി തികഞ്ഞവനായി ജനിച്ചതിനാൽ, തന്റെ കുറവോടുകൂടി അവൻ തികഞ്ഞവനായിരിക്കും. അവൻ ഒരിക്കലും പിതാവിന്റെ പ്രകൃതത്തിൽ എത്തുകയില്ല. ഇപ്രകാരം നിങ്ങൾ ദൈവദൂഷണം പറയുകയും പുത്രനെ കയ്യാളിക്കുകയുമാണ് ചെയ്യുക. പാഷണ്ഡികളായ നിങ്ങൾ ഇപ്രകാരം പുത്രനെ ദുഷിക്കുന്നു.

അപ്പോൾ, കത്തോലിക്കാവിശ്വാസം എന്താണു പറയുന്നത്? പുത്രൻ പിതാവായ ദൈവത്തിൽനിന്നുള്ള ദൈവമാണ്, പിതാവായ ദൈവം, ദൈവമാണ്; എന്നാൽ, പുത്രനിൽ നിന്നല്ല. അതേസമയം പുത്രനായ ദൈവം പിതാവിനു തുല്യനാണ് - തുല്യമായി ജനിച്ചു, കുറഞ്ഞവനായിട്ടല്ല ജനിച്ചത്; തുല്യനാക്കപ്പെട്ടതല്ല, പിന്നെയോ, തുല്യമായിട്ടത്രേ ജനിച്ചത്. ഒരാളായിരിക്കുന്നത്, ജനിച്ച മറ്റെയാളും ആകുന്നു!

www.malankaralibrary.com



പിതാവ് എപ്പോഴെങ്കിലും പുത്രനെ കൂടാതെ സ്ഥിതി ചെയ്തിരുന്നോ? ഒരിക്കലുമില്ല! കാലം ഇല്ലാത്തിടത്തുനിന്ന് "എപ്പോഴെങ്കിലും" എന്ന പദം നീക്കിക്കളയുവിൻ. പിതാവ് എപ്പോഴും ഉണ്ടായിരുന്നു, പുത്രനും എപ്പോഴും ഉണ്ടായിരുന്നു. പിതാവ് കാലാരംഭരഹിതനാണ്; പുത്രനും കാലാരംഭരഹിതനാണ്. പിതാവ് ഒരിക്കലും പുത്രന് മുമ്പനായിരുന്നില്ല, പിതാവ് ഒരിക്കലും പുത്രരഹിതനായിരുന്നില്ല. പുത്രൻ പിതാവായ ദൈവത്തിൽ നിന്നുള്ള ദൈവമാണ്; പിതാവു ദൈവമാണെങ്കിലും പുത്രനായ ദൈവത്തിൽ നിന്നല്ല. അതുകൊണ്ട് നാം മിനുക്കുപണിചെയ്ത് പുത്രനെ പിതാവിൽ ബഹുമാനിക്കേണ്ട. വാസ്തവത്തിൽ, പുത്രനെ ബഹുമാനിക്കുമ്പോൾ, നാം പിതാവിനെ ബഹുമാനിക്കുന്നു. നാം അവന്റെ ദൈവത്വത്തിന്റെ വിലയിടിക്കുന്നില്ല.

## വചനമാം ദൈവം, പിതാവിന്റെ കല്പന!

**6.** "അവന്റെ കല്പന നിത്യജീവനാകുന്നു എന്ന് എനിക്കറിയാം" എന്ന് അവിടുന്നു പറഞ്ഞത് ഞാൻ ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു; അതുകൊണ്ട് സഹോദരങ്ങളേ, ഈ വാക്കുകൾക്ക് ചെവികൊടുക്കുവിൻ: "അവന്റെ കല്പന നിത്യജീവനാകുന്നുവെന്ന് എനിക്കറിയാം". "ഇതാണ് സത്യദൈവവും നിത്യജീവനും" എന്ന് ക്രിസ്തുവിനെപ്പറ്റി യോഹന്നാനിൽ തന്നെ നാം വായിക്കുന്നു. പിതാവിന്റെ കല്പന നിത്യജീവൻ ആയിരിക്കുകയും, പുത്രനായ ക്രിസ്തുതന്നെ നിത്യജീവൻ ആയിരിക്കുകയും ചെയ്യുന്നെങ്കിൽ, പുത്രൻ തന്നെയാണ് പിതാവിന്റെ കല്പന. പിതാവിന്റെ വചനം പിതാവിന്റെ കല്പന അല്ലാതിരിക്കുന്നതെങ്ങനെ? അഥവാ "ഇതു ഞാൻ നിന്നോടു കല്പിക്കുന്നു. നീ അത് ചെയ്തിരിക്കണം" എന്ന് പിതാവ് പുത്രനോടു പറഞ്ഞു എന്നവണ്ണം പിതാവു പുത്രനു നൽകിയ കല്പന മാനുഷികരീതിയിൽ എടുത്താൽ, അനന്യ വചനത്തോട് സംസാരിച്ചത് ഏതു വാക്കുകൾ ഉപയോഗിച്ചാണ്? വചനത്തിന് അവൻ കല്പന കൊടുത്തപ്പോൾ, അവൻ വാക്കുകൾ തേടിപ്പോയോ? പിതാവിന്റെ കല്പന നിത്യജീവനാണ്. പുത്രൻ തന്നെയും നിത്യജീവനാണ്. അപ്പോൾ ഇതു വിശ്വസിച്ച് അംഗീകരിക്കുക. വിശ്വസിച്ച് ഗ്രഹിക്കുക. കാരണം, " വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ ഗ്രഹിക്കുകയില്ല" എന്ന് പ്രവാചകൻ പറയുന്നു (ഏശാ 7,9). ഇതു നിങ്ങൾ ഗ്രഹിക്കുന്നില്ലേ? നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. ശ്ലീഹാ പറയുന്നതു ശ്രവിക്കുവിൻ: "നിങ്ങളുടെ

www.malankaralibrary.com



ഹൃദയങ്ങൾ തുറക്കുവിൻ. അവിശ്വാസികളോടൊപ്പം നുകം വഹിക്കുന്നവർ ആകാതിരിക്കുവിൻ" (2 കൊറി 6,13f). ഗ്രഹിക്കുന്നതിനുമുമ്പ് ഇതു വിശ്വസിക്കാൻ കൂട്ടാക്കാത്തവർ അവിശ്വാസികളാണ്. അവിശ്വാസികളായിരിക്കാൻ അവർ തീരുമാനിച്ചതിനാൽ, അവർ അജ്ഞരായിതന്നെ നിലനില്ക്കും. അതുകൊണ്ട്, ഗ്രഹിക്കാനായി അവർ വിശ്വസിക്കട്ടെ.

**ചുരുക്കത്തിൽ:** പിതാവിന്റെ *കല്പന* നിത്യജീവനാണ്. അതുകൊണ്ട്, പിതാവിന്റെ *കല്പന* ഇന്നേദിവസം ജനിച്ച പുത്രൻ തന്നെയാണ്; ഈ *കല്പന* കാലത്തിൽ നൽകിയതല്ല, പിന്നെയോ, ജനിച്ച ഒരു *കല്പനയാണ്.* ദൈവത്തെപ്പറ്റിയുള്ള നമ്മുടെ കാഴ്ചപ്പാട് ഐന്ദ്രികമാകാതെ ആത്മീയമായിരിക്കാൻ, യോഹന്നാന്റെ സുവിശേഷം നമ്മുടെ മനസ്സിനെ പരിശീലിപ്പിക്കുകയും നമ്മെ കൂർമബുദ്ധികളാക്കുകയും ആത്മീയമാക്കുകയും ചെയ്യുന്നു.

സഹോദരങ്ങളേ, നിങ്ങൾക്കിതു മതിയാകും. പ്രസംഗം നീണ്ടുപോയതിനാൽ, പറഞ്ഞവ മറന്നുപോകാൻ ഇടയാകാതിരിക്കട്ടെ.

www.malankaralibrary.com

16

# നവവത്സര പ്രസംഗം

## വിജാതീയർക്കെതിരെയുള്ള പ്രസംഗം

### എല്ലാ ദുഷ്ടതയ്ക്കും അഭക്തിക്കുമെതിരെ ദൈവകോപം വെളിപ്പെടുന്നു.

"സകല ദൈവഭയമില്ലായ്മയ്ക്കുമെതിരെ ദൈവത്തിന്റെ ക്രോധം സ്വർഗത്തിൽനിന്നു വെളിപ്പെടുന്നു" (റോമാ 1,18). ആരുടെ അഭക്തിയെപ്പറ്റിയാണ് സംസാരിക്കുന്നത്? യഹൂദരുടെയും വിജാതീയരുടെയുമല്ലേ? മുൻകൂട്ടി ഒരു തടസ്സം ഉന്നയിക്കട്ടെ. "എന്തുകൊണ്ടാണ് വിജാതീയരുടെ അഭക്തിക്കെതിരെ? വിജാതീയർക്ക് ഒരിക്കലും നിയമം ലഭിച്ചില്ലല്ലോ. കിട്ടിയോ? പിന്നെ അവർക്കെങ്ങനെ അതു ലംഘിക്കാനാവും? യഹൂദരെ സംബന്ധിച്ച്, അവർക്കെതിരെ ദൈവകോപം വെളിപ്പെടുന്നു എന്നതു ശരിയാണ്. കാരണം, നിയമം നൽകപ്പെട്ടെങ്കിലും, അതനുസരിക്കാൻ അവർ കൂട്ടാക്കിയില്ല; എന്നാൽ അത് വിജാതീയർക്കു ലഭിച്ചില്ല". സഹോദരരേ, എല്ലാവരും കുറ്റക്കാരാണ്, എല്ലാവർക്കും ദൈവത്തിന്റെ രക്ഷയും കാരുണ്യവും ആവശ്യമാണ് എന്നു കാണിച്ചിരിക്കുന്നു എന്ന് നിരീക്ഷിച്ചുകാണുവിൻ: "എന്തുകൊണ്ടെന്നാൽ, തങ്ങളുടെ അനീതിയിൽ ദൈവത്തിന്റെ സത്യത്തെ തളച്ചിടുന്ന മനുഷ്യരുടെ ദുഷ്ടതയ്ക്കും അനീതിക്കുമെതിരെ ദൈവത്തിന്റെ ക്രോധം സ്വർഗത്തിൽനിന്ന് വെളിപ്പെടുന്നു". "അവർക്കു സത്യം ഉണ്ടായിരുന്നില്ല" എന്നല്ല, "അനീതിയിൽ സത്യത്തെ തളച്ചിടുന്നു" എന്നു പറഞ്ഞത് ശ്രദ്ധിക്കുവിൻ. "അവർക്കു നിയമം ലഭിച്ചില്ലെങ്കിൽ അവരുടെ പക്കൽ എങ്ങനെ സത്യമുണ്ടാകും" എന്ന നിങ്ങളുടെ തടസ്സവാദത്തിന് മറുപടി എന്ന

www.malankaralibrary.com



വണ്ണം തുടർന്ന് ഇപ്രകാരം കാണുന്നു: "ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവർക്കു വ്യക്തമായി അറിയാം". നിയമം ലഭിക്കാത്തവർക്ക് 'ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ' എങ്ങനെ വ്യക്തമാകും? ടെക്സ്റ്റ് തുടരുന്നു: "ദൈവം അവയെല്ലാം അവർക്കു വെളിപ്പെടുത്തിയിട്ടുണ്ട്. ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യ പ്രകൃതി, അതായത്, അവിടുത്തെ അനന്തശക്തിയും ദൈവത്വവും സൃഷ്ടവസ്തുക്കളിലൂടെ ഗ്രഹിച്ച് സ്പഷ്ടമായി കാണുന്നുണ്ട്" (റോമാ 1,18-20). "ഗ്രഹിച്ച് സ്പഷ്ടമായി കാണുന്നുണ്ട്" എന്നത് നാം ചേർത്തതാണ്. കാരണം, പ്രവൃത്തികൾ കണ്ടിട്ട് എന്തുകൊണ്ട് മനുഷ്യൻ അവയുടെ നിർമാതാവിനെപ്പറ്റി തിരക്കുന്നില്ല? ഭൂമി ഫലം പുറപ്പെടുവിക്കുന്നതു നിങ്ങൾ കാണുന്നു, മൃഗജാലങ്ങൾ നിറഞ്ഞ കടൽ നിങ്ങൾ കാണുന്നു. പറവകളെ കൊണ്ടു നിറഞ്ഞ വായുമണ്ഡലം നിങ്ങൾ കാണുന്നു, പ്രകാശിക്കുന്ന നക്ഷത്രങ്ങളുള്ള ആകാശം നിങ്ങൾ കാണുന്നു, എന്നാൽ ഈ മഹാകർമത്തിന്റെ സ്രഷ്ടാവിനെപ്പറ്റി നിങ്ങൾ തിരക്കുന്നതേയില്ലേ?

"ഞാനിവ കാണുന്നു, എന്നാൽ അവനെ ഞാൻ കാണുന്നില്ല" എന്നു നിങ്ങൾ പറഞ്ഞേക്കാം.

ഇവ കാണാനായി അവൻ നമുക്ക് ശാരീരികനയനങ്ങൾ നൽകി; അവനെ കാണാനായി അവൻ നമുക്ക് നമ്മുടെ മനസ്സുതന്നു. മനുഷ്യാത്മാക്കളെ നാം കാണുന്നില്ലല്ലോ. അതുകൊണ്ട്, നിങ്ങൾ കാണാത്ത ആത്മാവിന്റെ സാന്നിധ്യം, ശരീരത്തിന്റെ പ്രവർത്തനത്തിലൂടെയും നയിക്കലിലൂടെയും തിരിച്ചറിയുന്നതുപോലെ, പ്രപഞ്ചം മുഴുവന്റെയും ഭരണസംവിധാനത്തിൽ നിന്നും ആത്മാക്കളുടെതന്നെ നയിക്കലിൽ നിന്നും ഒരു സ്രഷ്ടാവുണ്ടെന്ന് തിരിച്ചറിയുക.

എന്നാൽ, അവനെ തിരിച്ചറിഞ്ഞാൽ മാത്രം പോരാ. കാരണം, ആ മനുഷ്യർ അവനെ തിരിച്ചറിഞ്ഞു. ശ്ലീഹാ പറയുന്നത് കേൾക്കൂ: "അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും, അവനെ ദൈവമായി മഹത്ത്വപ്പെടുത്തുകയോ, അവനു നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല. മറിച്ച്, അവരുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമായിത്തീരുകയും, അവരുടെ മൂഢഹൃദയം ഇരുണ്ടുപോകുകയും ചെയ്തു" (റോമാ 1,21). അവരുടെ അഹന്ത നിമിത്തമല്ലെങ്കിൽ, പിന്നെന്തുകൊണ്ടാണ് അവരിതിന് അർഹരായത്? തുടർന്ന് ഇത് വായിക്കുക: "ജ്ഞാനികളെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ ഭോഷന്മാരായി

www.malankaralibrary.com



തീർന്നു" (1,22). അവൻ അവർക്കു നൽകിയതിനെപ്പറ്റി അവർ അഹങ്കരിക്കരുതായിരുന്നു; തങ്ങളുടേതല്ലാതെ, അവനിൽ നിന്നുള്ളതിനെപ്പറ്റി അവർ വീമ്പടിക്കരുതായിരുന്നു. തങ്ങൾക്കുള്ളത് അവന്റേതാണെന്ന് അവർ അംഗീകരിക്കേണ്ടിയിരുന്നു; അവർക്കു കാണുന്നതിനുതന്നെ അവർ അവനോടാണല്ലോ കടപ്പെട്ടിരിക്കുന്നത്. തങ്ങൾക്കു കാണാൻ കഴിയുന്നത് സംരക്ഷിക്കാൻ അവർക്ക് ആരോഗ്യം തിരികെ ലഭിച്ചുകൊണ്ട് അവർക്കു സാധിക്കുമായിരുന്നു. ഇതിന് അവർ എളിമയിൽ നിലനില്ക്കേണ്ടിയിരുന്നു. ശുദ്ധീകരിക്കപ്പെടുകയും ഏറ്റവും സൗഭാഗ്യകരമായ ദൈവൈക്യത്തിൽ അവർക്കു ഭാഗഭാഗിത്വം ലഭിക്കുകയും ചെയ്യുമായിരുന്നു.

അവർ അഹങ്കാരികളായിരുന്നതിനാൽ, അസാധാരണരീതിയിൽ ശുദ്ധീകരിക്കപ്പെടുമെന്ന് അഹങ്കാരിയും വഞ്ചകനുമായ നുണയൻ, അഹങ്കാരത്താൽ അവരോട് വാഗ്ദാനം ചെയ്തുകൊണ്ട് ഇടപെടുകയും അവരെ പൈശാചികാരാധകർ ആക്കുകയും ചെയ്തു. വിജാതീയർ അനുഷ്ഠിക്കുന്ന എല്ലാ അനുഷ്ഠാനങ്ങളുടെയും ഉറവിടം ഇതാണ്; അവരുടെ ആത്മാക്കളെ വെടിപ്പാക്കാൻ അതിന് കഴിവുണ്ടെന്ന് അവർ പറയുന്നു. അതുകൊണ്ട്, ദൈവം അർഹിക്കുന്ന രീതിയിൽ അവനെ ബഹുമാനിക്കാത്തതിനാൽ, അവരുടെ അഹങ്കാരത്തിന് അവരെ ശിക്ഷിക്കാനാണ് ഈ സംഗതികൾ അവർക്കു സംഭവിച്ചത് എന്ന ശ്ലീഹായുടെ അനുമാനവും പ്രസ്താവനയും ശ്രദ്ധിക്കുക.

"അവർ അനശ്വരനായ ദൈവത്തിന്റെ മഹത്ത്വം നശ്വരനായ മനുഷ്യന്റെ സാദൃശ്യമുള്ള വിഗ്രഹങ്ങൾക്കു കൈമാറി" (1,23). ഇപ്പോൾ അവൻ വിഗ്രഹങ്ങളെപ്പറ്റിയാണു പറയുന്നത്. മനുഷ്യന്റെ സാദൃശ്യമുള്ള വിഗ്രഹങ്ങൾ ഉള്ള എല്ലാ ഗ്രീക്കുകാരെയും മറ്റ് ജനതകളെയുമാണ് അവൻ ഇവിടെ സൂചിപ്പിക്കുന്നത്. എന്നാൽ കൊടിയ അന്ധവിശ്വാസം നിറഞ്ഞ വിഗ്രഹാരാധന ഈജിപ്തുകാരുടേതാണ്. കാരണം, ശ്ലീഹാ ഇപ്പോൾ കുറിക്കുന്നതുപോലെയുള്ള വിഗ്രഹങ്ങൾകൊണ്ട് ലോകത്തെ ഈജിപ്ത് നിറച്ചിരിക്കുന്നു. "നശ്വരനായ മനുഷ്യന്റെയോ" എന്നതിനുശേഷം "പക്ഷികളുടെയോ, മൃഗങ്ങളുടെയോ, ഇഴജന്തുക്കളുടെയോ" സാദൃശ്യമുള്ള വിഗ്രഹങ്ങൾക്ക് കൈമാറി എന്ന് അവൻ കൂട്ടിച്ചേർത്തു. സഹോദരങ്ങളേ, പട്ടിയുടെയോ, കാളയുടെയോ തലയുള്ള വിഗ്രഹങ്ങളും മറ്റ് മൃഗങ്ങളുടെ വിഗ്രഹങ്ങളും ഒരുപക്ഷേ മറ്റ് അമ്പലങ്ങളിൽ നിങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങൾക്കറിയാവുന്നതുപോലെ, ഇവ ഈജിപ്തുകാരുടെ വിഗ്രഹ

www.malankaralibrary.com



ങ്ങളാണ്. ശ്ലീഹാ രണ്ടു വിഭാഗങ്ങളെയും ഒന്നിച്ചു ചേർത്ത് "നശ്വര നായ മനുഷ്യന്റെയോ, പക്ഷികളുടെയോ, മൃഗങ്ങളുടെയോ, ഇഴജന്തുക്കളുടെയോ സാദൃശ്യമുള്ള വിഗ്രഹങ്ങൾക്ക്" എന്നു പറയുന്നു. "അതുകൊണ്ട്, ദൈവം അവരെ തങ്ങളുടെ ഭോഗാസക്തികളോടുകൂടെ, ശരീരങ്ങൾ പരസ്പരം അവമാനിതമാക്കുന്നതിന്, അശുദ്ധിക്ക് വിട്ടുകൊടുത്തു". അവരുടെ അഹങ്കാരത്തിന്റെ ദുഷ്ടതയാലാണ് ഈ തിന്മകൾ അവരുടെ ഇടയിൽ നിലനില്ക്കുന്നത്. അവരുടെ ഈ പാപങ്ങൾ അവരുടെ അഹങ്കാരത്തിൽനിന്ന് ഉദ്ഭൂതമാകുന്നതിനാൽ, പാപങ്ങൾ മാത്രമല്ല, ശിക്ഷകളും കൂടിയാണ്. "ദൈവം അവരെ വിട്ടുകൊടുത്തു" എന്ന വാക്കുകൾ പാപശിക്ഷയെ സൂചിപ്പിക്കുന്നു; അതിന്റെ ഫലമായിട്ടത്രേ അവർ ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് (1,23ff).

"അവർ ദൈവത്തിന്റെ സത്യത്തെ വ്യാജമാക്കി മാറ്റി". ദൈവത്തിന്റെ സത്യത്തെ വ്യാജമാക്കി മാറ്റി എന്നതിന്റെ അർത്ഥമെന്താണ്? "അവർ നശ്വരനായ മനുഷ്യന്റെയോ, പക്ഷികളുടെയോ, മൃഗങ്ങളുടെയോ, ഇഴജന്തുക്കളുടെയോ, സാദൃശ്യമുള്ള വിഗ്രഹങ്ങൾക്ക് കൈമാറി" എന്ന് സ്പഷ്ടമാണ്. "ഞാൻ വിഗ്രഹത്തെയല്ല, അത് പ്രതിനിധീകരിക്കുന്നതിനെയാണ് ആരാധിക്കുന്നത്" എന്ന് ആരും പറയാതിരിക്കാൻ, അവൻ തുടർന്ന് ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "അവർ സ്രഷ്ടാവിനുപകരം സൃഷ്ടിയെ ആരാധിക്കുകയും സേവിക്കുകയും ചെയ്തു". ഇതു വ്യക്തമായി മനസ്സിലാക്കുക. അവർ ഒന്നുകിൽ വിഗ്രഹത്തെ അല്ലെങ്കിൽ സൃഷ്ടിയെ ആരാധിക്കുന്നു. വിഗ്രഹത്തെയാണ് ആരാധിക്കുന്നതെങ്കിൽ, അവർ ദൈവത്തിന്റെ സത്യത്തെ വ്യാജമാക്കി ദുഷിക്കുന്നു. കടൽ ഒരു യഥാർത്ഥ വസ്തുവാണ്; എന്നാൽ മനുഷ്യനുണ്ടാക്കിയ ഒരു വ്യാജസംഗതിയാണ് നെപ്ട്യൂൺ; ഇവിടെ ദൈവത്തിന്റെ സത്യം നുണയായി വളച്ചൊടിച്ചിരിക്കുകയാണ്. ദൈവം കടലുണ്ടാക്കി, എന്നാൽ നെപ്ട്യൂണിന്റെ വിഗ്രഹം മനുഷ്യനുണ്ടാക്കി എന്നതാണ് സത്യം. അതുപോലെ, ദൈവം സൂര്യനെ നിർമിച്ചു; മനുഷ്യൻ സൂര്യന്റെ ഒരു വിഗ്രഹം ഉണ്ടാക്കുന്നതിലൂടെ ദൈവത്തിന്റെ സത്യത്തെ വ്യാജമായി ദുഷിക്കുന്നു. "എന്നാൽ ഞാൻ വിഗ്രഹത്തെയല്ല, സൂര്യനെയാണ് ആരാധിക്കുന്നത്" എന്ന് അവർ പറയാതിരിക്കാൻ, "അവർ സ്രഷ്ടാവിനുപകരം സൃഷ്ടികളെ ആരാധിച്ചു" എന്ന് പറഞ്ഞിരിക്കുന്നു.

www.malankaralibrary.com



## ക്രിസ്തു തന്റെ ശിഷ്യരായി വിനീതരായ മനുഷ്യരെ തെരഞ്ഞെടുത്തു.

2. "ദരിദ്രനായി ജനിച്ചെങ്കിലും, തന്റെ ശിഷ്യരുടെ കുലീനത്വത്തിൽ ആത്മപ്രശംസ ചെയ്യാൻ അവൻ ആഗ്രഹിച്ചു" എന്ന് ഒരുപക്ഷേ ആരെങ്കിലും പറഞ്ഞേക്കാം. അവൻ അവരെ രാജാക്കന്മാരിൽ നിന്നോ, സെനറ്റർമാരിൽ നിന്നോ, താത്ത്വികരിൽ നിന്നോ, പ്രഭാഷകരിൽ നിന്നോ തെരഞ്ഞെടുത്തില്ല. ഒരിക്കലുമില്ല. വാസ്തവത്തിൽ അവൻ സാധാരണ മനഷ്യരെ, ദരിദ്രരും പാമരരുമായ മുക്കുവരെ തെരഞ്ഞെടുത്തു. പത്രോസ് മുക്കുവനായിരുന്നു; സിപ്രിയാൻ പ്രഭാഷകനായിരുന്നു. മുക്കുവൻ വിശ്വാസത്തിലേക്കു കടന്നുവന്നില്ലായിരുന്നെങ്കിൽ, വിനയാന്വിതനായി പ്രഭാഷകൻ അവനെ പിൻചെല്ലുമായിരുന്നില്ല. ആരും മനസ്സു തളർന്ന് പ്രത്യാശാരഹിതരായി തീരാതിരിക്കട്ടെ! അവർ ക്രിസ്തുവിനോടു പറ്റിച്ചേരട്ടെ; അവർ വഞ്ചിതരാകുകയില്ല.

## ക്ഷുദ്രക്കാരൻ ശീമോൻ അഹങ്കാരി ആയിരുന്നു; പൗലോസ് വിനീതനും.

3. അത്ഭുതങ്ങൾ നിമിത്തം പ്രകീർത്തിക്കപ്പെടണമെന്നും തന്റെ അഹങ്കാരം നിമിത്തം സ്തുതിക്കപ്പെടണം എന്നും അല്ലാതെ മറ്റെന്താണ് ശീമോന് വേണ്ടിയിരുന്നത്? പരിശുദ്ധാത്മദാനം പണം കൊടുത്തു വാങ്ങാം എന്ന് ചിന്തിക്കാൻ അവനെ പ്രേരിപ്പിച്ചത് അഹങ്കാരമാണ്. അതിനു കടകവിരുദ്ധമായി, വിനയാന്വിതനായിരുന്ന ശ്ലീഹാ, പകലിന്റെ ചൂടിൽ തന്റെ തീക്ഷ്ണതയ്ക്കു കുറവുവരുത്താതെയും വിവേകത്തിന്റെ ശോഭയുള്ള ദൃഷ്ടാന്തമായിരിക്കുകയും ചെയ്തുകൊണ്ട് ഇപ്രകാരം പറയുന്നു: "നടുന്നവനോ നനയ്ക്കുന്നവനോ അല്ല, വളർത്തുന്നവനായ ദൈവത്തിനാണു പ്രാധാന്യം". "ഞാൻ നട്ടു, അപ്പോളോ നനച്ചു, എന്നാൽ ദൈവമാണു വളർത്തിയത്" എന്ന് പ്രസ്താവിച്ചിട്ടാണ് അവനിതു പറഞ്ഞത്. അവൻ വീണ്ടും പറയുന്നു: "പൗലോസ് നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവോ, അഥവാ, പൗലോസിന്റെ നാമത്തിൽ നിങ്ങൾ സ്നാനപ്പെട്ടുവോ?" (1 കൊറി 3,6-13). ക്രിസ്തുവിന്റെ സ്ഥാനത്ത് ആരാധിക്കപ്പെടുക എന്ന ആശയം അവൻ എങ്ങനെ നിരസിക്കുന്നു എന്നും, വ്യഭിചരിക്കുന്ന ഒരാത്മാവിന് വരന്റെ സ്ഥാനത്ത് സ്വയം സന്നിഹിതമാക്കാൻ അവൻ എങ്ങനെ വിസമ്മതിക്കുന്നു എന്നും കാണുക.

www.malankaralibrary.com



നടുകയും നനയ്ക്കുകയും ചെയ്യുന്നത് വലിയ കാര്യമായി തോന്നുന്നുണ്ടോ? എന്നാൽ "നടുന്നവനോ, നനയ്ക്കുന്നവനോ അല്ല, വളർത്തുന്നവനായ ദൈവത്തിനാണു പ്രാധാന്യം". അവൻ എങ്ങനെയാണ് തന്റെ "ഭയം" വെളിപ്പെടുത്തിയത്? (1 കൊറി 2,2f). ക്രിസ്തുവിൽ പണിതുയർത്താൻ താൻ ആഗ്രഹിച്ചവരുടെ രക്ഷയുടെ കാര്യത്തിൽ താൻ എന്തെങ്കിലുമാണെന്ന് പൗലോസ് പറഞ്ഞില്ല.

## നമ്മുടെ വിശ്വാസം അവനിൽ വയ്ക്കാൻ പൗലോസ് ആഗ്രഹിച്ചില്ല.

**4.** തന്നിലല്ല, താൻ പ്രഘോഷിച്ച സത്യത്തിൽ പ്രത്യാശയർപ്പിക്കാനാണ് ശ്ലീഹാ ആഗ്രഹിച്ചത്. തന്റെ വ്യക്തിത്വത്തെക്കാൾ തന്നിലൂടെ പ്രഘോഷിക്കപ്പെട്ടവ മെച്ചമായിരുന്നു. അവൻ പ്രഘോഷിച്ചു എന്നതു ശരിതന്നെ. "നിങ്ങൾ സ്വീകരിച്ചതിൽ നിന്നു വ്യത്യസ്തമായി ഞങ്ങൾ തന്നെയോ, സ്വർഗത്തിൽനിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" എന്നാണ് അവൻ പറഞ്ഞത് (ഗലാ 1,8). ഒരു കള്ള മധ്യസ്ഥന് പ്രകാശദൂതന്റെ രൂപമെടുത്ത് തെറ്റായ കാര്യം പ്രഘോഷിക്കാനാവും എന്ന് അവൻ കണ്ടു. ദൈവത്തിന്റെ സ്ഥാനത്ത് ആരാധിക്കപ്പെടാനും, സാധ്യമുള്ളവയെല്ലാം തന്റേതെന്ന് വീമ്പടിക്കാനും, പേരുവിളിച്ചു പറയുന്നതു കേൾക്കാനും, സാധ്യമെങ്കിൽ മഹത്ത്വത്തിൽ ക്രിസ്തുവിനെ തന്നെ ഉല്ലംഘിക്കാനും അഹങ്കാരികൾ ആഗ്രഹിക്കുന്നു. അതുപോലെ തന്നെയാണ് പിശാചും അവന്റെ ദൂതന്മാരും ചെയ്യുന്നത്. *ഡൊണാറ്റിസ്റ്റുകൾ* ക്രിസ്തുവിന്റെ സ്ഥാനത്ത് ഡൊണാറ്റസിനെ പ്രതിഷ്ഠിക്കുന്നു. ഏതെങ്കിലും വിജാതീയർ ക്രിസ്തുവിനെ നിന്ദിക്കുന്നതായി അവർ കേൾക്കാൻ ഇടവന്നാൽ, ഡൊണാറ്റസിനെ അവഹേളിക്കുന്നത് കേൾക്കുന്നതിനേക്കാൾ എളുപ്പത്തിൽ അവർ അത് സഹിച്ച് അടങ്ങാനാണിടയുള്ളത്.

## ക്രിസ്തുവിനെ തന്റെ വിശുദ്ധരിൽ സ്നേഹിക്കണം

**5.** "എന്നിലൂടെ സംസാരിക്കുന്ന ക്രിസ്തുവിന് നിങ്ങൾ തെളിവു തേടുന്നുവോ?" എന്ന് ശ്ലീഹാ പറയുന്നതുപോലെ (2 കൊറി 13,3), ക്രിസ്തുതന്നെ തന്റെ വിശുദ്ധരിൽ സംസാരിക്കുന്നു. "നടുന്നവനോ, നനയ്ക്കുന്നവനോ അല്ല, വളർത്തുന്നവനായ ദൈവത്തിനാണ് പ്രാധാന്യം" എന്ന് പറയുകയും, തന്നെയല്ല ദൈവത്തെ സ്നേഹി

www.malankaralibrary.com



ക്കണം എന്ന് ആഗ്രഹിക്കുകയും ചെയ്യുന്നെങ്കിലും, "എന്നെ ഒരു ദൈവദൂതനെപ്പോലെ, യേശുക്രിസ്തുവിനെപ്പോലെതന്നെ നിങ്ങൾ സ്വീകരിച്ചു" എന്ന് ചിലരെപ്പറ്റി അവൻ സാക്ഷ്യപ്പെടുത്തി പറയുന്നു (ഗലാ 4,14). അതുകൊണ്ട്, "എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കാൻ തന്നു" എന്ന് പറഞ്ഞവനെ തന്റെ വിശുദ്ധരിലെല്ലാം സ്നേഹിക്കണം. "നിങ്ങൾ ആ ജനത്തിന് നൽകി" എന്നല്ല, പിന്നെയോ, "നിങ്ങൾ എനിക്കു തന്നു" എന്നാണ് അവൻ പറയുന്നത് (മത്താ 25,35). ഇത്തരത്തിലുള്ളതാണ് ശിരസ്സിന് അതിന്റെ ശരീരത്തോടുള്ള സ്നേഹം!

## നമ്മെ ചതിക്കുന്നവരെപ്പറ്റി നാം കരുതൽ ഉള്ളവരായിരിക്കണം

6. *യൂണോ* ആരാണ്? *യൂണോ,* വായു ആണെന്ന് അവർ പറയുന്നു. 'ധരയിലെ വിഗ്രഹത്തിൽ കടലിനെ ആരാധിക്കുന്നു' എന്ന സൂചന അല്പം മുമ്പ് നാം കേട്ടതാണല്ലോ. ഇപ്പോൾ വായുവിനെ ആരാധിക്കുന്നതിനെപ്പറ്റി കേൾക്കുന്നു. ഈ ലോകം നിർമ്മിക്കപ്പെട്ടിരിക്കുന്നത് ഈ പദാർത്ഥങ്ങൾ കൊണ്ടാണ്. അതുകൊണ്ട് ഇതേപ്പറ്റി പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ഈ ലോകത്തിന്റെ മൂലഭൂതങ്ങൾക്കു ചേർന്ന... തത്വചിന്തയ്ക്കും വ്യർത്ഥപ്രലോഭനത്തിനും ആരും നിങ്ങളെ ഇരയാക്കാതിരിക്കാൻ ശ്രദ്ധിക്കണം" (കൊളോ 2,8). വിഗ്രഹങ്ങളെക്കുറിച്ച് പണ്ഡിതോചിതമായ വ്യാഖ്യാനങ്ങൾ നൽകുന്നവരെപ്പറ്റിയാണ് അവൻ സൂചിപ്പിക്കുന്നത്. അതുകൊണ്ട് "തത്വശാസ്ത്രത്തെപ്പറ്റി" സൂചിപ്പിച്ചപ്പോഴാണ് "ഈ ലോകത്തിന്റെ മൂലഭൂതങ്ങൾക്കുചേർന്ന" എന്ന് അതേ ഭാഗത്തു പറഞ്ഞിരിക്കുന്നത്. വിഗ്രഹാരാധകരെപറ്റി പൊതുവായി കരുതലുള്ളവരായിരിക്കണം എന്നല്ല, വിഗ്രഹങ്ങളെപ്പറ്റി പണ്ഡിതമ്മന്യ വ്യാഖ്യാനം നൽകുന്നവരെപ്പറ്റി അവൻ അവരെ ഉപദേശിക്കുകയത്രേ ചെയ്യുന്നത്.

www.malankaralibrary.com



# 17

# നവവത്സര പ്രസംഗം-2

## ജനുവരി ഒന്നിലെ ആഘോഷം

വത്സലസഹോദരങ്ങളേ, ഒരു പെരുന്നാളിനെന്നപോലെ നിങ്ങൾ ഇന്ന് ഒന്നിച്ചുകൂടിയതായും, സാധാരണയിൽ കൂടുതലാളുകൾ ഇന്നത്തെ പരിപാടികൾക്ക് എത്തിയതായും നാം കാണുന്നു. അല്പം മുൻപ് നിങ്ങൾ പാടിയത് ഓർക്കാൻ നാം നിങ്ങളോടപേക്ഷിക്കുന്നു. അല്ലെങ്കിൽ നിങ്ങളുടെ നാവ് എന്തോ സ്വരം പുറപ്പെടുവിച്ചു, നിങ്ങളുടെ ഹൃദയം ചലനമറ്റിരുന്നു എന്നേ അർത്ഥമുള്ളു. മറ്റുള്ളവരുടെ കാതുകളിൽ നിങ്ങൾ കേൾപ്പിച്ച ശബ്ദം, ദൈവത്തിന്റെ കാതുകളിൽ കൂടുതൽ ഉച്ചസ്വരത്തിൽ കേൾപ്പിക്കേണ്ടിയിരിക്കുന്നു. ഇതാണ് നിങ്ങൾ പാടിയത്: "ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങൾ നിന്റെ പാവനനാമത്തിന് നന്ദി പറയുവാൻ വിജാതീയരുടെ ഇടയിൽനിന്നു ഞങ്ങളെ കൂട്ടിച്ചേർക്കണമെ" (സങ്കീ 106,47). ഇന്ന് വിജാതീയർ തങ്ങളുടെ ഉത്സവം ജഡത്തിന്റെ ലൗകികസന്തോഷത്തോടും കഥയില്ലാത്തതും ഏറ്റവും ദുഷിച്ചതുമായ പാട്ടുകളുടെ ആരവത്തോടും സദ്യകളോടും നാണംകെട്ട നൃത്തപരിപാടികളോടും കൂടെയാണ് ആഘോഷിക്കുക. വിജാതീയരുടെ ഈ ദുഷിച്ച ഉത്സവാഘോഷപരിപാടികൾ നിങ്ങൾക്ക് ഇഷ്ടമില്ലാത്തവ ആണെങ്കിൽ, നിങ്ങൾ വിജാതീയരിൽനിന്ന് വേർതിരിക്കപ്പെടും.

## ക്രിസ്തീയ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാൽ വിജാതീയരിൽനിന്ന് നമുക്കുള്ള വേർതിരിവ്

**2.** വാസ്തവത്തിൽ, ഇതാണ് നിങ്ങൾ പാടിയത്; ആ ദിവ്യഗാനത്തിന്റെ സ്വരം നിങ്ങളുടെ കാതുകളിൽ ഇപ്പോഴും അലയടിക്കുന്നു: "ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ. വിജാതീയരുടെ ഇടയിൽനിന്നു ഞങ്ങളെ കൂട്ടിച്ചേർക്കണമെ". രക്ഷിക്കപ്പെടുമ്പോഴല്ലാതെ വിജാതീയരുടെ ഇടയിൽനിന്ന് കൂട്ടിച്ചേർക്കപ്പെടാൻ ആർക്കാണു കഴിയുക? തദനന്തരം, വിജാതീയരുമായി

www.malankaralibrary.com



ഇടപഴകുന്നവർ രക്ഷിക്കപ്പെടുന്നില്ല. എന്നാൽ വിജാതീയരുടെ ഇടയിൽ നിന്നു വേർതിരിക്കപ്പെടുന്നവർ വിശ്വാസത്തിന്റെ രക്ഷയാലും, പ്രത്യാശയുടെ രക്ഷയാലും, ഏറ്റവും ആത്മാർത്ഥമായ സ്നേഹത്തിന്റെ രക്ഷയാലും, ആത്മാവിന്റെ രക്ഷയാലും, ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ രക്ഷയാലും രക്ഷിക്കപ്പെടുന്നു.

ഒരാൾ വിശ്വസിക്കുകയും പ്രത്യാശിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു എന്നതുകൊണ്ട് അതിനാൽതന്നെ രക്ഷിക്കപ്പെടുന്നില്ല. അവൻ എന്തു വിശ്വസിക്കുന്നു, എന്തു പ്രത്യാശിക്കുന്നു, എന്തു സ്നേഹിക്കുന്നു എന്നതിനെ ആശ്രയിച്ച് വ്യത്യാസമുണ്ട്. ഏതു ജീവിതാവസ്ഥയിൽ ഉള്ളവനായാലും വിശ്വാസവും ശരണവും സ്നേഹവും തന്റെ ആത്മാവിൽ അനുഭവിക്കാതെ തന്റെ ദിവസങ്ങൾ ചെലവഴിക്കുന്നില്ല എന്നത് സുസ്പഷ്ടമാണ്. വിജാതീയർ വിശ്വസിക്കുന്നത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, അവർ പ്രത്യാശിക്കുന്നത് നിങ്ങൾ പ്രത്യാശിക്കുന്നില്ലെങ്കിൽ, അവർ സ്നേഹിക്കുന്നതിനെ സ്നേഹിക്കുന്നില്ലെങ്കിൽ, നിങ്ങൾ വിജാതീയരുടെ ഇടയിൽനിന്ന് കൂട്ടിച്ചേർക്കപ്പെട്ടവരാണ്, നിങ്ങൾ വേർതിരിക്കപ്പെട്ടവരാണ്, അതായത്, നിങ്ങൾ വിജാതീയരിൽനിന്ന് വേർതിരിക്കപ്പെട്ടവരാണ്. ആത്മാവിൽ നിങ്ങളെ വേർതിരിക്കുന്ന എല്ലാറ്റിന്റെയും മുമ്പിൽ, നിങ്ങളുടെ ശാരീരിക ബന്ധപ്പെടൽ നിങ്ങളെ ഭയപ്പെടുത്തരുത്. ഉദാഹരണമായി, അവർ പൈശാചിക ദേവന്മാരിൽ വിശ്വസിക്കുന്നു; നാം സത്യൈക ദൈവത്തിൽ വിശ്വസിക്കുന്നു എന്നതിനേക്കാൾ വലിയ വേർതിരിവ് എന്താണ്? അവർ ലോകത്തിലെ മൂഢസംഗതികളിൽ പ്രത്യാശ വച്ചിരിക്കുന്നു; നിങ്ങൾ കിസ്തുവിനോടൊത്തുള്ള നിത്യജീവിതത്തിൽ പ്രത്യാശ വച്ചിരിക്കുന്നു. അവർ ലോകത്തെ സ്നേഹിക്കുന്നു, നിങ്ങൾ ലോകസ്രഷ്ടാവിനെ സ്നേഹിക്കുന്നു. അതുകൊണ്ട്, അവരുടേതിൽനിന്നു വ്യത്യസ്തമായ വിശ്വാസവും ശരണവും സ്നേഹവും ഉള്ളവൻ തന്റെ പ്രവൃത്തികളിലൂടെ, തന്റെ ജീവിതത്തിലൂടെ, അതു കാണിക്കട്ടെ.

വിജാതീയരെപ്പോലെ സമ്മാനങ്ങൾ നൽകിക്കൊണ്ട് നിങ്ങൾ പുതുവർഷം ആഘോഷിക്കാനും ചൂതുകളിക്കാനും കുടിച്ച് മത്തരാകാനും തുനിഞ്ഞാൽ നിങ്ങൾക്കെങ്ങനെ വിശ്വാസത്തിലും ശരണത്തിലും പ്രത്യാശയിലും വ്യത്യസ്തരാകാൻ കഴിയും? "ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ. വിജാതീയരിൽനിന്നു ഞങ്ങളെ കൂട്ടിച്ചേർക്കണമെ" എന്ന് പാടാനുള്ള ധൈര്യം നിങ്ങൾക്കെങ്ങനെ ഉണ്ടാകും? അവരുമായി നിങ്ങൾ ഇടപഴകുന്നു

www.malankaralibrary.com



ണ്ടെങ്കിലും, അവരിൽനിന്ന് വ്യത്യസ്തമായ ജീവിതം നയിക്കുന്ന തിലാണ് നിങ്ങളുടെ വേർതിരിവ് അടങ്ങിയിരിക്കുന്നത്. അത് നിങ്ങൾ പ്രായോഗികമാക്കിയാൽ, നിങ്ങൾ അതിനു തെളിവുകൾ നൽകിയാൽ, ആ വേർതിരിവ് എന്താണെന്ന് നിങ്ങൾ തിരിച്ചറിയും.

നിങ്ങളിതു മറക്കരുത്: നമ്മെപ്രതി മനുഷ്യനായിതീർന്ന നമ്മുടെ കർത്താവ് യേശുക്രിസ്തു നമുക്കുവേണ്ടി ഒരു വില കൊടുത്തു. തന്റെ വില, തന്റെ സ്വന്തം വിലയാണ് താൻ കൊടുത്തത്. നമ്മെ വീണ്ടെടുക്കുക, വിജാതീയരിൽനിന്നു നമ്മെ കൂട്ടിച്ചേർക്കുക എന്നതായിരുന്നു വില കൊടുത്തതിന്റെ ഉദ്ദേശ്യം. എന്നാൽ നിങ്ങൾ വിജാതീയരുമായി ഇടപഴകുന്നെങ്കിൽ, നിങ്ങളെ വീണ്ടെടുത്തവന്റെ പിന്നാലെ പോകാൻ നിങ്ങൾക്കാഗ്രഹം ഇല്ല എന്നാണർത്ഥം. നിങ്ങളുടെ ജീവിതംവഴി, നിങ്ങളുടെ പ്രവൃത്തികൾവഴി, നിങ്ങളുടെ ഹൃദയത്തിലൂടെ, അവർ വിശ്വസിക്കുന്നതുപോലെ വിശ്വസിച്ചും അവർ പ്രതീക്ഷിക്കുന്നതുപോലെ പ്രതീക്ഷിച്ചും അവർ സ്നേഹി ക്കുന്നതുപോലെ സ്നേഹിച്ചും നിങ്ങൾ വിജാതീയരുമായി ഇടപഴകുന്നു. നിങ്ങളുടെ രക്ഷകനോട് നന്ദിയില്ലാത്തവരാണ് നിങ്ങൾ എന്ന് തെളിയിക്കുന്നു, നിങ്ങൾക്കുവേണ്ടി നൽകപ്പെട്ട വില നിങ്ങൾ അംഗീകരിക്കുന്നില്ല-കളങ്കരഹിതമായ കുഞ്ഞാടിന്റെ രക്തം! അതുകൊണ്ട് തന്റെ രക്തത്താൽ നിങ്ങളെ വീണ്ടെടുത്ത നിങ്ങളുടെ രക്ഷകനെ പിൻചെല്ലാനായി, വിജാതീയരെപ്പോലെ പ്രവർത്തിച്ചും പെരുമാറിയും അവരുമായി ഇടപെടരുത്.

അവർ നവവത്സര സമ്മാനങ്ങൾ നൽകുന്നു; നിങ്ങൾ ദാനധർമം ചെയ്യുന്നു. അവർ തെറിപ്പാട്ടുകൾ പാടി രസിക്കുന്നു; നിങ്ങൾ തിരുലിഖിത വചനത്തിൽ ആനന്ദം കണ്ടെത്തുന്നു. അവർ തീയേറ്ററുകളിലേക്കു കുതിക്കുന്നു, നിങ്ങൾ ദൈവാലയത്തിൽ പോകുന്നു. അവർ കുടിച്ചുമത്തരാകുന്നു, നിങ്ങൾ ഉപവാസം അനുഷ്ഠിക്കുന്നു. ഇന്ന് ഉപവസിക്കാൻ കഴിയുന്നില്ലെങ്കിൽ, കുറഞ്ഞപക്ഷം മിതമായി ഭക്ഷിക്കുക. നിങ്ങൾ ഇപ്രകാരം ചെയ്യുമെങ്കിൽ, "ഞങ്ങളുടെ ദൈവവമായ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ; വിജാതീയരിൽനിന്നു ഞങ്ങളെ കൂട്ടിച്ചേർക്കണമെ" എന്നു നിങ്ങൾ ശരിയായിട്ടാണ് പാടിയത്.

www.malankaralibrary.com



**ഭക്തകർമങ്ങളാൽ ക്രിസ്ത്യാനികൾ തങ്ങളെത്തന്നെ വിജാതീയരിൽനിന്നു വേർതിരിക്കുന്നു. തങ്ങളുടെ ആരാധകരുടെ ചീത്ത പെരുമാറ്റത്തിൽ കള്ളദേവന്മാർ സന്തുഷ്ടരാകുന്നു.**

3. തങ്ങൾ കേട്ട വാക്കുകളെപ്രതി പലർക്കും തങ്ങളുടെ ഉള്ളിൽ മല്ലടിക്കേണ്ടതായി വരും. കാരണം "നവവത്സര സമ്മാനങ്ങൾ നൽകരുത്, ദരിദ്രർക്ക് നൽകണം" എന്നു നാം പറഞ്ഞു. അത്രയും കൊടുത്താൽ പോരാ; കുറേക്കൂടി കൊടുക്കണം. കുടുതൽ കൊടുക്കാൻ താല്പര്യമില്ലേ? കൊള്ളാം. കുറഞ്ഞപക്ഷം അത്രയും കൊടുക്കുക.

എന്നാൽ നിങ്ങൾ ഇപ്രകാരം പറയുമായിരിക്കും: "ഞാൻ നവവത്സര സമ്മാനങ്ങൾ നൽകുമ്പോൾ, എനിക്കും തിരിച്ചുകിട്ടും" എന്ത്? നീ ഒരു ദരിദ്രനു നൽകുമ്പോൾ, നിനക്കൊന്നും തിരിച്ചുകിട്ടുന്നില്ലേ? തീർച്ചയായും, വിജാതീയർ വിശ്വസിക്കുന്നതു നിങ്ങൾ വിശ്വസിക്കുന്നില്ല, തീർച്ചയായും വിജാതീയർ പ്രത്യാശിക്കുന്നതു നിങ്ങൾ പ്രത്യാശിക്കുന്നില്ല; എന്നാൽ ദരിദ്രനു നൽകുമ്പോൾ നിങ്ങൾക്കൊന്നും കിട്ടുന്നില്ലെന്നു പറഞ്ഞാൽ, നിങ്ങൾ വിജാതീയരുടെ കൂടെയാണ്. "ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ. വിജാതീയരുടെ ഇടയിൽനിന്ന് ഞങ്ങളെ കൂട്ടിച്ചേർക്കണമെ" എന്നു പാടുവാൻ നിങ്ങൾക്ക് യാതൊരവകാശവുമില്ല! "ദരിദ്രർക്കു ദാനം ചെയ്യുന്നവന് ഒന്നിനും കുറവുണ്ടാകുകയില്ല" എന്നു പറയുന്ന ആ നിയമം മറക്കരുത്. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വന്ന് രാജ്യം അവകാശമാക്കുവിൻ" എന്ന് കർത്താവ് പറയാൻ പോകുന്നത് നിങ്ങൾ ഇപ്പോഴേ മറന്നുപോയോ? ഒന്നും കൊടുക്കാത്തവരോട് അവിടുന്ന് എന്തു പറയും? - അവരെ നിത്യാഗ്നിയിലേക്ക് അയയ്ക്കുവിൻ.

അവന്റെ വാക്കുകൾ കേൾക്കാൻ ഇഷ്ടമില്ലാത്തവരുടെകൂടെ നിന്നുകൊണ്ട് അവ കേൾക്കാൻ താല്പര്യപ്പെട്ടവർ നിശ്ചയമായും നിങ്ങളുടെ ഇടയിൽ ഉണ്ട്. ഞാൻ സത്യക്രിസ്ത്യാനികളോടാണ് സംസാരിക്കുന്നത്: നിങ്ങളുടെ വിശ്വാസം മറ്റുള്ളവരുടേതിൽനിന്നു വ്യത്യസ്തമാണെങ്കിൽ, നിങ്ങളുടെ പ്രത്യാശ വ്യത്യസ്തമാണെങ്കിൽ, നിങ്ങളുടെ സ്നേഹം വ്യത്യസ്തമാണെങ്കിൽ, വ്യത്യസ്തമായ ജീവിതം നയിക്കുക. നിങ്ങളുടെ വിശ്വാസവും ശരണവും സ്നേഹവും യഥാർത്ഥത്തിൽ വ്യത്യസ്തമാണെന്ന് നിങ്ങളുടെ വ്യത്യസ്ത പെരുമാറ്റത്തിലൂടെ കാണിക്കുക. ശ്ലീഹായുടെ ശക്തിമത്തായ ഉപദേശം

www.malankaralibrary.com



കേൾക്കുക: "നിങ്ങൾ അവിശ്വാസികളുമായി കൂട്ടുചേരരുത്. നീതിയും അനീതിയുമായി എന്തു പങ്കാളിത്തമാണുള്ളത്? പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണുള്ളത്? വിശ്വാസിക്ക് അവിശ്വാസിയുമായി എന്താണു പൊതുവിലുള്ളത്? ദൈവത്തിന്റെ ആലയത്തിന് വിഗ്രഹങ്ങളുമായി എന്തു പൊരുത്തമാണുള്ളത്"? (2 കൊറി 6,14-16). മറ്റൊരിടത്ത് അവൻ പറയുന്നു: "വിജാതീയർ ബലി അർപ്പിക്കുന്നതു പിശാചിനാണ്, ദൈവത്തിനല്ല. നിങ്ങൾ പിശാചുക്കളുടെ പങ്കാളികളാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല" (1 കൊറി 10,20). അവരുടെ പെരുമാറ്റത്തിൽ അവരുടെ ദേവന്മാർ സംതൃപ്തരാണ്. എന്നാൽ, "നിങ്ങൾ പിശാചുക്കളുടെ പങ്കാളികളാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല" എന്നു പറഞ്ഞയാൾ , തന്റെ ശ്രോതാക്കൾ തങ്ങളുടെ ജീവിതംകൊണ്ടും പെരുമാറ്റംകൊണ്ടും പൈശാചികാരാധകരിൽനിന്ന് തങ്ങളെത്തന്നെ വേർതിരിക്കണം എന്ന് ആഗ്രഹിച്ചിരുന്നു. സർക്കസിന്റെ ഭോഷത്തത്താലും ആംഫിതിയേറ്ററിന്റെ ക്രൂരതയാലും വിദൂഷകൻ, നടൻ, മൂകാഭിനയക്കാരൻ, തേരാളി, പോർക്കളത്തിലെ പോരാളി എന്നുതുടങ്ങി തിന്മ പ്രവർത്തിക്കാൻ കോപ്പുകൂട്ടി നടക്കുന്നവരെ പ്രോത്സാഹിപ്പിച്ച് കലഹവും ലഹളയും ഇളക്കിവിടുന്ന മനുഷ്യരുടെ ചൂടേറിയ മത്സരങ്ങളാലും തീയേറ്ററുകളിൽ അരങ്ങേറുന്ന കഥയില്ലാത്ത കാഴ്ചയാലും വൃത്തികെട്ട സംഗതികളാലും മേല്പറഞ്ഞ പിശാചുക്കൾ യഥാർത്ഥത്തിൽ സന്തുഷ്ടരാണ്. ഇവ പ്രവർത്തിക്കുന്നവർ, തങ്ങളുടെ ഹൃദയത്തിൽനിന്ന് ധൂപം എടുത്ത് പിശാചുക്കളുടെ മുൻപിൽ വയ്ക്കുന്നതിനു തുല്യമായി പ്രവർത്തിക്കുന്നു. കാരണം, ആത്മാക്കളെ വശീകരിക്കുന്നവർ വശീകരണവിധേയരായവരിൽ സന്തോഷിക്കുന്നു. തങ്ങൾ വശീകരിക്കുകയും വഞ്ചിക്കുകയും ചെയ്തവരുടെ ചീത്ത പെരുമാറ്റത്താലും മലിനവും നീചവുമായ ജീവിതത്താലും തടിച്ചുകൊഴുക്കുകയും ചെയ്യുന്നു.

ശ്ലീഹാ പറയുന്നതുപോലെ, "എന്നാൽ ഇതല്ല നിങ്ങൾ ക്രിസ്തുവിൽനിന്നു പഠിച്ചത്. നിങ്ങൾ അവനെ ശ്രവിക്കുകയും അവൻ നിങ്ങളെ പഠിപ്പിക്കുകയും ചെയ്തതുപോലെ ആയിരിക്കുവിൻ". "അതുകൊണ്ട് അവരുമായി സമ്പർക്കമരുത്. ഒരിക്കൽ നിങ്ങൾ അന്ധകാരമായിരുന്നു, ഇന്നു നിങ്ങൾ കർത്താവിൽ പ്രകാശമായിരിക്കുന്നു. പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ" (എഫേ 4,20f; 5,7f). അങ്ങനെ കർതൃവചനം നിങ്ങളോടു പ്രസംഗിക്കുന്ന ഞങ്ങളും, നിങ്ങളോടൊപ്പവും നിങ്ങൾ നിമിത്തവും ആ നിത്യപ്രകാശത്തിൽ സന്തോഷിക്കാൻ ഇടയാകട്ടെ.

www.malankaralibrary.com

# 18

## ദനഹാ-1

### ക്രിസ്തു യഹൂദരെയും വിജാതീയരെയും തന്നിൽ വേഗത്തിൽ ഒന്നിച്ചുചേർക്കുന്നു

കർത്താവ് യഹൂദരിൽ നിന്നു ജനിച്ച ദിവസം, കുറേ ദിവസങ്ങൾക്കു മുമ്പ് നാം ആഘോഷിച്ചു. വിജാതീയർ അവനെ ആരാധിച്ച ദിവസമാണ് ഇന്നു നാം ആഘോഷിക്കുന്നത്. "എന്തുകൊണ്ടെന്നാൽ, രക്ഷ യഹൂദരിൽനിന്നാണ്" (യോഹ 4,22); എന്നാൽ "ഈ രക്ഷ ലോകാതിർത്തിവരെ പോലും എത്താനുള്ളതാണ്" (നട 13,47). ഇപ്രകാരം, ഒന്നാം ദിവസം ഇടയന്മാർ ആരാധിച്ചു; ഇന്ന് വിദ്വാന്മാരും. മാലാഖമാർ ഇടയന്മാരെ അറിയിച്ചു; നക്ഷത്രം വിദ്വാന്മാരെയും. സ്വർഗീയ രാജാവിനെ ഭൂമിയിൽ കണ്ടപ്പോൾ, "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും ഉണ്ട്" എന്ന് രണ്ടുകൂട്ടരും ഉന്നതത്തിൽനിന്നു ഗ്രഹിച്ചു. "എന്തുകൊണ്ടെന്നാൽ അവൻ നമ്മുടെ സമാധാനം ആകുന്നു; അവൻ ഇരുകൂട്ടരെയും ഒന്നാക്കിത്തീർത്തു" (എഫേ 2,14). ഇപ്രകാരം, അവൻ ഒരു ശിശുവായി ജനിക്കുകയും അറിയിക്കപ്പെടുകയും ചെയ്തപ്പോൾതന്നെ, ഒരു കീർത്തികേട്ട മൂലക്കല്ലായി സ്വയം വെളിപ്പെടുത്തി; (ഏശാ 28,16). തന്റെ ജനനത്തിന്റെ ആരംഭത്തിൽ തന്നെ അവൻ അപ്രകാരം കാണപ്പെട്ടു. വ്യത്യസ്ത ദിശകളിൽനിന്നു വരുന്ന രണ്ടു മതിലുകളെയും തന്നിൽ സംയോജിപ്പിക്കാൻ അപ്പോഴേ അവൻ തുടങ്ങുകയായിരുന്നു. ദൂരസ്ഥർക്കും സമീപസ്ഥർക്കും സമാധാനം സംസ്ഥാപിച്ചുകൊണ്ട്, ഇരുകൂട്ടരെയും തന്നിൽ ഒരു പുതിയ മനുഷ്യനാക്കുന്നതിനായി അവൻ ഇടയന്മാരെ യൂദയായിൽനിന്നും വിദ്വാന്മാരെ കിഴക്കുനിന്നും ആനയിച്ചു (എഫേ 2,15-17). അടുത്തു

www.malankaralibrary.com



നിന്ന് വന്നവരും, ഇന്ന് ദുരെനിന്നു വന്നവരും ലോകത്തിന്റെ ഏകപ്രകാശത്തെ കണ്ടെങ്കിലും, പിൻതലമുറ രണ്ടുദിവസങ്ങൾ ആചരിക്കുന്നതിനെ അത് സൂചിപ്പിച്ചു.

## വിദ്വാന്മാരുടെ വിശ്വാസവും യഹൂദരുടെ വിശ്വാസരാഹിത്യവും

**2.** ഭൂമിയുടെ വിദൂരഭാഗങ്ങളിൽനിന്ന് വിശ്വാസം ക്രിസ്തുവിലേക്ക് അടുപ്പിച്ച മനുഷ്യരെപ്പറ്റി ഇന്ന് നാം സംസാരിക്കേണ്ടിയിരിക്കുന്നു. "യഹുദർക്കു ജനിച്ച രാജാവ് എവിടെയാകുന്നു? കാരണം, ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ടു. അവനെ ആരാധിക്കാൻ ഞങ്ങൾ വന്നിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് അവർ വന്ന് അന്വേഷണം നടത്തി (മത്താ 2.2). വിശ്വാസത്താൽ നയിക്കപ്പെടുകയും വ്യക്തമായി കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരെപ്പോലെ അവർ അവനെപ്പറ്റി അറിയിക്കുകയും അന്വേഷിക്കുകയും ചെയ്തു; അവർ അവനിൽ വിശ്വസിക്കുകയും അവനെ തേടുകയും ചെയ്തു

കഴിഞ്ഞ കാലങ്ങളിൽ യൂദയായിൽ മറ്റനേകംപേർ യഹൂദരുടെ രാജാക്കന്മാരായി ജനിച്ചിട്ടില്ലേ? ദൂരദേശങ്ങളിൽനിന്നു വന്ന മനുഷ്യർ ആകാശത്തിൽ ഇയാളെ തിരിച്ചറിയുകയും ഭുമിയിൽ അവനെ തേടിയിറങ്ങുകയും ചെയ്തത് എന്തുകൊണ്ടാണ്? അവൻ ഉന്നതത്തിൽ പ്രകാശിക്കുന്നതും അഗാധത്തിൽ നിഗുഢനായി കിടക്കുന്നതും എന്തുകൊണ്ടാണ്?

വിദ്വാന്മാർ കിഴക്ക് ഒരു നക്ഷത്രം കാണുകയും യൂദയായിൽ ഒരു രാജാവ് ജനിച്ചിരിക്കുന്നു എന്ന് അറിയുകയും ചെയ്യുന്നു. ഇത്ര ചെറിയവനും ഇത്ര വലിയവനുമായ ഈ രാജാവ് ആരാണ്? അവൻ ഇപ്പോഴും ഭൂമിയിൽ സംസാരിക്കുന്നില്ല, എന്നാൽ ഇപ്പോഴും സ്വർഗത്തിൽ കല്പനകൾ നൽകുന്നു. അവൻ വിദ്വാന്മാർക്ക് ആകാശത്തിൽ വളരെ വ്യക്തമായ ഒരടയാളം നൽകി; അവൻ യൂദയായിൽ ജനിച്ചു എന്ന് അവരുടെ ഹൃദയത്തിൽ വെളിപ്പെടുത്തി; എങ്കിലും തന്നെ സംബന്ധിച്ച് അവർ പ്രവാചകരിൽ വിശ്വസിക്കണമെന്ന് അവൻ ആഗ്രഹിച്ചു. ഇത് നമ്മെപ്രതിയാണ്; കാരണം, തന്റെ തിരുലിഖിതങ്ങളുമായി നാം പരിചയപ്പെടണം എന്ന് അവൻ ആഗ്രഹിച്ചു. അവനെ കണ്ട് ആരാധിക്കാൻ അവർ ആകാംക്ഷാഭരിതരായിരുന്നു. അവൻ ജനിച്ച നഗരം തേടുന്നതിനിടയിൽ, യഹൂദ ഭരണാധികാരികളോടും അന്വേഷിക്കാൻ അവർ നിർബന്ധിതരായി. സ്വതവേ നുണ

www.malankaralibrary.com



യരാണെങ്കിലും വിശ്വസ്തരായ ഈ അവിശ്വാസികൾ, ഈ രീതിയിൽ, വിശ്വാസത്തിന്റെ കൃപയാൽ, തങ്ങളുടെ ഹൃദയങ്ങളിലല്ല, അധരങ്ങളിൽ പേറിയിരുന്ന തിരുലിഖിതത്തിൽനിന്ന് വിശ്വാസികൾക്കു വിവരം നൽകേണ്ടിയിരുന്നു.

തങ്ങൾ അവന്റെ നക്ഷത്രം കണ്ടു എന്നും അവനെ ആരാധിക്കാൻ വന്നിരിക്കുന്നു എന്നും ക്രിസ്തുവിനെ തേടിയെത്തിയവരിൽനിന്നു കേട്ടപ്പോൾ, അവർ അവരോടു ചേർന്നിരുന്നെങ്കിൽ, അത് എത്ര മഹനീയ സംഗതി ആകുമായിരുന്നു. തങ്ങളുടെ ദിവ്യഗ്രന്ഥങ്ങളിൽനിന്ന് അവർ ചൂണ്ടിക്കാണിച്ച ബേത്‌ലഹേമിലേക്ക് അവർ അവരെ വ്യക്തിപരമായി കൂട്ടിക്കൊണ്ടുപോയിരുന്നെങ്കിൽ! അവരും അവനെ കാണുകയും മനസ്സിലാക്കുകയും ആരാധിക്കുകയും ചെയ്തിരുന്നെങ്കിൽ! എന്നാൽ യഥാർത്ഥത്തിൽ, മറ്റുള്ളവർക്ക് ജീവന്റെ ഉറവ കാട്ടിക്കൊടുത്തിട്ട്, അവർ ദാഹാർത്തരായി നശിച്ചു. അവർ മൈൽക്കുറ്റിപോലെ സഹായിച്ചു, വഴിയാത്രക്കാർക്ക് ചില വിവരം നൽകി, എന്നാൽ വെട്ടിയ കുറ്റിപോലെ നിന്നു.

കാണണം എന്ന ലക്ഷ്യത്തോടെയാണ് വിദ്വാന്മാർ അന്വേഷിച്ചത്; ദുഷ്ട ലാക്കോടെയായിരുന്നു ഹേറോദേസിന്റെ അന്വേഷണം. അവന്റെ ജന്മനഗരത്തെപ്പറ്റി യഹൂദർ വായിച്ചു, എന്നാൽ അവൻ വരുന്ന സമയം അവർക്ക് അറിവില്ലായിരുന്നു. വിദ്വാന്മാരുടെ സ്നേഹത്തിന്റെ മാതൃകാപരമായ പ്രകടനത്തിനും ഹേറോദേസിന്റെ ഭയത്തിന്റെ ക്രൂരപ്രകടനത്തിനും ഇടയ്ക്ക് ബേത്‌ലഹേം ചൂണ്ടിക്കാട്ടിയ മനുഷ്യർ രംഗത്തുനിന്ന് അപ്രത്യക്ഷരാകുന്നു. അവിടെ ജനിച്ച ക്രിസ്തുവിനെ അപ്പോൾ അവർ തേടിയിറങ്ങിയില്ല; എന്നാൽ പിന്നീട് അവർ കണ്ടുമുട്ടി. അപ്പോൾ അവർ അവനെ തള്ളിപ്പറഞ്ഞു. അവർ അവനെ കൊന്നു; അവൻ ശിശുവായി സംസാരിക്കാതിരുന്നപ്പോഴല്ല, പിന്നെയോ, പ്രായപൂർത്തിയായി സംസാരിക്കുമ്പോൾ. ഹേറോദേസ് ഭയപ്പെട്ടപ്പോൾ കൊന്ന ശിശുക്കളുടെ അറിവില്ലായ്മ ഭാഗ്യമേറിയതത്രേ! തന്റെ ചിത്തഭ്രമത്തിൽ ഹേറോദേസ് ആലോചന ചോദിച്ച മനുഷ്യരുടെ അറിവിനേക്കാൾ അത് ഭാഗ്യമേറിയതത്രേ. ശിശുക്കൾക്ക് ക്രിസ്തുവിനുവേണ്ടി മരിക്കാൻ കഴിഞ്ഞു; അവനെ ഏറ്റുപറയുവാൻ അവർക്ക് അപ്പോഴും കഴിവില്ലായിരുന്നു. അവന്റെ ജന്മനഗരം അറിയാമായിരുന്നിട്ടും മറ്റവർ ഗുരുവിന്റെ സത്യത്തെ പിൻചെന്നില്ല.

www.malankaralibrary.com



## ജ്യോത്സ്യത്തിന്റെ തെറ്റ്

**3.** നിശ്ചയമായും, സംസാരരഹിത വചനമാം ദൈവം ജനിച്ച കൃത്യസ്ഥലത്തേക്ക് നക്ഷത്രം വിദ്വാന്മാരെ നയിച്ചു. ലജ്ജിച്ചു തല താഴ്ത്തേണ്ട ഒരു ദൈവദൂഷണപരമായ ഭോഷത്തം ഇവിടെയാണ്. അതായത് ഏതോ പണ്ഡിതമ്മന്യൻ ഇവിടെയും കുയുക്തികൾ കണ്ടുപിടിക്കുന്നു. 'ക്രിസ്തു ജനിച്ചപ്പോൾ വിദ്വാന്മാർ നക്ഷത്രം കണ്ടു' എന്ന് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു കൊണ്ട് നക്ഷത്രങ്ങളാണ് ക്രിസ്തുവിന്റെ ജനനം നിശ്ചയിച്ചിരിക്കുന്നതെന്ന് ഇയാൾ തട്ടിവിടുന്നു. മനുഷ്യർ ഇത്തരത്തിൽ ജനിച്ചാൽ പോലും, ഇതു ശരിയായിരിക്കയില്ല; കാരണം, ദൈവപുത്രൻ ജനിച്ചതുപോലെ തങ്ങളുടെ സ്വന്ത ഇഷ്ടത്താലല്ല മനുഷ്യർ ജനിക്കുന്നത്, പിന്നെയോ, തങ്ങളുടെ മർത്ത്യസ്വഭാവം അനുസരിച്ചാണ്.

യാതൊരുവനും ഈ രീതിയിൽ ജനിച്ചിട്ടില്ല എന്ന്, യഥാർത്ഥത്തിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം വിശ്വസിക്കുന്നു എന്ന സത്യവുമായി ചേർന്നുപോകാത്തതാണ് "നക്ഷത്രം നിശ്ചയിച്ച വിധിയാലാണ് ക്രിസ്തു ജനിച്ചത്" എന്ന പ്രസ്താവന. എന്നാൽ ഈ ശുഷ്കമാനസ്സർ മനുഷ്യരുടെ ജന്മനക്ഷത്രങ്ങളെപ്പറ്റി തങ്ങളുടെ ഭോഷത്തപരമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കട്ടെ. തങ്ങൾ സ്വേച്ഛയാ പാപം ചെയ്യുന്നു. തങ്ങളുടെ ഇച്ഛയെ അവർ നിഷേധിക്കട്ടെ, തങ്ങളുടെ പാപങ്ങളുടെ ന്യായീകരണത്തിന് ആവശ്യമായ ഒന്ന് അവർ കണ്ടുപിടിക്കട്ടെ. ഭൂമിയിൽ മനുഷ്യർ അവരെ നിന്ദിക്കത്തക്കവിധത്തിലുള്ള അവരുടെ നികൃഷ്ട ധാർമികതയ്ക്ക് അവർ ആകാശങ്ങളെ പഴിപറയാൻപോലും തുനിയട്ടെ; തങ്ങളുടെ ധാർമികത നക്ഷത്രങ്ങളിൽനിന്നു വരുന്നു എന്ന നുണപോലും തട്ടിവിടട്ടെ. തന്റെ ജീവിതമല്ല, തന്റെ ഭവനകാര്യങ്ങൾ നിയന്ത്രിക്കപ്പെടേണ്ടത് എങ്ങനെയാണെന്നും ഏതു ശക്തിയാലാണെന്നും ആണ് താൻ ചിന്തിക്കുന്നതെന്ന് അവർ ഓരോരുത്തരും കാണട്ടെ. വാസ്തവത്തിൽ, ഈ അഭിപ്രായം തട്ടിവിട്ടവന്റെ അടിമകൾ തന്റെ ഭവനത്തിൽ കുഴപ്പം കാണിച്ചാൽ ഇതനുസരിച്ച് അവരെ ശിക്ഷിക്കാൻ പാടില്ല. ആകാശത്തിൽ തിളങ്ങുന്ന തന്റെ ദേവന്മാരെ അവൻ ആദ്യം ദുഷിക്കേണ്ടിയിരിക്കുന്നു. ക്രിസ്തു ജനിച്ചപ്പോൾ വിദ്വാന്മാർ ഒരു നക്ഷത്രം കണ്ടു എന്നതുകൊണ്ടു മാത്രം, ക്രിസ്തു നക്ഷത്രങ്ങളുടെ നിശ്ചയത്താൽ ജനിച്ചവനാണ് എന്ന് തങ്ങളുടെ ഗ്രന്ഥങ്ങളിൽനിന്നും, വിരസമായ അനുമാനങ്ങളിൽനിന്നും അവർക്കു വിശ്വ

www.malankaralibrary.com



സിക്കാൻ സാധ്യമല്ല. അവരുടെ ഗ്രന്ഥങ്ങൾ പ്രവാചക ഗ്രന്ഥങ്ങളല്ല, പച്ചക്കള്ളങ്ങളാണ്. ക്രിസ്തു നക്ഷത്ര നിശ്ചയത്താലല്ല, പിന്നെയോ, അതിന്റെ നിയന്താവായിട്ടത്രേ ജനിച്ചത് എന്ന് ഇതിൽനിന്നു സ്പഷ്ടമാണല്ലോ. സാധാരണ നക്ഷത്രങ്ങളുടെ സഞ്ചാരപഥമല്ലായിരുന്നു അതിന്റേത്; പിന്നെയോ, ക്രിസ്തുവിനെ അന്വേഷിക്കുന്നവർക്ക് അവൻ ജനിച്ച സ്ഥലത്തേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കുകയായിരുന്നു ചെയ്തത്. അത്ഭുതകരമാംവിധം ജീവിക്കാൻ നക്ഷത്രം ക്രിസ്തുവിനെ ഇടയാക്കുകയല്ല ചെയ്തത്, പിന്നെയോ, അത്ഭുതകരമാംവിധം അതു പ്രത്യക്ഷപ്പെടാൻ ക്രിസ്തു ഇടയാക്കുകയായിരുന്നു. നക്ഷത്രമല്ല ക്രിസ്തുവിന്റെ അത്ഭുതങ്ങൾ നിശ്ചയിച്ചത്, മറിച്ച്, തന്റെ അത്ഭുതങ്ങളിൽ ഒന്നായി ക്രിസ്തു അതും ചെയ്തു എന്നുമാത്രം!

അവൻ പിതാവിൽനിന്നു ജനിച്ചപ്പോൾ ആകാശവും ഭൂമിയും സൃഷ്ടിച്ചു; അവൻ തന്റെ മാതാവിൽനിന്നു ജനിച്ചപ്പോൾ ആകാശത്തിൽ ഒരു പുതിയ നക്ഷത്രം ഉദിക്കാൻ ഇടയാക്കുകയും അത് ഭൂമിയിൽ കാണിക്കുകയും ചെയ്തു. അവന്റെ ജനനത്തിൽ നക്ഷത്രത്തിൽ ഒരു പുതിയ പ്രകാശം വെളിപ്പെട്ടു; അവന്റെ മരണത്തിൽ സൂര്യന്റെ പഴയ പ്രകാശം മറയ്ക്കപ്പെട്ടു. അവൻ ജനിച്ചപ്പോൾ മേലുള്ള സ്വർഗവാസികൾ പുതിയ മഹത്ത്വത്താൽ പ്രശോഭിതരായി; അവൻ മരിച്ചപ്പോൾ അഗാധതലവാസികൾ പുതിയൊരു ഭയത്താൽ വിറച്ചു. അവൻ ഉത്ഥാനം ചെയ്തപ്പോൾ, ശിഷ്യന്മാർ ആഴമായ സ്നേഹത്താൽ കത്തിജ്വലിച്ചു; അവൻ ആരോഹണം ചെയ്തപ്പോൾ, ആകാശങ്ങൾ ആഴമായ വിധേയത്വത്താൽ തുറക്കപ്പെട്ടു.

ജനിച്ച ക്രിസ്തുവിനെ യൂദയായിലെ ഇടയന്മാർ കണ്ട ദിവസം നാം ആഘോഷിച്ചതുപോലെ, വിജാതീയ വിദ്വാന്മാർ ക്രിസ്തുവിനെ തിരിച്ചറിഞ്ഞ് ആരാധിച്ച ഈ ദിവസവും നമുക്ക് ഭക്തിയോടും ആഘോഷത്തോടും കൊണ്ടാടാം. നമ്മുടെ ദൈവമായ കർത്താവു തന്നെ യൂദയായിലെ ശ്ലീഹന്മാരെ ഇടയന്മാരായി തെരഞ്ഞെടുത്തു; അവരിലൂടെ വിജാതീയരുടെ ഇടയിലും പാപികളെ രക്ഷിച്ച് ഒന്നിച്ചുചേർക്കേണ്ടതുണ്ടായിരുന്നു.

www.malankaralibrary.com



19

# ദനഹാ-2

## ക്രിസ്തുവിന്റെ പ്രത്യക്ഷീകരണപ്പെരുന്നാൾ

കന്യകയുടെ നവജാതശിശുവിനെ ആരാധിക്കാൻ വിദ്വാന്മാർ കിഴക്കുനിന്നു വന്നു. നാം ഇത് അർഹമായ ആഘോഷത്തോടും പ്രസംഗത്തോടുംകൂടി ഇന്ന് ആഘോഷിക്കുന്നു. ആ ആദ്യദിനം അവരുടെമേൽ ഉദിച്ചു; വാർഷികപ്പെരുന്നാളായി അതു നമ്മുടെ പക്കലേക്കു തിരിച്ചു വന്നിരിക്കുന്നു. അവർ വിജാതീയരുടെ ആദ്യഫലങ്ങളായിരുന്നു. നാമാണ് വിജാതീയരിൽനിന്നുള്ള ജനം. ആകാശത്തിന്റെ വായ് ഇത് അവരെ അറിയിച്ചതുപോലെ ശ്ലീഹന്മാരുടെ വായ് ഇതു നമ്മെ അറിയിച്ചു. ആകാശങ്ങളെപ്പോലെ, അതേ ശ്ലീഹന്മാർ ദൈവമഹത്ത്വം നമുക്ക് വിവരിച്ചുതന്നു. "നീതിമാന്റെ ആത്മാവ് വിജ്ഞാനത്തിന്റെ ഇരിപ്പിടമാണ്" എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ (വിജ്ഞാനം 9,4), അവർ ദൈവത്തിന്റെ ഇരിപ്പിടമായിത്തീർന്നു എന്നു കാണുമ്പോൾ, അവരെ നാം എന്തുകൊണ്ടാണ് ആകാശങ്ങളായി അംഗീകരിക്കാത്തത്?

ആകാശങ്ങളുടെ നിർമാതാവും അതിൽ വസിക്കുന്നവനുമായവൻ ഈ ആകാശങ്ങളിലൂടെ അട്ടഹസിച്ചു; ഈ ഇടിമുഴക്കത്താൽ ലോകം ഭയങ്കരമായി കിടിലംകൊണ്ടു. ഇതാ, ഇപ്പോൾ അത് വിശ്വസിക്കുന്നു. ഇവിടെ നാം വലിയൊരു രഹസ്യം കാണുന്നു. ആ സമയത്ത് അവൻ പുല്ക്കൂട്ടിൽ കിടക്കുകയായിരുന്നു, എങ്കിലും കിഴക്കുനിന്ന് വിദ്വാന്മാരെ നയിച്ചു. അവൻ നിഗൂഢനായി പുൽക്കൂട്ടിൽ കിടന്നു; എന്നാൽ അവൻ ആകാശങ്ങളിൽ അംഗീകരിക്കപ്പെട്ടു; അങ്ങനെ ആകാശങ്ങളിൽ അംഗീകരിക്കപ്പെട്ടവൻ പുല്ക്കൂട്ടിൽ വെളിപ്പെടുന്നതിനും ഈ ദിവസം *എപ്പിഫനിയാ* എന്ന് വിളിക്കപ്പെടുന്നതിനുമായിരുന്നു ഇത്; ലത്തീനിൽ അതിനെ "*മാനിഫെസ്താസ്യോ*" എന്നു വിളിക്കാം. ഈ ദിവസം അവന്റെ ഔന്നത്യവും അവന്റെ താഴ്മയും പ്രകീർത്തിക്കപ്പെടുന്നു. തുറന്ന ആകാശത്ത് പ്രത്യക്ഷപ്പെട്ട നക്ഷത്രത്തിലൂടെ കാണിക്കപ്പെട്ടവനെ അന്വേഷിച്ചവർ ചെറിയൊരു വിശ്രമസ്ഥലത്ത് അവനെ കണ്ടെത്തി. ബലഹീനമായ അവയവങ്ങളിൽ, പിള്ളക്കച്ചകളാൽ ചുറ്റപ്പെട്ട ശിശുവിനെ വിദ്വാന്മാർ ആരാധിച്ചു; ദുഷ്ടന്മാർ അവനെ ഭയപ്പെട്ടു.

www.malankaralibrary.com



## ഹേറോദേസിന്റെ വിഭ്രാന്തി

ആകാശത്തുനിന്നുള്ള തെളിവിൽനിന്ന്, ശിശു ജനിച്ചുകഴിഞ്ഞെന്ന് അറിഞ്ഞ വിദ്വാന്മാർ, ശിശുവിനെ തേടിവരികയും ഹേറോദേസിനെ വിവരം അറിയിക്കുകയും ചെയ്തപ്പോൾ അയാൾ അവനെ ഭയപ്പെട്ടു. അഹങ്കാരികളായ രാജാക്കന്മാരെ അവന്റെ ശൈശവത്തിലെ പിള്ളത്തൊട്ടിൽ ഭയപ്പെടുത്തിയെങ്കിൽ, അവന്റെ ന്യായവിധിയുടെ സിംഹാസനം എന്തായിരിക്കും? ഇന്നത്തെ രാജാക്കന്മാർ എത്ര ഭേദപ്പെട്ടവരാണ്! അവർ ഹേറോദേസിനെപ്പോലെ കൊലപാതകികളല്ല! മറിച്ച്, വിദ്വാന്മാരെപ്പോലെ, അവനെ എല്ലാറ്റിനും ഉപരിയായി ആരാധിക്കുന്നതിൽ ആനന്ദം കൊള്ളുന്നവരാണ്. തന്റെ ശത്രു ആഗ്രഹിച്ച അതേ മരണം അവൻ തന്റെ ശത്രുക്കൾക്കുവേണ്ടിക്കൂടി തന്റെ ശത്രുക്കളിൽനിന്നു വരിച്ചു. അവന്റെ സ്വന്തം ശരീരത്തിൽ അവൻ കൊല്ലപ്പെട്ടപ്പോൾ, അവൻ മരണത്തെത്തന്നെ കൊന്നു. അവൻ തന്റെ അമ്മയുടെ മാറിടത്തിൽനിന്ന് പാൽ നുകർന്നുകൊണ്ടിരുന്നപ്പോൾ പോലും ആ ദുഷ്ടരാജാവ് അവനെ ഭയപ്പെട്ടിരുന്നു; എന്നാൽ അവൻ ഇപ്പോഴും തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാണ്. നമ്മുടെ ഇന്നത്തെ രാജാക്കന്മാർ ഭയഭക്തിയോടെ അവന്റെ മുമ്പിൽ നില്ക്കട്ടെ. തിരുലിഖിതം പറയുന്നത് അവർ ശ്രവിക്കട്ടെ: "രാജാക്കന്മാരേ, ഗ്രഹിക്കുവിൻ, ധരയെ വിധിക്കുന്നവരേ, പ്രബോധനം സ്വീകരിക്കുവിൻ. ഭയത്തോടുകൂടെ കർത്താവിനു ശുശ്രൂഷ ചെയ്യുവിൻ; വിറയലോടുകൂടെ അവനിൽ സന്തുഷ്ടരായിരിക്കുവിൻ" (സങ്കീ 2, 10f).

ലൗകികരാജാക്കന്മാർ ജനിക്കുന്നതുപോലെയല്ല, ആ രാജാവ്, ദുഷ്ടരാജാക്കന്മാരെ ശിക്ഷിക്കുന്നവൻ, ഭക്തരാജാക്കന്മാരെ പരിപാലിക്കുന്നവൻ, ജനിച്ചത്. കാരണം, ഈ ലോകത്തിൽ രാജ്യം ഇല്ലാത്തവനായിട്ടാണ് അവൻ ജനിച്ചത്. ശിശുവിന്റെ കുലീനത തന്റെ അമ്മയുടെ കന്യാത്വത്തിൽ കാണപ്പെട്ടു; അമ്മയുടെ കുലീനത, ശിശുവിന്റെ ദൈവത്വത്തിൽ പ്രസ്പഷ്ടമായി. യഹൂദരുടെ നിരവധി രാജാക്കന്മാർ ജനിക്കുകയും മരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അവരിലാരെയും ആരാധിക്കാനായി ഒരു വിദ്വാനും ഒരിക്കലും തേടിയിറങ്ങിയിട്ടില്ല. കാരണം, അവരാരേപ്പറ്റിയും ഒരു സ്വർഗീയസ്വരവും അവരോട് പറഞ്ഞിരുന്നില്ല.

www.malankaralibrary.com



**യഹൂദരുടെ അന്ധത വിദ്വാന്മാരുടെ പ്രകാശത്തിൽ പ്രസ്പഷ്ടമായി. യഹൂദർ അവഗണിച്ച തിരുലിഖിതങ്ങൾ വിജാതീയർക്ക് വിശ്വാസം എത്തിച്ചു.**

**3.** വിദ്വാന്മാരുടെ പ്രകാശത്തിൽ യഹൂദരുടെ അന്ധതയുടെ വാചാലസാക്ഷ്യം അടങ്ങിയിരിക്കുന്നു. അത് സൂചിപ്പിക്കാതെ വിട്ടുകളയുന്നതു ശരിയല്ല. തങ്ങളുടെ സ്വന്തംനാട്ടിൽ അംഗീകരിച്ചിട്ടില്ലാത്തവനെ വിദ്വാന്മാർ യഹൂദരുടെ നാട്ടിൽ അന്വേഷിച്ചിറങ്ങി. യഹൂദരുടെ ഇടയിൽ അവർ ശിശുവിനെ കണ്ടെത്തി. അവൻ അവരുടെ ഇടയിൽ പഠിപ്പിക്കുമ്പോൾ, അവർ അവനെ ത്യജിക്കും എന്നതാണ് സത്യം! ഈ അപരിചിതർ വിദൂരസ്ഥലത്തു നിന്ന് യഹൂദരുടെ നാട്ടിൽ വന്ന് ശിശുവായ ക്രിസ്തുവിനെ, അവൻ ഒരു വാക്ക് എങ്കിലും ഉച്ചരിക്കാൻ കഴിയുന്നതിനു മുമ്പുതന്നെ ആരാധിച്ചു. അവൻ ഒരു യുവാവായി അതേ നാട്ടിൽ അവരുടെ ഇടയിൽ അത്ഭുതം പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ, സ്വന്തനാട്ടുകാർ അവനെ ക്രൂശിച്ചുകൊന്നു. വിദ്വാന്മാർ ഒരു ചെറിയ ശരീരത്തിൽ ദൈവത്തെ തിരിച്ചറിഞ്ഞു; യഹൂദരാകട്ടെ, അവൻ മഹാത്ഭുതങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ, ഒരു മനുഷ്യജീവി എന്ന നിലയിൽപോലും അവനെ വെറുതെ വിട്ടില്ല. അവന്റെ മരണത്തിൽ കരയുന്നതു കാണുന്നതിനേക്കാൾ, തന്റെ ജനനത്തിൽ ഒരു പുതിയ നക്ഷത്രം പ്രകാശിക്കുന്നതു കാണുന്നതാണ് മഹാ അത്ഭുതം എന്നു തോന്നും.

കൂടാതെ, ദിവ്യശിശു കന്യകാമാതാവിനോടൊപ്പം ആയിരുന്ന സ്ഥലത്തേക്ക് വിദ്വാന്മാരെ ആ നക്ഷത്രം നയിച്ചു. അവിടുന്ന് ജനിച്ചിടത്തേക്ക് തന്നെ നേരെ അവരെ നയിക്കാമായിരുന്നു. എന്നാൽ അത് അപ്രത്യക്ഷമായി എന്ന കാര്യം നാം ഓർക്കണം. ക്രിസ്തു ജനിക്കാനിരിക്കുന്ന പട്ടണത്തെപ്പറ്റി യഹൂദരോട് അവർ ആരായുന്നതുവരെ അതു അപ്രത്യക്ഷമായിരുന്നു. "യൂദയായിലെ ബേത്‌ലഹേമിൽ. എന്തുകൊണ്ടെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: യൂദയായിലെ ബേത്‌ലഹേമേ, നീ യൂദയായിലെ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല. എന്തുകൊണ്ടെന്നാൽ, എന്റെ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവൻ നിന്നിൽനിന്ന് പുറപ്പെട്ടുവരും" എന്ന് തിരുലിഖിതത്തെ ആധാരമാക്കി യഹൂദർ തന്നെ അവരോട് പറയേണ്ടിയിരുന്നു (മത്താ 2, 5f).

www.malankaralibrary.com



തിരുലിഖിതങ്ങൾ വിജാതീയരുടെ പ്രബോധനത്തിനും യഹൂദരുടെ അന്ധതയ്ക്കുമായി യഹൂദരുടെ പക്കലുണ്ടായിരിക്കും എന്നല്ലാതെ ദൈവപരിപാലന ഇവിടെ മറ്റെന്താണ് സൂചിപ്പിച്ചത്? തങ്ങളുടെ രക്ഷയെ സഹായിക്കാനല്ല, പിന്നെയോ, നമ്മുടെ രക്ഷയ്ക്കു സാക്ഷ്യം വഹിക്കാൻ ഈ ലിഖിതങ്ങൾ അവർ കൊണ്ടു നടക്കുന്നു. ഉദാഹരണത്തിന്, പൂർത്തീകരിക്കപ്പെട്ട സംഗതികളുടെ വെളിച്ചത്തിൽ വ്യക്തമായിത്തീർന്ന മുൻകാല പ്രവചനങ്ങൾ നാം ഇപ്പോൾ ഉദ്ധരിക്കുമ്പോൾ 'ഈ പ്രവചനങ്ങൾ നേരത്തെ നടന്നവയല്ല, വിശ്വാസം ജനിപ്പിക്കാനായി, പ്രവചിച്ചിരുന്നു എന്നു പറഞ്ഞുകൊണ്ട് സംഭവത്തിനുശേഷം നാം ഉണ്ടാക്കിയവയാണ്' എന്ന്, വിശ്വാസത്തിലേക്ക് ആനീതരാക്കാൻ നാം ആഗ്രഹിക്കുന്ന വിജാതീയർ പറയാൻ ഇടയുണ്ട്. അവരുടെ സംശയം തീർക്കാൻ നാം അപ്പോൾ യഹൂദരുടെ വാല്യങ്ങൾ ഉദ്ധരിക്കുന്നു. വിദ്വാന്മാർ വിജാതീയരുടെ മുൻസൂചനയായിരുന്നു. യഹൂദർ തിരുലിഖിതങ്ങൾ ഉദ്ധരിച്ചുകൊണ്ട്, ക്രിസ്തു ജനിക്കുന്ന നഗരത്തെപ്പറ്റിയുള്ള വിവരം അവർക്കു നല്കി. എന്നാൽ അവർ സ്വന്തമായി യാതൊരന്വേഷണവും നടത്തിയില്ല; അവനെ അംഗീകരിച്ചുമില്ല.

## യഹൂദരും വിജാതീയരും സ്നേഹത്തിൽ ക്രിസ്തുവുമായി ബന്ധിതരാണ്

4. എന്റെ വത്സലരേ, കൃപയുടെ മക്കളും അവകാശികളുമേ, നിങ്ങളുടെ വിളിയെപ്പറ്റി ശ്രദ്ധിക്കുകയും അഗാധസ്നേഹത്തോടുകൂടെ യഹൂദർക്കും വിജാതീയർക്കും വെളിപ്പെട്ട മൂലക്കല്ലായ ക്രിസ്തുവുമായി പറ്റിച്ചേരുകയും ചെയ്യുവിൻ.

തന്റെ ശൈശവാരംഭത്തിൽതന്നെ ദൂരസ്ഥർക്കും സമീപസ്ഥർക്കും അവൻ വെളിപ്പെട്ടു: സമീപസ്ഥരായ ഇടയന്മാരിലൂടെ യഹൂദർക്കും ദൂരെനിന്നു വന്ന വിദ്വാന്മാരിലൂടെ വിജാതീയർക്കും. ഇടയന്മാർ ആദ്യദിവസം തന്നെയും വിദ്വാന്മാർ ഈ ദിവസവും വന്നെന്ന് കരുതപ്പെടുന്നു. അവൻ ആദ്യമായി വെളിപ്പെട്ടത് വിജ്ഞാനികൾക്കല്ല, രണ്ടാമത് വെളിപ്പെട്ടത് നീതിമാന്മാർക്കുമല്ല. കാരണം, വയലിലെ ഇടയന്മാർ അക്ഷരാഭ്യാസം ഇല്ലാത്തവരാണ്, വിദ്വാന്മാരുടെ അഭക്തകർമങ്ങൾ മതാത്മകമല്ല!

ആ മൂലക്കല്ല് രണ്ടിനെയും തന്നിൽ ചേർത്തുവച്ചു. വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ, ഈ ലോകത്തിലെ ഭോഷന്മാരെ തെരഞ്ഞെടു

www.malankaralibrary.com



ക്കാനും നീതിമാന്മാരെയല്ല പാപികളെ വിളിക്കാനും അവൻ കടന്നുവന്നു. ആരും തന്റെ സ്വന്തം മഹത്ത്വത്തിൽ അഹങ്കരിക്കാതിരിക്കാനും, തന്റെ വിനീതാവസ്ഥയിൽ നിരാശപ്പെടാതിരിക്കാനുമായിരുന്നു അത്. ഇക്കാരണത്താൽ, തങ്ങളുടെ ഉന്നത നീതിയിലും അറിവിലും അഹങ്കരിച്ചിരുന്ന നിയമജ്ഞരും ഫരിസേയരും അവനെ നിരസിച്ചുകളഞ്ഞു. എന്നാൽ പ്രവാചകരിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് അവന്റെ ജനനസ്ഥലം അവർ ചൂണ്ടിക്കാണിക്കയുണ്ടായി. അവൻ മൂലക്കല്ലായിത്തീർന്നു. തന്റെ ജനനത്തിൽ അവൻ കാണിച്ചത് തന്റെ പീഡാനുഭവത്തിൽ പൂർത്തീകരിച്ചു. അതുകൊണ്ട്, "കൃപയുടെ തെരഞ്ഞെടുപ്പ് അനുസരിച്ച് രക്ഷിക്കപ്പെട്ട" ഇസ്രായേലിലെ ശേഷിപ്പ് ഉൾക്കൊള്ളുന്ന മറ്റേ ഭിത്തിയോടുകൂടി, നമുക്ക് അവനോടു പറ്റിച്ചേരാം.

അടുത്തുനിന്ന് തന്നോടു ചേരാനുള്ളവരെ ഇടയന്മാർ സൂചിപ്പിച്ചു; വിദൂരസ്ഥരായിരുന്ന നമ്മുടെ ദൂരെനിന്നുള്ള വിളിയെ വിദ്വാന്മാരുടെ വരവ് സൂചിപ്പിച്ചു. നാം ഇപ്പോൾ അപരിചിതരും പാട്ടക്കാരുമായിരിക്കാതെ, വിശുദ്ധരുടെ സഹപൗരന്മാരും അവരോടുകൂടെ നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും അടിസ്ഥാനത്തിൽ പണിയപ്പെട്ട ദൈവഭവനത്തിലെ അംഗങ്ങളും ആയിരിക്കാനാണിത് (എഫേ 2,11-22). അതിലെ മൂലക്കല്ല് ക്രിസ്തുയേശു തന്നെയാണ്. അവൻ ഇരുകൂട്ടരെയും ഒന്നാക്കിത്തീർത്തു. നാം ഐക്യത്തെ സ്നേഹിക്കുന്നതിനും കാട്ടൊലിവിൽ നിന്നുപോലും ഒട്ടിക്കപ്പെടുകയും അഹങ്കാരംമൂലം വെട്ടിമാറ്റപ്പെട്ട് പാഷണ്ഡികൾ ആയിത്തീരുകയും ചെയ്ത കൊമ്പുകളെ ഒന്നിച്ചു ചേർക്കുന്നതിന് തീവ്രസ്നേഹത്താൽ നമ്മെ പ്രേരിപ്പിക്കുന്നതിനും അവൻ നമ്മെ ഒന്നിച്ചുചേർത്തു; കാരണം, അവരെ വീണ്ടും ഒട്ടിക്കാൻ ദൈവം കഴിവുള്ളവനാണല്ലോ (റോമാ 11,17-24).

www.malankaralibrary.com



20

# ദനഹാ-3

## ക്രിസ്തു വിജാതീയർക്ക് വെളിപ്പെടുന്നു. നക്ഷത്രം സ്വർഗീയനാവ്

കുറച്ചുദിവസങ്ങൾക്കു മുമ്പുമാത്രമാണു നാം കർത്താവിന്റെ ജന്മദിനം ആഘോഷിച്ചത്. ഇന്ന്, ഉചിതമായിരിക്കുന്നതുപോലെ, തുല്യ ആഘോഷത്തോടെ, വിജാതീയർക്കു വെളിപ്പെടാൻ തുടങ്ങിയ തന്റെ പ്രത്യക്ഷീകരണം (ദനഹാ) നമ്മൾ കൊണ്ടാടുന്നു. അവിടുന്നു ജനിച്ചപ്പോൾ യഹൂദരായ ഇടയന്മാർ അവനെ കണ്ടു; ഇന്ന് കിഴക്കുനിന്നു വന്ന വിദ്വാന്മാർ അവനെ ആരാധിച്ചു.

പരിച്ഛേദനം, അപരിച്ഛേദനം എന്നീ വ്യത്യസ്തദിശകളിൽ നിന്നുവരുന്ന രണ്ടു മതിലുകളുടെയും സമാധാനമായ ആ മൂലക്കല്ല് ജാതനായി. ഇപ്രകാരം അവ അവനിൽ ഒന്നിച്ചു ചേർക്കപ്പെടാൻ കഴിഞ്ഞു. അവൻ നമ്മുടെ സമാധാനമായിത്തീരുകയും രണ്ടിനെയും ഒന്നാക്കിത്തീർക്കുകയും ചെയ്തു. യഹൂദഇടയന്മാരും വിജാതീയ വിദ്വാന്മാരും ഇതിനെ സൂചിപ്പിച്ചു. ലോകം മുഴുവൻ വളരാനും ഫലം പുറപ്പെടുവിക്കാനുമുള്ളത് ഇതിൽനിന്ന് ആരംഭിച്ചു. അതുകൊണ്ട്, ആത്മീയസന്തോഷത്തോടെ ഈ രണ്ടു പെരുന്നാളുകളും, നമ്മുടെ കർത്താവിന്റെ ജനനവും പ്രത്യക്ഷീകരണവും, ആഘോഷിക്കാം. യഹൂദരായ ഇടയന്മാരെ ഈ വാർത്ത അറിയിച്ച് ആനയിച്ചത് മാലാഖയാണ്; വിജാതീയരായ വിദ്വാന്മാരെ വഴികാട്ടിയത് നക്ഷത്രവും.

ഈ നക്ഷത്രം ജ്യോത്സ്യന്മാരുടെ പൊട്ടക്കണക്കുകൂട്ടലുകളും പകിടിനിരത്തലും തെറ്റിച്ചു. നക്ഷത്രങ്ങളെ ആരാധിച്ചുകൊണ്ടിരുന്ന അവരെ അതു ഭൂവാനങ്ങളുടെ സ്രഷ്ടാവിനെ കാണിച്ചുകൊടുത്തു. അവനെ ആണ് അവർ ആരാധിക്കേണ്ടിയിരുന്നത്. അവൻ ജനിച്ചപ്പോൾ പുതിയ നക്ഷത്രത്തെ കാണിച്ചു; അവൻ കൊല്ലപ്പെട്ടപ്പോൾ പഴയ സൂര്യനെ അന്ധകാരമയമാക്കി. നക്ഷത്രത്തിന്റെ പ്രകാശത്തിൽ വിജാതീയരുടെ വിശ്വാസത്തിന്റെ ആരംഭം കുറിച്ചു; സൂര്യന്റെ അന്ധകാരം യഹൂദരുടെ വഞ്ചനയെ കുറ്റപ്പെടുത്തിക്കൊണ്ടു നിന്നു.

www.malankaralibrary.com



നക്ഷത്രങ്ങളുടെ ഇടയിൽ മുമ്പൊരിക്കലും കാണപ്പെടാതെയും പിന്നൊരിക്കലും പ്രത്യക്ഷപ്പെടാതെയും ഇരുന്ന ആ നക്ഷത്രം എന്താണ്? ദൈവമഹത്ത്വം പ്രഘോഷിക്കാനും കന്യകയുടെ ഉദരത്തിന്റെ അത്ഭുതഫലത്തെ തന്റെ അത്ഭുതകരമായ ശോഭയാൽ പ്രഖ്യാപിക്കാനും അത് വാചാലമായ സ്വർഗീയ നാവല്ലാതെ മറ്റെന്താണ്? അത് അപ്രത്യക്ഷമായി കഴിഞ്ഞപ്പോൾ ലോകം മുഴുവൻ പ്രഘോഷിക്കപ്പെട്ട സുവിശേഷം അതിന്റെ ദൗത്യം ഏറ്റെടുത്തു. വിദ്വാന്മാർ വന്നപ്പോൾ അവർ എന്തു പറഞ്ഞു? "യഹൂദരുടെ രാജാവായി ജനിച്ചവൻ എവിടെയാണ്?" എന്താണ് ഇതിന്റെ അർത്ഥം? യഹൂദരുടെ നിരവധി രാജാക്കന്മാർ മുമ്പ് ജനിച്ചിട്ടില്ലേ? ഒരു വിദേശരാജ്യത്തെ രാജാവിനെ അറിയാനും ആരാധിക്കാനും അവർക്കിത്ര നിർബന്ധം ഉണ്ടായത് എന്തുകൊണ്ടാണ്? "എന്തുകൊണ്ടെന്നാൽ, ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ടു; അവനെ ആരാധിക്കാൻ ഞങ്ങൾ വന്നിരിക്കുന്നു". യുഗങ്ങളുടെ രാജാവുകൂടിയായ അവനെ യഹൂദരാജാവായി അംഗീകരിച്ചില്ലായെങ്കിൽ, ഇത്ര താല്പര്യത്തോടുകൂടി അവർ അന്വേഷണം നടത്തുമായിരുന്നോ?

## കിഴക്കുനിന്നും പടിഞ്ഞാറുനിന്നും സഭയിലേക്ക് ആനീതരാകേണ്ട വിജാതീയരുടെ പ്രതീകങ്ങളാണ് വിദ്വാന്മാരും പീലാത്തോസും

**2.** ക്രൂശാരോഹണാവസരം, "യഹൂദരുടെ രാജാവ്" എന്ന് ഫലകമെഴുതിയ പീലാത്തോസുപോലും സത്യത്തിന്റെ കണികയാൽ പ്രചോദിതനായിരുന്നു. ഈ സ്ഥാനം മാറ്റിക്കുറിപ്പിക്കാൻ കള്ളന്മാരായ യഹൂദർ പരിശ്രമിച്ചു. എന്നാൽ "ഞാൻ എഴുതിയത് എഴുതി" എന്ന് പീലാത്തോസ് അവരോടു പറഞ്ഞു. കാരണം, "എഴുതിയിരിക്കുന്ന മേലെഴുത്ത് തിരുത്തരുത്" എന്ന് സങ്കീർത്തനത്തിൽ നേരത്തെ പറഞ്ഞിട്ടുണ്ട്.

ഈ മഹനീയവും അത്ഭുതാവഹവുമായ രഹസ്യത്തിലേക്ക് നമുക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. വിദ്വാന്മാർ വിജാതീയരിൽ നിന്നുള്ളവർ ആയിരുന്നു, പീലാത്തോസും വിജാതീയരിൽ നിന്നു വന്നു. അവർ ആകാശത്തിൽ നക്ഷത്രം കണ്ടു, അവൻ പലകയിൽ മേലെഴുത്ത് എഴുതി. രണ്ടിടത്തും, ഒരു വിജാതീയ രാജാവിനെയല്ല, യഹൂദരാജാവിനെയാണ് അന്വേഷിച്ചിറങ്ങിയതും അംഗീകരിച്ചതും.

www.malankaralibrary.com



എന്നാൽ യഹൂദരെ സംബന്ധിച്ച്, അവർ നക്ഷത്രത്തെ അനുധാവനം ചെയ്തില്ല, മേലെഴുത്തുമായി യോജിച്ചുമില്ല. കർത്താവ് പിന്നീട് പറയാനിരുന്നത് അപ്പോഴേ അവിടെ സൂചിതമായി: "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ പന്തിയിലിരിക്കും; രാജ്യത്തിന്റെ പുത്രന്മാരോ പുറത്തുള്ള അന്ധകാരത്തിലേക്ക് എറിയപ്പെടും" (മത്താ 8,11f).

കാരണം, വിദ്വാന്മാർ കിഴക്കുനിന്നും പീലാത്തോസ് പടിഞ്ഞാറുനിന്നും വന്നു. യഹൂദരുടെ രാജാവിന് അവരിരുവരും സാക്ഷ്യം വഹിച്ചത് ഇവിടെയാണ്: അതായത് കിഴക്കു നിന്നുള്ളവർ അവന്റെ ജനനത്തിലും പടിഞ്ഞാറുനിന്നുള്ളവൻ അവന്റെ മരണത്തിലും. ഇങ്ങനെ അവർക്ക് അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ ഇരിക്കാൻ കഴിഞ്ഞു; അവരിൽ നിന്നാണ് യഹൂദർ തങ്ങളുടെ ഉത്ഭവം കുറിക്കുന്നത്. എന്നാൽ മറ്റവർ ജഡപ്രകാരം ഇവരിൽ നിന്ന് ഉത്ഭവിച്ചവരല്ല, പിന്നെയോ, വിശ്വാസത്താൽ അവരുമായി ഒട്ടിക്കപ്പെട്ടവരത്രേ. സത്യഒലിവുമായി ഒട്ടിക്കപ്പെടണം എന്ന് ശ്ലീഹാ പറയുന്ന കാട്ടൊലിവിനെ അവർ അപ്പോഴെ സൂചിപ്പിക്കുകയായിരുന്നു. ഇക്കാരണത്താലാണ് വിജാതീയ രാജാവിനെയല്ല, യഹൂദരാജാവിനെ വിജാതീയർ അന്വേഷിച്ചിറങ്ങിയതും അംഗീകരിച്ചതും. കാട്ടൊലിവ് സത്യഒലിവിന്റെ പക്കലേക്കു വരികയായിരുന്നു; സത്യഒവില് കാട്ടൊലിവിന്റെ പക്കലേക്കല്ലായിരുന്നു (റോമാ 11,24).

ഒടിഞ്ഞുപോകാനിരുന്ന കൊമ്പുകൾ, അതായത് അവിശ്വാസികളായ യഹൂദർ, "ക്രിസ്തു എവിടെയാണ് ജനിക്കുന്നത്?" എന്ന വിദ്വാന്മാരുടെ ചോദ്യത്തിനുത്തരമായി, "യൂദയായിലെ ബേത്‌ലഹേമിൽ" എന്ന് പ്രത്യുത്തരിച്ചു. തങ്ങളുടെ രാജാവിനെ ക്രൂശിക്കാൻ ആഗ്രഹിച്ച യഹൂദരെ പീലാത്തോസ് കുറ്റപ്പെടുത്തിയപ്പോൾ, അവർ കഠിനഹൃദയരായിരിക്കുകയും ഭ്രാന്തുപിടിച്ച് ഉന്മത്തരായിത്തീരുകയും ചെയ്തു. യഹൂദർ ക്രിസ്തുവിന്റെ ജന്മസ്ഥലം ചൂണ്ടിക്കാണിച്ചുകൊടുത്തപ്പോൾ, വിദ്വാന്മാർ ആരാധിച്ചു. പാഠം? നാം ക്രിസ്തുവുമായി പരിചയപ്പെട്ടു എന്ന് യഹൂദർ അംഗീകരിച്ച ലിഖിതങ്ങളിൽ കാണാം. യഹൂദർ ക്രിസ്തുവിനെ കൊല്ലണം എന്നാർത്തുവിളിച്ചാവശ്യപ്പെട്ടപ്പോൾ വിജാതീയനായ പീലാത്തോസ് തന്റെ കൈകൾ കഴുകി; യഹൂദർ ചിന്തിയ രക്തത്തിലാണ് നാം നമ്മുടെ പാപങ്ങൾ കഴുകിക്കളയുന്നത്. എന്നാൽ 'യഹുദരുടെ

www.malankaralibrary.com



രാജാവ്' എന്ന മേലെഴുത്തിൽ ക്രിസ്തുവിനെപ്പറ്റി പീലാത്തോസ് നൽകിയ സാക്ഷ്യത്തെപ്പറ്റിയുള്ള ചർച്ച പീഡാനുഭവകാലത്തേക്ക് നമുക്കു മാറ്റിവയ്ക്കാം.

### വിജാതീയരുടെ രക്ഷയ്ക്കുവേണ്ടി തിരുലിഖിതങ്ങളുടെ സംരക്ഷകരാണ് യഹൂദർ

**3.** ജനിച്ച ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തെപ്പറ്റി ബാക്കി പറയാനുള്ളത് നമുക്ക് ഇപ്പോൾ ചുരുക്കി പറയാം. ഈ പ്രത്യക്ഷീകരണം ഗ്രീക്കിൽ *"എപ്പിഫനിയാ"* എന്നു വിളിക്കപ്പെടുന്നു. വിദ്വാന്മാരുടെ ആരാധനയിൽ തന്നെത്തന്നെ വിജാതീയർക്ക് വെളിപ്പെടുത്തി തുടങ്ങിയ ദിവസമാണിന്ന്. ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്ന് ചോദിച്ച വിദ്വാന്മാർക്ക് യഹൂദർ നൽകിയ പ്രത്യുത്തരത്തെക്കുറിച്ച് വീണ്ടും വീണ്ടും വിചിന്തനം നടത്തുന്നത് രസകരമാണ് : "യൂദയായിലെ ബേത്‌ലഹേമിൽ". എന്നാൽ അവർ അവന്റെ പക്കലേക്കു പോയില്ല! അവർ അകന്നുനിന്നപ്പോൾ, തങ്ങൾ നേരത്തെ കണ്ട നക്ഷത്രം ശിശുകിടന്ന സ്ഥലത്തേക്ക് വിദ്വാന്മാരെ ആനയിച്ചു. അവരെ നേരെ പട്ടണത്തിലേക്ക് അത് നയിക്കുമായിരുന്നു എന്ന് സ്പഷ്ടമാണ്. എന്നാൽ യഹൂദരോട് ചോദിച്ചറിയാനായി അത് അല്പസമയത്തേക്ക് അപ്രത്യക്ഷമായി. യഹൂദരോട് അന്വേഷണം നടത്തിയതിന്റെ കാരണം ഇതാണ്: തങ്ങളുടെ പ്രബോധനത്തിനും രക്ഷയ്ക്കുമല്ല, വിജാതീയർക്കുവേണ്ടി ദൈവത്തിന്റെ സാക്ഷ്യം വഹിച്ചിരുന്നവർ അവരാണ് എന്ന് കാണിക്കാനായിരുന്നു ഇത്. വാസ്തവത്തിൽ ഇവരെ ഇവരുടെ നാട്ടിൽനിന്ന് ആട്ടിയോടിച്ച് ഭൂമി മുഴുവൻ ചിതറിച്ചതിന്റെ കാരണം നാം ഇവിടെ കാണുന്നു. അവർ എല്ലായിടത്തും വിശ്വാസത്തിനു സാക്ഷ്യം നൽകേണ്ടിയിരുന്നു; അവർ അതിന്റെ ശത്രുക്കളായിരുന്നല്ലോ. അവർക്ക് അവരുടെ ആലയവും ബലിയും പൗരോഹിത്യവും രാജ്യംതന്നെയും നഷ്ടമായി. എങ്കിലും, വിജാതീയരുമായി ഇടപഴകി, വ്യക്തിത്വം നഷ്ടപ്പെട്ട്, പൂർണമായി അപ്രത്യക്ഷമാകാതിരിക്കാനും സത്യത്തിന്റെ സാക്ഷ്യം നഷ്ടപ്പെടാതിരിക്കാനുമായി ചില പുരാതന അനുഷ്ഠാനങ്ങളിൽ അവർ തങ്ങളുടെ പേരും പൗരത്വവും കാത്തുസൂക്ഷിക്കുന്നു. ഒരു പ്രത്യേകാടയാളം സ്വീകരിക്കുന്നതിൽ അവർ കായേനെപ്പോലെയാണ്: അഹങ്കാരിയും അസൂയാലുവും ആയിരുന്നതിനാൽ അവൻ തന്റെ നീതിമാനായ സഹോദരനെ കൊന്നു; എന്നാൽ കായേനെ കൊല്ലാൻ ആരും ഇല്ലായിരുന്നു.

www.malankaralibrary.com



"എന്റെ ശത്രുക്കളിൽ എന്റെ ദൈവം എന്നെ കാണിച്ചു. അവരെ കൊന്നുകളയരുതേ. അല്ലെങ്കിൽ അവർ എപ്പോഴെങ്കിലും നിന്റെ നിയമം വിസ്മരിക്കും" എന്ന് തന്റെ മൗതികശരീരത്തിൽ ക്രിസ്തു പറയുന്നതായി അമ്പത്തി ഒമ്പതാം സങ്കീർത്തനത്തിൽ (10-11) രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അർത്ഥം ഇതാണ് എന്നു പറയുന്നതിൽ അപാകത ഉണ്ടെന്നു തോന്നുന്നില്ല. ക്രിസ്തു എപ്രകാരമാണ് പ്രവചിക്കപ്പെട്ടിരുന്നത് എന്നു വിജാതീയരെ കാണിക്കുന്നത് ക്രിസ്തീയവിശ്വാസത്തിന്റെ ഈ ശത്രുക്കളിലാണ്. അല്ലെങ്കിൽ, പ്രവചനങ്ങൾ സുവ്യക്തമായി പൂർത്തീകരിക്കപ്പെട്ടതായി കാണുമ്പോൾ, ക്രിസ്തുവിനെപ്പറ്റിയുള്ള പ്രവചനങ്ങൾ അവരെ വായിച്ചു കേൾപ്പിക്കുകയും അവ യാഥാർത്ഥ്യമായെന്നു കാണുകയും ചെയ്യുമ്പോൾ, അവ ഉൾക്കൊള്ളുന്ന തിരുലിഖിത ഭാഗങ്ങൾ ക്രിസ്ത്യാനികൾ ഉണ്ടാക്കിയ കുത്തിത്തിരുകലുകളാണ് എന്ന് അവർ ചിന്തിച്ചേക്കാൻ ഇടയുണ്ട്. അപ്പോൾ യഹൂദർ തങ്ങളുടെ ചുരുളുകളുമായി രംഗപ്രവേശം ചെയ്യുന്നു; ഇങ്ങനെ നമ്മുടെ ശത്രുക്കളിൽ ദൈവം തന്നെത്തന്നെ നമുക്കു വെളിപ്പെടുത്തുന്നു. അവരെ അവൻ കൊല്ലാത്തത്, അതായത്, ഭൂമുഖത്തുനിന്ന് പൂർണമായി നശിപ്പിക്കാത്തത്, അവർ തങ്ങളുടെ നിയമം വിസ്മൃതിയിൽ ആണ്ടുപോകാതെ സംരക്ഷിക്കുന്നതിനുവേണ്ടിയത്രേ. അതിലെ ചില നിയമങ്ങൾ വായിച്ചും ബാഹ്യമായിട്ടാണെങ്കിലും അനുഷ്ഠിച്ചും തങ്ങളുടെമേൽ ശിക്ഷാവിധി വലിച്ചു വയ്ക്കാനും നമുക്കു സാക്ഷ്യം നൽകാനുമായി അവർ അതിന്റെ ഓർമ്മ നിലനിർത്തി.

# 21

# ദനഹാ-4

## ദനഹാ - ക്രിസ്തുവിന്റെ പ്രത്യക്ഷീകരണം

ഇന്നത്തെ പെരുന്നാൾ ലോകംമുഴുവൻ അറിയപ്പെടുന്നതാണ്. ഇതെന്തു സന്തോഷം നമുക്ക് കൊണ്ടുവരുന്നു? ഈ പെരുന്നാളിന്റെ വാർഷിക തിരിച്ചുവരവിൽ ഇത് നമുക്കെന്ത് പാഠം നൽകുന്നു? ഓരോ വർഷവും ഈ ദിവസം നാം പ്രസംഗിക്കാറുണ്ടല്ലോ. ഇത്

www.malankaralibrary.com



പ്രസംഗവിഷയമാക്കാൻ ഈ കാലം നമ്മോടു നിർദ്ദേശിക്കുന്നു. *'എപ്പിഫനിയാ'* എന്ന ഗ്രീക്ക് വാക്ക് *മാനിഫെസ്താസ്യോ* എന്ന് ലത്തീനിൽ ഭാഷാന്തരം ചെയ്യാം. ഈ ദിവസമാണ് വിദ്വാന്മാർ കർത്താവിനെ ആരാധിച്ചതെന്നു പറയപ്പെടുന്നു. തങ്ങൾക്കു കാണപ്പെട്ട ഒരു നക്ഷത്രമാണ് അവരെ അതിനു പ്രേരിപ്പിച്ചത്; അത് അവർക്കുമുമ്പേ പോയി അവരെ നയിച്ചുകൊണ്ടിരുന്നു. അവൻ ജനിച്ച ദിവസം അവർ അവന്റെ നക്ഷത്രം കിഴക്കു കണ്ടു; ആരുടെ ജന്മമാണ് നക്ഷത്രം സൂചിപ്പിക്കുന്നതെന്ന് അവർ അറിഞ്ഞിരുന്നു. ആ ദിവസം മുതൽ ഇന്നുവരെ അവനെ കണ്ടെത്താൻ അവർ തിടുക്കംകൂട്ടി. അവർ ഈ വാർത്തയാൽ ഹേറോദേസ് രാജാവിനെ ഭയപ്പെടുത്തി. അവരുടെ ചോദ്യത്തിനുത്തരമായി തിരുലിഖിതത്തിലുള്ള പ്രവചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് യഹൂദർ മറുപടി നൽകിയപ്പോൾ, കർത്താവു ജനിച്ച ബേത്‌ലഹേം നഗരം അവർ കണ്ടു. പിന്നീട്, ആ നക്ഷത്രം തന്നെ അവരെ നയിക്കുകയും കർത്താവ് കിടന്ന സ്ഥലത്ത് അവർ എത്തിച്ചേരുകയും ചെയ്തു. അവനെ തിരിച്ചറിഞ്ഞപ്പോൾ അവർ അവനെ ആരാധിച്ചു. അവർ അവന് സ്വർണവും മീറയും കുന്തിരിക്കവും കാഴ്ചവച്ചു. അവർ മറ്റൊരു വഴിയിൽകൂടി മടങ്ങിപ്പോയി (മത്താ 2,1-2).

ഒരു മാലാഖ ഇടയന്മാരെ അറിയിച്ചതിലൂടെ കർത്താവ് തന്റെ ജന്മദിനത്തിലും അറിയിക്കപ്പെട്ടു. ആ ദിവസം കിഴക്ക് വളരെ അകലെ കഴിഞ്ഞ മനുഷ്യർക്കും നക്ഷത്രം അവനെക്കുറിച്ചുള്ള വിവരം നൽകി. ഈ ദിവസമാണ് അവർ അവനെ ആരാധിച്ചത്. അതുകൊണ്ട്, വിജാതീയരുടെ സാർവത്രിക സഭ ഏറ്റവും ഭക്തിപൂർവം ആഘോഷിക്കുന്ന ദിവസമായി ഈ ദിവസത്തെ സ്വീകരിച്ചു. ഈ വിദ്വാന്മാർപോലും, വിജാതീയരുടെ ആദ്യ ഫലമല്ലാതെ മറ്റെന്തായിരുന്നു?

ഇടയന്മാർ ഇസ്രായേൽക്കാരും വിദ്വാന്മാർ വിജാതീയരുമായിരുന്നു. ഇടയന്മാർ അടുത്താണ് പാർത്തിരുന്നത്; മറ്റവർ ദൂരെയും. എങ്കിലും ഇരുവരും മൂലക്കല്ലിൽ ഒത്തുചേർന്നു. ശ്ലീഹാ പറയുന്നതുപോലെ, "അവൻ വന്ന് വിദൂരസ്ഥരായിരുന്ന ഞങ്ങളോടും സമീപസ്ഥരായിരുന്ന ഇവരോടും സമാധാനം പ്രസംഗിച്ചു. കാരണം, അവൻ നമ്മുടെ സമാധാനമാണ്. അവൻ ഇരുകൂട്ടരെയും ഒന്നാക്കിതീർത്തു. സമാധാനം സംസ്ഥാപിച്ചുകൊണ്ട് ഇരുകൂട്ടരെയും തന്നിൽ ഒരു പുതിയ മനുഷ്യനെ സൃഷ്ടിച്ചു. തന്നിൽ ശത്രുതകളെ നിഗ്രഹിച്ചുകൊണ്ട്, രണ്ടുകൂട്ടരെയും ദൈവത്തിലേക്ക് ഏകശരീരമായി മാറ്റുകയും ചെയ്തു" (എഫേ 2, 14-17).

www.malankaralibrary.com



## വിദ്വാന്മാരിൽ വിജാതീയരുടെ ആദ്യഫലങ്ങൾ കൊയ്തെടുക്കപ്പെട്ടു

2. നമ്മോടൊത്ത് ഈ ദിവസം ആഘോഷിക്കുന്നതിൽ പാഷണ്ഡികളായ *ഡൊണാറ്റിസ്റ്റുകാർ* ഒരിക്കലും തല്പരരല്ല എന്നത് സമുചിതമായി: അവർ ഐക്യത്തെ സ്നേഹിക്കുന്നില്ല; പൗരസ്ത്യ സഭകളുമായി അവർ കൂട്ടായ്മയിലുമല്ല; കിഴക്കാണല്ലോ ആ നക്ഷത്രം കാണപ്പെട്ടത്. വിജാതീയരുടെ ഐക്യത്തിൽ, വിജാതീയരുടെ ആദ്യഫലങ്ങൾ നമ്മുടെ കർത്താവും രക്ഷകനുമായ യേശു ക്രിസ്തു കൊയ്തെടുത്ത ഈ പ്രത്യക്ഷീകരണദിനം നമുക്ക് ആഘോഷിക്കാം.

അവന്റെ മാതാപിതാക്കളെ എന്തു വിളിക്കണം എന്ന് അറിയുന്നതിനു മുമ്പ്, അവനെപ്പറ്റി പ്രവചിച്ചിരുന്നതുപോലെ, ശിശുവായിരുന്നപ്പോൾതന്നെ അവൻ ഡമാസ്കസിന്റെ ശക്തിയും സമറിയായുടെ കൊള്ളമുതലും സ്വീകരിച്ചു: അതായത്, തന്റെ മാനുഷികശരീരത്തിലൂടെ മാനുഷിക വാക്കുകൾ ഉച്ചരിക്കുന്നതിനുമുമ്പേ അവൻ ഡമാസ്കസിന്റെ ശക്തി സ്വീകരിച്ചു; അതായത്, ഡമാസ്കസ് അഭിമാനിച്ചിരുന്ന വസ്തു. ലൗകിക മാനദണ്ഡങ്ങളനുസരിച്ച് അത് ഐശ്വര്യസമൃദ്ധമായ നഗരമായിരുന്നു; സമ്പദ്സമൃദ്ധി നിമിത്തം സുപ്രസിദ്ധവുമായിരുന്നു. സമ്പത്തിൽ പ്രമുഖസ്ഥാനം സ്വർണത്തിനാണല്ലോ; ഇതാണ് വിനീതമായി വിദ്വാന്മാർ ക്രിസ്തുവിന് കാഴ്ചവച്ചത്. സമറിയായുടെ കൊള്ളമുതൽ അവിടെ ജീവിച്ചിരുന്ന മനുഷ്യർ തന്നെയാണ്. "സമറിയാ" വിഗ്രഹാരാധനയുടെ പര്യായമായിരുന്നു. കാരണം, അവിടെ ഇസ്രായേൽജനം കർത്താവിൽനിന്നു പിന്തിരിഞ്ഞ് വിഗ്രഹാരാധന നടത്തി. ആത്മീയ വാളുകൊണ്ട് പിശാചിന്റെ രാജ്യം ലോകത്തിൽനിന്ന് നിർമാർജനം ചെയ്യാൻ പോകുന്ന ക്രിസ്തു, ഒരു ശിശു എന്ന നിലയിൽ ഈ ആദ്യകൊള്ളവസ്തുക്കളെ വിഗ്രഹരാധനയിൽനിന്ന് വിമുക്തമാക്കി. ഇപ്രകാരം, അന്ധവിശ്വാസത്തിന്റെ ശാപത്തിൽനിന്ന് തന്നെ ആരാധിക്കുന്നതിലേക്ക് വിദ്വാന്മാരെ അവൻ തിരിക്കേണ്ടിയിരുന്നു. അപ്പോഴും അവൻ തന്റെ നാവുകൊണ്ട് ഭൂമിയിൽ സംസാരിക്കാതിരുന്നതിനാൽ, ഒരു നക്ഷത്രംവഴി ആകാശത്തുനിന്ന് അവന് സംസാരിക്കേണ്ടിയിരുന്നു. താനെവിടെ നിന്നു വന്നെന്നും ആർക്കുവേണ്ടി വന്നെന്നും വചനമായ അവൻ ശാരീരികസ്വരത്താലല്ല, മാംസമായിത്തീർന്ന വചനത്തിന്റെ ശക്തിയാൽ, കാണിക്കേണ്ടിയിരുന്നു.

www.malankaralibrary.com



വചനം ആദിയിൽ ദൈവത്തോടുകൂടെ ദൈവമായിരുന്നു. നമ്മുടെ ഇടയിൽ വസിക്കാനായി വചനം ഇപ്പോൾ മാംസമായി നമ്മുടെ പക്കലേക്കു വന്നു; എന്നാൽ അവൻ പിതാവിനോടു കൂടെയുമായിരുന്നു. ഉന്നതത്തിൽ മാലാഖമാരെ പരിത്യജിക്കാതെ, മനുഷ്യരെ തന്നിലേക്ക് ഒന്നിച്ചുചേർക്കാൻ താഴെ മാലാഖമാരെ നിയമിച്ചു. അവൻ വചനം ആയിരുന്നതിനാൽ, വ്യതിയാനരഹിത സത്യംകൊണ്ട് സ്വർഗവാസികളുടെമേൽ പ്രകാശം വർഷിച്ചു; അതേസമയം തന്റെ താമസസ്ഥലം വളരെ ചെറുതായിരുന്നതിനാൽ, അവൻ ഒരു പുല്ക്കൂട്ടിലാണ് കിടന്നത്.

ആകാശത്തിൽ നക്ഷത്രത്തെ കാട്ടിയത് അവനാണ്; ഭൂമിയിൽ ആരാധിക്കപ്പെടാൻ സ്വയം കാട്ടിയതും അവൻ തന്നെ. എന്നാൽ ഹേറോദേസിന്റെ വിദ്വേഷം നിമിത്തം, ശക്തിമാനും മഹനീയനുമായ ഈ ശിശു ഈജിപ്തിലേക്ക് ഓടിപ്പോയി. അവന്റെ മാതാപിതാക്കൾ അവനെ എടുത്തുകൊണ്ടുപോയി. "ഒരു പട്ടണത്തിൽ നിങ്ങളെ പീഡിപ്പിക്കുമ്പോൾ, മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ" എന്ന് വാക്കുകളിലൂടെയല്ലെങ്കിലും പ്രവൃത്തികളിലൂടെ അപ്പോഴേ അവൻ തന്റെ അവയവങ്ങളോട് പറയുകയായിരുന്നു (മത്താ 10,23).

നമുക്കൊരു മാതൃകയായിരിക്കാൻ, അവൻ മർത്ത്യശരീരം എന്ന വസ്ത്രം ധരിച്ചു; നമുക്കുവേണ്ടി അതിൽതന്നെ സമയത്തിന്റെ പൂർത്തീകരണത്തിൽ അവൻ മരിക്കേണ്ടിയുമിരുന്നു. അതുകൊണ്ടാണ് അവൻ വിദ്വാന്മാരിൽനിന്ന് ബഹുമാനത്തിന്റെ സ്വർണവും ആരാധനയുടെ കുന്തിരിക്കവും സംസ്കാരത്തിന്റെ മീറായും സ്വീകരിച്ചത്. തന്റെ നാമത്തെപ്രതി എന്തുതരം മനുഷ്യരാണ് മരിക്കാൻ പോകുന്നതെന്നും, അവർ എത്ര നിഷ്കളങ്കരായിരിക്കുമെന്നും, എത്ര വിനീതർ ആയിരിക്കുമെന്നും ഹേറോദേസ് കൊന്ന ശിശുക്കളിൽ അവൻ കാണിച്ചു. നിയമവും പ്രവാചകന്മാരും മുഴുവൻ ആശ്രയിക്കുന്ന കല്പനകളുടെ എണ്ണത്തെ അവരുടെ രണ്ടുവയസ്സ് സൂചിപ്പിക്കുന്നു.

## തങ്ങളുടെ അനുഷ്ഠാനങ്ങളിലൂടെയും തിരുലിഖിതങ്ങളിലൂടെയും യഹൂദർ ക്രിസ്തുവിനെ ചൂണ്ടിക്കാട്ടുന്നു.

**3.** എന്നാൽ ക്രിസ്തു ജനിച്ചത് എവിടെയാണ് എന്ന വിദ്വാന്മാരുടെ ചോദ്യത്തിന് യഹൂദർ തിരുലിഖിതം ഉദ്ധരിച്ചെങ്കിലും, അവനെ

www.malankaralibrary.com



ആരാധിക്കാൻ അവർ കൂട്ടാക്കിയില്ല എന്ന സംഗതിയുടെ പ്രാധാന്യ ത്തെപ്പറ്റി ആരാണ് ചിന്തിക്കാത്തത്? ഇപ്പോഴും നാമിതു കാണു ന്നില്ലേ? കഠിനഹൃദയരായ അവരുടെ മതാത്മകകർമങ്ങൾ തന്നെ ക്രിസ്തുവിലേക്കാണ് ഉന്മുഖമായിരിക്കുന്നത്, മറ്റൊന്നിലേക്കുമല്ല. എന്നാൽ അവനിൽ വിശ്വസിക്കാൻ അവർ കൂട്ടാക്കുന്നില്ല എന്നു മാത്രം! അവർ ആടിനെ കൊന്ന് പെസഹാ ഭക്ഷിക്കുമ്പോഴും ക്രിസ്തുവിനെയല്ലേ വിജാതീയർക്ക് ചൂണ്ടിക്കാണിച്ചു കൊടുക്കു ന്നത്? എന്നാൽ അവനെ അവർ വിജാതീയരോടൊപ്പം ആരാധി ക്കുന്നില്ല! ക്രിസ്തുവിനെ മുൻകൂട്ടി അറിയിച്ച പ്രവാചക സാക്ഷ്യ ങ്ങളെപ്പറ്റി ചിലർ സംശയിക്കുന്നുണ്ട്. അവ നടന്നു കഴിഞ്ഞശേഷം ക്രിസ്ത്യാനികൾ അവ എഴുതിച്ചേർത്തതാണെന്നും നേരത്തെ നടന്ന പ്രവചനങ്ങളല്ലെന്നും അത്തരക്കാർ കരുതുന്നു. അവരുടെ സംശയം തീർക്കാൻ നാം മിക്കപ്പോഴും യഹൂദരുടെ ഗ്രന്ഥങ്ങളാണ് ഉദ്ധരിക്കാറുള്ളത് എന്നതിനെപ്പറ്റി എന്താണു പറയാനുള്ളത്? വിജാതീയരോടൊപ്പം ആരാധിക്കാൻ ഇഷ്ടപ്പെടാത്ത യഹൂദർ, വിജാതീയർക്ക് ക്രിസ്തുവിനെ കാണിച്ചു കൊടുക്കുന്നുപോലു മില്ലേ?

**മാനസാന്തരത്തിനുശേഷം നാം നമ്മുടെ മുൻകാലജീവിതത്തിലേക്ക് തിരിച്ചുപോകരുത്.**

4. അതുകൊണ്ട്, വത്സലരേ, വിദ്വാന്മാർ നമ്മുടെ ആദ്യഫല ങ്ങളാണ്. ലോകാതിർത്തികൾവരെ നാമാണ് ക്രിസ്തുവിന്റെ അവകാശികൾ! പുറജാതികളുടെ പൂർണത പ്രവേശിക്കാൻ നമ്മെ പ്രതി ഇസ്രായേലിൽ ഒരു ഭാഗത്തിന് അന്ധതയുണ്ടായി. നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിനെ അറിയാൻ നാം പഠിച്ചിരിക്കുന്നു. നമ്മെ സമാശ്വസിപ്പിക്കാൻ അവിടുന്ന് ചെറിയൊരു സ്ഥലത്ത് കിടന്നു; നമ്മെ എഴുന്നേൽപ്പിക്കാൻ ഇപ്പോൾ സ്വർഗ ത്തിൽ ഉപവിഷ്ടനായിരിക്കുന്നു. നാം വന്ന വഴിയിലൂടെ തിരിച്ചു പോകാതിരിപ്പാനും നമ്മുടെ മുൻകാല ജീവിതവഴികൾ അനുവർത്തി ക്കാതിരിക്കാനുമായി, നമുക്കവനെ ഈ ഭൂമിയിൽ, നമ്മുടെ ഈ മർത്യജീവിതത്തിൽ, പ്രഘോഷിക്കാം. ഇതുകൊണ്ടു കൂടിയാണ് വിദ്വാന്മാർ വന്ന വഴിയേ തന്നെ തിരികെ പോകാഞ്ഞത്. മാർഗ വ്യത്യാസം ജീവിതവ്യത്യാസത്തെ സൂചിപ്പിക്കുന്നു. ആകാശങ്ങൾ നമുക്കും ദൈവത്തിന്റെ മഹത്ത്വത്തെ കാണിക്കുന്നു; ഉന്നതത്തിലെ നക്ഷത്രത്തെപ്പോലെ, സുവിശേഷത്തിൽ നിന്നു പ്രകാശിക്കുന്ന

www.malankaralibrary.com



സത്യത്താലാണ് നാമും ക്രിസ്തുവിന്റെ ആരാധനയിലേക്ക് ആനീതരാക്കപ്പെട്ടത്. യഹൂദർ ബഹുമാനിച്ചിരുന്ന പ്രവചനം നാമും വിശ്വസ്തതാപൂർവം കേൾക്കുകയും ഗ്രഹിക്കുകയും ചെയ്തിരിക്കുന്നു; എന്നാൽ നമ്മോടൊത്തുവരാൻ അവർ വിസമ്മതിക്കുന്നു. രാജാവും പുരോഹിതനും നമുക്കുവേണ്ടി മരിച്ചവനുമായ ക്രിസ്തുവിനെ നാം അംഗീകരിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നതിലൂടെ, സ്വർണത്തിലും മീറയിലും കുന്തിരിക്കത്തിലും അവനെ ബഹുമാനിക്കുന്നു. നാം വന്ന വഴിയിലൂടെ പോകാതെ തന്റെ സുവിശേഷത്തിന്റെ അറിയിപ്പുകാരായി നവപാതയിലൂടെ വ്യാപരിക്കുക മാത്രമാണ് ആവശ്യമായിരിക്കുന്നത്.

# 22

# ദനഹാ-5

## ശരിയായിട്ടാണ് ദനഹാപ്പെരുന്നാൾ സ്ഥാപിതമായിരിക്കുന്നത്.

*എപ്പിഫനിയാ* എന്ന ഗ്രീക്കുവാക്കിന് നാം ലത്തീനിൽ *മാനിഫെസ്താസ്യോ* എന്നു പറയും. സർവജനതകളുടെയും വെളിപ്പെടുത്തപ്പെട്ട രക്ഷകൻ ഈ ദിവസം സർവജനങ്ങൾക്കും വേണ്ടി ആഘോഷമായ ഒരു പെരുന്നാൾ സ്ഥാപിച്ചു. അതുകൊണ്ട്, നാമിന്ന് അവന്റെ പ്രത്യക്ഷീകരണമാണ് കൊണ്ടാടുന്നത്. കുറേ ദിവസങ്ങൾക്കു മുമ്പ് അവന്റെ ജന്മദിനം നാം ആഘോഷിച്ചു.

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടാംദിവസം, ഇന്നേദിവസം, ആണ് വിദ്വാന്മാർ വന്ന് ആരാധിച്ചത് എന്നാണു പാരമ്പര്യം. അവർ അവനെ ആരാധിച്ചു എന്നത് സുവിശേഷസത്യമാണ്. ഈ മഹനീയ പെരുന്നാൾ എല്ലായിടത്തും ഒരുപോലെ ആയിരിക്കുന്നു എന്നതിൽ നിന്ന് ഏതുദിവസമാണ് അവർ എത്തിയത് എന്നുള്ളത് സുസ്പഷ്ടമാണ്. പുറജാതികളിൽ നിന്ന് കർത്താവായ ക്രിസ്തുവിനെപ്പറ്റി ആദ്യമായി അറിഞ്ഞത് വിദ്വാന്മാരാണ്. അവന്റെ സംസാരം കേൾക്കാൻ അവർക്കു സാധിച്ചില്ല. തങ്ങൾക്കു കാണപ്പെട്ട നക്ഷത്രത്തെ അവർ പിൻചെന്നു. അത് സ്വർഗീയ നാവെന്നപോലെ,

www.malankaralibrary.com



നിശ്ശബ്ദനായ വചനത്തിന്റെ സ്ഥാനത്ത് അവരുടെ കാഴ്ചയോടു സംസാരിച്ചു. തങ്ങളുടെ രക്ഷയുടെ ആദ്യഫലങ്ങളുടെ ദിവസം വിജാതീയർ നന്ദിപൂർവം അനുസ്മരിക്കുകയും ഈ ദിവസം കർത്താവായ ക്രിസ്തുവിന് കൃതജ്ഞതയോടും ആഘോഷ പൂർവകമായ ആരാധനയോടുംകൂടെ സമർപ്പിക്കുകയും ചെയ്യുക സത്യമായും ഉചിതമത്രേ.

യഹൂദരുടെ ഇടയിൽ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെയും വെളിപാടിന്റെയും ആദ്യഫലങ്ങൾ ഇടയന്മാരാണ് എന്നത് വ്യക്തമാണല്ലോ. അടുത്തുനിന്നു വന്ന അവർ, അവൻ ജനിച്ച ദിവസം തന്നെ അവനെ ദർശിച്ചു. അവരെ ഈ വിവരം അറിയിച്ചത് മാലാഖമാരാണ്; മറ്റവരെ നക്ഷത്രവും: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്ന് ഇടയന്മാരോടു പറഞ്ഞു. "ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ അറിയിക്കുന്നു" എന്നത് മറ്റവരുടെ കാര്യത്തിൽ നിറവേറി. വ്യത്യസ്തദിശകളിൽ നിന്നു വരുന്ന രണ്ട് മതിലുകളുടെ ആരംഭംപോലെ, പരിച്ഛേദിതരും അപരിച്ഛേദിതരും മൂലക്കല്ലായ അവനിൽ ഒന്നിച്ചു; അവരെ ഒന്നാക്കിത്തീർത്തുകൊണ്ട് അവൻ അവരുടെ സമാധാനമായിത്തീർന്നു.

### യഹൂദർക്ക് ആദ്യം കൃപ ലഭിച്ചു; എന്നാൽ വിജാതീയരാണ് കൂടുതൽ താഴ്മയുള്ളവർ ആയിരുന്നത്.

2. ഞാൻ പറഞ്ഞുകൊണ്ടിരുന്നതുപോലെ, ഇടയന്മാർ ക്രിസ്തുവിനെ കണ്ടതുകൊണ്ട് പ്രകീർത്തിച്ചു; വിദ്വാന്മാരും, തങ്ങൾ കണ്ട ക്രിസ്തുവിനെ ആരാധിച്ചു. ഇടയന്മാർക്ക് വിദ്വാന്മാർക്കു മുമ്പേ കൃപ ലഭിച്ചു. എന്നാൽ വിദ്വാന്മാർ ഏറെ വിനയാന്വിതരായിരുന്നു. കുറച്ചു പാപം മാത്രം ഉണ്ടായിരുന്ന ഇടയന്മാർ, ഒരുപക്ഷേ തങ്ങളുടെ രക്ഷയിൽ കൂടുതൽ സ്വതസിദ്ധമായി സന്തോഷിച്ചു കാണും; നിരവധി പാപങ്ങളാൽ ഭാരപ്പെട്ടിരുന്ന വിദ്വാന്മാർക്ക് പാപമോചനത്തിന്റെ ആവശ്യം കൂടുതലായി അനുഭവപ്പെട്ടുകാണും. യഹൂദരിൽ നിന്നുള്ളവരേക്കാൾ വിജാതീയരിൽ നിന്നുള്ളവരെ തിരുലിഖിതം കൂടുതലായി പ്രകീർത്തിക്കുന്ന ആ എളിമ ഇതാണ്. ഉദാ. ശതാധിപൻ ഒരു വിജാതീയനായിരുന്നു. അവൻ പൂർണഹൃദയത്തോടുകൂടെ കർത്താവിനെ സ്വാഗതം ചെയ്തെങ്കിലും, തന്റെ ഭവനത്തിൽ അവനെ സ്വീകരിക്കാൻ താൻ അയോഗ്യനാണെന്ന്

www.malankaralibrary.com



പ്രസ്താവിച്ചു. കർത്താവ് രോഗിയെ നേരിട്ടു കാണുന്നതിനുപോലും അവൻ ആഗ്രഹിച്ചില്ല; പിന്നെയോ, തന്റെ കല്പനയാൽ സൗഖ്യം കിട്ടണമെന്നു മാത്രം താല്പര്യപ്പെട്ടു. അവൻ ക്രിസ്തുവിനെ തന്റെ ഹൃദയത്തിൽ വഹിച്ചിരുന്നു; എന്നാൽ തന്റെ ഭവനത്തിലുള്ള അവന്റെ സാന്നിധ്യം ബഹുമാനപൂർവം വേണ്ടെന്നുവയ്ക്കാൻ അവൻ ശ്രമിച്ചു. അതുകൊണ്ടു കർത്താവ് അരുളിച്ചെയ്തു: "ഞാൻ ഇസ്രായേലിൽപോലും ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല" (മത്താ 8,5-10).

കാനൻകാരി സ്ത്രീയും വിജാതീയരിൽനിന്ന് ഉള്ളവളായിരുന്നു. നമ്മുടെ കർത്താവ് അവളെ നായ് എന്നു വിളിക്കുകയും, മക്കളുടെ അപ്പം ലഭിക്കാൻ അനർഹയെന്നു പറയുകയും ചെയ്തിട്ടും, ഒരു പട്ടിയെപ്പോലെ അപ്പക്കഷണങ്ങൾക്കായി അവൾ കേണപേക്ഷിച്ചു. താൻ ആയിരുന്നത് അവൾ നിഷേധിക്കാത്തതിനാൽ, ആ അവസ്ഥയ്ക്കപ്പുറത്തെത്താൻ അവൾക്കു കഴിഞ്ഞു. അവളോടും കർത്താവ് പറഞ്ഞു: "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാകുന്നു". അവൾ തന്നെത്തന്നെ ചെറുതാക്കിയതിനാൽ, അവളുടെ എളിമ അവളുടെ വിശ്വാസത്തെ വലുതാക്കി (മത്താ 15,28).

## എല്ലാ ജനതകളുടെയും രക്ഷ സൂചിതം

3. കാണാനായി ഇടയന്മാർ അടുത്തുനിന്നും ആരാധിക്കാനായി വിദ്വാന്മാർ വിദൂരത്തിൽനിന്നും വരുന്നു. സത്യഒലിവുമായി ഒട്ടിക്കപ്പെടാൻ കാട്ടൊലിവിനെ അർഹമാക്കിയത് വിനയമാണ്. അപ്പോൾ അത് അതിന്റെ പ്രകൃതത്തിനു വിരുദ്ധമായി യഥാർത്ഥ ഒലിവ് ഉല്പാദിപ്പിക്കുന്നു. അതിന്റെ പ്രകൃതം മാറാൻ കൃപ അതിനെ അർഹമാക്കി. കാരണം, ലോകം മുഴുവൻ കാട്ടൊലിവുകൊണ്ട് വന്യവും കൈപ്പുള്ളതുമായി വളർന്നുകൊണ്ടിരുന്നപ്പോൾ, ഒട്ടിക്കലിന്റെ കൃപയിലൂടെ അത് ഫലപുഷ്ടിയുള്ളതാകുകയും ഫലസമൃദ്ധമാകുകയും ചെയ്തു (റോമാ 11,7).

ജറമിയാ പറയുന്നതനുസരിച്ച്, അവർ ഭൂമിയുടെ അതിർത്തികളിൽ നിന്നു വരുന്നു: "നിശ്ചയമായും ഞങ്ങളുടെ പിതാക്കന്മാർ നുണ പറഞ്ഞു" (16,19). അവർ ഭൂഗോളത്തിന്റെ ഒരൊറ്റഭാഗത്തുനിന്നു മാത്രം വന്നവരല്ല, പിന്നെയോ, ലൂക്കോസിന്റെ സുവിശേഷമനുസരിച്ച്, സ്വർഗരാജ്യത്തിൽ അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടുംകൂടെ ഇരിക്കാനായി കിഴക്കുനിന്നും

www.malankaralibrary.com



പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും ആണ് വന്നത് (13,29). ഇപ്രകാരം, ത്രിത്വത്തിന്റെ കൃപയാൽ, ലോകംമുഴുവൻ നാലുഭാഗങ്ങളിൽനിന്നും വിശ്വാസസൂചിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. ഈ കണക്കാക്കൽ അനുസരിച്ച് മൂന്നു പ്രാവശ്യം നാല് വരുമ്പോൾ, നമുക്ക് പന്ത്രണ്ട് ശ്ലീഹന്മാരുടെ വിശിഷ്ടസംഖ്യ കിട്ടുന്നു. ത്രിത്വത്തിന്റെ കൃപയിലേക്ക് ലോകത്തിന്റെ നാലുഭാഗങ്ങളിൽനിന്ന് ഭൂഗോളത്തിന്റെ മുഴുവൻ രക്ഷയെ ഇതു സൂചിപ്പിക്കുന്നു.

എല്ലാത്തരം മൃഗങ്ങളും നിറഞ്ഞതായി പത്രോസ് കണ്ട പരന്ന പാത്രം ഈ സംഖ്യയെ സൂചിപ്പിക്കുന്നു - ജനതകളാൽ നിറഞ്ഞതിന്റെ സൂചന! നാലുകോണിലും പിടിച്ച് അത് ആകാശത്തുനിന്ന് തൂക്കിയിട്ടിരുന്നു. മൂന്നുപ്രാവശ്യം അത് താഴുകയും ഉയരുകയും ചെയ്തു. മൂന്നുപ്രാവശ്യം നാല് ചേരുമ്പോൾ പന്ത്രണ്ടാകും. ഇതുകൊണ്ടായിരിക്കാം, കർത്താവിന്റെ ജനനത്തിന്റെ പന്ത്രണ്ടാം നാൾ വിജാതീയരുടെ ആദ്യഫലങ്ങളായ വിദ്വാന്മാർ ക്രിസ്തുവിനെ കണ്ട് ആരാധിക്കാൻ എത്തിയത്. അവരുടെ രക്ഷ മാത്രമല്ല, അവർ നേടിയെടുത്തത്, പ്രത്യുത, സർവജനത്തിന്റെയും രക്ഷയെ അവർ സൂചിപ്പിക്കുക കൂടി ചെയ്തു.

അതുകൊണ്ട്, ഏറ്റവും ഭക്തിപൂർവം നമുക്ക് ഈ ദിവസവും ആഘോഷിക്കാം; സ്വർഗത്തിൽ വസിക്കുന്ന കർത്താവായ യേശുവിനെ നമുക്ക് ആരാധിക്കാം. അവൻ പുൽക്കൂട്ടിൽ കിടന്നപ്പോൾ നമ്മിൽ നിന്നുള്ള ആദ്യഫലങ്ങൾ അവനെ ആരാധിച്ചു. വരാനിരിക്കുന്ന ഒന്ന് എന്ന നിലയിൽ അവർ ബഹുമാനിച്ചു; സംഭവിച്ച സംഗതിയായി നാം അതിനെ ബഹുമാനിക്കുന്നു. അമ്മയുടെ മടിയിൽ കിടക്കുന്നവനെ വിജാതീയരുടെ ആദ്യഫലങ്ങൾ ആരാധിച്ചു; പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവനായി ജനതകൾ അവനെ ആരാധിക്കുന്നു.

www.malankaralibrary.com



23

# ദനഹാ -6

## ദനഹാ, ക്രിസ്തുവിന്റെ പ്രത്യക്ഷീകരണം

കുറച്ചുദിവസങ്ങൾക്കുമുമ്പ് നാം ക്രിസ്തുവിന്റെ ജന്മദിനം കൊണ്ടാടി; ഇന്നു നാം *എപ്പിഫനി* ആഘോഷിക്കുന്നു. *'പ്രത്യക്ഷീകരണം'* എന്നർത്ഥമുള്ള *എപ്പിഫനിയാ* എന്ന ഗ്രീക്കു വാക്കിൽ നിന്നാണിത്. ശ്ലീഹാ പറഞ്ഞതിനെ അതു സൂചിപ്പിക്കുന്നു:"സംശയമെന്യേ, ശരീരത്തിൽ പ്രത്യക്ഷപ്പെട്ട ദൈവികതയുടെ രഹസ്യം വലുതാകുന്നു"(1 തിമോ 3,16). തദനുസൃതം, ഇരുദിവസങ്ങളും ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തിന്റേതത്രേ. പിതാവിനോടുകൂടി ആരംഭരഹിതനായി ദൈവമായിരുന്നവൻ, ആദ്യത്തേതിൽ തന്റെ അമ്മയിൽനിന്ന് മനുഷ്യനായി ജനിച്ചു. അവൻ ജഡത്തിന് ജഡത്തിൽ വെളിപ്പെട്ടു; കാരണം, അവന്റെ ആത്മീയാവസ്ഥയിൽ ജഡത്തിന് അവനെ കാണാൻ കഴിയുമായിരുന്നില്ല. അവന്റെ ജന്മദിനം എന്ന് വിളിക്കപ്പെടുന്ന ദിവസം തന്നെയാണ് യഹൂദരായ ഇടയന്മാർ അവനെ കണ്ടത്; 'എപ്പിഫനി' അഥവാ പ്രത്യക്ഷീകരണം എന്ന് ഉചിതമായി വിളിക്കപ്പെടുന്ന ഇന്നാകട്ടെ, വിജാതീയരായ വിദ്വാന്മാർ അവനെ ആരാധിച്ചു. മാലാഖമാർ അവനെപ്പറ്റി ഇടയന്മാരോടു പറഞ്ഞു; നക്ഷത്രം വിദ്വാന്മാരോടും. മാലാഖമാർ സ്വർഗത്തിൽ വസിക്കുന്നു; നക്ഷത്രങ്ങൾ ആകാശത്തെ അലങ്കരിക്കുന്നു. രണ്ടുകൂട്ടരെയും ആകാശങ്ങൾ ദൈവമഹത്ത്വം കാണിക്കുന്നു (സങ്കീ 19,2).

## യഹൂദരുടെയും വിജാതീയരുടെയും യോജിപ്പിനുവേണ്ടിയുള്ള മൂലക്കല്ലാണ് ക്രിസ്തു

2. "സമാധാനം സംസ്ഥാപിച്ചുകൊണ്ട് തന്നിൽ രണ്ടിനെയും ഒരു പുതിയ മനുഷ്യനാക്കി തീർക്കുന്നതിനും, കുരിശിനാൽ ഏകശരീരത്തിൽ ഇരുവരെയും ദൈവത്തിലേക്ക് മാറ്റുന്നതിനുമാണ്" എന്ന് ശ്ലീഹാ പറയുന്നതുപോലെ (എഫേ 2,15f), വാസ്തവത്തിൽ അവൻ ഒരു മൂലക്കല്ലായിട്ടാണു ജനിച്ചത്.

www.malankaralibrary.com



വ്യത്യസ്ത ദിശകളിൽ നിന്നുവരുന്ന രണ്ടു മതിലുകളെ പരസ്പരം ബന്ധിപ്പിക്കുന്നതല്ലാതെ മറ്റെന്താണ് മൂലക്കല്ല്? പിന്നീട് സമാധാന ചുംബനം കൈമാറുന്നതുപോലെ വ്യാപരിക്കുന്നു. പരിച്ഛേദിതരും അപരിച്ഛേദിതരും, അതായത്, യൂദരും വിജാതീയരും പരസ്പരം ശത്രുക്കളായിരുന്നു. മൗലികമായ രണ്ട് വ്യത്യസ്ത വസ്തുക്കൾ അവരെ തമ്മിൽ വേർതിരിക്കുന്നു: യഹൂദർ ഏകസത്യ ദൈവത്തെ ആരാധിക്കുന്നു; വിജാതീയർ നിരവധി കള്ളദേവന്മാരെ ആരാധിക്കുന്നു. അതുകൊണ്ട്, ഒരുവിഭാഗം സമീപസ്ഥരും മറ്റവർ വിദൂരസ്ഥരുമായിരുന്നു. അവൻ ഇരുകൂട്ടരെയും തന്നിലേക്ക് ആകർഷിച്ചു. ഏകശരീരത്തിൽ ഇരുകൂട്ടരെയും ദൈവത്തിങ്കലേക്ക് തിരിച്ചു. അതേ ശ്ലീഹ ഉചിതമായി കൂട്ടിച്ചേർക്കുന്നതുപോലെ, "ശത്രുതയെ തന്നിൽ, തന്റെ കുരിശിനാൽ, നിഹനിച്ചുകൊണ്ട്, അവൻ വന്നു ദൂരസ്ഥരും സമീപസ്ഥരുമായ നിങ്ങളോട് സമാധാനം പ്രഘോഷിച്ചു. കാരണം, അവനിലൂടെ ഒരേ ആത്മാവിൽ നമുക്കു പിതാവിനെ സമീപിക്കാൻ കഴിയും" (എഫേ 2,16f). ശത്രുതയുടെ വ്യത്യസ്ത ദിശകളിൽനിന്നു വരുന്ന രണ്ടു മതിലുകളുടെയും കർത്താവായ യേശു എന്ന മൂലക്കല്ലിന്റെയും വിവരണമല്ലേ ഇത് എന്നു കാണുവിൻ; വ്യത്യസ്ത ദിശകളിൽനിന്ന് ഇരുകൂട്ടരും അവനെ സമീപിച്ചു; അവനിൽ അവർ ഒന്നിച്ചു; അതായത്, അവനിൽ വിശ്വസിച്ച യൂദരും വിജാതീയരും. താഴെ വരുംപ്രകാരം അവരോടു പറഞ്ഞതുപോലെയാണിത്: "ദൂരസ്ഥരും സമീപസ്ഥരുമായ നിങ്ങൾ അവന്റെ പക്കൽവന്ന് പ്രകാശിതരാകുവിൻ; നിങ്ങളുടെ മുഖം ലജ്ജയാൽ മഞ്ഞളിക്കേണ്ടി വരില്ല" (സങ്കീ 34,5). എന്തുകൊണ്ടെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ഇതാ, തെരഞ്ഞെടുക്കപ്പെട്ടതും അമൂല്യവുമായ മൂലക്കല്ല് ഞാൻ സീയോനിൽ സ്ഥാപിച്ചിരിക്കുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കേണ്ടി വരികയില്ല" (1 പത്രോ 2,6).

അവർ കേട്ട് അനുസരിച്ചു; അവർ അടുത്തുനിന്നും ദൂരത്തുനിന്നും വന്നു; അവർ സമാധാനത്തിൽ വർത്തിച്ചു. തങ്ങളുടെ വിദ്വേഷത്തിന് അവർ വിരാമം ഇട്ടു. അവർ ഇരുകൂട്ടരുടെയും ആദ്യഫലങ്ങൾ ആയിരുന്നു ഇടയന്മാരും വിദ്വാന്മാരും. അവരിൽ, കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയാൻ തുടങ്ങി (ഏശ 1,3). കൊമ്പുള്ള മൃഗങ്ങൾ യഹൂദരെ കുറിക്കുന്നു; അവരുടെ ഇടയിലാണല്ലോ ക്രിസ്തുവിനു വേണ്ടി കുരിശിന്റെ കൊമ്പുകൾ തയാറാക്കപ്പെട്ടത്. ചെവിക്കു

www.malankaralibrary.com



നീളമുള്ള മൃഗങ്ങൾ വിജാതീയരെ സൂചിപ്പിക്കുന്നു. അതുകൊണ്ട് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "ഞാൻ അറിയാത്ത ജനം എന്നെ സേവിച്ചു. കാതിന്റെ ശ്രവണത്തിൽ അവർ എന്നെ അനുസരിച്ചു" (സങ്കീ 18,44). കാളയുടെ ഉടമസ്ഥനും കഴുതയുടെ യജമാനനുമായവൻ തന്നെ പുൽക്കൂട്ടിൽ കിടന്നുകൊണ്ട് ഇരുകൂട്ടർക്കും പൊതുഭക്ഷണം നൽകുകയായിരുന്നു.

അതുകൊണ്ട്, ദൂരസ്ഥർക്കും സമീപസ്ഥർക്കും സമാധാനം കൈവന്നു. സമീപസ്ഥരുടെ പ്രതിനിധികളായി ഇസ്രായേൽക്കാരായ ഇടയന്മാർ ക്രിസ്തു ജനിച്ച ദിവസം തന്നെ വന്ന് അവനെ കണ്ട് സന്തോഷിച്ചു. ദൂരസ്ഥരുടെ പ്രതിനിധികളായി വിജാതീയരായ വിദ്വാന്മാർ, അവൻ ജനിച്ച് കുറേ ദിവസങ്ങൾ കഴിഞ്ഞ് ഇന്നേദിവസം എത്തുകയും അവനെ കാണുകയും ആരാധിക്കുകയും ചെയ്തു. അതുകൊണ്ട്, വിജാതീയരിൽ നിന്ന് ശേഖരിക്കപ്പെട്ട സഭയായ നമുക്ക്, യഹൂദരിൽ നിന്ന് ക്രിസ്തു ജനിച്ച ആ ദിവസത്തിന്റെ ആഘോഷത്തോടുകൂടി വിജാതീയരുടെ ആദ്യഫലങ്ങൾക്ക് അവിടുന്ന് പ്രത്യക്ഷനായ ഈ ദിവസത്തെ ആഘോഷം കൂട്ടിച്ചേർക്കുകയും ഈ മഹാരഹസ്യത്തിന്റെ ഓർമ്മ ഇരട്ടപെരുന്നാളിൽ ആഘോഷിക്കുകയും ചെയ്യുന്നത് തികച്ചും ഉചിതമാണ്.

### ചില യഹൂദർ നിരസിക്കപ്പെട്ടു; ചിലർ തെരഞ്ഞെടുക്കപ്പെട്ടു; തന്റെ മുടന്തിൽ യാക്കോബ് അനുഗ്രഹിക്കപ്പെട്ടു.

**3.** യഹൂദരും വിജാതീയരും ഉൾക്കൊള്ളുന്ന രണ്ടു മതിലുകൾ മൂലക്കല്ലായ ക്രിസ്തുവിനോടു ചേർന്നുകൊണ്ട്, സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം കാത്തുസൂക്ഷിക്കുന്നു. നാം ഇതേപ്പറ്റി ചിന്തിക്കുമ്പോൾ, പണിക്കാർ ഉൾപ്പെടെ, അതായത്, നിയമത്തിന്റെ പ്രബോധകർ ആകാൻ ആഗ്രഹിച്ച, വലിയൊരു കൂട്ടം യഹൂദർ നിരസിക്കപ്പെട്ടതിൽ നമുക്ക് ഞെട്ടൽ ഉണ്ടാകരുത്. അവരെപ്പറ്റി ശ്ലീഹാ പറയുന്നത്. "തങ്ങൾ എന്താണു പറയുന്നതെന്നോ, ഏതു തത്ത്വങ്ങളാണു സ്ഥാപിക്കുന്നതെന്നോ അറിവില്ലാത്തവരാണ് അവർ" എന്നത്രേ (1 തിമോ. 1:7). അവരുടെ ഈ മാനസ്സികാന്ധത നിമിത്തമാണ് മൂലക്കല്ലായിത്തീർന്ന കല്ലിനെ അവർ നിരസിച്ചുകളഞ്ഞത്. വ്യത്യസ്തദിശകളിൽനിന്നു വരുന്ന രണ്ടു ജനങ്ങളെ കൃപയാൽ ഒന്നിക്കുകയും സമാധാനം സംസ്ഥാപിക്കുകയും ചെയ്യാതിരുന്നെങ്കിൽ, അത് മൂലക്കല്ലായി തീരുമായിരുന്നില്ല.

www.malankaralibrary.com



അതുകൊണ്ട് മൂലക്കല്ലിനെ നിരസിക്കുകയും ദൗർഭാഗ്യ നഗരത്തിന്റെ പതനത്തിന് കളമൊരുക്കുകയും ചെയ്ത നിയമനിർമാതാക്കളും വിശ്വാസധ്വംസകരും ക്രിസ്തുവിനെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തവരും ആയവരെ ഇസ്രായേൽ എന്ന മതിലിന്റെ ഭാഗമായി കണക്കാക്കരുത്. അതുപോലെ, തിരുലിഖിതങ്ങൾ ഗ്രഹിക്കാതെ, ചുമന്നുകൊണ്ട് നടന്ന് അവയ്ക്ക് സാക്ഷ്യം നൽകുകയും ലോകം മുഴുവൻ ചിതറപ്പെട്ടു കിടക്കുകയും ചെയ്യുന്ന നിരവധി യഹൂദരെയും ആ മതിലിന്റെ ഭാഗമായി പരിഗണിക്കാൻ പാടില്ല. ഇവയിൽ യാക്കോബ് മുടന്തനായി, അവന്റെ അരക്കെട്ടിൽ തട്ടിയുളുക്കി. അവന്റെ അസംഖ്യം പിൻഗാമികൾ തങ്ങളുടെ പാതകളിൽ മുടന്തുന്നതിനെ അത് സൂചിപ്പിക്കുന്നു.

മറിച്ച്, അവരിൽ നിന്നു ദൂരെയകന്ന്, മൂലക്കല്ലിന്റെ സമാധാനത്തിലേക്കു വന്നവരെ വിശുദ്ധ മതിലിനുള്ളിലായി പരിഗണിക്കണം. അവരിൽ യാക്കോബ് അനുഗ്രഹിക്കപ്പെട്ടു. കാരണം, വാസ്തവത്തിൽ ഒരാൾ തന്നെ അനുഗൃഹീതനും മുടന്തനുമായി. പവിത്രീകൃതരായവരിൽ അനുഗൃഹീതനും, നിരസിക്കപ്പെട്ടവരിൽ മുടന്തനും. "കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാകുന്നു" എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ട്, കഴുതപ്പുറത്തിരുന്ന കർത്താവിനെ അനുധാവനം ചെയ്ത ജനക്കൂട്ടത്തെ മതിലിനുള്ളിലായി പരിഗണിക്കുക. തന്റെ ശിഷ്യരായി അവിടുന്ന് തെരഞ്ഞെടുക്കുകയും ശ്ലീഹന്മാരായി തീരുകയും ചെയ്തവരെ അവരുടെ കൂട്ടത്തിൽ പരിഗണിക്കുക. 'കിരീടം' എന്ന് ഗ്രീക്കിൽ വിളിക്കപ്പെടുകയും കർത്താവിന്റെ ഉത്ഥാനാനന്തരം ഒന്നാമനായി രക്തസാക്ഷി മകുടം ചൂടുകയും ചെയ്ത സ്റ്റീഫനെപ്പറ്റി ചിന്തിക്കുക. പീഡകരായിരുന്നെങ്കിലും പരിശുദ്ധാത്മാവ് വന്നപ്പോൾ വിശ്വസിച്ച, ആയിരക്കണക്കിനാളുകളെപ്പറ്റി ചിന്തിക്കുക.

"യൂദയായിലുള്ള ക്രിസ്തുവിന്റെ സഭകൾ അപ്പോഴും എന്നെ നേരിട്ട് അറിഞ്ഞിരുന്നില്ല. ഒരിക്കൽ നമ്മെ പീഡിപ്പിച്ചിരുന്നവൻ, താൻ ഉന്മൂലനം ചെയ്യാൻ ശ്രമിച്ച വിശ്വാസം ഇപ്പോൾ പ്രസംഗിക്കുന്നു എന്നുമാത്രം അവർ കേട്ടിരുന്നു. എന്നെപ്രതി അവർ ദൈവത്തെ മഹത്ത്വപ്പെടുത്തി" എന്ന് ശ്ലീഹാ പറയുന്ന സഭകളെപ്പറ്റി ചിന്തിക്കുക (ഗലാ 1,22-24). ഇസ്രായേൽ എന്ന മതിലിനെപ്പറ്റി നാം ഇപ്രകാരം ചിന്തിക്കണം. വിജാതീയരിൽ നിന്നു വരുന്ന മതിലിനോട് അത് ചേർക്കപ്പെടട്ടെ. വിജാതീയമതിൽ ഇപ്പോൾ ഗണ്യമായി വളരുന്നു. അങ്ങനെ ആദ്യം കല്ലടാവിൽ വയ്ക്കപ്പെടുകയും പിന്നെ

www.malankaralibrary.com



സ്വർഗീയോന്നതങ്ങളിലേക്ക് ഉയർത്തപ്പെടുകയും ചെയ്ത മൂലക്കല്ല് കാണപ്പെടുന്നു. കർത്താവായ ക്രിസ്തു; അവനെപ്പറ്റിയുള്ള പ്രവചനങ്ങൾ നിഷ്ഫലമായില്ല.

## പദസൂചിക


അബ്രഹാം 14,17,18,73
എഴുപത്തിയേഴ് എന്ന സംഖ്യ 53
കന്യാത്വം 42,88,89
കർതൃവംശാവലി 7,18,28
ക്രിസ്തീയകാഴ്ചകൾ 8
ക്രിസ്തു-അബ്രഹാമിന്റെ പുത്രൻ 17
-ഏകയാൾ 65,66,71
-കന്യാസുതൻ 106
-കർത്താവ് 32
-തന്റെ വിശുദ്ധരിൽ 126
-ദാവീദിന്റെ പുത്രൻ 17,32
-ദിവസത്തിൽ നിന്നുള്ള ദിവസം 61,77,78,86
-പിതാവിന്റെ കല്പന 119
-സത്യപുത്രൻ 116
ജഡികരും ആത്മീയരും 8
ജോത്സ്യന്റെ തെറ്റ് 136
തിരുലിഖിത വായന 55
ദത്തെടുക്കൽ 45
ധരയായ മറിയം 78,95
നക്ഷത്രം-സ്വർഗീയനാവ് 143
നാല്പത് എന്ന സംഖ്യ 51
പിതാവും പുത്രനും ഒന്ന് 118
ബഹുഭാര്യത്വം 41
മറിയം-ഐക്യത്തിന്റെ മാതാവ് 94
മറിയം-കന്യകയും അമ്മയും 30,76,88
മൂന്നു ജീവിതാവസ്ഥകൾ 110
യാക്കോബിന്റെ മുടന്ത് 158
യേശു എന്ന നാമം 20
യേശുവിന്റെ പിതാവ് 31
യൗസേപ്പിന്റെ നീതി 19
രണ്ടുതരം ജനനം 59,81,83,100, 105,108,114
രക്ഷ എല്ലാവർക്കും 159
വചനം-അവാച്യം 73
-പിതൃകല്പന 119
വംശാവലി യൗസേപ്പിലൂടെ 18,28,48
വിനീതനായ പൗലോസ് 125
വിവാഹ ഉടമ്പടി 36
വേർതിരിക്കപ്പെട്ട ക്രിസ്ത്യാനി 128,131
വൈവാഹിക വർജന 35
വ്യഭിചാരം 36
സഭ-ഐക്യത്തിന്റെ മാതാവ് 94
-കന്യകയും അമ്മയും 89,93,94
സുവിശേഷങ്ങളിലെ പൊരുത്തം 15,44
സ്ത്രീയിലൂടെ രക്ഷ 11
ഹേറോദേസിന്റെ വിഭ്രാന്തി 139